# ഭാരതരമണി

62
2.21

മൂലഗ്രന്ഥകാരൻ:
ബാബു ദ്വിജേന്ദ്രലാൽ റായി.

# ഭാരതരമണി.

(ഒരു സാമുദായികഗദ്യനാടകം)

DEFINITORY T.O. No. 3871 LIBRARY CANCELLED.

മൂലഗ്രന്ഥകാരൻ:

ബാബു ദ്വിജേന്ദ്രലാൽ റായി.

T 62 / R 21

വിവർത്തകൻ:

വിദ്വാൻ, സി. ഗോവിന്ദക്കുറുപ്പ്.

DHARMARAM COLLEGE LIBRARY, BANGALORE. 3912

മൂന്നാംപതിപ്പ്: ൧൦൦൦

ചെറുതുരുത്തി,
വള്ളത്തോൾ ഗ്രന്ഥാലയം.

മംഗളോദയം പ്രസ്സ്, തൃശ്ശിവപേരൂർ.

൧൧൧൯

---

എല്ലാം പ്രതികളിലും വള്ളത്തോളിന്റെ സീലുണ്ടായിരിക്കും.

# കഥാപാത്രങ്ങൾ.

(പുരുഷന്മാർ)

| | | |
|---|---|---|
| ഉപേന്ദ്രൻ | — | വക്കീൽ. |
| ദേവേന്ദ്രൻ | — | ഉപേന്ദ്രന്റെ അനുജൻ. |
| സദാനന്ദൻ | — | ദേവേന്ദ്രന്റെ ബാല്യകാലത്തിലെ മിത്രം. |
| കേദാർ | — | ദേവേന്ദ്രന്റെ മിത്രം. |
| യജ്ഞേശ്വരൻ | — | ഒരു ഉണ്ടികക്കാരൻ. |
| മഹേന്ദ്രൻ | — | ദേവേന്ദ്രന്റെ മകൻ. |
| വിനയകുമാരൻ | — | സദാനന്ദന്റെ മകൻ. |

ഭക്തന്മാർ, കുട്ടികൾ, ലേലംവിളിക്കാർ, ജയിലർ, കവച്ചക്കാർ, കാവല്ക്കാർ മുതലായവർ.

(സ്ത്രീകൾ)

| | | |
|---|---|---|
| കാമിനി | — | ദേവേന്ദ്രന്റെ ഭാര്യ. |
| വിനോദിനി | — | ദേവേന്ദ്രന്റെ മൂത്ത മകൾ. |
| സുശീല | — | ദേവേന്ദ്രന്റെ രണ്ടാമത്തെ മകൾ. |
| കുമുദിനി | — | ദേവേന്ദ്രന്റെ ഒടുവിലത്തെ മകൾ. |

# മുഖവുര.

മക്കത്തായത്തിന്റെ സ്വൈരംകെടുത്തുന്ന കന്യാദാനസമ്പ്രദായത്താലും, കഠോരങ്ങളായ കഷ്ടപ്പാടുകളാലും ഇളവില്ലാതെ ഞെരിക്കപ്പെട്ട്, ജീവിതത്തെ അന്വേഷിച്ചു ചെല്ലുന്ന ഓരോ മൂലയിലും ആ അറുമുഷിപ്പനായ മരണത്തിന്റെ പേമുഖം കണ്ടെത്തുന്ന ദയനീയവും അന്തം വിട്ടതുമായ ഒരുതരം ജീവിച്ചിരിക്കലിന്റെ അമ്പരപ്പിക്കുന്നതും അനുകമ്പാർഹവുമായ ചിത്രീകരണമത്രേ പ്രസ്തുത ഗ്രന്ഥം. ഇതിന്റെ രചയിതാവാകട്ടേ, തന്റെ അപ്രതിഹതമായ ഭാവനാപ്രവാഹംകൊണ്ട് കേരളീയരെ ഇന്നും ആനന്ദസ്നാനം ചെയ്യിച്ചുപോരുന്ന ആ മഹാകവി ദ്വിജേന്ദ്രലാൽ റായിതന്നെയാണ്.

അദ്ദേഹത്തിന്റെ നാടകങ്ങൾ മിക്കതും ഇതിന്നുമുമ്പുതന്നേ കൈരളിക്കു കൈവന്നിട്ടുണ്ട്. എന്നാൽ അദ്ദേഹത്തിന്റെ സാമുദായികനാടകങ്ങളൊന്നുംതന്നെ ഇതേവരെ മലയാണ്മയിലേക്കു വിവർത്തനം ചെയ്യപ്പെട്ടതായി കണ്ടിട്ടില്ല. ഈ ഒരു കാരണംതന്നെ എന്റെ ഈ സാഹസോദ്യമത്തിന്ന് ഉത്തരം പറഞ്ഞുകൊള്ളും. ചരിത്രനാടകനിർമ്മാണത്തിലുള്ള അതിരററ അഭിനിവേശംകൊണ്ടോ എന്തോ, രണ്ടോ മൂന്നോ സാമുദായികനാടകങ്ങൾ മാത്രമേ അദ്ദേഹം വിരചിച്ചിട്ടുള്ളൂ. ദ്വിജേന്ദ്രലാൽ റായി 'വംഗനാരി' എന്ന പേരിലാണ് ഈ നാടകം എഴുതിയിട്ടുള്ളത്. അദ്ദേഹം മരിക്കുന്നതിന്നു രണ്ടോ മൂന്നോ കൊല്ലംമുമ്പാണ് ഇതെഴുതാൻ തുടങ്ങിയതെന്നു കാണുന്നു. നിർഭാഗ്യവശാൽ, ഇതദ്ദേഹത്തിന്നു രണ്ടാമതൊന്നു നോക്കാൻ കഴിഞ്ഞിട്ടില്ല. എന്നല്ല, ഇതിന്റെ പരിപൂർണ്ണസമാപ്തിക്ക് ഒന്നുരണ്ടു രംഗങ്ങൾകൂടി വേണ്ടിവരില്ലേ എന്ന്, ഇതെഴുതുന്ന ആൾക്കെന്നപോലെ വായനക്കാർക്കും സംശയം ജനിച്ചേയ്ക്കാം. എന്നിരുന്നാലും, അസ്ഥാനത്തല്ല ഇതിപ്പോൾ ചെന്നവസാനിച്ചിട്ടുള്ളതെന്നു പറഞ്ഞേ തീരൂ.

ഇതിൽ ചിത്രീകരിച്ചിട്ടുള്ള സാമുദായികങ്ങളായ അനാചാരങ്ങളെക്കുറിച്ചും സാമ്പത്തികമായ കഷ്ടപ്പാടുകളെക്കുറിച്ചും ബങ്കാളിന്നു

മാത്രമല്ല, ബങ്കാളിനെപ്പോലെ മററുള്ള രാജ്യക്കാക്കും അറിയാതിരിക്കാൻ ഭാഗ്യമുണ്ടായിട്ടില്ലാത്തതുകൊണ്ടാണ്, ഹിന്ദിയിൽ ഇതു 'ഭാരതരമണി' എന്ന പേരിൽ പ്രസിദ്ധീകരിക്കപ്പെട്ടത്. അതേ, ഇതെഴുതുന്ന ആൾക്കും ഇതുതന്നെയാണ് അഭിപ്രായം. ഈ പുസ്തകത്തിൽ വിവരിച്ചിട്ടുള്ളപോലെ, വേണ്ടുംവിധം ചികിത്സിക്കാൻ നിവൃത്തിയില്ലായ്കയാൽ ആപ്പെട്ടുപോകുന്ന മരണം, സ്ത്രീധനം കൊടുക്കാൻ കഴിവില്ലാതെ പെൺമക്കളെ കന്യകകളാക്കി വെക്കുന്ന മഹാപരാധത്തിന്നു സമുദായം കല്പിക്കുന്ന കൊടുംശിക്ഷ ദാരിദ്ര്യത്തിൻെറ ഭയങ്കരച്ചക്കിലിട്ട് അരക്കപ്പെടുന്ന മനുഷ്യാത്മാവിൻെറ അപാരതയോടുള്ള ശുഞ്ഞിപിടിച്ച വിലാപം, മരച്ച മുതലാളിത്തത്തിൻെറ ഒരിക്കലും നിറയാത്ത വൻപണസ്സഞ്ചി കുത്തിനിറക്കാനുള്ള അത്യാർത്തിയുടെ അറക്കുന്ന മരണഗോഷ്ഠികൾ, എന്നിങ്ങിനെ ഇന്നത്തെ മനുഷ്യസമുദായം അനുഭവിക്കുന്ന മമ്മഭേദികളായ കഷ്ടപ്പാടുകളെക്കുറിച്ച് അറിയാതിരിക്കാൻ മാത്രം നമ്മുടെ നാടും, അതേ, സുന്ദരവും സമ്പൽസ്സമൃദ്ധവുമെന്നു പുകൾപ്പെടുന്ന നമ്മുടെ കേരളധരിത്രിയും സുകൃതം ചെയ്തിട്ടില്ല! ഇതുകൊണ്ടാണ്, ഗ്രന്ഥനാമകരണത്തിൽ ഞാനും ഹിന്ദീവിവൎത്തകനെ പിൻതുടൎന്നത്.

എന്തായാലും, ഈ അപരാധത്തിന്ന് ഒന്നുരണ്ടു പേരെക്കൂടി കൂട്ടുപിടിക്കാനുള്ള എൻെറ അവകാശത്തെ കൃതാജ്ഞതാപൂൎവ്വം ഞാനിവിടെ രേഖപ്പെടുത്തിക്കൊള്ളട്ടെ. അതിൽ ഒരാൾ, എൻെറ സാഹിത്യപരിശ്രമത്തിൽ അത്യന്തം ഔത്സുക്യം കാണിച്ചുവരുന്ന എൻെറ ജ്യേഷ്ഠഭ്രാതാവായ അച്യുതക്കുറുപ്പല്ലാതെ മററാരുമല്ല. അദ്ദേഹത്തിൻെറ സന്നിക്കൃഷ്മായ കൈപ്പെരുമാററം എന്നെ അങ്ങോളമിങ്ങോളം ഇതിൽ സഹായിച്ചുപോന്നിട്ടുണ്ട്. പിന്നെ വല്ലവരുമുണ്ടെങ്കിൽ അതു വിദ്യാവിനോദിനി പ്രസ്സുടമസ്ഥന്മാരാണ്. അവരുടെ സന്ദേഹമായ സാഹായ്യമില്ലായിരുന്നുവെങ്കിൽ, മൂന്നു കൊല്ലംമുമ്പ് തൎജ്ജിമ ചെയ്തുവെച്ച ഈ പുസ്തകം ഇന്നും കന്യകാതപം പൂണ്ട് 'അകായിൽ' കഴിച്ചുകൂട്ടേണ്ടിവരുമായിരുന്നു!

ഇതിന്നു് ഉചിതമായ ഒരവതാരിക കല്പിച്ചെഴുതിയതിന്നു് എറണാകുളം മഹാരാജാസ് കാളേജിലെ പ്രൊഫസ്സർ അമ്മാമൻതമ്പുരാൻ തിരുമനസ്സിനോടു് എനിക്കുള്ള കൃതജ്ഞതയാകട്ടെ വാചാമഗോചരമാകുന്നു.

ചെറുതുരുത്തി,
27—11—12.

വിവൎത്തകൻ.

## ആമുഖം.

മഹാകവി വള്ളത്തോളിൻെറ തുരീയപുത്രനായ ശ്രീമാൻ ഗോവിന്ദക്കുറുപ്പാണു് പ്രസ്തുത നാടകപ്രണയിതാവു് എന്നു പറഞ്ഞാൽത്തന്നെ ഈ ആമുഖത്തിൻെറ പകുതിച്ചുമതലയും നിറവേററിയതായി, അഥവാ ആമുഖത്തിൻെറ ആവശ്യംതന്നെ അവസാനിച്ചു. പക്ഷേ, കാലത്തിനൊത്തുവേണം കോലം എന്നുവെച്ചായിരിക്കാം, ഈ ഗ്രന്ഥത്തിന്നു് ഒരു ആമുഖവുംകൂടിയിരിക്കട്ടെ എന്നു തൽകൎത്താവിന്നു തോന്നിയതു്. അതോ, "ബലവദപി ശിക്ഷിതാനാമാത്മന്യപ്രത്യയം ചേതഃ" എന്നുള്ള മാന്യമനസ്ഥിതിയാലോ? അതെന്തെങ്കിലുമാവട്ടെ, കൈരളീക്ഷേത്രത്തിൽ ഒരുത്തമപ്രധാന 'തന്ത്രി'യായ വള്ളത്തോളിന്നു തൻെറ പുത്രൻെറ അച്ചനയിൽ 'സൂത്രധാരകൎമ്മകൃത്തി' ഞാൻ ചെയ്യണമെന്നു തോന്നിയതു് എനിക്കു് അദ്ദേഹം തരുന്ന ആശിൎവ്വാദമായിട്ടാണു് ഞാൻ കരുതുന്നതു്.

കേരളത്തിലെ കലയ്ക്കു്, പ്രത്യേകിച്ചു നാട്യകലയ്ക്കു്, വേണ്ടി അശ്രാന്തം പരിശ്രമിക്കുകയും സൎവ്വസ്വവും സമൎപ്പിക്കുകയും ചെയ്തിരിക്കുന്ന മഹാകവിയുടെ പുത്രനും നാടകഗ്രന്ഥനിൎമ്മാണത്തിൽ പ്രവേശിച്ചതു നിയതിയുടെ നിയുക്തിയെന്നല്ലാതെ മറെറന്താണു്? അങ്ങനെ രചിച്ച കൃതിയും 'അതിശായി' എന്നു വന്നതിലും അത്ഭുതമുണ്ടോ? ഞാൻ ഈ നാടകം ആദിമുതൽ അവസാനംവരെ അവധാനത്തോടെ വായിച്ചു. ചുരുക്കിപ്പറയുന്നതായാൽ സകല ഭാഗവും

ആനന്ദജനകവും ആഹ്ലാദകരവും അല്ലാതെയിരുന്നില്ല. ഈ നാടകം ഹിന്ദിയിൽ തീൎത്ത ഒരു നാടകത്തിൻെറ അനുവൎത്തനമാകകൊണ്ടു മൂലത്തിലെ കഥാവസ്തുവിനേയോ രസത്തേയോ പററി ഈ വിവൎത്തനത്തിൻെറ നിരൂപണത്തിൽ ചുഴിഞ്ഞു പറയുന്നതു് അനാവശ്യമാണല്ലോ. മൂലത്തോടുകൂടി ഇതിനെ താരതമ്യപ്പെടുത്തുവാൻ വേണ്ടതായ ഹിന്ദിഭാഷാകുശലത എനിയ്ക്കില്ലതാനും. അതുകൊണ്ടു് എൻെറ ഈ ആമുഖം പ്രസ്തുതഗ്രന്ഥത്തെ മാത്രം പരാമശിച്ചുകൊണ്ടാണെന്നും പറയേണ്ടിയിരിയ്ക്കുന്നു.

കഥാവസ്തു "കൊള്ളാം"; ഭാഷ "ഭേഷ്"; "കാവ്യം യശസേത്ഥകൃതേ" എന്നിത്യാദി പ്രമാണമനുസരിച്ചു് ഈ കാവ്യം "ബലേ"; ഈ നാടകം മലയാളഭാഷയിൽ തൎജ്ജമചെയ്യാൻ തോന്നിയ പൂരപ്പാട്ട് "അസ്സൽ"—എന്നു് ഇതു വായിയ്ക്കുന്ന ഏതൊരുവനും പറയാതിരിക്കില്ലെന്നാണു് എൻെറ പൂൎണ്ണവിശ്വാസം. സാഹിത്യം, പ്രത്യേകിച്ചും നാടകസാഹിത്യം, സമുദായത്തിൻെറ സജീവചിത്രീകരണമാണല്ലോ. ഈ നാടകത്തിൽ അതു നിഷ്കൃഷ്ടമായി നിവ്വഹിച്ചിട്ടുണ്ടു്. ഓരോ രാഗവും വായിക്കുമ്പോൾ, അതു നമ്മുടെ സ്ഥൂലനയനങ്ങളുടെ മുമ്പാകെ യഥാത്ഥജീവൽപാത്രങ്ങളുടെ പ്രത്യക്ഷമായ "ചൊല്ലിയാട്ടം" എന്നുതന്നെ തോന്നുന്നു. അത്ര സ്വാഭാവികവും ആവജ്ജകവും ആയിട്ടുണ്ടു് വസ്തു ചിത്രീകരിച്ചിരിയ്ക്കുന്നതും ഓരോ പാത്രത്തിൻെറ സ്വഭാവവും സംഭാഷണവും രചിച്ചിരിയ്ക്കുന്നതും. ആദശീതായോഗിയായ കേദാരിൻെറ നിഷ്കാമകമ്മം; വിശേഷജ്ഞാനശാലിയായ സദാനന്ദൻെറ "ആപദി സുഖേ ച സമക്രിയ"യായ മൈത്രി; സ്വാത്ഥമൂത്തിയായ ഉപേന്ദ്രൻെറ "പൂച്ചസ്സന്ന്യാസിത്വം"; പരമശുദ്ധനായ ദേവേന്ദ്രൻെറ മതിഭ്രമം; ഭാരതരമണിയായ വിനോദിനിയുടെ ദിവ്യചൈതന്യം; നവീനവിദ്യാഭ്യാസമാതൃകയായ സുശീലയുടെ പ്രഗത്ഭത—ഇതെല്ലാം ഒരിയ്ക്കൽ മനസ്സിരുത്തി വായിയ്ക്കുന്നവൻെറ ഉള്ളിൽനിന്നു "തേച്ചാലും മാച്ചാലും പോകാത്തമഷിധം" പതിയത്തക്ക ചേതനയോടെയാണു നാടകത്തിൽ വൎണ്ണിച്ചിരിയ്ക്കുന്നതു്.

വിനയൻെറ സാത്വികപ്രേമം ആരുടെ ഹൃദയത്തേയാണു കുളൎപ്പി ക്കാത്തതു്?

വിനോദംപോലെ വിജ്ഞാനവും ഈ നാടകം പ്രദാനം ചെയ്യുന്നുണ്ടു്. മനുഷ്യൻ പ്രാപഞ്ചികമായയിൽപ്പെട്ടു് എത്രതന്നെ മൃഗീയവും അസുരത്വവും ബാധിച്ചു പ്രവൎത്തിച്ചാലും, അയാളുടെ ഉള്ളിൽ ഈശ്വരാംശമായ ഒരു തേജഃപുഞ്ജം ഉണ്ടെന്നും, തക്കതായ സമയവും സന്ദൎഭവും വന്നാൽ അതു കത്തിക്കാളി, പുറത്തു കളിച്ചിരുന്ന ദുഷ്ടാംശത്തെ ദഹിപ്പിച്ചു മനുഷ്യൻെറ ദിവ്യകലയ്ക്കുതന്നെ കലാശത്തിൽ വിജയം കൊടുക്കുമെന്നും ഉള്ള തത്വം ഉപേന്ദ്രൻേറയും മഹേന്ദ്രൻേറയും യജ്ഞേശ്വരൻേറയും പശ്ചാത്താപം ഉദാഹരിക്കുന്നില്ലേ? ആദിയിൽ അധൎമ്മവും അനീതിയും തുള്ളിച്ചാടിയാലും, അവസാനം സത്യവും ന്യായവും തന്നേ ജയിക്കുകയുള്ളുവെന്ന വാസ്തവവും ഇതിൽ വിശദമായി സ്ഫുടീകരിച്ചിരിക്കുന്നു. “കനകംമൂലം കാമിനിമൂലം കലഹം ബഹുവിധമുലകിൽ സുലഭം” എന്ന പഴഞ്ചൊല്ലിൻെറ നൃത്തരംഗംതന്നെയാണു് ഈ നാടകം.

ഇങ്ങനെ ഹൃദയത്തേയും ബുദ്ധിയേയും ഒരുപോലെ വികസിപ്പിക്കുവാൻ പൎയ്യാപ്തമായ കഥ കമനീയമായ ഭാഷയിൽ നമ്മുടെ മുമ്പിൽ അവതരിച്ചാൽ, അതിനെ ആദരിച്ചു്, ആനന്ദിച്ചു് അഭിനന്ദിക്കേണമെന്നതു് ഏതു സാഹിത്യസേവകൻേറയും ചുമതലയല്ലേ? അതുകൊണ്ടു മലയാളികളുടെ ഇടയിൽ ഈ ഗ്രന്ഥത്തിന്നു പ്രചാരവും സ്വാഗതവും ധാരാളമായുണ്ടാകുമെന്നതു നിൎവ്വിവാദംതന്നെ. ഈ ഗ്രന്ഥകാരൻ ഇതുകൊണ്ടു വിരമിക്കാതെ ഇനിയും ഇത്തരം അനവധി സാഹിത്യകൃതികൾ പ്രസിദ്ധപ്പെടുത്തി “കുംഭഃ പരിമിതമംഭഃ പിബതി പപൌ കുംഭസംഭവോംഭോധിം— അതിരിച്യതേ സുജന്മാ കശ്ചന പിതരം നിജേന ചരിതേന” എന്നുള്ള പ്രശസ്തിക്കു പാത്രമാകാൻ പൂൎണ്ണത്രയീശൻ കടാക്ഷിക്കേണമേ എന്നു പ്രാൎത്ഥിച്ചുകൊള്ളുന്നു.

എറണാകുളം,
൧൨-൨-൧൧൨൨.

കേരളവൎമ്മ അമ്മാമൻതമ്പുരാൻ.

# ഭാരതരമണി

## ഒന്നാം അങ്കം

### രംഗം ൧

DEFINITORY T. O.
No. 36.71
LIBRARY

സ്ഥലം — ദേവേന്ദ്രന്റെ ഇരിപ്പുമുറി.

സമയം — അപരാഹ്നം.

[ദേവേന്ദ്രനും സദാനന്ദനും]

ദേവേന്ദ്രൻ — എന്തു ചെയ്യും സഹോദര, ബി. എ. പരീക്ഷ കഴിയുന്നതിന്നു മുമ്പുതന്നെ കുട്ടികളുണ്ടാകയാൽ പ്രാരബ്ധത്തിൽപ്പെട്ടുപോയി. ഗത്യന്തരമില്ലാതെ പഠിപ്പും മററും നിത്തി ഒരു സാധാരണശമ്പളത്തിന്മേൽ ജോലി എടുക്കേണ്ടിവന്നു.

സദാനന്ദൻ — നിങ്ങളുടെ അച്ഛന്റെ സ്വത്തു ഭാഗിച്ചതെങ്ങിനെയാണ്?

ദേവേന്ദ്രൻ — ഒസ്യത്തുപ്രകാരം അച്ഛന്റെ സ്വത്ത് ഏതാണ്ടു മുഴുവനും ജ്യേഷ്ഠന്റെ പേരിലാണ്. എനിക്കുള്ള ഭാഗത്തിൽ പൂവികന്മാരുടേതായ ഈ വീടും സാമാനങ്ങളും മാത്രമേയുള്ളു. അച്ഛൻ വരുത്തിവെച്ചിട്ടുള്ള അയ്യായിരം ഉറുപ്പിക കടത്തിൽ പകുതി ജ്യേഷ്ഠനും പകുതി ഞാനും കൊടുത്തുതീക്കുകയും വേണം.

സദാനന്ദൻ — അദ്ഭുതം!

ദേവേന്ദ്രൻ — എന്താണദ്ഭുതം?

സദാനന്ദൻ — നിങ്ങളുടെ അച്ഛൻ സ്വത്തു മുഴുവൻ സമ്പാദ്യമുള്ള മകന്നു കൊടുത്തു; നിത്യവൃത്തിക്കില്ലാത്ത മകന്ന് ഒരു വെറും വീടും! എന്നല്ല —

ദേവേന്ദ്രൻ — അച്ഛൻ സ്വത്ത് ആക്കെങ്കിലും കൊടുത്തുകൊള്ളട്ടെ — അതിനുള്ള അധികാരം അദ്ദേഹത്തിന്നുണ്ടല്ലോ. അതിന്നുപുറമേ,

എല്ലാവരുടെ പിതാക്കന്മാരും സമ്പാദിച്ചുവെച്ചിട്ടല്ല പോകുന്നത്. —ഏയ്, അതിൽ എനിക്കൊട്ടും വ്യസനമില്ല.

സദാനന്ദൻ—അതൊക്കെ അങ്ങിനെയായിരിക്കാം ചെയ്തിരിക്കുന്നത്. പക്ഷേ, നിങ്ങളുടെ അച്ഛൻ ഒരു സരസനാണ്—നിങ്ങൾക്ക് എന്തേ പേരിട്ടിരുന്നത്? ഒരാളുടെ പേര്—

ദേവേന്ദ്രൻ—ഓ, ജ്യേഷ്ഠന്നു വിക്രമാദിത്യൻ എന്നു പേരിട്ടു; എനിക്കു ജൂലിയസ് സീസർ. കുറെയൊക്കെ പേരിനെ ആശ്രയിച്ചിരിക്കും മകൻെറ ഭാവി എന്നായിരുന്നു, അദ്ദേഹത്തിൻെറ വിശ്വാസം.

സദാനന്ദൻ—എവിടെ, അതൊന്നും കാണാനില്ല. കാളിദാസൻ, ചൈതന്യൻ, രാമമോഹനൻ, മധുസൂദനൻ, ബങ്കിമചന്ദ്രൻ എന്നിവരുടെ പേരുകൾക്കൊന്നും യാതൊരു വിശേഷവും കാണുന്നില്ല. നല്ല പേരോടുകൂടിയ ഒരാളേയും യോഗ്യനായി കാണാൻ കഴിയുമെന്നു തോന്നുന്നില്ല.

ദേവേന്ദ്രൻ—പിന്നീടു മുത്തച്ഛൻ ഞങ്ങളുടെ ഈ പേര് മാററി. ഇതിൽ അച്ഛൻ വളരെ ദേഷ്യപ്പെട്ടു.

സദാനന്ദൻ—ഇപ്പോൾ നിങ്ങൾക്കെത്ര കുട്ടികളുണ്ട്?

ദേവേന്ദ്രൻ—രണ്ട് ആണും, മൂന്നു പെണ്ണും.

സദാനന്ദൻ—ആണ്മക്കൾ എന്താണ് ചെയ്യുന്നത്?

ദേവേന്ദ്രൻ—മൂത്തവൻ സന്ന്യാസിയായി; ഇളയവൻ പഠിക്കയാണ്.

സദാനന്ദൻ—പെൺകുട്ടികളുടെ വിവാഹം കഴിഞ്ഞുവോ?

ദേവേന്ദ്രൻ—മൂത്തകുട്ടി വിധവയായി. സ്ത്രീധനം വേണ്ടതുപോലെ കൊടുക്കാൻ കഴിയാത്തതുകൊണ്ട്, അത്ര നല്ല ജാമാതാവിനെ കിട്ടിയില്ല. ജാമാതാവിൻെറ അച്ഛൻ വളരെ ദരിദ്രനാണ്; അതിനാൽ അവൾ എൻെറകൂടെയാണ് താമസം.

സദാനന്ദൻ—രണ്ടാമത്തെ കുട്ടിയോ?

ദേവേന്ദ്രൻ—അവൾക്കു വരനെ അന്വേഷിക്കുന്നുണ്ട്. അവൾ ബി. എ. യാണ്.

സദാനന്ദൻ—ഓ, എൻെറ മകൻ വിനയൻെറകൂടെ കളിച്ചിരുന്ന ആ കുട്ടിയല്ലേ?

ദേവേന്ദ്രൻ—അതേ, അവളെ വല്ല കുടുംബത്തിലേയ്ക്കും വിവാഹം ചെയ്തുകൊടുത്താൽ പററില്ല; പഠിപ്പുള്ളവളാണ്.

സദാനന്ദൻ—മൂത്തമകളും പഠിപ്പുള്ളവളാണ്. ഒരു ദിവസം അവൾ ഹിതോപദേശത്തിലെ കുറെ ശ്ലോകം ചൊല്ലുന്നതു ഞാൻ കേട്ടു.

ദേവേന്ദ്രൻ—അച്ഛൻ ഒരുവളെ സംസ്കൃതവും ഒരുവളെ ഇംഗ്ലീഷും പഠിപ്പിച്ചു. രണ്ടുപേർ രണ്ടുതരത്തിലുള്ള പഠിപ്പുകൊണ്ട് എങ്ങിനെയായിത്തീരുമെന്നു നോക്കണമെന്നായിരുന്നു, അദ്ദേഹത്തിൻെറ ഉദ്ദേശം.

സദാനന്ദൻ—മൂന്നാമത്തെ കുട്ടിയോ?

ദേവേന്ദ്രൻ—അവൾ ഇപ്പോൾ ഒരു കൊച്ചുകുട്ടിയാണ്. ഒരു സുഖക്കേടുകാരിയാണ്. ഒരുത്തിയുടെ വിവാഹംകൊണ്ട് ഉള്ളതെല്ലാം തുലഞ്ഞുപോയി. ഇപ്പോൾ രണ്ടാമത്തവളുടെ വിവാഹത്തിൻെറ വിഷമപ്രശ്നം മുമ്പിലുണ്ടുതാനും. ഇങ്ങിനെ വിഷമിച്ചിരിയ്ക്കയാണ്.

സദാനന്ദൻ—അവളുടെ വിവാഹത്തെപ്പററി ഇത്ര വിചാരിയ്ക്കാനുള്ളതെന്താണ്? അവൾ വളരെ വെളുത്ത്, ഒരു സുന്ദരിയാണല്ലോ.

ദേവേന്ദ്രൻ—ഇപ്പോൾ വരൻെറ അച്ഛൻ സൌന്ദര്യമുള്ള പെൺകുട്ടികളെയല്ല അന്വേഷിയ്ക്കുന്നത്. സമുദായം വരന്മാരുടെ ചന്ത തുറന്നുവെച്ച് ഇരിയ്ക്കുകയാണ് ഇപ്പോൾ. പണംകൂടാതെ ഈ നികൃഷ്ടസമുദായത്തിൽ പെൺകുട്ടികളുടെ വിവാഹം സാദ്ധ്യമല്ല.

സദാനന്ദൻ—ഇതിൽ സമുദായത്തിനെ എന്തിനാണ് കുററപ്പെടുത്തുന്നത്, ദേവേന്ദ്ര? സമുദായത്തിന്നു ഇതിൽ ഒരു കുററവുമില്ല.

ദേവേന്ദ്രൻ—കുററമില്ലേ സമുദായത്തിന്ന്? കന്യകകളെ വിവാഹം കഴിപ്പിച്ചുകൊടുക്കാൻവേണ്ടി എത്ര പിതാക്കന്മാർ അമ്പേ മുടിഞ്ഞുപോയി—ബഹുമതി നശിച്ചു! കുററമില്ലേ?

സദാനന്ദൻ—ദേവേന്ദ്ര, നിങ്ങൾ ഈ ലോകത്തിൽ സന്താനങ്ങളെ ജനിപ്പിച്ചു; ആ സ്ഥിതിയ്ക്ക്, അവരെ രക്ഷിയ്ക്കേണ്ട ചുമതലയുണ്ട് നിങ്ങൾക്ക്. ആൺകുട്ടികളെ ഒരിരുപത്തഞ്ചു കൊല്ലത്തോളം നിങ്ങൾ രക്ഷിച്ചുപോരുന്നുണ്ട്. എന്നാൽ, പെൺകുട്ടികളുടെ കാര്യം

വരുമ്പോൾ പത്തുകൊല്ലം തികയാനിടയില്ല, അപ്പോഴെയ്ക്കും അവരെ രക്ഷിയ്ക്കേണ്ടുന്ന ചുമതല എല്ലാം വരൻെറ കുടുംബക്കാരുടെ തലയിൽ ഇട്ടുകളയും; അപ്പോൾ, പില്ക്കാലമെല്ലാം അവരെ രക്ഷിയ്ക്കുന്നതിന്നു വല്ലതും നിങ്ങൾ വരൻെറ കുടുംബത്തിലേയ്ക്കു കൊടുക്കേണ്ടതല്ലേ? അതിനും പുറമേ, മകനെയാണ് നിങ്ങളുടെ എല്ലാ സ്വത്തിന്നും ഉത്തരാധികാരിയാക്കുന്ന്. എന്താ, പെൺമക്കൾ വല്ലേടത്തുനിന്നും ഒഴുകിവന്നതാണോ? പിതാക്കന്മാർ പെണ്മക്കളെ വല്ലവിധത്തിലും കയ്യൊഴിയ്ക്കാൻ നോക്കുന്നു. സമുദായം അങ്ങിനെ ചെയ്യാൻ അനുവദിയ്ക്കുന്നില്ല—ഇതാ, ഇതുതന്നെയാണ്, അതിൻെറ അപരാധം.

ദേവേന്ദ്രൻ—എനിയ്ക്കു പെണ്മക്കളെ അങ്ങിനെ കയ്യൊഴിയ്ക്കണമെന്നില്ല. എന്നാൽ, വരൻെറ അച്ഛൻ സ്ത്രീധനത്തിന്ന് ഇത്ര അവകാശം പറയുന്നതെന്തിനാണ്?

സദാനന്ദൻ—അല്ലാതെ ആക്കാണ് ഉറുപ്പിക കൊടുക്കുക? ഹിന്ദുസമുദായത്തിലെ നടപ്പനുസരിച്ച് നിങ്ങളുടെ മകൾ ശ്വശ്രുരൻെറ കുടുംബത്തിൽപ്പെടുന്നു. അവൾക്കു ഭക്ഷണത്തിന്നും വസ്ത്രധാരണത്തിന്നും വേണ്ടത് അയാൾതന്നെ വേണം കൊടുക്കാൻ. അപ്പോൾ, പണം അയാളുടെ കയ്യിലല്ലാതെ മററാരുടെ കയ്യിലാണ് കൊടുക്കുക?

ദേവേന്ദ്രൻ—അയാൾ ആ പണംകൊണ്ടു ധൂത്തടിച്ചാലോ?

സദാനന്ദൻ—അതു പെൺകുട്ടിയുടെ അച്ഛനും ചെയ്യാം. അവളുടെ ശ്വശ്രുരൻ അവളെ രക്ഷിയ്ക്കാനുള്ള ഭാരം എടുക്കുമ്പോൾ, അയാൾ എത്രത്തോളമാവാമോ അത്രത്തോളം, അതിന്നുള്ള ചുമതല ഏറെറടുക്കുന്നു. ഇതല്ലാതെ അയാൾക്കു മറെറന്തു കഴിയും? പിന്നെ എന്തു വന്നാലും, ആരു വിചാരിച്ചാലും അതിനു നിവൃത്തിയില്ല.

ദേവേന്ദ്രൻ—ഞാൻ എന്നെക്കൊണ്ടാവുന്ന സ്ത്രീധനം കൊടുക്കാൻ തയ്യാറാണ്. എന്നാൽ, വരൻെറ കൂട്ടുകാർ വല്ലാതെ തട്ടിപ്പറിയ്ക്കുന്നു. വീടുകൂടി വില്പിയ്ക്കാനാണ് അവരുടെ ശ്രമം.

സദാനന്ദൻ—ഒരിക്കലുമല്ല. അവർ നിങ്ങളെ കൊള്ളയിടാനൊന്നും വരുന്നില്ല. നിങ്ങൾ ഉറുപ്പികയുംകൊണ്ട് അവരുടെ അടുക്കലേക്കു പോവുകയാണല്ലോ പതിവ്.

ദേവേന്ദ്രൻ—എന്താണ് ചെയ്യുക? വല്ലവിധത്തിലും പെണ്മക്കളെ സ്സംബന്ധിച്ചുള്ള കടപ്പാടിൽനിന്നു വിടുതി നേടിയേ കഴിയൂ.

സദാനന്ദൻ—പെണ്മക്കളെ വിവാഹംചെയ്തുകൊടുക്കണമെന്നേ ഉള്ളുവെങ്കിൽ, അവരുടെ ഭാരം ഒഴിയണമെന്നേ ആഗ്രഹമുള്ളുവെങ്കിൽ, എന്തുകൊണ്ട് ആദായത്തിൽ സാമാനം കൊള്ളാവുന്നേടത്തു പോകുന്നില്ല? നിങ്ങൾക്കു ബി. എ.ക്കാർ വേണം, എം. എ.ക്കാർ വേണം. ചുരുക്കത്തിൽ, നിങ്ങളുടെ ദൃഷ്ടി അവക്കു പിന്നീടുണ്ടാവുന്ന സമ്പാദ്യത്തിന്മേലാണ്. പിന്നെ, അവർ അയ്യായിരവും പതിനായിരവും മററും ആവശ്യപ്പെടാതിരിക്കുമോ? ആറോ ഏഴോ ക്ലാസ്സു പാസ്സായ വരന്മാരെ മതി എങ്കിൽ ഒരുപക്ഷേ ആയിരം ഉറുപ്പികക്കു കിട്ടി എന്നു വരാം. നിങ്ങളുടെ മകൾ ഒരു സുന്ദരിയാണെങ്കിൽ, അതിലും എളുപ്പത്തിൽ കാര്യം നടക്കും.

ദേവേന്ദ്രൻ—അപ്പോൾ, വിവാഹം ഒരു വെറും കൊള്ളക്കൊടുക്കയാണോ?

സദാനന്ദൻ—കൊള്ളക്കൊടുക്ക എന്ന വാക്കു കേൾക്കുമ്പോൾ അതിൽ ഒരു ചീത്തത്തമുണ്ട്, നിശ്ചയം. പക്ഷേ, ഇപ്പോൾ ലോകത്തിൽ എല്ലായിടത്തും കണ്ടുവരുന്നത് ഇതുതന്നെയാണ്. മകന്റെ വിവാഹത്തിന്നു പണം മേടിക്കുന്ന അച്ഛൻ മകളുടെ വിവാഹത്തിന്നു പണം കൊടുക്കുന്നുമുണ്ട്. കവിടിക്കു കവിടി! അധികം പെണ്മക്കളുള്ളവക്ക് അധികം നഷ്ടം വരുന്നു. അധികം ആണ്മക്കളുള്ളവക്ക് അധികം ലാഭം കിട്ടുന്നു. ഇതു വാസ്തവമാണ്. എന്നാൽ, ഇത്തരത്തിലുള്ള വിഷമതകൾ ഭൂമിയിൽ എല്ലായിടത്തും കാണപ്പെടുന്നുണ്ട്. ഒന്നു രാജാവിന്റെ മകനാണ്, മറേറതു പിച്ചക്കാരന്റെ മകനാണ്. ഒന്നു ബുദ്ധിമാൻ; ഒന്നു വങ്കൻ. ഒന്നു ബലമുള്ളവനാവും; മറേറതു പ്രകൃത്യാ ദുർബ്ബലനാവും—നിവൃത്തിയെന്ത്?

ദേവേന്ദ്രൻ— പിന്നെ എന്താണുപായം?

സദാനന്ദൻ—അവനവനു വേണ്ടുന്ന ഉപായം നോക്കാൻ നിങ്ങൾക്കു കഴിയുന്നില്ല. മക്കൾക്കു വേണ്ടുന്നതു സാധിയ്ക്കയും ചെയ്യും. ചെറുപ്പത്തിലേ അവരെ വിവാഹം കഴിച്ചുകൊടുക്കരുത്. അവൎക്കു സ്വശക്തിയും സാമൎത്ഥ്യവും ഉണ്ടാവുന്നതിന്നുമുമ്പു കുടുംബഭാരം അവരുടെ തലയിലിടാതെ കഴിയ്ക്കണം. ഈ ബാല്യവിവാഹത്തെപ്പോലെ മറ്റൊന്നും നമ്മുടെ സമുദായത്തെ ഇങ്ങിനെ താറുമാറാക്കിയിട്ടില്ല. എന്നല്ല, മറ്റൊന്നുകൊണ്ടുംതന്നെ ഹിന്ദുക്കൾക്ക് ഇത്ര ഹാനിയും നേരിട്ടിട്ടില്ല.

ദേവേന്ദ്രൻ—അപ്പോൾ, നിങ്ങൾക്കു സനാതനഹിന്ദുധൎമ്മത്തെ മാററിമറിച്ചാൽ കൊള്ളാമെന്നുണ്ടോ?

സദാനന്ദൻ—ഉവ്വ്, കുറച്ചൊക്കെയുണ്ട്. ദേവേന്ദ്ര, സനാതനഹിന്ദുധൎമ്മത്തിൽ തെററ് എന്നൊന്നില്ലെന്നു വരികിൽ, ഇന്ന് ഈ സമുദായത്തിന്ന് ഇങ്ങിനെ ഒരു ദുൎദ്ദശ വന്നുപെടില്ലായിരുന്നു. ഈ ആചാരത്തിൽ ധൎമ്മത്തിൻെറ പുണ്യകിരണങ്ങൾ മാത്രമല്ല, അധൎമ്മത്തിൻെറ കളകളും വേരൂന്നിയിട്ടുണ്ട്. ആ കളകളെ പറിച്ചുകളയേണ്ടിവരും.

ദേവേന്ദ്രൻ—നിങ്ങൾ എന്നെ വിഷമത്തിലാക്കി.

സദാനന്ദൻ—നിങ്ങൾ എന്താണ് നിങ്ങളെത്തന്നെ നോക്കാത്തത്! നിങ്ങളുടെ വിവാഹം ഇത്ര ചെറുപ്പത്തിൽത്തന്നേ കഴിഞ്ഞിരുന്നില്ലെങ്കിൽ, നിങ്ങൾക്കു നിങ്ങളുടെ ഭാവി കുറേക്കൂടി നന്നാക്കാമായിരുന്നു. നിങ്ങൾക്ക് ഈ വിഷമത്തിൽ—ഈ കുടുക്കിൽ—പെടേണ്ടിവരില്ലായിരുന്നു.

ദേവേന്ദ്രൻ—ആൺകുട്ടികളെ ചെറുപ്പത്തിലേ വിവാഹം കഴിപ്പിയ്ക്കേണ്ടെന്നു വെയ്ക്കാം. അതുകൊണ്ട് പെൺകുട്ടികളേയും വെച്ചുകൊണ്ടിരിയ്ക്കണോ?

സദാനന്ദൻ—പെൺകുട്ടികളെ വിവാഹംചെയ്യിയ്ക്കേണ്ട പ്രായത്തിൽ ചെയ്യിയ്ക്കും. അതും നല്ലൊരാളോടുകൂടി, സാധിയ്ക്കുമെങ്കിൽ.

ദേവേന്ദ്രൻ—അതിന്ന് അത്ര ത്രാണിയും സൌകൎയ്യവുമില്ലെങ്കിൽ?

സദാനന്ദൻ—അവരെ ബ്രഹ്മചര്യം പഠിപ്പിക്കണം. ബാലവിധവകൾക്കു ബ്രഹ്മചര്യം പഠിക്കാൻ സാധിക്കുമെങ്കിൽ, കന്യകമാക്ക് എന്തുകൊണ്ട് വയ്യാ? അതല്ല, കന്യകകളായ ബാലികമാക്കു ബ്രഹ്മചര്യം അനുഷ്ഠിക്കാൻ കഴിയില്ലെന്നാണ് നിങ്ങളുടെ അഭിപ്രായമെങ്കിൽ, പിന്നെ ബാലവിധവകൾക്കുണ്ടോ അത് അനുഷ്ഠിക്കാൻ സാധിക്കുന്നു? അപ്പോൾ, വിധവാവിവാഹം നടപ്പിൽ വരുത്തിക്കൊള്ളു.

ദേവേന്ദ്രൻ—ഇതിനെപ്പററി നിങ്ങളുടെ അഭിപ്രായമെന്താണ്? അതുതന്നെ എനിക്കു നല്ലപോലെ മനസ്സിലാക്കാൻ കഴിഞ്ഞില്ല.

സദാനന്ദൻ—എൻെറ അഭിപ്രായം കേൾക്കണോ? എൻെറ അഭിപ്രായം, നല്ല കുടുംബത്തിലെ ഉത്തമന്മാരായ വരന്മാക്കു വിവാഹം ചെയ്തുകൊടുക്കാൻ ത്രാണിയുണ്ടെങ്കിൽ വധു കന്യകയായാലും വിധവയായാലും വിവാഹം കഴിച്ചുകൊടുക്കണമെന്നാണ്. പണമില്ലാത്തപക്ഷം, തറവാടു വിററു കന്യകയായാലും വിധവയായാലും വിവാഹം കഴിച്ചുകൊടുക്കുകയുമരുത്. ഇരുകൂട്ടരേയും ബ്രഹ്മചര്യം ശീലിപ്പിക്കണം.

ദേവേന്ദ്രൻ—എന്നാൽ, അതുകൊണ്ടുണ്ടാവുന്ന ആപത്തിനെപ്പററി വല്ലതും ആലോചിച്ചിട്ടുണ്ടോ?

സദാനന്ദൻ—ആലോചിച്ചിട്ടുണ്ട്. തികച്ചും ശുഭമായിട്ടു ലോകത്തിൽ എന്തൊന്നാണുള്ളത്?

ദേവേന്ദ്രൻ—എന്നാൽ, കന്യകമാരെ ഇങ്ങനെ വിവാഹം ചെയ്തുകൊടുക്കാതെ ലോകത്തിൽ ആപത്തു വർദ്ധിപ്പിക്കുകയായിരിക്കും, നിങ്ങൾ ചെയ്യുന്നത്.

സദാനന്ദൻ—പക്ഷേ, വിധവകളെ വിവാഹംചെയ്തുകൊടുക്കുന്നതുകൊണ്ട് ആപത്തു കുറയ്ക്കുന്നുമുണ്ടല്ലോ. നമ്മുടെ രാജ്യം ദരിദ്രമാണ്, ദേവേന്ദ്ര; എന്നാൽ, ഈ രാജ്യത്തിലാണ് മററു രാജ്യങ്ങളിലുള്ളതിനെക്കാളധികം സന്താനങ്ങളെ വർദ്ധിപ്പിക്കാനുള്ള ആഗ്രഹം കാണപ്പെടുന്നത്. ഒരു വിദ്വാൻ സ്ത്രീകളെ ഉദ്ദേശിച്ച് ഇങ്ങിനെ പറയുന്നു: "ഹേ ഭാരതസ്ത്രീകളേ, ബലവീര്യമില്ലാത്ത ദാ

സതുല്യരായ അനേകം സന്താനങ്ങളെ സൃഷ്ടിക്കുന്നതു നിരോധിക്കുവിൻ.'' എന്നാൽ സ്ത്രീകളല്ല, അവർതന്നെയാണ്, പുരുഷന്മാരാണ് ഇതിന്നു കുററക്കാരെന്ന് അദ്ദേഹം ആലോചിച്ചില്ല. ദേവേന്ദ്ര, ഈ ബാല്യവിവാഹസമ്പ്രദായത്തെ മാററണം. അതോടൊപ്പംതന്നെ ജീർണ്ണിച്ചുപോയിട്ടുള്ള മററാചാരങ്ങളേയും നന്നാക്കണം. എന്നാൽ, ആദ്യം ഈ ആചാരത്തെത്തന്നെയാണ് നന്നാക്കേണ്ടത്. ഈ ബാല്യവിവാഹം സമുദായത്തെ, മജ്ജയുടെ അഭാവത്താൽ ദുർബലവും, ഭക്ഷണത്തിൻെറ അഭാവത്താൽ കൃശവും, ബലത്തിൻെറ അഭാവത്താൽ ഭീരുവും, പരിശ്രമത്തിൻെറ അഭാവത്താൽ ഉപയോഗശൂന്യവുമാക്കിത്തീർത്തിരിക്കുന്നു. സമുദായത്തിന്ന് ഇതിനേക്കാൾ വലുതായിട്ട്, ഇത്രതന്നെയും അപകാരം മറെറാരാചാരംകൊണ്ടും നേരിട്ടിട്ടില്ല.

ദേവേന്ദ്രൻ—ഇതെന്ത്, നിങ്ങൾ കരയുകയാണോ?

സദാനന്ദൻ—അല്ല. ശരി, ഞാനിപ്പോൾ പോകുന്നു.

(വേഗത്തിൽ പോകുന്നു)

ദേവേന്ദ്രൻ—ഇപ്പോഴും അതേ സ്വഭാവംതന്നെ. എത്ര കാലത്തിന്നു ശേഷമാണ് ഇന്നു ഞങ്ങൾ തമ്മിൽ കാണുന്നത്! ഒരു പത്തുകൊല്ലമായിട്ടുണ്ടാവും. കുട്ടിക്കാലത്തെ കൂട്ടകാരേയും സഹപാഠികളേയും കാണുമ്പോൾ ഹൃദയത്തിലെ നീറൽ ഒട്ടൊന്നമരുകയും അന്നത്തെ സ്മരണകൾ വന്നണയുകയും ചെയ്യുന്നു. ഈ സദാനന്ദൻെറ തോളത്തു കൈവെച്ച്, ഹൃദയം തുറന്നു സംസാരിച്ചുംകൊണ്ടു നടന്നിരുന്ന ആ കുട്ടിക്കാലം എത്ര മധുരമായിരുന്നു! ശരൽക്കാലത്തിലെ പൂർണ്ണചന്ദ്രൻ ഉദിച്ചു വരുമ്പോൾ അതിനെ നിശ്ശബ്ദനായി, ഇമവെട്ടാതെ നോക്കിനിന്നിരുന്ന എൻെറ ബാല്യകാലം എത്ര മധുരമായിരുന്നു! വർഷകാലത്തിൽ മേഘനാദം കേട്ടു ഹൃദയം എങ്ങിനെ നൃത്തം വെച്ചിരുന്നു! വേനല്ക്കാലത്തു നിശാവേളയിൽ നക്ഷത്രസഹസ്രങ്ങൾ ഉദിക്കുന്നതു കാണുമ്പോൾ ആകാശം കോൾമയിർക്കൊണ്ടതുപോലെ തോന്നിയിരുന്നു! അങ്ങോട്ടു നോക്കി നോക്കി കണ്ണുകൾ ചിന്നിപ്പോയിരുന്നു. നാളെ ഭക്ഷണത്തി

ന്നെന്താണ്, കുട്ടികളെ പഠിപ്പിയ്ക്കണം, പെൺകുട്ടിയെ വിവാഹംചെയ്തുകൊടുക്കണം—ഇതിന്നെല്ലാം പണമെവിടെ,—ഈവക ചിന്തകളൊന്നും ഇല്ലാതിരുന്ന കുട്ടിക്കാലം എത്ര മധുരമായിരുന്നു! ഹാ, എത്ര നല്ല കാലമായിരുന്നു!—ആര്, കേദാറാ?

(കേദാർ പ്രവേശിയ്ക്കുന്നു)

കേദാർ—വിടില്ല.

ദേവേന്ദ്രൻ—എന്ത്?

കേദാർ—ഈ സ്ഥലം. മുതലും വാങ്ങും, പലിശയും വസൂലാക്കും. ഞാൻ ബാരിസ്റ്റരുടെ അടുക്കലേയ്ക്കു പോകയാണ്.

(പോകാൻ ഒരുങ്ങുന്നു)

ദേവേന്ദ്രൻ—എവിടെയ്ക്കാണ് പോകുന്നത്?

കേദാർ—ബാരിസ്റ്റരുടെ ബംഗ്ലാവിലേയ്ക്ക്.

ദേവേന്ദ്രൻ—ഹേ, ഇത്തിരി കഴിഞ്ഞിട്ടു പോകാം.

കേദാർ—സമയമില്ല.

ദേവേന്ദ്രൻ—കുറച്ചു വല്ലതും കഴിച്ചോളൂ.

കേദാർ—ഒഴിവില്ല.

ദേവേന്ദ്രൻ— നേരം വൈകിയിരിയ്ക്കുന്നു.

കേദാർ—ബാരിസ്റ്ററെ കാണണം. നാളെ വരാം. ഇതാ നോക്കൂ—വേണ്ട, ആദ്യം ബാരിസ്റ്ററോടുതന്നെ അഭിപ്രായം ചോദിച്ചുകളയാം. പക്ഷേ, എൻെറ വിശ്വാസം, തീച്ചയായും ഇതിൽ എന്തോ സൂത്രമുണ്ടെന്നാണ്.

ദേവേന്ദ്രൻ—ഏതിൽ?

കേദാർ—പോകട്ടെ, പിന്നെ പറയാം. (പോകുന്നു)

ദേവേന്ദ്രൻ—ഏയ്, കേൾക്കൂ.

കേദാർ—(അണിയറയിൽ) സമയമില്ല.

(ദേവേന്ദ്രൻ ചിരിയ്ക്കുന്നു)

(കാമിനി പ്രവേശിയ്ക്കുന്നു)

കാമിനി— ഭക്ഷണം തയ്യാറായിരിയ്ക്കുന്നു. പോയി കുളിയ്ക്കൂ. എന്താണ് ചിരിയ്ക്കുന്നത്?

ദേവേന്ദ്രൻ—കേദാർ വന്നിരുന്നു.

കാമിനി—അതുകൊണ്ട്?

ദേവേന്ദ്രൻ—പാവം, എനിയ്ക്കുവേണ്ടി പാഞ്ഞു നടക്കുകയാണ്; പലിശ ആരാണ് വിട്ടുതരിക?

കാമിനി—എന്തു പലിശ?

ദേവേന്ദ്രൻ—അച്ഛൻ വരുത്തിയിട്ടുള്ള കടത്തിന്റെ പലിശ. മൂവ്വായിരം ഉറുപ്പികയായിട്ടുണ്ട് പലിശ. ഉണ്ടികക്കാരനുണ്ടോ വിടുന്നു! സാധു കേദാർ ഈ ഭൃതത്തിന്റെ കൂലിയില്ലാത്ത വേലയും പേറിക്കൊണ്ട് അങ്ങുമിങ്ങും ഓടിനടക്കുന്നു!

കാമിനി—നിങ്ങൾക്ക് ഇതല്ലാതെ മററു വർത്തമാനമൊന്നുമില്ല. വരു, പോയി കുളിച്ചു ഭക്ഷണം കഴിച്ചോളു.

ദേവേന്ദ്രൻ—നടക്കു.

കാമിനി—ആ്, മഹേന്ദ്രനു നൂറുറുപ്പികക്കു വലിയ തിടുക്കമുണ്ടെന്നു പറഞ്ഞിരുന്നു.

ദേവേന്ദ്രൻ—എത്ര ഉറുപ്പികയ്ക്ക്?

കാമിനി—നൂറുറുപ്പികയ്ക്ക്.

ദേവേന്ദ്രൻ—എന്തിനാണ്?

കാമിനി—അതെനിയ്ക്കറിഞ്ഞുകൂടാ.

ദേവേന്ദ്രൻ—അവന്നു ചൂതുകളിച്ചു പണം നശിപ്പിയ്ക്കണമെന്നാണെങ്കിൽ, സ്വന്തമായി സമ്പാദിച്ചു നശിപ്പിച്ചുകൊള്ളാൻ പറഞ്ഞേയ്ക്കു.

കാമിനി—കൊടുത്തില്ലെങ്കിൽ അവൻ ശണ്ഠയ്ക്കു നില്ക്കും.

ദേവേന്ദ്രൻ—നിന്നോട്ടെ.

കാമിനി—ഒരാൾ സന്ന്യാസിയായിപ്പോയി.

ദേവേന്ദ്രൻ—ഇവനും പൊയ്ക്കോള്ളട്ടെ. ഇനി എന്നെക്കൊണ്ടു സാധിയ്ക്കില്ല. പോയ്ക്കോളു. 'പണം തരു, പണം തരു', മകനുമായിട്ട് ഇങ്ങിനെ ഒരു ബന്ധമേ ഉള്ളു? (പോകുന്നു)

## രംഗം ൨

സ്ഥലം—ഉപേന്ദ്രന്റെ വീട്ടിൽ പുറത്തെ ഇരിപ്പുമുറി.
സമയം—കാലത്തു 10 മണി.
(ഉപേന്ദ്രന്റെ മുഖസ്തുതിക്കാരായ ഭക്തന്മാരും കേദാരം)

നവീനൻ—അങ്ങു ഞങ്ങളുടെ പ്രഭുവിനെ കണ്ടിട്ടില്ലേ?

കേദാർ—കാണാതെ എന്താണ്? വളരെ പ്രാവശ്യം കണ്ടിട്ടുണ്ട്.

വിനോദൻ—ഒരുപക്ഷേ, അങ്ങയ്ക്കു് അദ്ദേഹത്തെ മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ടാവില്ല.

കേദാർ—നല്ലവണ്ണം മനസ്സിലായിട്ടുണ്ടെന്നാണ് തോന്നുന്നത്.

ശങ്കർ—ഇല്ല. മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിൽ, ഇങ്ങനെ നിന്ദിയ്ക്കില്ല. അദ്ദേഹം വൈഷ്ണവൻ, യോഗി, ഭക്തൻ—പരമ ഭക്തൻ.

നവീനൻ—അദ്ദേഹത്തിന്റെ ജട (കൈകൊണ്ടു കാണിച്ചിട്ട്), ഇത്ര നീളമുണ്ട്.

കേദാർ—ഈയിടെയായി ജടയുടെ നീളംകൊണ്ടാണോ സന്ന്യാസത്തെ അളന്നുനോക്കാറ്?

നവീനൻ—അല്ലല്ല. ഭക്തി! ഭക്തി! ഞങ്ങളുടെ ഗുരുവിന്റെ വിഷ്ണുഭക്തി അങ്ങു കണ്ടിട്ടില്ല. ഞങ്ങൾ എങ്ങിനെ പറഞ്ഞറിയിയ്ക്കും?

കേദാർ—പറയേണ്ട ആവശ്യമൊന്നും ഇല്ല.

വിനോദൻ—ഹരികീർത്തനം ചൊല്ലിച്ചൊല്ലി അദ്ദേഹം നിലത്തു കിടന്നുരുളും.

കേദാർ—ഹു! അതോടൊപ്പം നിങ്ങളും കിടന്നുരുളാറുണ്ടോ?

ശങ്കർ—ഞങ്ങൾക്കെന്തു ശക്തിയാണുള്ളത്? ഞങ്ങൾ അദ്ദേഹത്തിൽനിന്നു വൈഷ്ണവധർമ്മതത്വങ്ങൾ പഠിയ്ക്കുകയാണ്.

കേദാർ—പഠിച്ചുകൊൾവിൻ. നല്ലവണ്ണം പഠിച്ചുകൊൾവിൻ. അതിൽ ആണ്ടുമുങ്ങിക്കൊൾവിൻ!

നവീനൻ—ഞങ്ങൾക്കെന്തു കഴിയും? എന്നാലും, ഈ ആശയോടുകൂടിത്തന്നെയാണ് ഞങ്ങൾ അദ്ദേഹത്തിന്റെ ശ്രീചരണങ്ങളിൽ അഭയം പ്രാപിച്ചിരിയ്ക്കുന്നത്.

കേദാർ—അവിടെ പാട്ടുകിടന്നുകൊൾവിൻ!

വിനോദൻ—ഇങ്ങനെ ത്യാഗിയായി ഒരു മഹാപുരുഷൻ—

കേദാർ—ത്യാഗി? എന്നെങ്കിലും അദ്ദേഹം ആൎക്കെങ്കിലും ഒരു പൈസപോലും വിട്ടുകൊടുത്തിട്ടുണ്ടോ?

വിനോദൻ—പൈസ?—പൈസ, നിസ്സാരം! അദ്ദേഹം അത്ഭുതാവഹവും അമൂല്യവുമായ ഉപദേശമാണ് സംഭാവനയായി വിതിച്ചുകൊടുക്കുന്നത്.

കേദാർ—സംഭാവനയായോ?

വിനോദൻ—അദ്ദേഹം പണം പുല്ലുപോലെനിസ്സാരമായിക്കരുതുന്നു. അദ്ദേഹത്തിൻെറ മുഖത്തുനിന്നു വൈഷ്ണവധൎമ്മത്തെപ്പററിയുള്ള വ്യാഖ്യാനം അങ്ങ് ഒരിക്കൽ കേട്ടാൽ—

കേദാർ—ആണ്ടുപോകും, അല്ലേ?

നവീനൻ—ഇതാണ് ത്യാഗം. അദ്ദേഹം മാനസികരോഗത്തിന്നുള്ള ഔഷധം സംഭാവനകൊടുക്കുന്നു.

കേദാർ—സുഖപ്പെട്ടില്ലെങ്കിൽ വില മടക്കിക്കൊടുക്കുമോ?

ശങ്കർ—മടക്കിക്കൊടുക്കുന്നതെങ്ങിനെയാണ്? വില വാങ്ങിക്കുന്നതേ ഇല്ല.

കേദാർ—ഒട്ടും? ഒരുപക്ഷേ, രോഗിയെ ശുശ്രൂഷിക്കുന്നതും പ്രതിഫലം കൂടാതെയാവും—അല്ലേ?

വിനോദൻ—എന്താണ് കേദാർബാബു പറഞ്ഞത്? രോഗിയെ ശുശ്രൂഷിക്കും എന്നോ! പ്രഭുവോ? അതാ നോക്കു, അദ്ദേഹത്തിൻെറ ഛായാപടം! കൊള്ളാം, ഈ രൂപം രോഗിയെ ശുശ്രൂഷിക്കുന്നതാണോ?

കേദാർ—അയ്യോ, വലിയ തെററായി! എന്നാൽ രോഗി—അല്ല രോഗിണി—കണ്ടാൽ നന്നെങ്കിലോ?

വിനോദൻ—അങ്ങ് എന്താണീപ്പറയുന്നത്? ഞങ്ങളുടെ പ്രഭുവിനെ കളിയാക്കുകയാണോ?

കേദാർ—കളിയാക്കാനൊന്നും ഞാൻ പഠിച്ചിട്ടില്ല. ഈയിടെയായി കല്ക്കത്തയിൽ വീടുതോറും ഇത്തരം സ്വയംഭൂക്കളായ അവതാരങ്ങ

ളെ കണ്ടുവരുന്നുണ്ട്. അവരുടെ ഭക്തന്മാർ അടിഞ്ഞുകൂടുന്ന ഈ നാട്ടും ഒട്ടു കൊള്ളാവുന്നതുതന്നെ.

വിനോദൻ—അതാ പ്രഭു വരുന്നു.

ശങ്കരും നവീനനും—പ്രഭു വരുന്നു, പ്രഭു വരുന്നു.

കേദാർ—വരുന്നു എന്നോ! ഉദിയ്ക്കുന്നു! കാണാനില്ലേ, നാലുഭാഗത്തും പ്രകാശം പരക്കുന്നു!

വിനോദൻ—ഹ ഹ! ഉദിച്ചുവരുന്നു, ഉദിച്ചുവരുന്നു.

മററു രണ്ടു ഭക്തന്മാർ—ഉദിച്ചുവരുന്നു, ഉദിച്ചുവരുന്നു.

(കണ്ണു പകുതിയടച്ചു മാല പിടിച്ചു ജപിച്ചുകൊണ്ടു് ഉപേന്ദ്രൻ പ്രവേശിയ്ക്കുന്നു)

ഭക്തഗണം—പതുക്കെ. പതുക്കെ.

(സാഷ്ടാംഗം നമസ്കരിയ്ക്കുന്നു)

ഉപേന്ദ്രൻ—നിങ്ങൾക്കു വിജയം ഭവിയ്ക്കട്ടെ.

വിനോദൻ—പ്രഭോ! കേദാർബാബു—

ഉപേന്ദ്രൻ—ഓ, കേദാർബാബുവോ? (മന്ദഹസിച്ച്) നന്നായി. കേദാർബാബു, എന്തേ ഇങ്ങിനെ പുറപ്പെട്ടത്?

കേദാർ—പ്രഭോ! അവിടുത്തെ തിരുമുഖത്തുനിന്നു വൈഷ്ണവധർമ്മതത്വോപദേശം കേൾക്കാൻ വന്നതാണ്.

ഉപേന്ദ്രൻ—തത്വോപദേശമോ? തത്വം, എനിയ്ക്കെന്തറിയാം? ഈ മൂഢനായ എനിയ്ക്കു് ആ മഹാധർമ്മതത്വത്തെപ്പററി എന്തറിയാം? അതിനെ മഹാസ്വാമി ശ്രീ ഗൌരാങ്ഗൻ [നമസ്കരിക്കുന്നു]

ഭക്തഗണം—ഹ ഹ!

(മഹാസ്വാമിയെ എല്ലാവരും നമസ്കരിയ്ക്കുന്നു)

ഉപേന്ദ്രൻ—വൃക്ഷത്തിൽനിന്നു പുഷ്പവും, പുഷ്പത്തിൽനിന്നു ഫലവും, ഫലത്തിൽനിന്നു ബീജവുമുണ്ടാകുന്നു. ബീജംതന്നെയാണ് ഉൽപത്തിയ്ക്കുള്ള കാരണം.

ഭക്തഗണം—എത്ര ഗംഭീരമായ തത്വം! അതിഗംഭീരമായ വിഷയം തന്നെ.

ഉപേന്ദ്രൻ—പുഷ്പം കാണാൻ ഭംഗിയുണ്ടെങ്കിലും—

ഭക്തഗണം — ഉണ്ടെങ്കിലും?

ഉപേന്ദ്രൻ — പുഷ്പമല്ല വൃക്ഷത്തിന്റെ മുഖ്യഫലം. മുഖ്യഫലം ബീജമാണ്. ശ്രീകൃഷ്ണന്റെ ബാല്യലീല പുഷ്പവും, ഭഗവദ്ഗീത ബീജവുമാണ്—ഗോവിന്ദ, ശ്രീകൃഷ്ണ, ഹരേ മുരാരേ!

ഭക്തഗണം—ഓഹോ ഹോ ഹോ! (നമസ്കരിക്കുന്നു)

കേദാർ—തെമ്മാടിത്തത്തിൽനിന്നു ചൂതുകളി, ചൂതുകളിയിൽനിന്നു വഞ്ചന!

ഭക്തഗണം—ഇതെന്താണ് കേദാർബാബു?

കേദാർ—മിണ്ടാതിരിയ്ക്കിൻ, സ്തുതിപാഠകന്മാരായ നായ്ക്കളേ! അല്ലെങ്കിൽ, വഞ്ചനയിൽനിന്നു ക്രോധവും, ക്രോധത്തിൽനിന്ന് അടിയും. എനിയ്ക്ക് എല്ലാം പൊറുക്കാം: വഞ്ചന പൊറുക്കാൻ കഴിയില്ല. പാവങ്ങൾക്കു ഒരു പൈ കൊടുക്കുന്നതിൽ ജീവൻ കളയും. ഒരാളുടെ കഷ്ടപ്പാടിനേയും തിരിഞ്ഞുനോക്കില്ല. എന്നാൽ, വായിൽനാവിന്റെ മിടുക്കുകൊണ്ട് ഒരു മഹാപുരുഷനായി അവതാരം പൂണ്ടു ഞെളിഞ്ഞിരിയ്ക്കും. ഇങ്ങിനെയുള്ള മഹാപുരുഷന്മാരെ എന്താണ് ആരും പോലീസ്സിൽ ഏല്പിക്കാത്തത്?

ഭക്തഗണം—അസൂയ! അസൂയ!

കേദാർ—നിങ്ങളുടെ സ്തുതി കേട്ട് എനിയ്ക്ക് അസൂയജനിയ്ക്കുകയോ? ഈ ഞാൻ നിങ്ങളെ ഭൃത്യരാക്കാൻ ഭാവമുണ്ടെന്നു കണ്ടാൽ മതി, നിങ്ങൾ വന്ന് എന്റെ കാൽ നക്കാനും വാലാട്ടാനും തുടങ്ങും. ഉപേന്ദ്ര, ഞാൻ നിങ്ങളുടെ അടുക്കലേയ്ക്കായിട്ടല്ല വന്നത്. ഞാൻ വന്നത് യജ്ഞേശ്വരബാബുവിനെ അന്വേഷിച്ചാണ്. അദ്ദേഹത്തെ ഇവിടെ കണ്ടെത്തുമെന്നാണ് വിചാരിച്ചത്........എന്നാൽ എനിയ്ക്കു നിങ്ങളോടും ഒരു കാര്യം ചോദിച്ചാൽ കൊള്ളാമെന്നുണ്ട്. നിങ്ങളുടെ അച്ഛൻ തന്റെ സ്വത്തു മുഴുവനും നിങ്ങളുടെ പേരിലാക്കി, കടം മാത്രം നിങ്ങൾ രണ്ടുപേക്കും സമമായി ഭാഗിച്ചുവെച്ചതെന്തുകൊണ്ടാണെന്നു മനസ്സിലാക്കാൻ എന്റെ എളിയ ബുദ്ധിയ്ക്കു കഴിയുന്നില്ല.

ഉപേന്ദ്രൻ—അങ്ങ് എന്താണ് പറയാൻ തുടങ്ങുന്നത്? ഈ—

കേദാർ—ഒസ്യത്തു കളവാണ്. അതേ, ഇതുതന്നെയാണ് പറയാൻ തുടങ്ങുന്നത്. ഇതിന്ന് ഒരു ദിവസം തീച്ചയായും ഞാൻ തീപ്പുണ്ടാക്കും, ആട്ടെ, മഹാശയന്മാരേ ഞാനിപ്പോൾ പോകുന്നു. [പോകാൻ ഭാവിക്കുന്നു]

ഉപേന്ദ്രൻ—കേൾക്കു, കേദാർബാബു.

കേദാർ—ഇല്ല, ഹേ. ഇനി സഹിയ്ക്കാൻ വയ്യ. യജ്ഞേശപരബാബു വരുമെന്നാണ് വിചാരിച്ചത്. എന്നാൽ ഇനി ഇവിടെ നില്ക്കാൻ വയ്യ. ഇവിടത്തെ കാററ് വിഷമയമായിട്ടാണ് എനിയ്ക്കു തോന്നുന്നത്. എനിയ്ക്കു ശ്വാസംമുട്ടിത്തുടങ്ങി. ഞാൻപോകുന്നു.[പോകുന്നു]

ഉപേന്ദ്രൻ—എയ്, കേൾക്കു—

അണിയറയിൽ—ഇനി വയ്യ.

ഉപേന്ദ്രൻ—എന്നാലും സ്വല്പം—

അണിയറയിൽ—എൻെറ തല ചുററുന്നു.

നവീനൻ—പ്രഭോ! ആ നീചനെ അവിടുന്നു എന്തിനാണു വിളിയ്ക്കുന്നത്?

ഉപേന്ദ്രൻ—ആ പാവം ദയയ്ക്കു പാത്രവാനാണ്. അല്ലെങ്കിൽ പിന്നെ അയാൾ എങ്ങിനെ ഉദ്ധരിയ്ക്കപ്പെടും?

നവീനൻ—തന്തിരുവടി ദയാനിലയമത്രേ.

ശങ്കർ—പാപികളെ ഉദ്ധരിയ്ക്കാൻവേണ്ടിത്തന്നെയാണു തത്രഭവാൻ എഴുന്നെള്ളിയിട്ടുള്ളത്.

ഉപേന്ദ്രൻ—ആഹാ! കീത്തനം ചൊല്ലുവിൻ! കീത്തനം ചൊല്ലുവിൻ!

(ഭക്തഗണം കീത്തനം ചൊല്ലാൻ തുടങ്ങുന്നു)

## പാട്ട്

——

(ഓമനക്കുട്ടൻ........)

പാടിപ്പാടിയങ്ങാ നദീവക്കി-
ലൂടേ ഗമിപ്പതാരുവാൻ?

ആടിയും ഭ്രാന്തൻപോലോരോ സ്തോത്രം
പാടിയു,മിടർ തേടിയും.
പ്രേമൈകമാത്രസക്തനായ്, തന്നെ-
ത്താൻ മറന്നാടിപ്പോകയാം!
ദേവഭിക്ഷുതാനീ നരകത്തി-
ലീ വേഷം പൂണ്ടു വന്നവൻ!
വാക്കും പ്രേമലഹരിയാന്ന്,ശ്രു-
വാക്കനുണ്ടതാ കണ്ണുകൾ.
കേണുകേണിട്ടാക്കാരുണ്യക്കടൽ
താനേ മറന്നു സർവ്വവും!
അപ്പൊങ്കാൽ പ്പൊടിയേററുതളുന്നു
കെല്പററു ഹിംസാദ്വേഷങ്ങൾ!
ചൊല്ലീതദ്ദേഹം:—"വിട്ടാലുമെന്നെ,
ചെന്നണയട്ടെ വേഗം ഞാൻ,
വിശ്വാതിശായിയായീടുന്നൊരാ-
വിഷ്ണുതൻ ലീലാസ്ഥാനത്തിൽ!
അല്ലെന്നാൽ പ്രഭോ, നിൻപ്രേമത്തിൽ ഞാ-
നത്രയും ചേർന്നലിയട്ടെ.
വൈരവിദ്വേഷഹിംസാദി ദുർവ്വി-
കാരങ്ങൾ മണ്ണായ്ത്തീരട്ടെ!"
പ്രേമത്തിൻേറതാം, നൂതനമാകും
ത്തുമധുരമാമീ പൂരം!
നമ്മൾക്കിതിങ്കലെങ്ങിടം, ചൊൽവിൻ:
നമ്മൾ വിമൂഢരെല്ലാരും!
ചൊല്ലുന്നു വീണ്ടും: "മന്യനായാരു-
ണ്ടെല്ലാരും സ്വന്തസോദരർ!
ആരേയും പ്രേമദൃഷ്ടിയാൽ നോക്കി-
പ്പോരുവനി,തേ വാഞ്ഛിതം.
കേവലം ചിരിച്ചു,ത്രയുമൽക്കൊ-

ണ്ടവരേയും ഞാൻ സ്നേഹിപ്പൻ;
ദേശാന്തരങ്ങൾ ചുററും ഞാനേവ-
മാശയിതൊന്നു മാത്രം മേ!"
കണ്ടാലുമദ്ദേഹത്തിൻ പിന്നാലെ-
യുണ്ടു പോകുന്നു സവ്വരും.
വ്യാപിയ്ക്കുന്നിതാ മാറൊലി, നീല-
വ്യോമത്തിലെങ്ങും നിഭരം.
വന്നാലും നിങ്ങൾ, പോക നമ്മൾക്കു
വന്നാലും നിങ്ങൾ, പോക നാം.
എവമുൾപ്രണയത്തോടേ ചൊല്ലിൻ
ഗോവിന്ദ, ഹരേ, ശ്രീകൃഷ്ണ!
ദൂരെ വലിച്ചെറിഞ്ഞാലും പിഞ്ഞി-
ക്കീറിയ ജീർണ്ണഗ്രന്ഥങ്ങൾ!
പോക നാം പോക, വന്നാലും വേഗം
പോവുക നമ്മൾ, വന്നാലും!

(ഒരു ഭൃത്യൻ ഭക്ഷണസാധനങ്ങളും കൊണ്ടു വരുന്നു. ഉപേന്ദ്രൻ ഭക്ഷിയ്ക്കാനിരിയ്ക്കുന്നു. ഭക്തഗണം പാടുന്നു. പാട്ട് അവസാനിച്ചിട്ടും ഉപേന്ദ്രൻ ഭക്ഷണം കഴിച്ചുകൊണ്ടേ ഇരിയ്ക്കുന്നു.)

ഉപേന്ദ്രൻ—ഭക്തന്മാരേ, നോക്കുവിൻ, ഭഗവാൻെറ എന്തു വിചിത്രമായ ലീലയാണിത്! പശു തിന്നുന്നില്ലെങ്കിൽ, പുല്ലുകൊണ്ടു മനുഷ്യൎക്കു യാതൊരു പ്രയോജനവുമില്ല. ആ പുല്ലാണ് പശുവിന്നു പാലുണ്ടാക്കുന്നത്. ആ പാലു മനുഷ്യരെ എത്ര എളുപ്പത്തിൽ പോഷിപ്പിച്ചു കളയുന്നു! എന്തൊരാശ്ചര്യമാണ്!

ഭക്തഗണം—എന്തൊരാശ്ചര്യമാണ്!

ഉപേന്ദ്രൻ—ഗോതമ്പത്തിൽനിന്നു മാവുണ്ടാവുന്നു. മാവും നെയ്യും ചേൎന്നു പൂരിയുണ്ടാവുന്നു. എന്തൊരാശ്ചര്യം!

ഭക്തഗണം—എന്തൊരാശ്ചര്യം!

ഉപേന്ദ്രൻ—ഇപ്പോൾ ഈ പൂരി കുറുക്കിയ പാലോടുകൂടി വയററി

ലേക്കു ചെല്ലട്ടെ. (കഴിക്കുന്നു) അല്ലയോ വിഷ്ണോ! അവിടുന്നുതന്നെയാണ് സത്യം.

ഭക്തഗണം—അവിടുന്നുതന്നെയാണ് സത്യം! (വിഷ്ണുവിനെ നമസ്കരിക്കുന്നു)

നവീനൻ—പ്രഭോ, എന്നാൽ ഇനി ഞങ്ങൾ വീട്ടിൽച്ചെന്ന് ഹരിനാമത്തിൻെറ യാഥാത്ഥ്യത്തെ മനസ്സിലാക്കട്ടെയോ?

ഉപേന്ദ്രൻ—അതു നന്ന്. രാത്രിയായി.

വിനോദൻ—പ്രഭോ, അവിടുത്തെ തൃപ്പാദങ്ങളിൽ അഭയം തന്നാലും!

ഉപേന്ദ്രൻ—വത്സ, ഒട്ടും വിചാരപ്പെടേണ്ട.

ശങ്കർ—ഞങ്ങൾ പാപികളാണ്!

ഉപേന്ദ്രൻ—വിഷ്ണുവിൻെറ കൃപയുണ്ടായാൽ ഈ സംസാരസാഗരത്തിൽ പിന്നെ ഭയത്തിന്നവകാശമില്ല. ഹരികീത്തനം ചൊല്ലിക്കൊണ്ടു വീട്ടിലേക്കു ഗമിച്ചാലും.

(ഭക്തന്മാർ കീത്തനം ചൊല്ലിക്കൊണ്ടു പോകുന്നു)

ഉപേന്ദ്രൻ—ആർ ഭജിക്കുന്നുവോ അവരാണ് ഭക്തന്മാർ. ആ ഭജനം ധനത്തിനെ കാംക്ഷിച്ചതായാലും വേണ്ടതില്ല, ഭക്തിയെ കാംക്ഷിച്ചതായാലും വേണ്ടതില്ല. എന്നാൽ, ഈ കേദാർ എന്നെ മനസ്സിലാക്കിയിരിക്കുന്നുവെന്നാണ് തോന്നുന്നത്. അയാളെക്കൊണ്ടും ഭജിപ്പിക്കണം. അയാളെയും ഈ കൂട്ടത്തിൽ ചേക്കണം. ആട്ടെ, മുഖത്തെ ഈ നാട്യം കളയണം. ആ്. അതാ, യജ്ഞേശ്വരൻ വന്നുവല്ലോ.

(യജ്ഞേശ്വരൻ പ്രവേശിക്കുന്നു)

ഉപേന്ദ്രൻ—വരു, വരു. നിങ്ങളോടു ചിലതു പറയാനുണ്ട്.

യജ്ഞേശ്വരൻ—എന്താണ്?

ഉപേന്ദ്രൻ—ഇതുതന്നെ. അച്ഛൻെറ കടം മുഴുവനും ദേവേന്ദ്രൻെറ കയ്യിൽനിന്നുതന്നെ വസൂലാക്കിക്കൊള്ളു.

യജ്ഞേശ്വരൻ—അയാൾ എവിടെനിന്നു തരും.

ഉപേന്ദ്രൻ—വീടു വില്ക്കട്ടെ.

യജ്ഞേശ്വരൻ—വസൂൽചെയ്തു തരാമെന്നുണ്ടെങ്കിൽ എനിയ്ക്കു് ഒരു വിരോധവുമില്ല. എന്നാൽ, ഒരു പൈ ഞാൻ വിട്ടുകൊടുക്കില്ല.

ഉപേന്ദ്രൻ—നിങ്ങളുടെ വയറു വളരെ വലുതാണെന്നു തോന്നുന്നു.

യജ്ഞേശ്വരൻ—നിങ്ങളുടെ വയറ് എന്താ ചെറുതാണോ? സ്വത്തു മുഴുവനും വിഴുങ്ങി; എന്നിട്ടും നിറഞ്ഞിട്ടില്ല അത്.

ഉപേന്ദ്രൻ—നിങ്ങൾക്കു ഭാര്യയും കുട്ടികളുമൊന്നുമില്ലല്ലോ.

യജ്ഞേശ്വരൻ—ഉണ്ടാവാൻ എത്രകണ്ടു നേരം വേണം?

ഉപേന്ദ്രൻ—ഇതിന്നെന്താണർത്ഥം? ഇനിയും വിവാഹം കഴിയ്ക്കുകയോ?

യജ്ഞേശ്വരൻ—പെൺകുട്ടിയെ അന്വേഷിയ്ക്കുന്നുണ്ട്.

ഉപേന്ദ്രൻ—കൊള്ളാം;—എന്നോടു ഇതുവരെ മിണ്ടിയതേ ഇല്ല.

യജ്ഞേശ്വരൻ—അതു പറയാൻതന്നെയാണ് ഇന്നു വന്നത്.

ഉപേന്ദ്രൻ—എന്താണ് ഉദ്ദേശം?

യജ്ഞേശ്വരൻ—നിങ്ങളുടെ അനുജന്നു ഒരു മകളുണ്ടല്ലോ—

ഉപേന്ദ്രൻ—അതുവ്വ്—അതാ, കേദാർബാബു പിന്നെയും വന്നു.

(കേദാർ വീണ്ടും പ്രവേശിയ്ക്കുന്നു.)

കേദാർ—ദേവർഷിയെ ഒന്നു കാണാൻ വന്നതാണ്.

യജ്ഞേ—ആരാണി ദേവർഷി?

കേദാർ—ഈ പറയുന്ന മഹാശയൻതന്നെ! ജോടി ഒത്തിട്ടുണ്ട്—ഉപേന്ദ്രബാബുവും യജ്ഞേശ്വരബാബുവും—മഹർഷിയും ദേവർഷിയും.

ഉപേന്ദ്രൻ—നോക്കു, കേദാർബാബു, അങ്ങ് വളരെ നല്ലൊരാളാണ്. എന്നാൽ, അങ്ങ്—

കേദാർ—ഞാൻ മഹർഷിയുടെ ഒരു ശിഷ്യനാവുമെങ്കിൽ—അതല്ലേ? ഞാൻ പറയാം മഹർഷിവര്യ, ഞങ്ങളൊക്കെ പാപപുണ്യങ്ങൾ ചേർന്ന ഈ മർത്ത്യലോകഗർത്തത്തിൽപ്പെട്ടവരാണ്. ഞങ്ങൾക്കുണ്ടോ ഈ തടയില്ലാത്ത സ്വർഗ്ഗീയ ജ്യോതിസ്സിനെ സഹിയ്ക്കാനാവുന്നു?

ഉപേന്ദ്രൻ—എന്നാലും—(എഴുന്നേറ്റു) ഞാനിപ്പോൾ പോകുന്നു, കേദാർബാബു. ഒന്നും കരുതരുതേ!

കേദാർ—നിങ്ങൾ രണ്ടുപേരുംകൂടി പൈശാചികമായ എന്തോ ആലോചിച്ചിരിയ്ക്കയാണ്. ഉം, ആലോചിച്ചുകൊള്ളുവിൻ. കേൾക്കു, യജ്ഞേശ്വരബാബു; ഇതാ നിങ്ങൾ പലിശ വിട്ടുതരാൻ ഭാവമില്ലെങ്കിൽ, പലിശയും മുതലും തരാതിരിയ്ക്കാനുള്ള വഴി ഞങ്ങൾ വെച്ചിട്ടുണ്ട്. പോയി അന്യായം കൊടുക്കു.

യജ്ഞേ—ഇതെന്താണ് കേദാർബാബു?

കേദാർ—എനിയ്ക്കൊന്നും കേൾക്കണ്ട. യാതൊന്നും തരില്ല. മതി, കഴിഞ്ഞു.

യജ്ഞേ—നിങ്ങളുടെ ഉപദേശപ്രകാരമാണെന്നാണ് തോന്നുന്നത്, ദേവേന്ദ്രബാബു ഒടുവിൽ ഇങ്ങിനെ തീച്ചപ്പെടുത്തിയത്.

കേദാർ—തരില്ല. എന്തു ചെയ്യും? കേസുകൊടുക്കു. ഞാൻ വക്കീലുമായി ആലോചിച്ചു. രേഖ ശരിയല്ല. കടം സ്ഥാപിയ്ക്കാനാവില്ല. പലിശ വിട്ടുതന്നോളു; അതാണ് നല്ലത്. അല്ലെങ്കിൽ പോയി കേസു കൊടുത്തുകൊള്ളൂ.

യജ്ഞേ—കേസു കൊടുത്തു കൊടുത്തു നരച്ചവനാണ് ഞാൻ. നിശ്ചയമായും ഞാൻ കൊടുക്കും കേസ്.

കേദാർ—ഞാൻ ഇനിയും പറഞ്ഞേയ്ക്കാം, പലിശ വിട്ടുതന്നോളു. തമ്മിൽ തീന്നോളു. അല്ലെങ്കിൽ മുതലും തരില്ല, പലിശയും തരില്ല.

യജ്ഞേ—മുതലും തരേണ്ടിവരും, പലിശയും തരേണ്ടിവരും. കോടതി ച്ചെലവുംകൂടി തരേണ്ടിവരും.

കേദാർ—ഇതാ യജ്ഞേശ്വരബാബു, പലിശ വിട്ടോളു. ഈ സൂത്രമൊന്നും വേണ്ട.

യജ്ഞേ—ഇതിൽ എന്തു സൂത്രമാണ്?

കേദാർ—സൂത്രമല്ലാതെ എന്താണ്? മുതലും ഉപേക്ഷിയ്ക്കില്ല; പലിശയും ഉപേക്ഷിയ്ക്കില്ല. ഇതു സൂത്രമല്ലാതെ മറെറന്താണ്?

യജ്ഞേ—എന്തു സൂത്രമാണിത്? പലിശയ്ക്കാണ് പണം കൊടുത്തിട്ടുള്ളത്. പലിശ വിടുകയും ഇല്ല. ഇതിൽ എന്തു സൂത്രമാണ്?

കേദാർ—(വാച്ച നോക്കിയിട്ട്) ഓ, മണി ഒമ്പതായി. വണ്ടിയുടെ സമയമായി. വിട്ടുതരില്ല, അല്ലേ?

യജ്ഞേ—ഇല്ല.

കേദാർ—നരകത്തിൽ പൊയ്ക്കോളും. (പോകുന്നു)

യജ്ഞേ—ആ, ഒരു കാര്യം. കേദാർ, ഏയ് കേദാർ, കേൾക്കു കേൾക്കു.

(കേദാർ വീണ്ടും പ്രവേശിക്കുന്നു)

കേദാർ—എന്താ പലിശ വിട്ടുതരുമോ? ശാപം കഴിഞ്ഞു. ഇനി അതു തിരിച്ചെടുക്കാൻ നിവൃത്തിയില്ല. എന്നാലും, ഒന്നു ചെയ്യാം; പലിശ ഇപ്പോഴെങ്കിലും വിട്ടുതരികയാണെങ്കിൽ, രണ്ടുമൂന്നു കൊല്ലത്തിലധികം നരകത്തിൽ താമസിക്കേണ്ടതായി വരില്ല.

യജ്ഞേ—അതുകൊണ്ടു എനിക്കൊന്നുമില്ല. കുറച്ചുകാലംകൂടി താമസിച്ചുകൊള്ളാം. അതുകൊണ്ട് എനിക്കു യാതൊരു ദോഷവും വരാനില്ല. ആ്, പക്ഷേ, നിങ്ങൾ ഒരു കാര്യം ചെയ്യുകയാണെങ്കിൽ, മുതലും പലിശയും എല്ലാം ഞാൻ ഉപേക്ഷിച്ചേക്കാം.

കേദാർ—എന്തു കാര്യമാണ്? തീർച്ചയായും അതൊരു അസാദ്ധ്യകാര്യമായിരിക്കും.

യജ്ഞേ—അങ്ങിനെയൊരു അസാദ്ധ്യകാര്യമൊന്നുമല്ല. രണ്ടുപേർക്കും അതുകൊണ്ടു ഗുണമുണ്ടാവും.

കേദാർ—കാര്യം എത്ര ചന്തത്തിലാണ് എടുത്തിട്ടത്! (വടി താഴത്തു വച്ചിട്ട്) കേൾക്കട്ടെ, എന്താണ് കാര്യം?

യജ്ഞേ—ദേവേന്ദ്രബാബുവിന്ന്, വിവാഹത്തിന്നു പ്രായമായ ഒരു മകളുണ്ടത്രേ. എന്റെ രണ്ടാമത്തെ ഭാര്യയും ഈയിടെ മരിച്ചുപോയി. അദ്ദേഹം മകളെ എനിക്കു വിവാഹം കഴിച്ചുതരികയാണ്—

കേദാർ—നിങ്ങൾക്കോ! നല്ല നേരമ്പോക്കായി നിങ്ങൾ പറഞ്ഞത്! നിങ്ങൾക്കോ!!

യജ്ഞേ—ഇതിലെന്താണ് ദോഷം? അദ്ദേഹത്തിന്റെ മക്കൾക്കാണെങ്കിൽ പ്രായം തികഞ്ഞിരിക്കുന്നുതാനും. ഇപ്പോഴാകട്ടേ,—

കേദാർ—നിങ്ങൾക്കോ! ഇതു വല്ലാത്ത നേരമ്പോക്കുതന്നെ! (ചിരിക്കുന്നു) യജ്ഞേശ്വരാ, നിങ്ങളുടെ തലച്ചോറിന്നു കേടുപററിയിരിക്കുന്നു. ഒരു ശസ്ത്രക്രിയ നടത്തൂ.

യജ്ഞേ—എന്താ നിങ്ങൾ ചിരിയ്ക്കുന്നത്? ഇതു നിങ്ങൾക്ക് നടത്തിത്തരാൻ കഴിയുമെങ്കിൽ, ദേവേന്ദ്രബാബുവിൻെറ രണ്ടു കാൎയ്യവും ശരിയാവും.

കേദാർ—യജ്ഞേശ്വരബാബു, എനിയ്ക്കൊരു മകളുണ്ടെന്നുവെച്ചോളു—അവൾ പൊട്ടിയും, കുരുടത്തിയും, മുടന്തിയും, കൂനിയും ആയിക്കൊള്ളട്ടെ—ലോകത്തിൽക്കാണുന്ന എല്ലാ ദോഷങ്ങളും അവളിൽ ഉണ്ടെന്നിരിയ്ക്കട്ടെ—അവളെ വിവാഹംചെയ്തുകൊടുക്കാത്തതുകൊണ്ടു ഹിന്ദുസമുദായം എന്നെ ശൂലത്തിന്മേൽ കുത്തിക്കോക്കും എന്നുതന്നെയിരിയ്ക്കട്ടെ—എന്നാൽക്കൂടി, അവളെ അവളുടെ കയ്യും കാലും കെട്ടി വെള്ളത്തിലേയ്ക്കു ഒരേറെറിഞ്ഞു, ഞാൻ ചിരിച്ചുംകൊണ്ടു ശൂലത്തിന്മേൽ കയറി എന്നേ വരൂ. എന്നാലും, നിങ്ങളെപ്പോലുള്ള നീചന്ന് അവളെ വിവാഹം ചെയ്തുകൊടുക്കില്ല ഞാൻ. സത്യമാണീപ്പറയുന്നത്. (പോകുന്നു)

യജ്ഞേ—ഹും! ഇത്ര ഗൎവ്വോ നിങ്ങൾക്ക്! ക്ഷമിയ്ക്കൂ, ഇതിൻെറ രുചി ഞാൻ അറിയിച്ചേയ്ക്കാം.

(ഉപേന്ദ്രൻ വീണ്ടും പ്രവേശിക്കുന്നു)

ഉപേന്ദ്രൻ—യജ്ഞേശ്വരാ, ഗൌരവമായിട്ടാണോ നിങ്ങൾ ഈ പറയുന്നത്? നിങ്ങളുടെ ഈ വിചാരം വാസ്തവമാണോ?

യജ്ഞേ—അതേ.

ഉപേന്ദ്രൻ—എന്നാൽ, ഇതു വിവാഹമല്ല, വ്യഭിചാരമാണ്!

യജ്ഞേ—ഉപേന്ദ്ര, എൻെറ മുമ്പിൽ എന്തിനാണീ മഹൎഷിയാവുന്നത്? ഇനിയും നമുക്കു തമ്മിൽത്തമ്മിൽ അറിയാറായിട്ടില്ലെന്നോ? നമ്മളൊന്നിച്ചു (ആംഗ്യം കാണിക്കുന്നു)

ഉപേന്ദ്രൻ—മിണ്ടരുത്!

യജ്ഞേ—എന്താ എനിയ്ക്കറിഞ്ഞുകൂടെ? നമ്മൾ രണ്ടുപേരും പാപികളാണ്. എന്നാൽ ഞാൻ പാപി മാത്രമാണ്, നിങ്ങൾ ചതിയനും ദുഷ്ടനുംകൂടിയാണ്. നിങ്ങൾ എൻെറ ജ്യേഷ്ഠൻ:

ഉപേന്ദ്രൻ—ആട്ടെ പറയൂ, എന്താണ് ചെയ്യേണ്ടത്?

യജ്ഞേ—സഹായിയ്ക്കാമോ?

ഉപേന്ദ്രൻ—ആവാം.

യജ്ഞേ—ശരി. (കൈ പിടിക്കുന്നു) അപ്പോൾ ഞാൻ വിശ്വസിക്കട്ടെ?

ഉപേന്ദ്രൻ—തികച്ചും.

യജ്ഞേ—എന്നാൽ ഞാനിപ്പോൾ പോകുന്നു. (പോകുന്നു)

## രംഗം ൩

സ്ഥലം—ദേവേന്ദ്രന്റെ വീട്.

സമയം—പ്രാതഃകാലം.

(ദേവേന്ദ്രനും കാമിനിയും)

ദേവേന്ദ്രൻ — അച്ഛന്റെ കടം വീട്ടിക്കഴിഞ്ഞതിന്നുശേഷമല്ലാതെ മററാതു ചെലവും ചെയ്യാൻ ഞാനാളല്ല.

കാമിനി—മകൾക്കു ഇപ്പോൾ പ്രായം തികഞ്ഞിരിക്കുന്നു. ഇനിയും വീട്ടിൽ വെച്ചുകൊണ്ടിരിക്കാൻ വയ്യ.

ദേവേന്ദ്രൻ—എന്നാൽ പുറത്താക്കിക്കൊള്ളു.

കാമിനി—എന്റമ്മേ! എന്താണീ പറയുന്നത്?

ദേവേന്ദ്രൻ—അച്ഛന്റെ കടം ഇങ്ങിനെ വെച്ചുകൊണ്ടിരുന്നുകൂടാ. പലിശയും മുതലുംകൂടി എന്റെ ഓഹരി ഏകദേശം അയ്യായിരം ഉറുപ്പികയോളമായിട്ടുണ്ട്.

കാമിനി—അതെന്തായാലും, മകളെ വിവാഹംചെയ്തു കൊടുക്കാതെ നിവൃത്തിയില്ല.

ദേവേന്ദ്രൻ—എന്താണ് നിവൃത്തിയില്ല എന്ന്? അതെനിക്കു മനസ്സിലാവുന്നില്ല. മകൾ, എന്താ, മകനേക്കാൾ വലുതാണോ?

കാമിനി—നമ്മുടെ ദൃഷ്ടിയിൽ രണ്ടുപേരും ഒരുപോലെയാണ്.

ദേവേന്ദ്രൻ—അതിന്? —എനിക്കു രണ്ടു ആണ്മക്കളുണ്ടായിരുന്നു. ഒരാൾ പണത്തിന്റെ ക്ഷാമംകൊണ്ടു ശൂണ്ഠിയെടുത്തു സന്ന്യാസിയായിപ്പോയി. മററാളെ പഠിപ്പിക്കാൻ പണം ചെലവിടാനില്ലാത്തതുകൊണ്ടു, സ്കൂളിൽനിന്നു പേരു വെട്ടിച്ച് സർവ്വനാശത്തിന്റെ പെരുവഴിയിലേക്കു തള്ളി.

കാമിനി—എന്നാലും, അവരൊക്കെ എങ്ങിനെയെങ്കിലും വയറുപിഴച്ചുകൊള്ളും. എന്നാൽ, പെൺകുട്ടി?

ദേവേന്ദ്രൻ—ഹു! നീ പറയുന്നതു ശരിയാണ്. പക്ഷേ, ഈ ഒരു മകളല്ല ഉള്ളു. രണ്ടാമത്തവളുടെ കഴിഞ്ഞാൽ മൂന്നാമത്തേവളുടെ വേണ്ടിവരും. പൊയ്ക്കോളൂ, അകത്തു പോയി ഇരുന്നോളൂ. മകളുടെ വിവാഹത്തെപ്പററി എനിയ്ക്കുമുണ്ട് നല്ല വിചാരം. പൊയ്ക്കോളൂ.

(കാമിനി പോകുന്നു)

പുലർവേളയിലെ ഇളംവെയിലിൽ ഇതാ, ഈ വൃക്ഷത്തിൻെറ ഇലകൾ നൃത്തംവെയ്ക്കുന്നു. ഞാൻ ഈ വൃക്ഷമായിരുന്നെങ്കിൽ!—ശിശിരത്തുവിലെ വെയിലത്തിരുന്നു സുഖമായി ആനന്ദിയ്ക്കാമായിരുന്നു. മകളുടെ വിവാഹത്തെപ്പററി ആലോചിയ്ക്കേണ്ടിവരുമായിരുന്നേ ഇല്ല. വിവാഹമോ കഴിച്ചു. എന്നാൽ ഈ പാവങ്ങളുടെ വീട്ടിൽ കുട്ടികളുണ്ടാവുന്നതെന്തിനാണ്?—എല്ലാം ഈശ്വരൻെറ തെററാണ്. ആര്? സദാനന്ദനോ?

(സദാനന്ദൻ പ്രവേശിയ്ക്കുന്നു)

ദേവേന്ദ്രൻ—വരു, സഹോദരാ.

സദാനന്ദൻ—നിങ്ങൾക്ക്, എന്താ, സുഖക്കേട വല്ലതുമുണ്ടോ?

ദേവേന്ദ്രൻ—സുഖക്കേടോ? (കുറച്ച് അങ്ങോട്ടുമിങ്ങോട്ടും നടന്ന്) ഇല്ല.

സദാനന്ദൻ—ഇല്ല? നിങ്ങൾ എന്താണ് നിങ്ങളുടെ ഉള്ളിലുള്ളതൊന്നും എന്നോട് തുറന്നുപറയാത്തത്?

ദേവേന്ദ്രൻ—ഒന്നുമില്ല. സദാനന്ദ, നിങ്ങൾ കുട്ടിക്കാലത്തു പാട്ടുപാടിയിരുന്നുവല്ലോ.

സദാനന്ദൻ—ഇപ്പോഴും പാടാറുണ്ട്. പക്ഷേ ആ പാട്ടുകളല്ല പാടാറുള്ളത്.

ദേവേന്ദ്രൻ—പിന്നെ ഏതു പാട്ടുകളാണ് പാടാറ്?

സദാനന്ദൻ—ഇപ്പോൾ പ്രേമഗാനങ്ങളൊന്നും പാടാറില്ല; നേരമ്പോക്കുപാട്ടുകളും പാടാറില്ല. നേരമ്പോക്കിൻെറ കാലമെല്ലാം പോയി. എൻേറയും പോയി; സമുദായത്തിൻേറയും പോയി. സൂരദാസിൻേറയും വിദ്യാപതിയുടേയും ഗാനങ്ങളിൽ ഇപ്പോൾ രസം തോന്നാറില്ല. മററു പാട്ടുകൾ പാടാറുണ്ട്.

ദേവേന്ദ്രൻ—അതൊന്നു പാട്ടു.

സദാനന്ദൻ—ആട്ടെ.

ദേവേന്ദ്രൻ—(ചിരിച്ചിട്ട്) ഇന്നു നിങ്ങളുടെ പാട്ട് ആരും കേൾക്കില്ല.

സദാനന്ദൻ—കേൾക്കേണ്ടിവരും. കേൾക്കുന്നില്ലേ, ഞാനൊരു നാടകസംഘം സ്ഥാപിയ്ക്കുന്നുണ്ട്.

ദേവേന്ദ്രൻ—നേര്? ആരാണ് അഭിനയിയ്ക്കുന്നത്?

സദാനന്ദൻ—അതിൽ ആളുകൾക്കു ക്ഷാമമൊന്നുമുണ്ടാവില്ല. ദേവേന്ദ്രൂ, ഞാനിപ്പോൾ പോകട്ടെ.

ദേവേന്ദ്രൻ—എന്തിനാണ്?

സദാനന്ദൻ—ഒരത്യാവശ്യകാര്യമുണ്ട്. ഇതിലെ പോവുകയായിരുന്നു. നിങ്ങളെ ഒന്നു കാണാമെന്നു വിചാരിച്ചു. നാളെ വരാം. (സദാനന്ദൻ പോകുന്നു)

ദേവേന്ദ്രൻ—സദാനന്ദൻ എൻെറ ഒരുത്തമസുഹൃത്താണ്. സദാനന്ദൻെറ മകന്ന് എൻെറ മകളെ വിവാഹംചെയ്തുകൊടുക്കാൻ സാധിയ്ക്കുമെങ്കിൽ വളരെ നന്നാകുമായിരുന്നു. എന്നാൽ വയ്യ—സദാനന്ദൻ സമുദായത്തിൻെറ മുമ്പിൽ അപരാധിയാണ്. ബിലാത്തിയിൽ പോയി വന്നു! കളവു ചെയ്തുകൊള്ളു, വേശ്യയെ വെച്ചുകൊണ്ടിരുന്നുകൊള്ളു—ഇതെല്ലാം സമുദായം സഹിയ്ക്കും. എന്നാൽ, ബിലാത്തിയാത്ര ഒരക്ഷന്തവ്യമായ അപരാധമാണ്—ആയിരിയ്ക്കാം. മകളുടെ വിവാഹത്തെപ്പററിയുള്ള വിചാരംകൊണ്ടു വളരെ ദിവസമായിട്ട് ഞാൻ ഉറങ്ങിയിട്ടേ ഇല്ല. ശരീരം—

അണിയറയിൽനിന്ന്—ദേവേന്ദ്രബാബു വീട്ടിലുണ്ടോ?

ദേവേന്ദ്രൻ—ഉണ്ട്; വരു.

(ഹരി, നവീനൻ, ശങ്കർ, വിനോദൻ എന്നിവർ പ്രവേശിക്കുന്നു)

നവീനൻ—നല്ല വീട്!

ശങ്കർ—ഒന്നാന്തരം വീട്! പ്രഭുക്കന്മാരുടെ തോതിൽ പണിയിച്ചതാണ്.

ഹരി—കുറച്ചു പഴക്കമുണ്ട്.

നവീനൻ—അതുകൊണ്ടെന്താണ്? നല്ല വീട്.

ഹരി—ഇത്തിരി ചെറിയതാണ്.

നവീനൻ—പക്ഷേ, എന്തു കാററ്! കാററുലഷ്ഷുന്ന പൂന്തോട്ടത്തിലേതുപോലെ ആനന്ദം തോന്നുന്നു. ചന്ദ്രകാന്തബാബു ചെയ്തതൊക്കെ ഒന്നാന്തരംതന്നെ. അയ്യായിരം ഉറുപ്പിക കടം വരുത്തി മൂന്നു ദേശം മേടിച്ചിട്ടു. അദ്ദേഹം ഒരു നല്ല പ്രയത്നശീലനായിരുന്നു; വലിയ സമർത്ഥനുമായിരുന്നു. പക്ഷേ, സ്വത്തു ഭാഗിച്ചതു വേണ്ടതുപോലെയായിട്ടില്ലെന്നു പറയാതെ നിവൃത്തിയില്ല.

ദേവേന്ദ്രൻ—അദ്ദേഹം നല്ലവണ്ണം ആലോചിച്ചിട്ടാണ് ഓരോന്നും ചെയ്തിട്ടുള്ളത്; അതിൽ എനിയ്ക്കു ലേശം ഖേദമില്ല.

ഹരി—അതു ശരിയാണ്. എന്നാൽ ഈ കടം വരുത്തിവെച്ചിരുന്നില്ലെങ്കിൽ, അധികം നന്നാകുമായിരുന്നു.

നവീനൻ—ആ്, ദേവേന്ദ്രബാബു, ആ കടം വീട്ടാൻ എന്താണ് വഴി വെച്ചിട്ടുള്ളത്? യജ്ഞേശ്വരബാബുവിന്ന് ഇനിയും ക്ഷമിച്ചിരിയ്ക്കാനാവില്ല.

ദേവേന്ദ്രൻ—ഇതേവരെ ഒന്നും ചെയ്യാൻ സാധിച്ചിട്ടില്ല.

ശങ്കർ—യജ്ഞേശ്വരബാബുവിന്നു കേസു കൊടുക്കേണമെന്നില്ല. പക്ഷേ, എന്തു ചെയ്യും? കൊല്ലം മൂന്നു കഴിഞ്ഞു, പലിശ ഈട്ടം കൂടിവരികയാണ്. പിന്നെ, ഈ അയ്യായിരം ഉറുപ്പികയൊക്കെ എങ്ങിനെ വീട്ടും?

ദേവേന്ദ്രൻ—അതു ശരിയാണ്.

നവീനൻ—ഈ കുഴപ്പം അവസാനിപ്പിച്ചേയ്ക്കൂ, ദേവേന്ദ്രബാബു. കേസ്സു കൊടുത്താൽ എല്ലാം കൊടുക്കേണ്ടിവരും; എന്നല്ല, കോടതിച്ചെലവുകൂടി കൊടുക്കേണ്ടിവരും.

ദേവേന്ദ്രൻ—അതു മനസ്സിലായി. പക്ഷേ, ഉറുപ്പിക എവിടെനിന്നു കൊടുക്കും? ഒരു പിടുത്തവുമില്ല. വീട്ടും സാമാനങ്ങളും എല്ലാം വില്ക്കേണ്ടിവരും. അല്ലാതെന്താണ്? പക്ഷേ, സ്നേഹം അനുവദിയ്ക്കുന്നില്ല. കാരണവരുടെ സ്വത്തുള്ളത് —

ഹരി—കേൾക്കു, ഞാനൊരു കാൎയ്യം പറയാം. അങ്ങയുടെ തലയിൽ ഈ ചെലവുമാത്രമല്ല ഉള്ളു; മകളുടെ വമ്പിച്ച വിവാഹച്ചെലവു കൂടിയുണ്ട്.

ദേവേന്ദ്രൻ—അതു ശരിയാണ്.

ഹരി—അപ്പോൾ, ഒരു വെടിക്കു രണ്ടു പക്ഷിയായാലെന്താണ് തരക്കേട്? ഞാൻ പറയുന്നത് (ചുമക്കുന്നു)—കേൾക്കു—അതായത്—

(കേദാർ പ്രവേശിക്കുന്നു)

ശങ്കർ—അതാ കേദാർബാബുവും വന്നു.

കേദാർ—ആ ദുഷ്ടൻ ഷൈലാക്കിൻെറ ജ്യേഷ്ഠനാണ്. ഒരൊററ പൈ പോലും വിട്ടുതരില്ല. ദുഷ്ടൻ—നീചൻ—ചെററ! അല്ലാതെന്താണ് പറയേണ്ടത്? അതിന്നുപുറമേ, കുഷ്ഠത്തിന്മേൽ ചൊറി പിടിച്ചതാണ് അവൻ. ആ ദുഷ്ടന് ഇത്ര കുറുമ്പോ? ആ ചെററ പറയുന്നു, തെമ്മാടി, ദുഷ്ടൻ—ഓ: മറന്നു, ആ ചെററയെ രണ്ടു പൊട്ടിക്കേണ്ടതായിരുന്നു; പൊട്ടിച്ചില്ലല്ലോ. അതിലാണ് പശ്ചാത്താപം! ഓ, നീചൻ, കാട്ടുകള്ളൻ, നന്ദികെട്ടവൻ, മ്ലേച്ഛൻ—പിശാച്!

ദേവേന്ദ്രൻ—എന്തിനാണ് ഇത്ര ക്ഷോഭിക്കുന്നത്, കേദാർ?

കേദാർ—ക്ഷോഭമോ? അവൻെറ മൂന്നു ദശകൾ കഴിഞ്ഞുപോയി; ഒന്നേ ബാക്കിയുള്ളു. കുഴിയിലേക്കു കാലു നീട്ടിയിരിക്കുന്നു; നീചൻ, വഞ്ചകൻ! അവൻ പറയുന്നതെന്തെന്നോ? നിങ്ങളുടെ മകളെ അവന്നു വിവാഹം ചെയ്തുകൊടുക്കാമെങ്കിൽ, അവൻ സംഖ്യ മുഴുവൻ വിട്ടുതരാമത്രേ. ഇത്ര തെമ്മാടിത്തമോ! ഞാൻ അവന്നു രണ്ടു ചവിട്ടു കൊടുത്തുപോന്നില്ലല്ലോ. അതിലാണെനിക്കു വ്യസനം! എൻെറ ഉള്ളിൽ തീ ജ്വലിക്കുന്നപോലെ തോന്നുന്നു. ചെററ—നീചൻ—മരമൊകറൻ—മ്ലേച്ഛൻ.

ഹരി—കേദാർബാബു, എന്തിനാണ് ഒരു നല്ലാളുടെ മേൽ ഇങ്ങിനെ ശകാരങ്ങൾ വൎഷിക്കുന്നത്?

കേദാർ—എന്തിനു ശകാരിക്കുന്നുവെന്നോ? എന്തിനാണ് ശകാരിക്കുന്നതെന്ന് എനിക്കുതന്നെ അറിഞ്ഞുകൂടാ. എന്നാലും, ശകാരി

ല്ലുന്നു. ഇതാണ് എൻെറ സ്വഭാവം—നീചനെ നീചനെന്നു വിളിയ്ക്കുന്നത് എൻെറ സ്വഭാവമാണ്.

നവീനൻ—എന്നാൽ കേദാർബാബു—

കേദാർ—ചിലയ്ക്കാതിരിക്കിൻ. സ്തുതിപാഠകന്മാരായ ചവററിലക്കിളികളാണ് നിങ്ങൾ. ചെരിപ്പു ചുമക്കുന്ന വർഗ്ഗക്കാർ. പോകുന്നില്ലേ, പോയി അവൻെറ കാൽ നക്കി വാലാട്ടിക്കൊൾവിൻ. ഇവിടെ എന്തിനു വന്നു? ദേവേന്ദ്ര, ഇവരെയെല്ലാം നിങ്ങളുടെ വീട്ടിൽനിന്നു ആട്ടിപ്പുറത്താക്കുക. ഇവരെല്ലാം എന്തോ ദുരുദ്ദേശത്തിന്മേലാണ് ഇവിടെ വന്നിരിയ്ക്കുന്നത്. ഇവരെ പുറത്താക്കുക.

ദേവേന്ദ്രൻ—എന്താണീപ്പറയുന്നത്, കേദാർ? നല്ല ആളുകൾ—

കേദാർ– ഇവർ നല്ലവരോ? വെളുത്ത മുണ്ടുടുത്തതുകൊണ്ടു മാത്രം സത്വഗുണമുണ്ടാവുമോ? പുറത്താക്കുക, ഇവരെ.

ദേവേന്ദ്രൻ – കേദാർ!

കേദാർ—ശരി. എന്നാൽപ്പിന്നെ ഞാൻ പോകട്ടെ. നമ്മുടെ സൌഹാർദ്ദത്തിൻെറ അവസാനമാണിത്. കൊള്ളാം. (പോകുന്നു)

ദേവേന്ദ്രൻ—കേദാർ, എയ് കേദാർ! പോയ്ക്കളഞ്ഞു! മഹാശയന്മാരേ!

നവീനൻ—ഞങ്ങൾക്കു യാതൊരു മുഷിച്ചലുമില്ല. അയാൾക്കു ഭ്രാന്താണ്. അയാൾ പറഞ്ഞതു ഞങ്ങൾ അത്ര വകവെയ്ക്കുന്നില്ല.

ഹരി—ദേവേന്ദ്രബാബു, ഞാനും അതുതന്നെ പറയാൻ ഭാവിയ്ക്കുയായിരുന്നു.

ദേവേന്ദ്രൻ—എന്ത്?

ഹരി—കേദാർബാബു പറഞ്ഞതുതന്നെ. നോക്കു, ഒരു വെടിയ്ക്കു രണ്ടു പക്ഷിയെ കിട്ടും: കടത്തിൽനിന്നു വിടുതിയും കിട്ടും; മകളുടെ വിടുതിയും കിട്ടും; മകളുടെ വിവാഹച്ചെലവു കൂടാതെ കഴിക്കയും ചെയ്യും.

ദേവേന്ദ്രൻ—ആട്ടെ, ആലോചിയ്ക്കാം.

ശങ്കർ— ആ്, ആലോചിയ്ക്കണം. ഇത്ര നല്ല അവസരം ജീവിതകാലത്തിൽ ഒന്നോ രണ്ടോ തവണയേ കൈവരികയുള്ളു.

ഹരി—എന്നാൽ ഞങ്ങളിപ്പോൾ പോകുന്നു. മറുപടി എപ്പോൾ തരും?

ദേവേന്ദ്രൻ—നാളെ.

ഹരി—അങ്ങിനെയാകട്ടെ. (കൂട്ടുകാരോട) പോവുക.

നവീനൻ—നടക്കിൻ.

(എല്ലാവരും പോകുന്നു)

ദേവേന്ദ്രൻ—ഒരു വലിയ വിഷമപ്രശ്നത്തിൽ—ഒരു വല്ലാത്ത കെട്ടുപിണച്ചിലിൽ പെട്ടിരിക്കുന്നു. വിവാഹമോ?—അയാളാണെങ്കിൽ ഒരു കിഴവൻ. പക്ഷേ, എന്തുചെയ്യും? ഇതല്ലാതെ മററന്താണുപായം? വയ്യ—ഒരു പടുകിഴവൻ; എന്നല്ല, ഒരു മഹാപാപിയും! മകളെ അങ്ങിനെ വെള്ളത്തിലൊഴുക്കിക്കളഞ്ഞുകൂടാ. അതാ, ജ്യേഷ്ഠൻ വരുന്നു.

(ഉപേന്ദ്രൻ പ്രവേശിക്കുന്നു)

ഉപേന്ദ്രൻ—തൻെറ ക്ഷേമവൎത്തമാനം അന്വേഷിക്കാനാണ് ഞാൻ വന്നത്. ക്ഷേമം തന്നെയല്ലേ?

ദേവേന്ദ്രൻ—അതേ, ജ്യേഷ്ഠ. ദേഹത്തിന്ന് ഒരുവിധം സുഖംതന്നെ. എന്നാൽ മനസ്സിന്നു തീരെ സുഖമില്ല. സംസാരത്തിലെ പലതരം സൈ്വരക്കേടുകളിൽ—

ഉപേന്ദ്രൻ—അതു ശരിയാണ്. സംസാരത്തിൽ ദുഃഖമൊന്നുമാത്രമേ ഉള്ളു; സുഖത്തിൻെറ പേരേ ഇല്ല, ഒരിടത്തും. ശാസ്ത്രകാരന്മാർ പറയുന്നു, ഈ പ്രപഞ്ചം മായയാണെന്ന്. എന്നാൽ, ഈ മായാബന്ധം അറുത്തു പുറത്തു കടക്കാൻ വളരെ പ്രയാസം. ബുദ്ധദേവൻ സന്ന്യാസം സ്വീകരിച്ചു. അദ്ദേഹത്തിന്നു തികഞ്ഞ മനഃസ്ഥൈയ്യമുണ്ടായിരുന്നു. എന്നാൽ, നമ്മളൊക്കെ പാപികളാണ്; നമുക്ക് അങ്ങിനെ സാധിക്കില്ല. കഴിയുന്നേടത്തോളം അവനവനെ ഈ സംസാരത്തിൽ നിന്ന് അകററി നിൎത്തു. താൻ എൻെറ അനുജനാണ്. അതുകൊണ്ടാണ് തന്നോടുപദേശിക്കുന്നത്. വിഷാദിക്കേണ്ട.

ദേവേന്ദ്രൻ—പക്ഷേ, വിഷാദിച്ചുതിരിച്ചാൻ സാധിക്കുന്നില്ല. മക്കളെ കഴുത്തു ഞെക്കിക്കൊല്ലാനൊന്നും കഴികയില്ല. അതിനുംപുറമേ—

ഉപേന്ദ്രൻ—അതുതന്നെയാണ്, ദേവേന്ദ്ര, ഞാൻ പറയുന്നത്. ശ്രീകൃഷ്ണൻെറ കൃപയില്ലാതെ, ജീവികൾക്കു ഗതി കിട്ടില്ല. രാധേ കൃഷ്ണ, രാധേ കൃഷ്ണ!

ദേവേന്ദ്രൻ—മൂത്ത മകൻ തമ്മിൽത്തല്ലി സന്ന്യാസിയായിപ്പോയി; ഇളയവനാണെങ്കിൽ, ഒന്നിനും കൊള്ളരുതാത്തവനായിത്തീരുകയാണ്. ഒരു മകളെ വിവാഹം കഴിച്ചുകൊടുത്തു. അവൾ വിധവയായി. രണ്ടാമത്തെ മകളെ വിവാഹംകഴിച്ചുകൊടുക്കാൻ ഒരു വഴിയുമായിട്ടില്ല.

ഉപേന്ദ്രൻ—ഇതാണ് ലോകനിയമം. താൻതന്നെ പറയു, എന്തു ചെയ്യും?

ദേവേന്ദ്രൻ—ഇവിടെ കുടുംബത്തിലെ നിത്യച്ചെലവ് എന്നെ ഞെരുക്കുന്നുമുണ്ട്.

ഉപേന്ദ്രൻ—അതും ഒഴിച്ചുകൂടാത്തതാണ്. കുടുംബച്ചെലവു ചെയ്യാതെയും സാധിക്കില്ല. വില കൂടാതെ ഒന്നും തരാൻ ആക്കും അത്ര തൃപ്തിയില്ല. വളരെ അത്യാവശ്യമായ മാവ്, പരിപ്പ്, അരി എന്നീ സാധനങ്ങൾ വാങ്ങാൻ ചെന്നാലും അവർ കാശു ചോദിക്കും! പറയു, മനുഷ്യരെന്തുചെയ്യും? ചെലവു—നിത്യവും വേണം ചെലവു. നാരായണ! ഗോവിന്ദ!

ദേവേന്ദ്രൻ—ജ്യേഷ്ഠ, അച്ഛൻെറ കടമെല്ലാം അങ്ങു വീട്ടി. എൻെറ ഓഹരി ഞാൻ കുറേശ്ശകുറേശ്ശയായി തന്നു തീൎത്തുകൊള്ളാം. ആദ്യം ഞാൻ മകളുടെ വിവാഹച്ചെലവും മററും നടത്തട്ടെ; പിന്നെ അങ്ങേക്കു തരാം. അങ്ങ് എൻെറ ഓഹരിയായ അയ്യായിരം ഉറുപ്പിക ഉണ്ടികക്കച്ചവടക്കാരനു കൊടുക്കുകയാണെങ്കിൽ, ഞാൻ രക്ഷപ്പെട്ടും.

ഉപേന്ദ്രൻ—അയ്യായിരം ഉറുപ്പികയോ? ദേവേന്ദ്ര, എൻെറ അനു

ജാ, അയ്യായിരം ഉറുപ്പിക, കീഴ്പോട്ടുനോക്കി ഒന്നു ഞൊടിച്ചാൽ കിട്ടുകയില്ല.

ദേവേന്ദ്രൻ—അതുകൊണ്ടാണ്, ഞാനങ്ങയോട് ഇതപേക്ഷിക്കുന്നത്. ആദ്യംതന്നെ ഞാൻ ഈ കന്യാദാനത്തിൽനിന്നു വിടുതി നേടട്ടെ; അതിന്നുശേഷം—

ഉപേന്ദ്രൻ—നോക്കു ദേവേന്ദ്ര. തനിക്കു ഞാൻ എളുപ്പത്തിൽ ഒരുപായം പറഞ്ഞുതരാം. യജ്ഞേശ്വരന്നു സുശീലയെ വിവാഹം ചെയ്തുകൊടുത്തേക്കൂ. അയാൾ, ഒരു പക്ഷേ, പലിശയും മുതലും എല്ലാം വിട്ടുതന്നേയ്ക്കാം. തനിക്കുവേണ്ടി ഞാൻ അപേക്ഷിക്കുകയും ചെയ്യാം. താൻ എന്റെ അനുജനാണ്. അല്ലെങ്കിൽ—ഹരേ മുരാരേ!

ദേവേന്ദ്രൻ—ജ്യേഷ്ഠ, അങ്ങ് എന്താണീപ്പറയുന്നത്?

ഉപേന്ദ്രൻ—അല്ലെങ്കിൽ, താൻതന്നെ പറയൂ, മറെറന്താണുപായം? അയാളുടെ കയ്യിൽ ഒരുപടി പണമുണ്ട്.

ദേവേന്ദ്രൻ—പക്ഷേ, അയാൾ ഇനി എത്രനാൾ ജീവിച്ചിരിക്കും?

ഉപേന്ദ്രൻ—അയാളുടെ കാലശേഷം സ്വത്തെല്ലാം തന്റെ മകൾക്കുതന്നെ കിട്ടും. പിന്നെ തനിക്കു യാതൊരു ചിന്തയ്ക്കും അവകാശമില്ല. ദേവേന്ദ്ര, കാര്യം മനസ്സിലാക്കൂ. സഹോദര, താൻ എന്റെ അനുജനാണ്. ഞാൻ തന്റെ ഗുണകാംക്ഷിയാണ്. അതുകൊണ്ടാണ് പറയുന്നത്—ഗോപാല — ഗോവിന്ദ! — അനുജാ, ആലോചിച്ചുനോക്കൂ, ഇത്ര നല്ല അവസരം എല്ലായ്പോഴും കിട്ടില്ല. അയാളുടെ കയ്യിൽ ഒരുപടി പണമുണ്ട്. അതെല്ലാം തനിക്കുള്ളതാണ്—കേശവ, മധുസൂദന!

ദേവേന്ദ്രൻ—(ചിന്താമഗ്നനായി) ഹും!

ഉപേന്ദ്രൻ—ആലോചിച്ചു നോക്കൂ. ഞാനിപ്പോൾ പോകുന്നു. നോക്കൂ ദേവേന്ദ്ര, തന്റെ വീട്ടിന്റെ ചുററുപാടും പുല്ലുകൊണ്ടു കാടു പിടിച്ചിരിക്കുന്നു—ഇതെല്ലാം വെടിപ്പാക്കിക്കൂ. ഇല്ലെങ്കിൽ രോഗം പരന്നേയ്ക്കാം. താൻ എന്റെ നേരെ അനുജനാണ്. അതുകൊണ്ടാണ് ഞാൻ തന്നോടു പറയുന്നത്. (ചുററി നടന്നിട്ട്) നോക്കൂ,

തനിക്കു വല്ല ആവശ്യവും വന്നാൽ എന്നെ അറിയിക്കൂ. അനുജ, ഞാൻ മിക്കപ്പോഴും തന്നെപ്പററിഅന്വേഷിക്കാറുണ്ട്. ജയ രാധേ കൃഷ്ണ!

(പോകുന്നു)

ദേവേന്ദ്രൻ—ജ്യേഷ്ഠ, എന്നിൽ അങ്ങേക്ക് എന്തൊരു ദയയാണ്. മുഖത്തെ ചിരി ചെലവാക്കുന്നതിൽ അങ്ങ് ഒട്ടും പിശുക്കു കാണിക്കാറില്ല. (നെടുവീർപ്പിട്ടുകൊണ്ട്) ഇങ്ങിനെ, നാവുകൊണ്ടു മാത്രം സഹാനുഭൂതി കാണിക്കുന്ന ആളുകൾതന്നെ എത്രയുണ്ട്?

(വിനയകുമാരൻ പ്രവേശിക്കുന്നു)

വിനയൻ—അമ്മ വിളിക്കുന്നുണ്ട്.

ദേവേന്ദ്രൻ—നടന്നോളൂ, ഞാൻ വരാം.

(വിനയകുമാരൻ പോകുന്നു)

ദേവേന്ദ്രൻ—മകളെ കൊന്നേക്കാം; ദുർഗ്ഗാദേവിക്കുബലികഴിച്ചേക്കാം. പിന്നെ, അവളുടെ തലയിലെഴുത്തുപോലെ വരട്ടെ.

(സുശീല പ്രവേശിക്കുന്നു)

സുശീല—അച്ഛാ, അമ്മ അകത്തേക്കു വിളിക്കുന്നു.

ദേവേന്ദ്രൻ—അമ്മയെ ഇങ്ങോട്ടു പറഞ്ഞയക്കൂ.

(സുശീല പോകുന്നു)

ദേവേന്ദ്രൻ—സമുദായമേ, കന്യക വീട്ടുകാൎക്ക് ഒരഭിശാപമായിട്ടാണല്ലോ നീ നിയമമുണ്ടാക്കിവിട്ടിരിക്കുന്നത്. വല്ലവിധത്തിലും അവളെ വീട്ടിൽനിന്നു പറഞ്ഞയച്ചുകിട്ടിയാൽ ജീവനു രക്ഷകിട്ടി. ഇതുകൊണ്ടുതന്നെയാണ്, പെൺകുട്ടികൾ ജനിച്ചാൽ അമ്മ ലജ്ജിതയായിത്തീരുന്നത്; അച്ഛന്റെ മുഖം ചുങ്ങിപ്പോകുന്നത്—ഒരുത്തനും ആഹ്ലാദംകൊള്ളാത്തത്. പോകട്ടെ, ഇനി വിചാരപ്പെട്ടിട്ടില്ല. ഹായ്, എത്ര നന്നായിരുന്നു, വഴിനീളെ തെണ്ടിത്തിരിഞ്ഞു നടക്കുന്ന ഒരു നായയാണ് ഞാനെങ്കിൽ; എന്നാൽ, മകളുടെ വിവാഹത്തെപ്പററി ചിന്തിച്ചു ചിന്തിച്ച് ഉരുകേണ്ടിവരുമായിരുന്നില്ല. എന്റെ കണ്ണു നിറഞ്ഞുപോകുന്നു.

(കാമിനി പ്രവേശിക്കുന്നു)

ദേവേന്ദ്രൻ—(ഉറച്ച സ്വരത്തിൽ) കേട്ടുവോ, ഞാൻ തീച്ചപ്പെടുത്തി.

കാമിനി—എന്ത്?

ദേവേന്ദ്രൻ—ബലി കഴിക്കും!

കാമിനി—ആരെ?

ദേവേന്ദ്രൻ—സുശീലയെ.

കാമിനി—എന്താണീപറയുന്നത്?

ദേവേന്ദ്രൻ—യജ്ഞേശ്വരബാബുവിന്നു വിവാഹംചെയ്തുകൊടുക്കും, സുശീലയെ!

കാമിനി—ഏ, എന്ത്? അയാൾ ഒരു തന്ത!—പടുകിഴവൻ! മൂന്നവസ്ഥകൾ കഴിഞ്ഞിരിക്കുന്നു; ഒന്നേ ബാക്കിയുള്ളു.

ദേവേന്ദ്രൻ—ഒന്നുണ്ടല്ലോ. ആ ഒന്നിന്നു വിവാഹംചെയ്തു കൊടുക്കും.

കാമിനി—എന്തിന്? ചന്ദ്രബാബുവിൻെറ മകന്നു കൊടുക്കാമെന്നു പറഞ്ഞുവെച്ചിരുന്നത്—

ദേവേന്ദ്രൻ—അവർ അയ്യായിരം ഉറുപ്പികയാണ് ആവശ്യപ്പെടുന്നത്!

കാമിനി—പണത്തിനു വഴി നോക്കണം.

ദേവേന്ദ്രൻ—നീതന്നെ പറയൂ: എവിടെനിന്നാണ് ഉണ്ടാക്കേണ്ടത്?

കാമിനി—കടം വാങ്ങണം.

ദേവേന്ദ്രൻ—പററി; നീ വളരെ എളുപ്പമുള്ള വഴിയാണ് പറഞ്ഞത്. കടം വാങ്ങുകയോ? ആ കടം നീ വീട്ടിക്കൊള്ളാമെന്നായിരിക്കാം, അല്ലേ?

കാമിനി—കടം എങ്ങിനെയെങ്കിലും തീൎന്നുപോകും.

ദേവേന്ദ്രൻ—എന്താണ് ആ 'എങ്ങിനെയെങ്കിലും?' ദയ ചെയ്ത്, അതൊന്നു പറഞ്ഞുതന്നാൽ വലിയ ഉപകാരമാണ്. ആട്ടെ, ആദ്യം ഇതൊന്നു പറയൂ, കടം ആരു തരാനാണ്? ചോദിക്കുന്നതാരോടാണ്?

കാമിനി—എന്താ, ജ്യേഷ്ഠനോട്ട ചോദിയ്ക്കണം.

ദേവേന്ദ്രൻ—ജ്യേഷ്ഠനോടോ? ജ്യേഷ്ഠൻ കടം തരും!

(ഒരു വരണ്ട പുഞ്ചിരിയിട്ടന്നു)

കാമിനി—എന്താ, അനുജൻ ആപത്തിൽപ്പെട്ടിരിയ്ക്കുന്നതു കണ്ടാൽ അദ്ദേഹത്തിന്ന് അലിവു തോന്നില്ലേ? അദ്ദേഹം രക്ഷിയ്ക്കില്ലേ അനുജനെ?

ദേവേന്ദ്രൻ—നീ ഓക്കുന്നുണ്ടോ ഇതേതു യുഗമാണെന്ന്?

കാമിനി—ആട്ടെ, ഒരു പ്രാവശ്യം ചോദിച്ചു നോക്കിക്കൂടേ?

ദേവേന്ദ്രൻ—ചോദിച്ചുനോക്കിക്കഴിഞ്ഞു. അതു പോരാഴ്മയുമായി.

കാമിനി—എന്നിട്ട്?

ദേവേന്ദ്രൻ—എന്നിട്ട്! മുൻഭാഗത്തു നോക്കു, അടുത്തൊക്കെ നോക്കു, പിൻഭാഗത്തു നോക്കു, ഈ 'എന്നിട്ട്' എന്നുള്ളതിന്ന് ഉത്തരം കിട്ടില്ല, മേലോട്ടു നോക്കി ഒന്നു വിളിച്ചു ചോദിച്ചുനോക്കു. 'എന്നിട്ടോ ഈശ്വരാ?' ഒരുത്തരവും കിട്ടില്ല. വെറും ശൂന്യപ്പരപ്പ്. സവ്വത്ര നിശ്ശബ്ദം!

കാമിനി—അപ്പോൾ, ഒടുവിൽ ഇങ്ങിനെതന്നെയാണോ നിശ്ചയിച്ചത്?

ദേവേന്ദ്രൻ—(കരയുന്ന സ്വരത്തിൽ) നമ്മൾ രണ്ടുപേരുംകൂടി സുശീലയെ ഉൽപാദിപ്പിച്ചു. മടിയിൽവെച്ചു പോററിക്കൊണ്ടുപോന്നു. ആ സുവണ്ണവിഗ്രഹത്തെ ഇത്ര വളത്തിക്കൊണ്ടുപോന്നു. അറിയാമോ, എന്തിനാണെന്ന്? സമുദായത്തിൻെറ കാല്ക്കൽ ബലികഴിയ്ക്കുവാനല്ലേ? ഇനി വന്നോളു. നീ അവളുടെ കാൽ പിടിച്ചോളു. ഞാനവളുടെ തല പിടിയ്ക്കാം. മുറുക്കിപ്പിടിയ്ക്കണം. യജ്ഞേശ്വരൻ അയാളുടെ ഇരുവായ്ക്കത്തികൊണ്ട് അവളുടെ കഴുത്തറുത്തുകൊള്ളട്ടെ. എന്നിട്ടോ? എന്നിട്ട്, ആ ചോര സമുദായരാക്ഷസൻെറ വ്യാദ്രിലേയ്ക്കു കോരിയൊഴിയ്ക്കാം. (തിരശ്ശീല)

## രംഗം ൪

സ്ഥലം—ദേവേന്ദ്രന്റെ അന്തഃപുരം.

സമയം—പ്രഭാതം.

(വിനയകുമാരനും സുശീലയും)

വിനയൻ—സുശീലേ, നിങ്ങളുടെ വിവാഹത്തെപ്പററി വല്ല ആലോചനയും നടക്കുന്നുണ്ടോ?

(സുശീല ലജ്ജിച്ച തല താഴ്ത്തി പെരുവിരൽകൊണ്ടു നിലം കഴിയ്ക്കുന്നു)

വിനയൻ—അവർ കാണാൻ വന്നിരുന്നുവോ?

സുശീല—(തലതാഴ്ത്തി) ഉവ്വ്.

വിനയൻ—അപ്പോൾ എല്ലാം തീച്ചപ്പെട്ടുവോ?

സുശീല—അറിഞ്ഞുകൂടാ.

വിനയൻ—നിങ്ങൾ വിവാഹത്തിന്നൊരുക്കമാണോ?

സുശീല—എനിയ്ക്കറിഞ്ഞുകൂടാ.

വിനയൻ—നിങ്ങളുടെ വിവാഹമാണ്; എന്നിട്ടും നിങ്ങൾക്കറിഞ്ഞുകൂടേ?

(സുശീല മുഖം ഉയത്തുന്നു അവളുടെ രണ്ടു കണ്ണുകളിലും കണ്ണുനീർ പൊടിയുന്നു)

സുശീല—(പെട്ടെന്ന്) വിനയ!

വിനയൻ—എന്താണ് സുശീലേ?

സുശീല—വിനയ!

വിനയൻ—എന്താ സുശീലേ? പറയൂ, എന്തേ മിണ്ടാതായത്?

സുശീല—വിനയ, നിങ്ങൾ എന്നെ ഇപ്പോഴും സ്നേഹിയ്ക്കുന്നുണ്ടോ?

വിനയൻ—സ്നേഹിയ്ക്കുന്നുണ്ടോ എന്നോ! സുശീലേ, നിങ്ങൾ ഈ ചോദ്യം ചോദിയ്ക്കുന്നുണ്ടല്ലോ!—ഉം, അതു ചോദിയ്ക്കും. ഞാനൊരിയ്ക്കലും എന്റെ നാവുകൊണ്ടു നിങ്ങളുടെ മുമ്പിൽവെച്ച് ഇതു പറഞ്ഞിട്ടില്ല. എന്നാൽ ഈ സംഗതി പറയുന്നതിന്ന് ചുട്ടചോര എന്റെ നഖശിഖാന്തം നിന്ന് ഓളം വെട്ടാറുണ്ട്. ഒരുന്മത്തനായ തടവുകാരനെപ്പോലെ വാക്കുകൾ കെട്ടറുത്തു വെമ്പൽക്കൊള്ളാറുണ്ട്. എന്നിട്ടും, പറകയുണ്ടായില്ല.

സുശീല—അപ്പോൾ, നിങ്ങൾ എന്നെ സ്നേഹിക്കുന്നുണ്ടോ?

വിനയൻ—നിങ്ങൾക്കറിഞ്ഞുകൂടേ? മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ലേ? ഞാൻ എൻെറ നാവുകൊണ്ട് ഈ കാൎയ്യം പറഞ്ഞിട്ടില്ലെന്നുള്ളതു സത്യംതന്നെ. എങ്കിലും എൻെറ ദൃഷ്ടിയിൽനിന്നും, എൻെറ ശബ്ദത്തിൽനിന്നും, എൻെറ ഭാവത്തിൽനിന്നും നിങ്ങൾക്കതു മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ലേ?

സുശീല—നിങ്ങളുടെ നാവുകൊണ്ട് എന്തേ പറയാതിരിക്കാൻ?

വിനയൻ—നിങ്ങളുടെ നന്മയ്ക്കുവേണ്ടിത്തന്നെ. കാരണം, എന്നോടുകൂടി നിങ്ങളുടെ വിവാഹം നടക്കുകയില്ല.

സുശീല—എന്താണ് നടക്കാതെ?

വിനയൻ—നിങ്ങളുടെ അച്ഛൻ അങ്ങിനെ ചെയ്യില്ല. കാരണം അറിയാമോ? കാരണം, ബിലാത്തിയിൽ പോയി വന്ന ഒരാളുടെ മകനാണ് ഞാൻ.

സുശീല—അച്ഛന് ഇഷ്ടമില്ലെങ്കിലും ഞാൻ നിങ്ങളെ വിവാഹം കഴിക്കയാണെങ്കിലോ?

വിനയൻ—നിങ്ങൾ എന്താണീപ്പറയുന്നത്? എനിക്കുവേണ്ടി നിങ്ങൾ സ്വന്തം കൎത്തവ്യമാൎഗ്ഗത്തെ ഉപേക്ഷിക്കുകയോ? വേണ്ട, സുശീലേ, ഇതു സാദ്ധ്യമല്ല.

സുശീല—എൻെറ പ്രവൃത്തിയുടെ ഉത്തരവാദിത്വം എനിക്കാണ്; നിങ്ങൾക്കല്ല, അതിൻെറ ഉത്തരവാദിത്വം. ഞാൻ മുല കുടിക്കുന്ന കുട്ടിയൊന്നുമല്ല. എന്നെസ്സംബന്ധിച്ച കുറച്ചധികാരം എനിക്കുമുണ്ട്. അച്ഛന്ന്, എന്നെ വല്ല കിഴവന്മാരുടേയും കഴുത്തിൽ വെച്ചുകെട്ടണമെന്നുണ്ടായിരുന്നുവെങ്കിൽ, അതിന്നൊരു കാലമുണ്ടായിരുന്നു; ആ കാലം പോയി. ഇപ്പോൾ എൻെറ കാൎയ്യത്തെപ്പററി സ്വയം ആലോചിക്കാൻ സാധിക്കും, എനിക്ക്. ഇപ്പോൾ, അദ്ദേഹത്തിന്നു തോന്നുന്നതുപോലെ ചെയ്യാൻ തരമാവില്ല.

വിനയൻ—നിങ്ങളുടെ അച്ഛനോട് നിങ്ങൾക്കൊരു കടമയുമില്ലേ?

സുശീല—അച്ഛന്നു മകളോടു കടമയൊന്നുമില്ലെന്നുണ്ടോ?

വിനയൻ—നിങ്ങളുടെ അച്ഛൻ ചെയ്യുന്നതെല്ലാം നിങ്ങളുടെ നന്മക്കുവേണ്ടിയാണ്.

സുശീല—വിനയ, നിങ്ങൾക്ക ധീരതയോടും സൌമ്യതയോടും സ്ഥൈര്യത്തോടുംകൂടി ഇതു പറയാനാവുമോ? അദ്ദേഹം എന്നെ ഒരുപതു വയസ്സായ കിഴവന്നു വിവാഹംചെയ്തുകൊടുക്കാനാണ് ഭാവം. എന്നെ ആ താന്തോന്നിയുടെ കയ്യിൽ ഏല്പിച്ചുകൊടുക്കുന്നതെന്തിനാണ്? സമുദായത്തിന്നുവേണ്ടി, ധനത്തിന്നുവേണ്ടി; എൻെറ സുഖത്തിന്നുവേണ്ടിയല്ല.

വിനയൻ—അങ്ങിനെയാണെങ്കിൽത്തന്നെ, അച്ഛൻെറ ആഗ്രഹത്തിൻെറ കാല്ക്കൽ നിങ്ങളെ ബലികഴിയ്ക്കാൻ നിങ്ങൾക്ക കഴിയില്ലേ?

സുശീല—എന്തിനാണ് അങ്ങിനെ ചെയ്യുന്നത്?

വിനയൻ—അതാണ് ആത്മത്യാഗമെന്നു പറയുന്നത്.

സുശീല—ഞാൻ ഇങ്ങിനെ അന്യായമായ ആത്മാൎപ്പണം ചെയ്വാൻ ആഗ്രഹിയ്ക്കുന്നില്ല. അതിന്നെന്നെക്കൊണ്ടാവില്ല. അച്ഛനേയും സമുദായത്തിനേയും ഈശ്വരനേയും സന്തോഷിപ്പിയ്ക്കാൻവേണ്ടി, എന്നോട് ഇത്ര വലിയ അവിവേകം പ്രവൎത്തിയ്ക്കാൻ ഞാനാളല്ല. ആത്മത്യാഗമോ വിനയ? ഇതാണോ ആത്മത്യാഗമെന്നു പറയുന്നത്? ഒരു ഹിതമായ കാൎയ്യത്തിന്നുവേണ്ടി അവനവനെ ബലികഴിയ്ക്കുന്നതിന്നാണ് ആത്മത്യാഗമെന്നു പറയുന്നത്. എന്നാൽ, ഒരു ചോരകുടിയനായ ജന്തുവിൻെറ, ഈ സമുദായത്തിൻെറ, കുക്ഷി നിറയ്ക്കാൻവേണ്ടി തൻെറ കഴുത്തിൽ കുടുക്കിടുന്നത് ആത്മത്യാഗമല്ല; അത് ആത്മഹത്യയാണ്. ഞാൻ ഇതിന്നൊരുക്കമില്ല. വിനയ, പറയൂ, ഞാൻ അച്ഛൻെറ ഇഷ്ടത്തിന്നുവിരുദ്ധമായി നിങ്ങളെ വിവാഹം ചെയ്യട്ടെ?

വിനയൻ—നിങ്ങളുടെ അച്ഛൻെറ ഇഷ്ടത്തിന്നെതിരായി നമ്മുടെ വിവാഹം സാദ്ധ്യമല്ല. എൻെറ പ്രവൃത്തിമൂലം കൎത്തവ്യത്തിന്നു തടസ്ഥം വന്നുകൂടാ.

സുശീല—അപ്പോൾ, ഇതു പറയൂ, നിങ്ങൾ എന്നെ സ്നേഹിക്കുന്നില്ല.

വിനയൻ—നിങ്ങളെ സ്നേഹിക്കുന്നുണ്ട്. അതുകൊണ്ടാണ്, ഇതു പറയുന്നത്. നിങ്ങളെ തൊടുന്നതിന്നുപോലും ഭയം തോന്നുമാറ് അത്രമേൽ ഞാൻ നിങ്ങളെ സ്നേഹിക്കുന്നുണ്ട്—എന്റെ കരസ്പർശത്താൽ നിങ്ങളെങ്ങാനും അശുദ്ധയായാലോ! നിങ്ങളുടെ മുഖത്തു നോക്കി ഒരടിപോലും മുമ്പോട്ടുവെയ്ക്കാൻ, നിങ്ങളുടെ സൌന്ദര്യത്തിന്റെ പാവനക്ഷേത്രമെങ്ങാനും കലുഷിതമായിത്തീർന്നാലോ എന്ന്, എനിക്കു ഭയം തോന്നുന്നു. നിശ്ശബ്ദമായ നിശാകാശത്തിലേയ്ക്കു നോക്കിക്കൊണ്ടു ഞാൻ നിങ്ങളെ ധ്യാനിക്കുകയും സ്വർഗ്ഗീയമായ സ്വപ്നം കാണുകയും ചെയ്യുന്നു. എന്നാലും നമ്മുടെ വിവാഹം അസംഭാവ്യമാണ്.

സുശീല—എന്നാൽ,ഇതു നമ്മുടെ അവസാനത്തെ കൂടിക്കാഴ്ചയാണ്.

വിനയൻ—(ആലോചിച്ച്) അങ്ങിനെയായിക്കൊള്ളട്ടെ. ഈ ശിക്ഷ, വളരെ കഠോരമായ ശിക്ഷയാണ്. നിങ്ങളെ കാണാതിരുന്നാൽ ഈ ലോകം മുഴുവനും എനിക്കു ശൂന്യമായിത്തോന്നും; എന്റെ ഹൃദയം തകൎന്നുപോവും! എന്നാലും, നമ്മുടെ രണ്ടുപേരുടേയും നന്മയ്ക്കുവേണ്ടി, നമ്മൾ ഇനി മേലിൽ കാണാതിരിക്കുകയായിരിക്കും നല്ലത്. നിങ്ങൾ അച്ഛനോടു നിങ്ങൾക്കുള്ള കടമ നിർവ്വഹിക്കൂ. അതിന്നു തടസ്ഥമായി ഞാൻ നിങ്ങളുടെ മുമ്പിൽ ചാടിവീഴില്ല. ഞാൻ നിങ്ങളുടെ കൎത്തവ്യപാലനത്തിന്നുള്ള വഴി തെളിയിച്ചുതരുന്നു. ആട്ടെ, ഞാൻ പോകുന്നു, സുശീലേ.

(പോകുന്നു)

സുശീല—(ക്ഷണനേരം ചതി പററിയപോലെ നിന്നിട്ട്) നിങ്ങളും ഈ ദുരാലോചനയിൽ പെട്ടിരിക്കുന്നു. ആട്ടെ; ഞാൻ വിവാഹമേ ചെയ്യില്ല. വിവാഹം—ഈ സ്നേഹവിഹീനന്മാരും ഹൃദയശൂന്യന്മാരുമായ പുരുഷന്മാരുമായി ഇടപെടുന്നതുതന്നെ അന്യായമാണ്. ഇവരെ സ്നേഹിക്കുകയോ!—വിനയ, നിങ്ങൾ എന്നെ

രക്ഷിച്ചു; വാസ്തവത്തിൽ, നിങ്ങൾ സൈ്വരക്കേടെല്ലാം തീൎത്തു തന്നു. ഞാൻ വിവാഹംചെയ്യുകയേ ഇല്ല.

(വിനോദിനി പ്രവേശിയ്ക്കുന്നു)

വിനോദിനി—സുശീലേ!

സുശീല—ആര്, ജ്യേഷ്ഠത്തിയോ?

വിനോദിനി—നിനക്ക് ഒന്നും മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല.

സുശീല—എന്താ മനസ്സിലാക്കാൻ കഴിയാത്തത്?

വിനോദിനി—അദ്ദേഹത്തിൻെറ ഉൽകൃഷ്ടമായ ഹൃദയത്തേയും മഹത്തായ വിചാരങ്ങളേയും.

സുശീല—ആരുടെ?

വിനോദിനി—വിനയകുമാരൻെറ.

സുശീല—ഉൽകൃഷ്ടഹൃദയവും, മഹദ്വിചാരങ്ങളും!

വിനോദിനി—എന്തൊരു വിനയം! എന്തൊരാത്മത്യാഗം! എന്തൊരു ദൃഢത! ഒട്ടും മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല—നീ അത്ര കുട്ടിയൊന്നുമല്ല, ഇപ്പോൾ; ഈശ്വരാ, പുരുഷഹൃദയം ഇത്ര ഉൽകൃഷ്ടമായിത്തീരാമോ! എന്നാൽ, സ്ത്രീകളായ ഞങ്ങളോ! കേവലം അദൃഷ്ടദൃഷ്ടിയോടുകൂടി മൂകകളായി നോക്കിക്കൊണ്ടുനിയ്ക്കുന്നു. ഈ പുരുഷന്മാരുടെ കാൽപ്പൊടിയ്ക്കുകൂടിയില്ല, ഞങ്ങൾ!

സുശീല—എന്തുകൊണ്ടു, ജ്യേഷ്ഠത്തി?

വിനോദിനി—വിനയൻ നിന്നെ എത്രകണ്ടു സ്നേഹിയ്ക്കുന്നുണ്ടെന്നു നിനക്കു മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല. നീ മനസ്സിലാക്കിയിട്ടില്ല, സ്വൎഗ്ഗം കയ്യിൽ വന്നിട്ടും കൎത്തവ്യത്തിന്നുവേണ്ടി—നിൻെറ അച്ഛനോടു നിനക്കുള്ള കൎത്തവ്യത്തിന്നുവേണ്ടി—ഒരു പിടി മണ്ണുപോലെ അദ്ദേഹം അതു വലിച്ചെറിഞ്ഞു. ഇതു മനസ്സിലാക്കാൻ നിനക്കു കഴിഞ്ഞിട്ടില്ല.

സുശീല—അച്ഛനോട് എനിയ്ക്കുള്ള കൎത്തവ്യം എനിയ്ക്കറിയാം; ആരും പറഞ്ഞുതരേണ്ടുന്ന ആവശ്യമില്ല.

വിനോദിനി—ഒട്ടും അറിഞ്ഞുകൂടാ; ഒട്ടും മനസ്സിലായിട്ടുമില്ല. ഇംഗ്ലീ

ഷവിദ്യാഭ്യാസം നിന്നെ അഹംകാരം മാത്രമാണ് പഠിപ്പിച്ചത്; മറെറാന്നും തന്നെ പഠിപ്പിച്ചിട്ടില്ല.

സുശീല—ജ്യേഷ്ഠത്തി, എനിയ്ക്കു നിങ്ങളുടെ പ്രസംഗമൊന്നും കേൾക്കണ്ട; പോയ്ക്കോളു.

വിനോദിനി—അച്ഛൻ നിന്നെ കുറച്ചേ സ്നേഹിയ്ക്കുന്നുള്ളു എന്നാണോ നിൻെറ വിചാരം? അദ്ദേഹം നിന്നെ കയ്യും കാലും കെട്ടി വെള്ളത്തിലൊഴുക്കുന്നതായാൽ, അതദ്ദേഹത്തിന്നു വലിയ സുഖമാവുമെന്നു നീ വിചാരിയ്ക്കുന്നുണ്ടോ? നിനക്കറിയാമോ, അദ്ദേഹത്തിൻെറ വിശാലമായ ഹൃദയത്തിൽ, മക്കളെക്കുറിച്ച് എത്ര വ്യസനമുണ്ട്, എത്ര ചിന്തയുണ്ട്, എത്ര വേദനയുണ്ട്!

സുശീല—നിങ്ങൾക്കു മാത്രമേ എല്ലാം അറിഞ്ഞുകൂടു.

വിനോദിനി—ആ്, എനിയ്ക്കറിയാം. എനിയ്ക്കറിയാം, എത്ര നീണ്ട നീണ്ട രാത്രികളാണ് അദ്ദേഹം ഉറക്കംവരാതെ കഴിച്ചുകൂട്ടിയിരിയ്ക്കുന്നത്! എത്ര രാത്രികൾ ഉറക്കമിളച്ചു തിരിഞ്ഞും മറിഞ്ഞും കിടന്നു കഴിച്ചുകൂട്ടിയിരിയ്ക്കുന്നു! ഞാൻ തലയ്ക്കലിരുന്നു വീശിക്കൊടുക്കും. അദ്ദേഹത്തിന്നു സ്വാദുള്ള ഭക്ഷണം ഞാൻ എൻെറ കയ്യുകൊണ്ട് ഉണ്ടാക്കിക്കൊടുക്കും. ഉരുള അദ്ദേഹം വായിലോളം കൊണ്ടുചെല്ലും, അപ്പോഴെയ്ക്കും അതു താഴെ വീണുപോകും. വത്തമാനം പറഞ്ഞു പറഞ്ഞു തൻേറടംകെട്ട്, അതുമിതും പറയാൻ തുടങ്ങും. അദ്ദേഹത്തിൻെറ ദുഃഖത്തെ ഞാൻ കണ്ടറിഞ്ഞിട്ടുണ്ട്; നീ അതു ചെയ്തിട്ടില്ല.

സുശീല—പിന്നെ അദ്ദേഹം എന്തിനാണ്, തന്നിഷ്ടപ്രകാരം ഇങ്ങിനെ കഷ്ടമനുഭവിയ്ക്കുന്നത്?

വിനോദിനി—ഒരു ദിവസം മനസ്സിലാവും; ഇന്നു മനസ്സിലാവില്ല. കാരണം, ഇപ്പോൾ നിന്നെ തനി സ്വാത്ഥം വളഞ്ഞിരിയ്ക്കുന്നു; നിൻെറ ഹൃദയത്തിൽ അഹംകാരം പരന്നിരിയ്ക്കുന്നു. ഒരു ദിവസം —ത്യാഗത്തിൻെറ സൈന്യം വന്ന് ഈ ഹൃദയദുഗ്ഗത്തിൽനിന്നു സ്വാത്ഥത്തെ ആട്ടിപ്പുറത്താക്കി, അഹംകാരമാകുന്ന മൂടൽമഞ്ഞിനെ നശിപ്പിയ്ക്കുന്ന ആ ദിവസം—മനസ്സിലാവും.

സുശീല—ജ്യേഷ്ഠത്തി, അച്ഛന്നു് അറിയാം. എന്നല്ല അദ്ദേഹം വളരെ ആളുകളോടു പറയുകകൂടി ചെയ്തിരിക്കുന്നു, ഞാൻ തോന്നിയതുപോലെ നടക്കുന്ന ഒരുത്തരവാദിത്വമില്ലാത്ത പെണ്ണാണെന്നു്. ഈ സ്വഭാവം മാററാൻ പററിയതല്ല, ഇപ്പോൾ എന്റെ പ്രായം. ഞാൻ സമുദായത്തിന്റെ കാല്ക്കൽ എന്നെ ബലികഴിക്കില്ല. —ഒന്നുകിൽ ജീവിതം, അല്ലെങ്കിൽ മരണം, ഇതാണു് എന്റെ ശപഥം.

വിനോദിനി—പിന്നെ എനിക്കു് എന്തു ചെയ്യാൻ കഴിയും, അനുജത്തി?

(വിനോദിനി പോകുന്നു)

സുശീല—കന്യകയ്ക്കു് ഒരു പുരുഷനെ തേടിപ്പിടിച്ചുകൊടുക്കേണ്ടതു് ഒരു കത്തവ്യമാണത്രേ! കന്യകയുടെ കഴുത്തിൽ ഈ ദാസ്യക്കുടുക്കു് ഇട്ടേ കഴിയൂ എന്നുണ്ടോ? നോക്കട്ടെ, എന്നെ ബലാൽക്കാരമായി വിവാഹം ചെയ്തുകൊടുക്കാനുള്ള കുറുമ്പു് ആക്കാണുള്ളതെന്നു്.

(കാമിനി പ്രവേശിക്കുന്നു)

കാമിനി—സുശീലേ, ഇവിടെ ഒററയ്ക്കെന്താണു് ചെയ്യുന്നതു്, കുട്ടീ? വരൂ, കയ്യും കാലും കഴുകൂ. നിന്റെ തലമുടി ഒന്നു കെട്ടിക്കൊട്ടെ; വരൻ അതാ വരുന്നു.

സുശീല—വരൻ വരുന്നുവോ, അതോ കാലൻ വരുന്നുവോ? അയാൾക്കുവേണ്ടി ചന്തം ചാത്തേണ്ടുന്ന ആവശ്യമുണ്ടോ? ദേഹത്തിൽ പൊടി പററിയതുകൊണ്ടൊന്നും കാലൻ ആരേയും ഉപേക്ഷിക്കുകയില്ല.

കാമിനി—നീ, എന്താണീപ്പുലമ്പുന്നതു്, സുശീലേ?

സുശീല—(പെട്ടെന്നു്) അമ്മേ, ഞാൻ നിങ്ങളുടെ വീട്ടിന്നു് ഒരാപത്താണോ?

കാമിനി—നീ എന്താ പറയുന്നതു്, കുട്ടീ?

സുശീല—അല്ലെങ്കിൽ, എന്നെ ഇവിടെനിന്നു തള്ളിവിടാൻ ഈ ഒരുക്കങ്ങളെല്ലാം എന്തിനാണു്? എന്നോടു പറയൂ; ഞാൻ എവിടേയ്ക്കെങ്കിലും കടന്നുപോയ്ക്കൊള്ളാം.

കാമിനി—ഇതെന്താണ്? നിനക്ക് ഒരു ലേശം ബുദ്ധിയില്ല.

സുശീല—നല്ല ബുദ്ധിയുണ്ട്. ഇല്ലെങ്കിൽ എങ്ങിനെയാണ് മനസ്സിലായത്? എങ്ങിനെ മനസ്സിലായി? ആശ്ചര്യം തോന്നുന്നുണ്ടോ അമ്മേ? എങ്ങിനെ മനസ്സിലായി എന്നു ഞാൻ പറയില്ല. എന്നാലും മനസ്സിലായി (ചിരിക്കുന്നു. വീണ്ടും പെട്ടെന്നു ഗംഭീരഭാവത്തോടെ) അമ്മേ, ഒരാവശ്യവുമില്ല. (പെട്ടെന്നു കത്തി വലിച്ചെടുത്തു) ഇതെടുക്കു; വെട്ടിക്കോളു കഴുത്തിൽ. (തല കുനിച്ച്) വെട്ടു.

കാമിനി—നിനക്കു ഭ്രാന്തായിപ്പോയോ സുശീലേ!

സുശീല—ഇല്ല. കൊല്ലു. ഒരൊററവെട്ടിന്നു കൊല്ലു. കുറേശ്ശക്കുറേശ്ശയായി മുറിച്ചു കൊല്ലരുത്. നിങ്ങളെക്കാൾ ഭേദമാണ്, കശാപ്പുകാർപോലും: ഒരു ഞൊടികൊണ്ടു കൊന്നുകളയുന്നു; ദേഹത്തിൽ സൂചി തറച്ചു വേദനയനുഭവിച്ചിപ്പിട്ടല്ല കൊല്ലുന്നത്. അമ്മേ, ഈ ഒരുക്കങ്ങളെല്ലാംവെറുതെയാണ്. ഞാൻ ഈ വിവാഹം ചെയ്യില്ല.

കാമിനി—നീ ഇന്ന് എന്തെല്ലാമാണ് പറയുന്നത്, സുശീലേ?

സുശീല—നിങ്ങളെ ഞാൻ തിന്നുമുടിയ്ക്കുന്നുണ്ടെങ്കിൽ, നിങ്ങളുടെ സുഖമാർഗ്ഗത്തിൽ ഞാൻ ഒരു വിഘ്നമായിത്തീൎന്നിട്ടുണ്ടെങ്കിൽ, ഇനി അതിനെപ്പററി വിചാരപ്പെടേണ്ട. നാളെ രാത്രി എന്നെ കാണില്ല. ലേശം ഭയമില്ല. അച്ഛനോടു പറഞ്ഞേക്കു, ഞാൻ ഈ വിവാഹം ചെയ്യില്ല. അദ്ദേഹത്തിന്നു ബലാൽക്കാരമായി എന്നെ വിവാഹം കഴിപ്പിക്കാൻ സാധിക്കില്ല. വിവാഹത്തിന്നു മുമ്പുതന്നെ— ഈ കത്തി കണ്ടുവോ?—ഇതു ഞാൻ എൻെറ മാറിൽ കുത്തിക്കയറും.

കാമിനി—(കയ്യു പിടിച്ചിട്ട്) കുട്ടീ, എന്താണീപ്പറയുന്നത്? ഇങ്ങിനെയെല്ലാം പറയാമോ നിനക്ക്!

സുശീല—അമ്മേ, എനിയ്ക്കറിയാം, എൻെറ ഈ പ്രവൃത്തി തികച്ചും നാണംകെട്ടതുതന്നെയാണ്. പക്ഷേ, എന്തു ചെയ്യും? എനിയ്ക്കൊരു മില്ല. രക്ഷിതാവാരാണോ ആ അച്ഛൻ, എല്ലാ ദുഃഖങ്ങളിൽനിന്നും

രക്ഷപ്പെടാൻ വേണ്ടി സന്താനങ്ങൾ ആരുടെ മടിത്തടത്തെയാണോ ശരണംപ്രാപിയ്ക്കാറുള്ളത്, ആ അമ്മ,സഹോദരിമാർ, സ്വജനങ്ങൾ — എല്ലാവരും ഇന്ന് എനിയ്ക്കെതിരാണ്. എന്നെ കൊല്ലാനായി പുറമെ ഇത്രയധികം വാളുകളുയരുമ്പോൾ, അമ്മ എൻെറ കഴുത്തിൽ എണ്ണ പുരട്ടാൻ തുടങ്ങുന്നു; അച്ഛനോ, ബലിദാനത്തിന്നുള്ള മന്ത്രം ചൊല്ലുന്നു. അപ്പോൾ, സ്വന്തം രക്ഷയ്ക്കു ഞാൻ തന്നെ ശ്രമിയ്ക്കണമെന്നായി. ഇതല്ലാതെ മറെറന്തു ചെയ്യും? ഇങ്ങോട്ടു നോക്കു, അമ്മേ; കേട്ടോളൂ, ഞാൻ ഈ വിവാഹം ചെയ്യില്ല; വിവാഹത്തിന്നു മുമ്പെ ഞാൻ ആത്മഹത്യചെയ്യും. (പോകുന്നു)

കാമിനി — വാസ്തവത്തിൽ, മകളെ കയ്യും കാലും കെട്ടി വെള്ളത്തിലൊഴുക്കാനുള്ള ഒരുക്കംതന്നെയാണിത്. വേണ്ട, ഇതിൻെറ ആവശ്യമില്ല. പോയി, അദ്ദേഹത്തെ തടയാൻ നോക്കട്ടെ.

(മഹേന്ദ്രൻ പ്രവേശിക്കുന്നു)

മഹേന്ദ്രൻ — എവിടെ? ജ്യേഷ്ഠത്തി ഇവിടെ ഇല്ല.

(കേദാർ പ്രവേശിക്കുന്നു)

കേദാർ — എന്താ മഹേന്ദ്ര? നിങ്ങളുടെ അച്ഛനെവിടെ?

മഹേന്ദ്രൻ — പുറത്തേയ്ക്കു പോയിരിയ്ക്കുന്നു.

കേദാർ — പുറത്തേയ്ക്ക് എങ്ങോട്ടാണ് പോയത്? സംശയിച്ചതുപോലെ പററി. ഒരൊററ നിമിഷംകൊണ്ട് എല്ലാം തകരാറായി. എപ്പൊഴേ പോയത്?

മഹേന്ദ്രൻ — അതറിഞ്ഞുകൂടാ.

കേദാർ — എപ്പോൾ വരും?

മഹേന്ദ്രൻ — അതും അറിഞ്ഞുകൂടാ.

കേദാർ — അതറിഞ്ഞിട്ട് എന്താ മെച്ചം? എനിയ്ക്ക് ഇനി താമസിച്ചുകൂടാ. പക്ഷേ, ഒരടിയന്തരകാര്യമുണ്ട്. പറയാതെ പോകാനും വയ്യ. (മേല്പോട്ട് നോക്കി കുറച്ചാലോചിച്ച്) ഹ! ഭൂമിയിൽ ഇത്തരം സംഭവങ്ങളുണ്ടാവുന്നത് എന്തുകൊണ്ടാണ്? ഒരു സവിശേഷകാര്യത്തിന്നായി കാണാൻ വന്നപ്പോഴോ, അദ്ദേഹം പുറത്തേയ്ക്കു പോ

യിരിയ്ക്കയാണ്! ഇതുകൊണ്ടാണ്, ഈശ്വരൻ ഇല്ലെന്നു പറയേണ്ടിവരുന്നത്. ഉണ്ടെങ്കിൽ, സമത്ഥിയ്ക്കൂ. ഉണ്ടെങ്കിൽ, എന്തുകൊണ്ടാണ് ഇങ്ങിനെ വരുന്നത്? ഞാൻ ശ്രീരാമപുരത്തുനിന്ന്—അത്രയും ദൂരത്തുനിന്ന്—ഒരേ ഒരു കാൎയ്യം പറയാനാണ് ഓടിപ്പാഞ്ഞുവരുന്നത്. എന്നിട്ടെന്താ, അദ്ദേഹം വീട്ടിലില്ല. (വാച്ചുനോക്കിയിട്ട്) ഇനി താമസിച്ചുകൂടാ. ഇരുപത്തിരണ്ടു മിനിട്ടു താമസിച്ചു കഴിഞ്ഞു. നിങ്ങൾ അച്ഛനോടു പറയൂ—വേണ്ട, കോടതിക്കാൎയ്യം നിങ്ങൾക്ക് എന്തറിയാം? അല്ല, കേൾക്കു. ഓമ്മിയ്ക്കാൻ സാധിയ്ക്കുന്നേടത്തോളം അദ്ദേഹത്തോടു പറയണം. ഞാൻ എല്ലാം ശരിപ്പെടുത്തിയിരിക്കുന്നുവെന്നു പറഞ്ഞേയ്ക്കൂ. അവൻ പോയി കേസ്സു കൊടുക്കട്ടെ.

മഹേന്ദ്രൻ—യജ്ഞേശ്വരബാബുവോ?

കേദാർ—ആയ്, ആ ചെററക്കള്ളൻ എപ്പോഴാണ് ബാബുവായത്? ചെററ, നീചൻ, ദുഷ്ടൻ, നന്ദികെട്ടവൻ, പിശാച്—അവൻ തോട്ടിയേക്കാൾ നികൃഷ്ടനാണ്.

മഹേന്ദ്രൻ—അയാൾ ഒരുപക്ഷെ ഇപ്പോൾ കേസ്സുകൊടുക്കില്ല.

കേദാർ—പേടിച്ചു! ഞാൻ ബാരിസ്റ്റർ ജേക്സൻസാഹിബിൻെറ അടുത്തു പോയിരുന്നു. അതുകൊണ്ടു പേടിച്ചുപോയി! കൊടുക്കെടോ താൻ കേസ്സ്; ഞാനൊന്നുകാണട്ടെ. എന്താ ആ കള്ളൻ കേസ്സു കൊടുക്കുകെ? ആധാരംതന്നെ സ്ഥാപിയ്ക്കില്ല. അവൻ പേടിച്ചു പോയി!

മഹേന്ദ്രൻ—കാൎയ്യം ഇങ്ങിനെയൊന്നുമല്ല. കേദാർബാബു! യജ്ഞേശ്വരബാബുവുമായി രണ്ടാമത്തെ സഹോദരിയുടെ വിവാഹം ഭാവമുണ്ട്.

കേദാർ—വിവാഹമോ! എന്തു വിവാഹമാണ്, ഹേ! (വടി താഴത്തു വെച്ചിട്ട്) വിധിപോലെയുള്ള വിവാഹമാണോ?

മഹേന്ദ്രൻ—ഇന്നു കാൎയ്യമെല്ലാം തീച്ചപ്പെടും. അവർ കുട്ടിയെ കാണാൻ വരുന്നുണ്ട്. 'ശുഭദൃഷ്ടി' ഇന്നു നടക്കും.

കേദാർ—എന്തു ശുഭദൃഷ്ടി? എന്തു ശുഭദൃഷ്ടിയാണ് ഹേ? തമ്മിൽ സംസാരിക്കലൊന്നുമില്ല. ഒരു ശപാസത്തിൽ കുട്ടിയെ കാണലും, ഇഷ്ടപ്പെടലും 'ശുഭദൃഷ്ടി'യും തീരുമാനവും— എല്ലാം കലാശിക്കുമോ? 'ഞാനറിഞ്ഞതേ' ഇല്ല. കാൎയ്യം തീൎച്ചപ്പെട്ടു? എപ്പോൾ?

മഹേന്ദ്രൻ—ഇന്ന്.

കേദാർ—(കുറച്ചാലോചിച്ച്) തരക്കേടില്ല. എന്നാൽ ഈ വിവാഹം നടക്കില്ല. ഞാൻ ഇന്ന് ഇവിടെ ഭക്ഷണം കഴിക്കട്ടെ? പോയി പറയൂ. എന്തായാലും വേണ്ടില്ല, അതു കഴിക്കാം. അധികം ബുദ്ധിമുട്ടേണ്ട. സുശീല എവിടെയാണ്?

മഹേന്ദ്രൻ—കാണാനില്ല.

കേദാർ—ഈ വിവാഹം അവൾക്കിഷ്ടമല്ല, അങ്ങിനെയല്ലേ?

മഹേന്ദ്രൻ—അതെനിക്കറിയാമോ!

കേദാർ—അവൾക്ക് ഇഷ്ടമാണെങ്കിൽത്തന്നെ എന്താണ്?— ഈ വിവാഹം നടക്കില്ല. അതാ, സുശീലയും വന്നു.

(സുശീല വീണ്ടും പ്രവേശിക്കുന്നു)

കേദാർ—നിങ്ങളുടെ വിവാഹമല്ലേ കുട്ടീ?

(സുശീല മിണ്ടാതെ വാതിൽ പിടിച്ചു കേദാറുടെ നേരെ നോക്കിക്കൊണ്ടു നില്ക്കുന്നു)

കേദാർ—ഈ വിവാഹം നടക്കില്ല; ഞാൻ ഒരുവിധത്തിലും ഇതു നടത്തില്ല. കുട്ടി ഈ വിവാഹത്തിന്നു അനുകൂലയല്ലല്ലോ?

(സുശീല മിണ്ടാതെ നില്ക്കുന്നു)

കേദാർ—മനസ്സിലായി. മഹേന്ദ്രാ, നടക്കില്ല ഈ വിവാഹം. സുശീലേ, കുട്ടി അച്ഛനോടു പറഞ്ഞേക്കൂ, അദ്ദേഹത്തിന്നു ചെലവിന്നു തരാൻ കഴിയില്ലെങ്കിൽ കുട്ടിക്കു ഞാൻ തരാം. എനിക്കു മകളില്ല; കുട്ടി എന്റെ മകളാവും. നടക്കൂ, മകളേ; എന്റെ വീട്ടിലേക്കു നടന്നോളൂ.

(സുശീല കരയുന്നു)

കേദാർ—കരയാതിരിക്കു മകളേ! ഈ വിവാഹം നടക്കില്ല. മഹേന്ദ്രാ, കടലാസ്സും പേനയും കൊണ്ടുവരു; ചെല്ലൂ.

(മഹേന്ദ്രൻ പോകുന്നു. കേദാർ ചിരിയ്ക്കുന്നു. പിന്നെ തല കുലുക്കുന്നു)

കേദാർ—മനസ്സിലായി, ദേവേന്ദ്ര, എല്ലാം മനസ്സിലായി. എൻെറ സ്ഥിതി നിങ്ങളെടുത്തോളു; നിങ്ങളുടെ സ്ഥിതി എനിയ്ക്കു തരു; പിന്നെ എന്തു ചെയ്യണമെന്നല്ലേ?—അതു ഞാൻ ഈ സമുദായത്തിന്നൊന്നു കാട്ടിക്കൊടുക്കാം. ഈ ദുഷിച്ച സമുദായം ഒരു കശാപ്പുകാരനാണ്—ഒരു ചെകുത്താൻ!—ക്ഷമിയ്ക്കു മകളേ, നിൻെറ മുമ്പിൽവെച്ചുതന്നെ ഞാൻ ശകാരിയ്ക്കാം; വേണ്ട, സ്ത്രീകളുടെ മുമ്പിൽവെച്ചു ശകാരിച്ചതു ശരിയായില്ല. അല്ല, സമുദായം വളരെ ഉൽകൃഷ്ടവും പാവനവുമാണ്. ആ പുരാതനമായ ആൎയ്യമഹർഷിമാരുടെ സമുദായം ചീത്തയാവാൻ വഴിയുണ്ടോ!

(കടലാസ്സും പേനയുംകൊണ്ടു മഹേന്ദ്രൻ വീണ്ടും പ്രവേശിക്കുന്നു)

കേദാർ—കൊണ്ടുവന്നുവോ? ഇങ്ങോട്ടു തരു. വേണ്ട, നിങ്ങൾതന്നെ എഴുതിക്കൊള്ളു.

മഹേന്ദ്രൻ—എന്താണ് എഴുതേണ്ടത്?

കേദാർ—എഴുതു, "ഈ വിവാഹം നടക്കില്ല." എഴുതിവെച്ചോളു. പിന്നീട് എല്ലാവൎക്കും കാണിച്ചുകൊടുക്കണം. എന്താണ് എൻെറ മുഖത്തേയ്ക്കു തുറിച്ചുനോക്കുന്നത്? എഴുതു.

(മഹേന്ദ്രൻ എഴുതുന്നു)

കേദാർ—എന്തേ എഴുതിയത്? നോക്കട്ടെ. (കടലാസ്സ് എടുത്തു) ഈ വിവാഹം നടക്കില്ല. നോക്കട്ടെ, പേന നോക്കട്ടെ. (പേന എടുത്തു) ഇത് എൻെറ ഒപ്പാണ്. ശ്രീ കേദാർനാഥഭട്ടാചാൎയ്യ. (ഒപ്പിടുന്നു) മതി. ഈ കടലാസ്സെടുത്തുവെയ്ക്കു. എല്ലാവൎക്കും കാണിച്ചുകൊടുക്കണം. ഒപ്പിട്ടു. ഇനി ഒന്നും പേടിയ്ക്കേണ്ട, മകളേ. ഒപ്പിട്ടു. സൈപരമായിരുന്നോളു.

മഹേന്ദ്രൻ—നല്ല മനുഷ്യൻ!

(എല്ലാവരും പോകുന്നു)

## രംഗം ൫

സ്ഥലം—ദേവേന്ദ്രന്റെ വീട്ടിൽ പുറത്തെ ഇരിപ്പുമുറി.

സമയം—അപരാഹ്നം.

(ഉപേന്ദ്രൻ, ദേവേന്ദ്രൻ, യജ്ഞേശ്വരൻ, സദാനന്ദൻ,
ഉപേന്ദ്രന്റെ ഭക്തഗണം)

ഉപേന്ദ്രൻ—ഇനി വൈകിക്കുന്നതെന്തിനാണ്, ദേവേന്ദ്ര? ആശീർവ്വാദച്ചടങ്ങു നിർവ്വഹിക്കു. 'ശുഭസ്യ ശീഘ്രം' എന്നല്ലേ ശാസ്ത്രം?

ഹരി—അതെ, ശീഘ്രം. എന്താ നവീനൻ?

നവീനൻ—തന്തിരുവടിയാണ് അരുളിച്ചെയ്യുന്നത്.

ശങ്കർ—എന്താണാലോചിക്കുന്നത്, ദേവേന്ദ്രബാബു?

ദേവേന്ദ്രൻ—ഇല്ല; ഒന്നും ആലോചിക്കുന്നില്ല. വീട്ടിന്നുള്ളിൽനിന്ന് ആരോ നിലവിളിക്കുന്ന ശബ്ദം കേൾക്കുന്നുണ്ട്; ഇല്ലേ?

ഉപേന്ദ്രൻ—എവിടെ?—ഇല്ല.

ഹരി—ദേവേന്ദ്രബാബു, അങ്ങയുടെ മകൾ ചെയ്തിട്ടുള്ള നിരവധി പുണ്യദാനങ്ങളുടേയും ശിവപൂജകളുടേയും ഫലമായിട്ടാണ്, ഇത്ര നല്ല ഒരു വരനെ കിട്ടാൻ പോകുന്നത്.

ശങ്കർ—കുബേരന്നുള്ളപോലെ സമ്പത്ത്.

നവീനൻ—സമ്പത്ത്!—ഔ, അളവുണ്ടോ അതിന്ന്!

വിനോദൻ—പ്രായത്തിനെ അത്ര കണക്കാക്കേണ്ട.

ഹരി—തലയിൽ കുറച്ചു ചായം തേച്ചാൽ പിന്നെ ആരാണ് പറയുക, ഇദ്ദേഹത്തിന്ന് ഇരുപത്തഞ്ചു വയസ്സിലധികം പ്രായമായിട്ടുണ്ടെന്ന്?

സദാനന്ദൻ—പക്ഷേ, പല്ലുകൂടി വെപ്പിക്കേണ്ടിവരും.

ശങ്കർ—എന്താണ് ആലോചിച്ചുകൊണ്ടിരിക്കുന്നത്, ദേവേന്ദ്രബാബു? എന്തിനാണ് ഇനി വൈകിക്കുന്നത്?

ദേവേന്ദ്രൻ—ഇല്ല—ഇതുതന്നെ. എന്നാൽ—ആശീർവദിക്കട്ടെ, സദാനന്ദ?

സദാനന്ദൻ—നിങ്ങളുടെ ഇഷ്ടം.

ദേവേന്ദ്രൻ—സദാനന്ദ, നിങ്ങൾ പൂൎണ്ണമനസ്സോടുകൂടി ഈ കാൎയ്യം ചെയ്യാൻ പറയുന്നതുവരെ, ഞാനൊന്നും പ്രവൎത്തിയ്ക്കില്ല. നിങ്ങൾ പറയൂ, സഹോദര, ഞാൻ സന്തോഷത്തോടുകൂടി ആശീൎവ്വദിയ്ക്കട്ടെ?

ഉപേന്ദ്രൻ—ഞാൻ പറയുന്നു.

നവീനൻ—തൃപ്പാദങ്ങൾ അരുളിച്ചെയ്യുന്നു.

ദേവേന്ദ്രൻ—(സദാനന്ദനോട്) പോരാ, നിങ്ങൾ പറയൂ.

സദാനന്ദൻ—ഞാനെന്താണ് പറയേണ്ടത്? നിങ്ങളുടെ മകൾ; നിങ്ങളുടെ ജാമാതാവ്.

ദേവേന്ദ്രൻ—എന്നാലും, ഒരു ശുഭകാൎയ്യം ചെയ്യാൻ പോവുകയാണല്ലോ! നിങ്ങൾ പ്രസന്നചിത്തനായി പ്രസന്നവദനനായി അനുവാദം തരാതിരിയ്ക്കുന്നതുവരെ, എന്റെ മനസ്സിൽ സംശയം തോന്നിക്കൊണ്ടിരിയ്ക്കും. നിങ്ങൾ തുറന്നുപറയൂ, ആശീൎവ്വദിയ്ക്കട്ടെയോ? സദാനന്ദ, നിങ്ങൾ കുട്ടിക്കാലത്തേ എന്റെ ചങ്ങാതിയും കൂട്ടുകാരനുമാണ്. ഈ സമയത്തു നിങ്ങൾ മിണ്ടാതിരിയ്ക്കുകയോ? നിങ്ങളുടെ മുഖത്ത് ഒരു ചിരി കാണാതെ ഈ ശുഭകാൎയ്യത്തിൽ കയ്യിടാൻ ഞാനാളല്ല. പറയൂ, സഹോദര.

സദാനന്ദൻ—പറഞ്ഞേ കഴിയൂ എങ്കിൽ, ഞാൻ പറയാം. നിങ്ങൾ, നിങ്ങളുടെ മകളെക്കൊണ്ട് ഈ വിവാഹം ചെയ്യിയ്ക്കുന്നതിന്നുപകരം, അവളുടെ കൈകാലുകൾ കെട്ടി വെള്ളത്തിൽ ഒഴുക്കുകയാണെങ്കിൽ, ഇതിലും നന്നായിരിയ്ക്കും.

ഹരി—എന്തുകൊണ്ടു, സദാനന്ദബാബു?

ശങ്കർ—അങ്ങ് എന്താണിപ്പറയുന്നത്?

ഉപേന്ദ്രൻ—ഞാൻ പറയാം, ദേവേന്ദ്ര. എന്താ, സദാനന്ദൻ പറയുന്നതാണോ, ഞാൻ പറയുന്നതിനേക്കാൾ മീതെ? ഞാൻ തന്റെ നേരെ ജ്യേഷ്ഠനാണ്; ഞാൻ പറയുന്നു.

നവീനൻ—തിരുവടി അരുളിച്ചെയ്യുന്നു.

സദാനന്ദൻ—ഉപേന്ദ്രബാബു, അങ്ങയ്ക്കറിഞ്ഞുകൂട, അങ്ങ് എന്താ

ണ് പറയുന്നതെന്ന്. പക്ഷേ, അങ്ങയുടെ സ്നേഹത്തിൻെറ മറയ്ക്കി ലേയ്ക്കു പിന്നിൽ ഒരു കുടിലകടാക്ഷംനിന്നു നൃത്തംചെയ്യുന്നപോലെ തോന്നുന്നു. അങ്ങയുടെ സ്വരത്തിന്ന് ഒരു കത്തിയ്ക്കു മൂർച്ചകൂട്ടുന്ന മട്ടുണ്ട്. ഇതെനിയ്ക്കു മനസ്സിലാവുന്നുണ്ട്. പക്ഷേ, മനസ്സിലാവാത്തത് ഇതാണ്: ആ കത്തികൊണ്ട് ആരുടെ കഴുത്തറിയാനാണ് അങ്ങയുടെ ശ്രമം? അങ്ങയുടെ മരുമകളെയാണോ കൊല്ലാൻ ഭാവം? പക്ഷേ, ഇതെനിയ്ക്കു സങ്കല്പിയ്ക്കാൻ സാധിയ്ക്കുന്നില്ല.

ഹരി—അങ്ങ് എന്താണീപ്പറയുന്നത്, സദാനന്ദബാബു? മഹർഷിയോട്, അങ്ങ് ഈ തരത്തിൽ സംസാരിയ്ക്കുകയോ?

സദാനന്ദൻ—നിങ്ങളോടൊക്കെ ഈ ചോദ്യത്തിന്ന് ഉത്തരം പറയേണ്ടുന്ന ആവശ്യമുണ്ടെന്ന് എനിയ്ക്കു തോന്നുന്നില്ല. നിങ്ങളെല്ലാം നിസ്സാരന്മാർ. എന്നാൽ, അങ്ങ്, ഉപേന്ദ്രബാബു, അങ്ങ്—ഇത്ര നീചനായല്ലോ! നല്ലാളുകൾക്കു പറയാവുന്ന മറെറാരു ശകാരവാക്ക് അന്വേഷിച്ചിട്ടു കിട്ടാത്തതിൽ എനിയ്ക്കു വ്യസനം തോന്നുന്നു.

നവീനൻ—തന്തിരുവടിയെ—

ഉപേന്ദ്രൻ—മിണ്ടാതിരിയ്ക്കു, നവീന!—സദാനന്ദബാബു, പത്താളുകൾ എൻെറ പേരിൽ ഭക്തിയും വിശ്വാസവുംവെച്ചു പോരുന്നുണ്ടെങ്കിൽ, അതിൽ എനിയ്ക്കെന്താണ് കുററം? വൃക്ഷത്തിൻെറ പരിണാമം ഫലത്തിലാണ്. പത്താളുകൾ ആ ഫലം തിന്നിട്ടു വൃക്ഷത്തെ പുകഴ്ത്തുകയാണെങ്കിൽ വൃക്ഷത്തിന്നാണോ അതിൽ കുററം?

സദാനന്ദൻ—ഉപേന്ദ്രബാബു, ക്ഷമിയ്ക്കു. ഞാനങ്ങയെ ശകാരിച്ചു. കാരണം, അങ്ങ് എന്തായാലും, ജ്ഞാനേന്ദ്രൻെറ ജ്യേഷ്ഠനാണ്. ഇതിന്നുമുമ്പൊരിയ്ക്കലും ഞാനങ്ങയെ ശകാരിച്ചിട്ടില്ല. അതെല്ലാം പോകട്ടെ—ദേവേന്ദ്ര, ഈ വിവാഹത്തിന്നു നിങ്ങളുടെ മകൾ അനുകൂലിച്ചിട്ടുണ്ടോ?

ദേവേന്ദ്രൻ—എനിയ്ക്കറിഞ്ഞുകൂടാ.

ഉപേന്ദ്രൻ—വിവാഹത്തിന്നു കുട്ടിയുടെ ആനുകൂല്യമെന്തിനാണ്?
ഹരി—ആ്, ഇതൊരു പുതിയ സംഗതിയാണ്?
നവീനൻ—എടോ, അവിടുന്ന് അരുളിച്ചെയ്യുന്നതിന്നിടയ്ക്ക്?—

(സദാനന്ദൻ വെറുപ്പോടുകൂടി ഉപേന്ദ്രൻെറ നേരെക്കൊന്നു നോക്കുന്നു)

സദാനന്ദൻ—ദേവേന്ദ്ര, നിങ്ങൾ അവളെ കുട്ടിയിലേ വിവാഹം ചെയ്തു കൊടുത്തിരുന്നുവെങ്കിൽ, അവളുടെ സമ്മതത്തിൻെറ ആവശ്യമില്ലായിരുന്നേനേ. എന്നാൽ നിങ്ങൾ അവൾക്ക് പതിനഞ്ചു പതിനാറു വയസ്സാവുന്നതുവരെ, അവളെ വിവാഹംചെയ്തു കൊടുത്തില്ല; അവൾക്ക് ഉയൎന്ന വിദ്യാഭ്യാസവും കൊടുപ്പിച്ചു. ഈ സ്ഥിതിയ്ക്കു, ചുരുങ്ങിയ പക്ഷം നിങ്ങൾ, അവളുടെ ഭാവിയെപ്പററി അവൾക്കുള്ള അഭിപ്രായത്തെ നിരസിയ്ക്കാതിരിയ്ക്കണം.

യജ്ഞേശ്വരൻ—അപ്പോൾ, സദാനന്ദബാബു, നിങ്ങൾ ഈ ശുഭകാൎയ്യത്തിൽ വിഘ്നം വലിച്ചിടുന്നതെന്തിനാണ്? ദേവേന്ദ്രബാബു, ഞാൻ പലിശയും മുതലും ഇതാ വിട്ടുതരുന്നു.

സദാനന്ദൻ—ദേവേന്ദ്ര, ആദ്യംതന്നെ കന്യകയുടെ അഭിപ്രായം അറിയൂ.

ഉപേന്ദ്രൻ—കന്യക ഇതിനെപ്പററി വേണ്ടാ എന്നു പറയില്ല. നമ്മുടെ അഭിപ്രായംതന്നെ അവളുടേയും അഭിപ്രായം.

(കുറെ ആളുകളോടുകൂടി കേദാർ പ്രവേശിക്കുന്നു. എല്ലാവരുടെ കയ്യിലും വടിയുണ്ട്)

കേദാർ—ഇതാ, ഞാൻ എത്തിപ്പോയി! തക്കസമയത്തെത്തി!
സദാനന്ദൻ—കേദാരല്ലേ ഇത്! ഇതെന്താണ് സഹോദര!
കേദാർ—അതു പിന്നെപ്പറയാം. ആദ്യം ഈ നീചപ്പട്ടിയെ—(യജ്ഞേശ്വരനോട്) എടോ, മണാളൻ! എഴുന്നേല്ക്ക്. കടക്ക് പുറത്ത്!
യജ്ഞേശ്വരൻ—ഇതെന്ത്! ദേവേന്ദ്രബാബു—
കേദാർ—എഴുന്നേല്ക്കാനാണ് പറയുന്നത്. എടാ ചെററേ! നരച്ച കുമ്പളങ്ങേ! ചീഞ്ഞ ചക്കേ! പുളിച്ച മാങ്ങേ! ഊം, എഴുന്നേല്ക്ക്, കടക്ക് പുറത്ത്!

ദേവേന്ദ്രൻ—എന്താണീച്ചെയ്യുന്നത്, കേദാർ?

കേദാർ—മിണ്ടാതിരിയ്ക്കു. വഴക്കൊന്നുമുണ്ടാവില്ല! (യജ്ഞേശ്വരനോട്) കഴുതേ! എഴുന്നേല്ക്ക്. കുതിരേ. പേപ്പട്ടി! എഴുന്നേല്ക്ക്! ഇല്ലെങ്കിൽ, ഇപ്പോൾ കാച്ചും തലയ്ക്ക്. ഇവന്റെ ഒരു കാൽ ഗങ്ഗയിലും മറേറ കാൽ കാലന്റെ വായിവുമാണ്! ഈ സമയത്ത്—ഈ ദശയിൽ—അവൻ വിവാഹം കഴിയ്ക്കാൻ വന്നിരിയ്ക്കുന്നു! എഴുന്നേല്ക്ക്! എടാ കാട്ടുകള്ള! വങ്ക! ചതിയ! വഷള! ദുഷ്ട!

യജ്ഞേശ്വരൻ—നിങ്ങൾ എന്തിനാണ് എന്നെ ശകാരിയ്ക്കുന്നത്?

ഉപേന്ദ്രൻ—കേദാർ, നിങ്ങൾ വെറും നാടന്മാരെപ്പോലെയാണ് പെരുമാറുന്നത്.

കേദാർ—അല്ലാ! മഹർഷിയുമുണ്ടല്ലോ ഇവിടെ! ദേവർഷി ഇവിടെയുണ്ട്. മഹർഷി എവിടെപ്പോയി എന്നു ഞാൻ സംശയിയ്ക്കുയായിരുന്നു. (യജ്ഞേശ്വരനോട്) എഴുന്നേല്ക്ക് നായേ! ഇല്ലെങ്കിൽ ചെരിപ്പു കൊണ്ടു വീക്കും.

സദാനന്ദൻ—എയ്, കേദാർ!

കേദാർ—സദാനന്ദബാബു! ഞാൻ പറയാം, അങ്ങ് ഒന്നും മിണ്ടരുത്. എനിയ്ക്കു വണ്ടിയ്ക്കുപോകാൻ സമയം വൈകിത്തുടങ്ങി. ഈ പന്നിക്കുട്ടികളെ ഇവിടെനിന്ന് ആട്ടിപ്പായിയ്ക്കാതെ ഞാൻ പോവില്ല. ഇതാണ് സത്യം. മര്യാദയ്ക്കു പറഞ്ഞാൽ പോവുകയാണ് ഇവക്കു നല്ലത്. അല്ലെങ്കിൽ, എനിയ്ക്കു വടി പ്രയോഗിയ്ക്കേണ്ടിവരും. പച്ചപ്പരമാത്ഥമാണിത്. എന്താ എഴുന്നേല്ക്കാൻ ഭാവമുണ്ടോ, കഴുവേറികളേ? അതോ, നാലു കിട്ടിയാൽ കൊള്ളാമെന്നുണ്ടോ?

ഹരി—ഇതു വല്ലാത്ത അന്യായം തന്നെ! സജ്ജനങ്ങളെ ഇങ്ങിനെ അവമാനിയ്ക്കുകയോ?

കേദാർ—മിണ്ടാതിരിയ്ക്കിൻ—നിങ്ങളെല്ലാം, മുഖസ്തുതിക്കാരായ കുതിരകളാണ്—പട്ടികൾ, ചവിററിലക്കിളികൾ, കടവാതില്പകൾ!

ശങ്കർ—എന്താ, കേദാർബാബു, ഞങ്ങളെ എല്ലാം ശകാരിയ്ക്കുകയാണോ?

കേദാർ—മിണ്ടാതിരിക്കൂ് വിഡ്ഢി!

ശങ്കർ—എന്ത്, നിങ്ങൾ എന്നെ വിഡ്ഢിയാക്കുകയാണോ?

കേദാർ—ആക്കാനെന്താണുള്ളത്? നിങ്ങൾ സ്വതവേ വിഡ്ഢിയാണ്.

യജ്ഞേശ്വരൻ—നോക്കു, നിങ്ങളെല്ലാം സജ്ജനങ്ങളെപ്പോലെ ഇരിക്കണം. വഴക്കടിക്കരുത്.

ശങ്കർ—ഇനി വിഡ്ഢി എന്നു വിളിച്ചാൽ— (കുപ്പായത്തിൻെറ കയ്യ് വലിച്ചു കേററുന്നു)

കേദാർ—ആ്, ആ് ഇനിയും പറയാം, വിഡ്ഢി!

ശങ്കർ—വീണ്ടും പറയുകയാണോ?

കേദാർ—അതേ, പറയുകതന്നെയാണ്.

ശങ്കർ—ആട്ടെ, പറയൂ, കാണിച്ചുതരാം.

കേദാർ—എനിക്കു നേരം വൈകുന്നു. സദാനന്ദബാബു, ഇപ്പോൾ എൻെറ കുററമാണോ? (യജ്ഞേശ്വരനോട്) പോ, ചീഞ്ഞ മാങ്ങയുടെ അണ്ടി! എഴുന്നേല്ക്കൂ്!

(മുട്ടുകൊണ്ട് ഇടിക്കുന്നു)

യജ്ഞേശ്വരൻ—മുട്ടുകൊണ്ട് ഇടിക്കുകയാണോ?

കേദാർ—അതേ, എന്താ മനസ്സിലാകുന്നില്ലേ? ഇതാ വീണ്ടും നോക്കിക്കോളൂ. (മുട്ടുകൊണ്ടു വീണ്ടും ഇടിക്കുന്നു) മനസ്സിലായോ? (കൂട്ടുകാരോടു) അടി തുടങ്ങിക്കോളിൻ.

യജ്ഞേശ്വരൻ—ശരി, ഞാൻ പോയ്ക്കോളാം. പക്ഷേ, ഓർമ്മ വെച്ചോളൂ, കേസ്സു ഞാൻ കൊടുക്കും—വിടില്ല, കാണിച്ചുതരാം.

(യജ്ഞേശ്വരനും ഉപേന്ദ്രൻെറ ഭക്തഗണങ്ങളും പോകുന്നു. ഹരിയും ശങ്കരും 'കാണിച്ചുതരാം' എന്നു പറഞ്ഞു പോകുന്നു)

കേദാർ—ശരി, കാണിച്ചുതരിൻ, നായ്ക്കളേ! നിങ്ങളെല്ലാം നീചപ്പട്ടികളാണ്. ഈ യജ്ഞേശ്വരൻ,—അവൻ രണ്ടു ദിവസത്തിന്നുള്ളിൽ 'സിദ്ധികൂടാ'ൻ പോവുകയാണ്; എന്നിട്ടുണ്ട്, വിവാഹത്തിന്നു വന്നിരിക്കുന്നു!—മഹർഷി, അങ്ങ് കൂട്ടുകാരെ വിട്ട്, നാറി

പ്പളിച്ച വസ്ത്രത്തിൽനിന്നു വീണ ഒരു പുഴുവെപ്പോലെ ഇവിടെ പെട്ടു. വീട്ടിലേക്കു പോയ്ക്കോളൂ; പോയി ഗീത വായിച്ചോളൂ!

ഉപേന്ദ്രൻ — ഇതിന്നു നിങ്ങൾക്കു ജയിലിൽ പോകേണ്ടിവരും.

(പോകുന്നു)

കേദാർ — ഒരുനൂറുതവണ തയ്യാറാണ്. എന്റെ കർത്തവ്യം ഞാൻചെയ്തു. ഫലം തരേണ്ടത് ഈശ്വരനാണ്.

സദാനന്ദൻ — കേദാർ, ആളുകൾ ഗീത വായിക്കുന്നേയുള്ളു. എന്നാൽ, നിങ്ങൾ, അതനുഷ്ഠിക്കുകയാണ് ചെയ്യുന്നത്. വരൂ, നിങ്ങളെ ഒന്നു കെട്ടിപ്പുണരട്ടെ.

(കേദാറിനെ കെട്ടിപ്പിടിച്ചു പോകുന്നു)

കേദാർ — ഇനി ശരിക്കു മൂന്നു മിനിട്ടു ബാക്കിയുണ്ട്.

ദേവേന്ദ്രൻ — നിങ്ങൾ എന്താണീച്ചെയ്തത്, കേദാർ?

കേദാർ — ഒന്നും പറയണ്ട. വഴക്കാവും. പന്ത്രണ്ടും അഞ്ചും പതിനേഴ്; ഇപ്പോഴും വണ്ടി കിട്ടും. ദേവേന്ദ്ര, നിങ്ങൾ ഈ കഴുവേറിക്കു മകളെ വിവാഹം ചെയ്തുകൊടുക്കുകയാണെങ്കിൽ, അതത്ര പന്തിയാവില്ല. ഇതാ പറഞ്ഞുകഴിഞ്ഞു. അതല്ല, നിങ്ങൾ ഈ വിവാഹം നടത്തുകയാണെങ്കിൽ, ഓർമ്മവെച്ചോളൂ, എന്റെ ഒരൊററ ഇടിക്കു നിങ്ങളുടെ മകൾ വിധവയായിത്തീരും, പറഞ്ഞേക്കാം.

(പോകുന്നു)

(ദേവേന്ദ്രൻ തനിയേ ആലോചിച്ചുകൊണ്ടിരിക്കുന്നു)

---

## രണ്ടാം അങ്കം

---

### രംഗം ൧

സ്ഥലം—ദേവേന്ദ്രന്റെ വീട്.

സമയം—സന്ധ്യ.

(ദേവേന്ദ്രനും സദാനന്ദനും)

ദേവേന്ദ്രൻ — ഒരു മാസത്തെ തടവുശിക്ഷയോ? എന്താണീപ്പറയുന്നത്?

സദാനന്ദൻ—ജയിലിൽ പോകേണ്ടിയിരുന്നില്ല; പത്തുപതിനഞ്ചുറു പ്പിക പിഴയടച്ചാൽ മതിയായിരുന്നു. എന്നാൽ, കേദാർ, ഒരൊത്ത മനുഷ്യനാണ്—അയാൾ മനഃപൂർവ്വം ജയിലിൽ പോയി.

ദേവേന്ദ്രൻ—എങ്ങിനെ?

സദാനന്ദൻ—ന്യായാധിപൻ ചോദിച്ചു: "നിങ്ങൾ തല്ലിയോ?" കേദാർ ഉത്തരം പറഞ്ഞു: "നല്ലവണ്ണം തല്ലി." പിന്നെ ന്യായാധിപൻ "നിങ്ങൾ ഇതിൽ പശ്ചാത്തപിക്കുമോ" എന്നു ചോദിച്ചു. അപ്പോൾ, കേദാർ പറയുകയാണ്: "ഇല്ല. ലവലേശമില്ല. വേണ്ടിവന്നാൽ ഇനിയും തല്ലും."

ദേവേന്ദ്രൻ—പാവം! ഞാൻമൂലം ജയിലിൽ പോയി. അച്ഛൻ മകളെ കൊല്ലാനായി വാളുയർത്തി; എന്നാൽ കേദാർ മുമ്പിൽവന്ന്, ആ വാൾവെട്ടു തൻെറ മാറത്തു സ്വീകരിച്ചു; അച്ഛൻെറ പക്കൽ നിന്നു മകളെ രക്ഷിയ്ക്കാൻവേണ്ടി—ഓ:

സദാനന്ദൻ—ഇന്നു നിങ്ങൾ ജോലിക്കു പോകുന്നില്ലേ?

ദേവേന്ദ്രൻ—ജയിലിൽപ്പോയി—ഞാൻ കാരണം!

സദാനന്ദൻ—നിങ്ങളുടെ ചെറിയ കുട്ടിയുടെ പനി എങ്ങിനെയിരിക്കുന്നു?

ദേവേന്ദ്രൻ—എനിയ്ക്കുവേണ്ടി—എൻെറ മകൾക്കുവേണ്ടി—ജയിൽ—ഞാൻ ആ കുട്ടിയുടെ അച്ഛനാണ്.

സദാനന്ദൻ—ഡാക്റ്റർ വന്നിരുന്നുവോ?

ദേവേന്ദ്രൻ—സമുദായം!—

സദാനന്ദൻ—ഇതെന്താണ്? എന്താണിങ്ങിനെ മിഴിച്ചു നോക്കുന്നത്?

ദേവേന്ദ്രൻ—നല്ല സമുദായം!—സദാനന്ദ! ഹിന്ദുസമുദായത്തിലെ ദരിദ്രകുടുംബങ്ങളിൽ പെൺകുട്ടികൾ ജനിയ്ക്കുന്നതെന്തിനാണ്? അറിയാമോ? പറയാൻ കഴിയുമോ? ഈ അറയ്ക്കുന്ന ചന്തയിലേയ്ക്കു സ്വർഗ്ഗത്തിലെ ദേവികൾ ഇറങ്ങിവരുന്നതെന്തിനാണ്? എന്താണവർക്കുള്ള അപരാധം? അപരാധമെന്താണ്?

സദാനന്ദൻ—സമുദായത്തിനെ എന്തിനു കുററപ്പെടുത്തുന്നു, ദേവേന്ദ്ര? ദോഷം സമുദായത്തിൻേറതല്ല. നിങ്ങളുടെയൊക്കെത്തന്നെയാണ്. പഠിക്കേണ്ട പ്രായത്തിൽ എന്തിനു വിവാഹം കഴിക്കുന്നു?

ദേവേന്ദ്രൻ—എന്നെ വിവാഹം കഴിപ്പിച്ചത് അച്ഛനാണ്.

സദാനന്ദൻ—അച്ഛൻെറ തെററുകൊണ്ടു മകൻ കഷ്ടപ്പെടുന്നു! ഇതൊരു പുതിയ സംഗതിയൊന്നുമല്ല.

ദേവേന്ദ്രൻ—ഇല്ല, അദ്ദേഹത്തിന്നു കുററമൊന്നുമില്ല. അദ്ദേഹം അമ്മമുഖേന എൻെറ അഭിപ്രായം ചോദിച്ചു. എനിക്കു് നല്ല ഓമ്മയുണ്ട്, ഞാൻ സമ്മതിച്ചു തല കുലുക്കി. അന്ന് എൻെറ വിചാരം, വിവാഹത്തിൻെറ നന്ദനോദ്യാനത്തിൽ കേവലം പാരിജാതപുഷ്പങ്ങളെ വിടരുകയുള്ളൂ; കുയിലുകൾ പാട്ടുപാടും, സുഗന്ധസ്നിഗ്ദ്ധമായ മലയാനിലൻ മനസ്സിനെ കുളിപ്പിച്ചുകൊണ്ടിരിക്കും, എന്നൊക്കെയാണ്. ഇതുണ്ടോ, അന്നു ഞാനറിഞ്ഞു? ഓ:—ഇപ്പോൾ ഈ കുടുക്കിൽനിന്നും പുറത്തു ചാടാൻ ഒരുപായവുമില്ല. ഒരുപായവുമില്ല, പുറത്തുചാടാൻ!—ഒരുപായവുമില്ലേ, സദാനന്ദ?

സദാനന്ദൻ—ഉപായം അന്നേ ഞാൻ നിങ്ങളോടു പറഞ്ഞുകഴിഞ്ഞിരിക്കുന്നു.

ദേവേന്ദ്രൻ—വയ്യ; അതിന്ന് എനിക്കു ധൈയ്യം തോന്നുന്നില്ല. പക്ഷേ എന്തുകൊണ്ട്? എന്തേ ധൈയ്യം തോന്നാതിരിക്കാൻ? ഞാനും മനുഷ്യനാണ്. വയ്യ —വിട്ടുകളയാം. തീച്ചപ്പെടുത്തി. വിട്ടുകളയാം.

സദാനന്ദൻ—എന്ത്?

ദേവേന്ദ്രൻ—ഞാൻ അതിൻെറ അധീനത്തിലാണ്. അതു മുറുക്കിപ്പിടിച്ചിരിക്കയാണ്. വയ്യ, എന്നെക്കൊണ്ടാവില്ല—എന്താണാവാതെ?—സദാനന്ദ!

സദാനന്ദൻ—എന്താണ് ദേവേന്ദ്ര? നിങ്ങൾ എന്തൊക്കെയാണ് പറയുന്നത്?

ദേവേന്ദ്രൻ—സദാനന്ദ, ഞാൻ ഭിക്ഷ യാചിക്കുന്നു, തരുമോ?

സദാനന്ദൻ—എന്താണ് വേണ്ടത്? പറയൂ, പറയൂ. എന്തിനാണ് മടിക്കുന്നത്? ദേവേന്ദ്ര, നിങ്ങൾ എന്നെ ഇതേവരെ മനസ്സിലാക്കിയിട്ടില്ല. എൻെറ പകുതി സ്വത്തു നിങ്ങൾ ചോദിക്കുന്നതായാൽക്കൂടി ഞാനതു സന്തോഷത്തോടുകൂടി തരാനൊരുക്കമാണ്. ഇതുവരെ തരാത്തതിനുള്ള കാരണം, നിങ്ങളോടു പറയാനുള്ള ധൈര്യമില്ലായ്കയാണ്; പിന്നെ നിങ്ങൾ ആവശ്യപ്പെട്ടതുമില്ല. എന്നാൽ, ഒരു തവണ ആവശ്യപ്പെട്ടുനോക്കൂ.

ദേവേന്ദ്രൻ—വേണ്ട, എനിക്കു നിങ്ങളുടെ പണം വേണ്ട; എന്നാൽ, അതിനേക്കാളധികം വിലപ്പെട്ട ഒരു സാധനമാണ് എനിക്കു വേണ്ടത്. എനിക്കു വേണ്ടതു, നിങ്ങളുടെ മകനെയാണ്. എൻെറ മകളെ നിങ്ങളെടുത്തോളൂ.

സദാനന്ദൻ—മനസ്സിലായി; എന്നാൽ, സ്നേഹിതാ, നിങ്ങൾചോദിച്ചത് എനിക്ക് തരാൻ കഴിയാത്ത ഒരു സാധനമാണ്. മകൻെറ വിവാഹം, അയാളുടെ ഇഷ്ടാനിഷ്ടങ്ങളെ ആശ്രയിച്ചിരിക്കുന്നു; എന്നെയല്ല.

ദേവേന്ദ്രൻ—എനിക്കറിയാം, നിങ്ങളുടെ മകനു സമ്മതമാണ്.

സദാനന്ദൻ—സമ്മതമാണോ? എന്നാൽപ്പിന്നെ, ദേവേന്ദ്ര, നിങ്ങളുടെ മകൾ ഇന്നുമുതൽ എൻെറ മകളാണ്.

ദേവേന്ദ്രൻ—സദാനന്ദ, എന്നാൽ ഇപ്പോൾ പൊയ്ക്കോളൂ. മതി; പൊയ്ക്കോളൂ. അപ്പോഴയ്ക്കും, ഞാൻ എൻെറ മനസ്സിനെ ഉറപ്പിക്കട്ടെ.

(സദാനന്ദൻ പോകുന്നു. ദേവേന്ദ്രൻ കരയാൻ തുടങ്ങുന്നു)

(ഉപേന്ദ്രൻ പ്രവേശിക്കുന്നു)

ഉപേന്ദ്രൻ — ദേവേന്ദ്ര, അനുജ, ഞാനിതാ വന്നിരിക്കുന്നു—ആ കാര്യം—

ദേവേന്ദ്രൻ—ജ്യേഷ്ഠ, ഞാൻ തീർച്ചപ്പെടുത്തി! ഞാൻ സുശീലയെ സദാനന്ദൻെറ മകനു വിവാഹംചെയ്തുകൊടുക്കും. ഇനി മറ്റൊന്നും പറയേണ്ട ആവശ്യമില്ല.

ഉപേന്ദ്രൻ—ഇതെന്താണ്? തനിയ്ക്കു ഭ്രാന്തു പിടിച്ചുവോ?

ദേവേന്ദ്രൻ—ഒരുപക്ഷെ—

ഉപേന്ദ്രൻ—സമുദായത്തെ—

ദേവേന്ദ്രൻ—ഉപേക്ഷിയ്ക്കും.

ഉപേന്ദ്രൻ—തീച്ചയായും തന്റെ മകളുടെ മേൽ, തനിയ്ക്കു പൂണ്ണാധികാരമുണ്ട്. എന്നാലും, താൻ സനാതനധമ്മത്തെ രക്ഷിച്ചു പ്രവത്തിയ്ക്കുകയാണെങ്കിൽ, അതധികം നന്നായിരിയ്ക്കും. ഈ പുരാതനമായ—

ദേവേന്ദ്രൻ—പുരാതനമായിരിയ്ക്കാം. ജ്യേഷ്ഠ, അങ്ങുതന്നെ പറയൂ, ഈ സമുദായം, അതിന്നുവേണ്ടി സകല സുഖസൌകയ്യങ്ങളും ഉപേക്ഷിച്ച്, ഞാൻ അതിന്റെ അടിമപ്രവൃത്തി ചെയ്യത്തക്കവണ്ണം, എനിയ്ക്ക് എന്തുപകാരമാണ് ചെയ്തിട്ടുള്ളത്? എനിയ്ക്ക് ഒരുപകാരവും ഈ സമുദായം ഇതേവരെ ചെയ്തിട്ടുള്ളതായി ഞാൻ കണ്ടിട്ടില്ല. എല്ലായ്പോഴും അത്, എന്റെമേൽ അധികാരം നടത്തുന്നതായിട്ടാണ് ഞാൻ കണ്ടുവരുന്നത്. പണ്ടൊക്കെ ഒരാളുടെ ആപത്തു പത്തുപേർകൂടി പങ്കിട്ടെടുക്കുക പതിവുണ്ടായിരുന്നു, തീച്ചതന്നെ. എന്നാൽ, ഈ കാലത്തു—വീട്ടിന്നുതൊട്ട് അയൽവക്കത്ത് ഒരാൾ മരിച്ചുകിടക്കുകയാണെങ്കിലും, ഒരാളും എത്തിനോക്കുകപോലും ചെയ്യില്ല. ഈ സമുദായം നിലനിന്നാലെന്താണ്, ഇല്ലെങ്കിലെന്താണ്?

ഉപേന്ദ്രൻ—സ്വാത്ഥത്യാഗം ചെയ്യൂ ദേവേന്ദ്ര, കേവലം സ്വാത്ഥത്യാഗം ചെയ്യൂ. അഹോ, ഈ സ്വാത്ഥത്യാഗം അതിവമധുരംതന്നെ! ഞാൻ ഒരു തികഞ്ഞ സ്വാത്ഥത്യാഗിയാണെന്ന് അഭിമാനിയ്ക്കുന്നില്ല. കേവലം അതിന്നുവേണ്ടി പരിശ്രമിയ്ക്കുന്നു. നാരായണ! ശ്രീ ഹരിഗോവിന്ദ!

ദേവേന്ദ്രൻ—സ്വാത്ഥത്യാഗം ചെയ്യണോ? എന്തിന്നുവേണ്ടി, ജ്യേഷ്ഠ? ഈ സമുദായത്തിന്നുവേണ്ടിയോ?—എന്റെ സുഖത്തേയും മകളുടെ സുഖത്തേയും ഞാൻ ബലികഴിയ്ക്കാമായിരുന്നു; ആ ബലിമാംസം

കൊണ്ടു സമുദായത്തിൻെറ വയർ നിറയുമെന്നുണ്ടെങ്കിൽ. തിന്നുതിന്ന് അതിൻെറ വയറിൻെറ വ്യാസം വല്ലാതെ വലുതായിരിക്കുന്നു. സമുദായത്തിൻെറ താന്തോന്നിത്തങ്ങൾ കണക്കിലധികം വർദ്ധിച്ചു പോയി. ഞാനതു വകവെയ്ക്കില്ല.

ഉപേന്ദ്രൻ—പക്ഷേ, ആലോചിച്ചുനോക്കു, ദേവേന്ദ്ര: തനിക്കു തന്നോട്ടും ചില കടമയുണ്ട്. ബിലാത്തിയിൽപ്പോയിവന്ന ഒരാളുടെ മകനു, മകളെ വിവാഹം ചെയ്തുകൊടുക്കുന്നതായാൽ, സമുദായം തനിക്കു ഭ്രഷ്ട് കല്പിക്കും.

ദേവേന്ദ്രൻ—നിവൃത്തിയില്ലെങ്കിൽ, സമുദായത്തിൽനിന്നു വിട്ടുനില്ക്കുകയും ചെയ്യും. ഇതിലിപ്പോൾ ഒട്ടും അവമാനമില്ല; നേരേമറിച്ച്, അന്തസ്സാണുള്ളത്. വിദ്യാസാഗർ, രാമമോഹനറായി, കേശവചന്ദ്രസെൻ മുതലായ മഹാപുരുഷന്മാർ സമുദായത്തിൽനിന്ന് ഒഴിഞ്ഞുനില്ലേ, അതേ സമുദായത്തിൽനിന്ന് ഒഴിഞ്ഞുനില്ക്കുന്നതിൽ, എനിക്കൊട്ടും ലജ്ജ തോന്നുന്നില്ല. സമുദായം ആർക്കാണ് ഭ്രഷ്ട് കല്പിക്കുന്നത്? അന്ത്യജന്മാരെ കെട്ടിപ്പുണരുന്നവരെ; മരണംപ്രാപിച്ച അച്ഛനുവേണ്ടി പ്രായശ്ചിത്തം ചെയ്യാത്തവരെ; വിധവകളായ ബാലികമാരുടെ ദുഃഖം കണ്ടു ഹൃദയം തകരുന്നവരെ; പണമില്ലാത്തതിനാൽ, മകളെ വളരെ പ്രായം ചെല്ലുന്നതുവരെ വിവാഹം ചെയ്തുകൊടുക്കാൻ കഴിയാത്തവരെ; ആരുടെ ഭാര്യയാണോ ഭക്ഷണത്തിന്നു നിവൃത്തിയില്ലാതെ, പുറത്തു കൂലിവേലയ്ക്കു പോകുന്നത്; ആരാണോ വിദ്യാഭ്യാസത്തിന്നായി ബിലാത്തിയിലേയ്ക്കു പോകുന്നത്—അവരെയൊക്കെയാണ് സമുദായം പുറത്താക്കുന്നത്. എന്നാൽ, വഞ്ചകന്മാരേയും, വ്യഭിചാരികളേയും, കള്ളന്മാരേയും, തെമ്മാടികളേയും, സ്ത്രീഹത്യ ചെയ്യുന്നവരേയും, പലപ്രാവശ്യം കാരാഗൃഹത്തിൽനിന്നു ചാടിപ്പോന്നവരേയും, അനേകായിരം പാവങ്ങളുടെ വീടുകൾ തീവെച്ച് വിശപ്പസ്തന്മാരുടെ വീടു തുരന്ന്, രണ്ടുനാലു കൊല നടത്തി, അതേ ചോര പുരണ്ട കൈകൊണ്ടു ധനം കവച്ചു ചെയ്യുന്നവരേയും ഈ സനാതനസമു

ദായം അനുഗ്രഹിച്ചിരുത്തിയിരിക്കുന്നു. വിദ്യാസാഗറിനെ സമുദായത്തിൽനിന്നു അകററിനിൎത്തി, വ്യഭിചാരികളായ വഞ്ചകന്മാരെ വലിയ ധാൎമ്മികരാണെന്നു കരുതിപ്പോരുന്നു! ജ്യേഷ്ഠ; ഞാൻ ഈ സമുദായത്തിൽനിന്നു വിട്ടുനില്ക്കുകതന്നെ ചെയ്യും.

ഉപേന്ദ്രൻ—മനസ്സിലായി, അനുജ. ദേവേന്ദ്ര, താൻ ശാസ്ത്രം പഠിച്ചിരുന്നെങ്കിൽ! ഞാൻ എല്ലാം ശാസ്ത്രങ്ങളും വായിച്ചിട്ടുണ്ടെന്നു വാദിക്കുന്നില്ല; എന്നാലും, ഹിന്ദുക്കളുടെ പ്രധാനങ്ങളായ ചില ശാസ്ത്രങ്ങളെല്ലാം ഞാൻ വായിച്ചിട്ടുണ്ട്, തീൎച്ച.

ദേവേന്ദ്രൻ—അതിൻെറ ഫലം കണ്ണിന്മുമ്പിൽത്തന്നെയുണ്ടല്ലോ. ഈ രണ്ടെണ്ണത്തിൽ ഒന്നു തിരഞ്ഞെടുക്കാൻ വലിയ വിഷമമൊന്നുമില്ല. ഞാൻ തിരഞ്ഞെടുത്തിരിക്കുന്നു.

ഉപേന്ദ്രൻ—ദേവേന്ദ്ര!

ദേവേന്ദ്രൻ—വേണ്ട, ജ്യേഷ്ഠ! എനിക്ക് അങ്ങയുടെ ഒരുപദേശവും ആവശ്യമില്ല. പോയ്ക്കോളു. അങ്ങയുടെ ഉപദേശം വൈഷ്ണവന്മാൎക്കു വീതിച്ചുകൊടുക്കാം. എനിക്കു വേണ്ട.

ഉപേന്ദ്രൻ—എന്നാൽപ്പിന്നെ തൻെറ ഇഷ്ടംപോലെ ചെയ്തുകൊള്ളു. മധുസൂദന! ശ്രീഹരി! നാരായണ ഗോവിന്ദ! (പോകുന്നു)

ദേവേന്ദ്രൻ—ഈ കാൎയ്യത്തിൽ വല്ല സംശയവുമുണ്ടായിരുന്നെങ്കിൽത്തന്നെ, അതങ്ങയുടെ പെരുമാററത്താൽ ദൂരപ്പെട്ടു. ഇനി എനിക്കു യാതൊരു ശങ്കയുമില്ല.

(കാമിനി പ്രവേശിക്കുന്നു)

സുശീലയുടെ അമ്മേ! ആഘോഷിക്കു, ആനന്ദിക്കു!

കാമിനി—എന്തേ?

ദേവേന്ദ്രൻ—ഞാൻ ബന്ധനമുക്തനാവാൻ പോകുന്നു. സമുദായത്തിൻെറ ബന്ധനമറുത്തു കൂടുതകൎത്തു പുറത്തുചാടാനുള്ള ഭാവമാണ്. എൻെറകൂടെ നീയും വരുമോ?

കാമിനി—എവിടേയ്ക്ക്?

ദേവേന്ദ്രൻ—അവിടേയ്ക്ക്: ആ നീലച്ച ആകാശത്തിലേയ്ക്ക്; ആ സൂ

ഴ്ച്ചപ്രകാശത്തിലേക്ക്; ആ തുറന്ന, പരിശുദ്ധമായ വായുമണ്ഡല ത്തിലേയ്ക്കു്—നോക്കു, ഞാൻ സദാനന്ദന്റെ മകന്നു സുശീലയെ വിവാഹം ചെയ്തുകൊടുക്കും.

കാമിനി—ആൎക്ക്?

ദേവേന്ദ്രൻ—സദാനന്ദന്റെ മകൻ വിനയകുമാരന്ന്.

കാമിനി—നിശ്ചയിച്ചുവോ?

ദേവേന്ദ്രൻ—ഉവ്വ്; നിശ്ചയിച്ചു. കുറച്ചു സംശയമുണ്ടായിരുന്നതെല്ലാം ജ്യേഷ്ഠനുമായി സംസാരിച്ചപ്പോൾ തീൎന്നു. വിവാഹത്തിന്നു് ഒരുക്കം കൂട്ടിക്കൊള്ളൂ.

കാമിനി—ഇതിലും വലിയൊരു സുഖം എന്താണുണ്ടാവാനുള്ളത്? ഇതുതന്നെയാണ് മകൾക്കും ഇഷ്ടമെന്നാണു തോന്നുന്നത്.

ദേവേന്ദ്രൻ—നിനക്കു സമ്മതമാണോ?

കാമിനി—അങ്ങയുടെ ഇഷ്ടംതന്നെയാണ് എന്റേയും ഇഷ്ടം. പോകട്ടെ, പോയി സുശീലയോടു പറയട്ടെ. (പോകുന്നു)

ദേവേന്ദ്രൻ—പ്രിയേ, മനസ്സിൽ അടക്കിവെയ്ക്കാവുന്നതാണോ നിനക്കുള്ള ആഹ്ലാദം? വായിൽ നാവുകൊണ്ടു നീ പതിഭക്തി കാണിച്ചുപറഞ്ഞു, "അങ്ങയുടെ ഇഷ്ടംതന്നെയാണ് എന്റേയും ഇഷ്ടം." എന്നാൽപ്പിന്നെ, യജ്ഞേശ്വരനുമായുള്ള വിവാഹത്തെപ്പററി പറഞ്ഞപ്പോൾ, എന്തേ, കണ്ണിൽ വെള്ളം നിറയാൻ? ഇപ്പോൾ, വിനയന്നു വിവാഹം ചെയ്തുകൊടുക്കാൻ നിശ്ചയിച്ചപ്പോഴോ, ഉള്ളിലെ സന്തോഷം അടങ്ങിക്കിടക്കുന്നേ ഇല്ല! നിന്റെ ശരീരം ഇത്ര തടിച്ചതല്ലായിരുന്നുവെങ്കിൽ, തീൎച്ചയായും, നീ നിന്നു നൃത്തം വെയ്ക്കുമായിരുന്നു! (പോകുന്നു)

(കാമിനിയും വിനോദിനിയും പ്രവേശിക്കുന്നു)

കാമിനി—സുശീല എവിടെയാണ് മകളേ?

വിനോദിനി—കുളിച്ചും കാലും കഴുകി വരുന്നുണ്ടാവും.

കാമിനി—ഒരു നല്ല വൎത്തമാനം കേൾക്കണോ, കുട്ടീ?

വിനോദിനി—എന്താണമ്മേ?

കാമിനി—നിന്റെ അച്ഛനും സമ്മതമാണ്, സുശീലയെ വിനയനു വിവാഹം ചെയ്തുകൊടുക്കാൻ.

വിനോദിനി—(ഉത്സാഹത്തോടുകൂടി) സമ്മതമാണ്?

കാമിനി—അതേ. ഞാൻ അതു സുശീലയോടു പറയാൻ പോവുകയാണ്. (പോകുന്നു)

വിനോദിനി—(സ്വഗതം) സുശീലയ്ക്ക് എത്ര സന്തോഷമാവും—ഞാനോ? ഇല്ല, അവളുടെ സുഖംതന്നെയാണ് എന്റെയും സുഖം. വിധവയ്ക്കു മറ്റൊരാഗ്രഹവുമില്ല. ഈശ്വരാ! ഞാൻ ഈ കഠിന വ്രതം വരിച്ചു. ഇതിനെ പൂർത്തിയാക്കേണ്ടത് അങ്ങയുടെ കയ്യാണ്.

(സുശീല പ്രവേശിക്കുന്നു)

വിനോദിനി—സുശീലേ, ഒരു സന്തോഷവർത്തമാനം കേൾക്കണോ?

സുശീല—കേട്ടുകഴിഞ്ഞു, ജ്യേഷ്ഠത്തി. പക്ഷേ, അതുണ്ടാവില്ല.

വിനോദിനി—എന്തുണ്ടാവില്ല?

സുശീല—ഞാൻ അദ്ദേഹത്തെ വിവാഹം ചെയ്യില്ല.

വിനോദിനി—എന്താണിത്, അനുജത്തി? എന്നാൽപ്പിന്നെ, ആരെയാണ് വിവാഹം ചെയ്യുക?

സുശീല—ഞാൻ വിവാഹംതന്നെ ചെയ്യില്ല.

വിനോദിനി—എന്താ, സുശീലേ? സ്ത്രീകൾ വിവാഹം ചെയ്യാതിരുന്നാൽ, എങ്ങനെയാണ് കാര്യം നടക്കുക?

സുശീല—എന്താണ് നടക്കാതെ, ജ്യേഷ്ഠത്തി?

വിനോദിനി—അമ്പടി! ചോദിക്കുന്നു, 'എന്താണ് നടക്കാതെ'? ഈ രാജ്യത്തിൽ, രാമചന്ദ്രന്റെ യുഗംമുതല്ക്കേ എല്ലാ സ്ത്രീകളും വിവാഹം ചെയ്തുപോരുന്നുണ്ട്.

സുശീല—ഞാൻ സമ്മതിക്കാം, അതിന്നെത്രയോ മുമ്പുതന്നെ സ്ത്രീകൾ വിവാഹം ചെയ്തുപോരുന്നുണ്ട്; എന്നാൽ, ഈ രാജ്യത്തിൽ ആ സ്ത്രീകളിലെല്ലാം എത്ര അത്യാചാരങ്ങൾ ആചരിച്ചുവരുന്നുണ്ട്! അതും ഒന്നാലോചിച്ചുനോക്കൂ. രാമചന്ദ്രൻ യാതൊരപരാ

ധവുംകൂടാതെ, കേവലം പ്രജകളെ സന്തോഷിപ്പിയ്ക്കാൻവേണ്ടി, സീതയെ ഗൃഹത്തിൽനിന്നു പുറത്താക്കി, താൻ വലിയ സ്വാത്മത്യാഗം ചെയ്തതായി അഭിമാനിച്ചു. പ്രജകളെ സന്തോഷിപ്പിയ്ക്കാനായി തൻെറ അമ്മയുടെ തല കൊയ്യാൻകൂടി അദ്ദേഹം തയ്യാറായിരുന്നുവെന്നു തോന്നുന്നു! ധമ്മരാജാവായ യുധിഷ്ഠിരൻ ചൂതുകളിയിൽ ദ്രൌപദിയെപ്പോലും പണയം വെച്ചു—ധമ്മരാജാവായിരുന്നു അല്ലേ? ഈ സമുദായം മുച്ചൂടും മുടിഞ്ഞില്ലെങ്കിൽ, പിന്നെ ഏതാണ് മുടിയുക? വംശപരമ്പരയായി, അനേകലക്ഷം സ്ത്രീകളുടെ ദുഃഖങ്ങൾ കണ്ണുനീരുൾച്ചേന്ന്, ആവിയായി ആകാശത്തിൽ പരന്നിരിയ്ക്കുന്നു. ഇന്ന്, അവയെല്ലാം അഭിശാപമെന്നപോലെ ഈ സമുദായത്തിൻെറ മേൽ വിഷം വഷിയ്ക്കുന്നു. ഇത് എങ്ങിനെ ഉണ്ടാവാതിരിയ്ക്കും? യാതൊന്നിനെ അബല എന്നു വിളിയ്ക്കുന്നുവോ, അതിൻെറ മേൽ തലമുറകളായി അഴിമതികൾ നടത്തിവരുന്ന ഒരു വല്ലാത്ത സ്വാത്മംനിറഞ്ഞ സമുദായമാണിത്. ഈ സമുദായം അമ്പെ നശിച്ചില്ലെങ്കിൽ, മറേറതാണ് നശിയ്ക്കുക?

വിനോദിനി—സുശീലേ, നീ ഒരൊററ ശ്വാസത്തിൽ വളരെ കാൎയ്യങ്ങൾ പറഞ്ഞുകളഞ്ഞു. എന്നാൽ, അനുജത്തി, നീ ഒരിടത്തുമാത്രമേ ദൃഷ്ടി പതിപ്പിയ്ക്കുന്നുള്ളു. പുരുഷനാണ് സ്ത്രീജാതിയുടെ മേൽ നടക്കുന്ന ഈ അവിവേകങ്ങൾക്കും അഴിമതികൾക്കും ഉത്തരവാദിയെങ്കിലും, ആലോചിച്ചുനോക്കു, നമ്മുടെ രാജ്യത്തിലെ സ്ത്രീകളെ ഇത്രയും ഗുണങ്ങളെക്കൊണ്ടു അലങ്കരിച്ചിട്ടുള്ളത് ആരാണ്? അദ്ദേഹത്താൽ ഉപദ്രവിയ്ക്കപ്പെട്ടിട്ടും, ഉപേക്ഷിയ്ക്കപ്പെട്ടിട്ടും, സീതാദേവി മരിയ്ക്കുമ്പോഴും പറഞ്ഞതിതായിരുന്നു: ‘ജന്മജന്മാന്തരങ്ങളിലും എനിയ്ക്കു രാമചന്ദ്രനെത്തന്നെ ഭത്താവായി ലഭിയ്ക്കുമാറാകട്ടെ!’ ഈ വാചകം, ഈ രാജ്യത്തിന്നല്ലാതെ ഏതു രാജ്യത്തിന്നാണ്—ഏതു സമുദായത്തിന്നാണ്, ഏതു സ്ത്രീയ്ക്കാണ് പറയാൻ കഴിഞ്ഞിട്ടുള്ളത്?

സുശീല—പിന്നെ, ഏതുരാജ്യത്തിലെ സൽപുത്രന്നാണ് അച്ഛൻെറ

ആജ്ഞപ്രകാരം അമ്മയുടെ കഴുത്തുവെട്ടാൻ കഴിഞ്ഞിട്ടുള്ളത്? ജേഷ്ഠത്തി, ഇനിയൊന്നും പറയേണ്ട. ദേഷ്യംകൊണ്ട് ശരീരം ജ്വലിക്കുന്നതുപോലെ തോന്നുന്നു. നമ്മുടെ നാട്ടിലെ പുരുഷന്മാർ, ഭർത്താവു മാത്രമാണ് സ്ത്രീകൾക്കു സ്നേഹിക്കേണ്ടതും, ധ്യാനിക്കേണ്ടതും, ആശ്രയിക്കേണ്ടതുമായിട്ടുള്ളതെന്നു പറയുന്നു. അവർ സ്ത്രീകളുടെ മുമ്പിൽ ഇതേ ആദർശത്തെ പിടിച്ചുനിത്തിയിരിക്കുന്നു. തന്റെ സ്വാർത്ഥസിദ്ധിക്കുവേണ്ടി മാത്രമാണ് സമുദായം ഈ ദുർഭഗകളായ സ്ത്രീകളിൽ എല്ലാത്തരം കഠിനനിയമങ്ങളും വെച്ചു കെട്ടിയിട്ടുള്ളത്. പുരുഷന്മാർക്കു വേശ്യകളെ വെച്ചുകൊണ്ടിരിക്കാം; എൺപതു വയസ്സു കഴിഞ്ഞാലും പത്തുതവണ വേണമെങ്കിൽ ബാലികമാരെ വിവാഹം ചെയ്യാം; സ്ത്രീകളെ അടിക്കാം; സമുദായം ഇതെല്ലാം സഹിച്ചുകൊള്ളും. സ്ത്രീജാതിക്കുമാത്രം ഈ കഠിനമായ നിയമമുണ്ട്. അവൾ പുരുഷന്മാരുടെ സുഖസാമഗ്രിയായിരുന്നുകൊള്ളണം. അവർ 'കമ' എന്നൊന്നു മിണ്ടിയാൽ സർവ്വവും നശിച്ചു.

വിനോദിനി—അനുജത്തി, പുരുഷജാതി ചീത്തയാണെങ്കിൽത്തന്നെ, നാം നമ്മുടെ ആദർശത്തെ എന്തിനു കൈവിടുന്നു? പുരുഷന്മാർ സ്വാർത്ഥപരന്മാരാണെങ്കിൽ, നീ അവരെ മഹാമനസ്കരാക്കിത്തീർക്കു. നാം അവരുടെ അന്യായത്തിന്നു് അവരോടു പകരം വീട്ടാൻ, അവർ നമ്മളുടെ ശത്രുക്കളൊന്നുമല്ല. അനുജത്തി, വിനയം കൈക്കൊള്ളു; സഹിഷ്ണുത പഠിക്കു. സഹിക്കാൻവേണ്ടിയാണ് സ്ത്രീയുടെ ജന്മം. മറെറാരാൾക്കുവേണ്ടി ജീവാർപ്പണംചെയ്യലാണ് അവളുടെ ജീവിതം. ഈശ്വരൻ പുരുഷനേയും സ്ത്രീയേയും ഒരുപോലെയല്ല സൃഷ്ടിച്ചിട്ടുള്ളത്. ഈ ദുർദ്ദശയിലും ഹിന്ദുക്കൾക്ക് തങ്ങളുടെ തലയുയർത്തിപ്പിടിക്കാൻ കഴിയുന്നുണ്ടെങ്കിൽ, അതു സ്ത്രീകളുടെ സ്വഭാവത്തിന്റേയും ധർമ്മത്തിന്റേയും ബലംകൊണ്ടുതന്നെയെന്നാണ് എന്റെ വിശ്വാസം. അനുജത്തി, ആ സ്വഭാവധർമ്മങ്ങളുടെ ഫലം നഷ്ടപ്പെടുത്തരുത്.

സുശീല—മതി; ഇനിയൊന്നും പറഞ്ഞിട്ടാവശ്യമില്ല. ജ്യേഷ്ഠത്തിക്കു സാധിക്കും; എനിക്കു സാധിക്കില്ല. ജ്യേഷ്ഠത്തിക്ക് വിശ്വാസമുണ്ട്; എനിക്കില്ല. മതി. (പോകുന്നു)

(മഹേന്ദ്രൻ പ്രവേശിക്കുന്നു)

മഹേന്ദ്രൻ—ഇതു നോട്ടുംകെട്ടാണ്. ഇപ്പോൾ എന്നെപ്പോലെ ആരുണ്ട്? ഇപ്പോൾ ഹു, ഹു!—രാമലാൽബാബുവിനെ കാണണം.

വിനോദിനി—മഹേന്ദ്ര!

മഹേന്ദ്രൻ—(ഞെട്ടിയിട്ട്) ആര്, ജ്യേഷ്ഠത്തിയോ? (നോട്ട് ഒളിച്ചുവെക്കുന്നു)

വിനോദിനി—എന്താണ് ഒളിച്ചുവെക്കുന്നത്?

മഹേന്ദ്രൻ—ഒന്നുമില്ല. അതു റിക്കാട്ടാണ്.

വിനോദിനി—എന്തു റിക്കാട്ട്.

മഹേന്ദ്രൻ—ഏ? അല്ല—ഇതു റിക്കാർട്ടുതന്നെയാണ്.

വിനോദിനി—പൊളി പറയുന്നുവോ?

(മഹേന്ദ്രൻ ഞെട്ടുന്നു)

വിനോദിനി—നോക്കട്ടെ, എന്താ നിൻെറ കയ്യിൽ? (മുമ്പോട്ടു ചെല്ലുന്നു)

മഹേന്ദ്രൻ—നോട്ടാണ്.

വിനോദിനി—എവിടെനിന്നു കിട്ടി? നേരു പറഞ്ഞോ!

മഹേന്ദ്രൻ—കളിയിൽ ജയിച്ചിട്ട്.

വിനോദിനി—എല്ലാം പൊളിയാണ് പറയുന്നത്. മഹേന്ദ്ര, നീ തുലയാൻ പോവുകയാണ്. നീ ഈ ചെയ്യുന്നതു ശരിയാണോ? അച്ഛൻെറ ദാരിദ്ര്യം നോക്കു. അദ്ദേഹത്തിൻെറ ഈ ദാരിദ്ര്യത്തിൽ—ഈ കഷ്ടപ്പാടിൽ—അദ്ദേഹത്തെ സഹായിക്കേണ്ടുന്ന നീ, അദ്ദേഹത്തിൻെറ പക്കലുള്ളതുകൂടി നശിപ്പിക്കുന്നു! ചൂതു കളിക്കുന്നു! എനിക്കറിയില്ല, അതിന്ന് എവിടെനിന്നാണാവോ പണം! പക്ഷേ കക്കുകയായിരിക്കും.

മഹേന്ദ്രൻ—അല്ല, ജ്യേഷ്ഠത്തി.

വിനോദിനി—എന്നാൽ ചതിച്ചിട്ടായിരിക്കും. എന്താ, എൻെറ നേരെ തുറിച്ചു നോക്കുന്നത്? ചതിച്ചതാണോ?

മഹേന്ദ്രൻ—ജ്യേഷ്ഠത്തി എങ്ങിനെയാണ് അറിഞ്ഞത്? അതേ, ചതിച്ചതാണ്. ചൂതു കളിക്കാൻ പണം വേണ്ടിയിരുന്നു. അതുകൊണ്ടു ചെയ്തതാണ്. ഇതാ, ഈ ഉറുപ്പിക എടുത്തുവെച്ചോളു.

വിനോദിനി—ഞാൻ ഇങ്ങിനത്തെ പണം കൈക്കൊണ്ടു തൊടില്ല. നീ പോയി, പണം ആരുടെയാണെന്നുവെച്ചാൽ, അയാൾക്കു മടക്കിക്കൊടുത്തു വരു. അയാളോടു മാപ്പു ചോദിച്ചു വരു. എന്നിട്ട്, കണ്ണുനീർകൊണ്ടു കൈ കഴുകി എൻെറ അടുത്തു വരു. അല്ലെങ്കിൽ വരേണ്ട. ഓർമ്മവെച്ചോ, ഇപ്രകാരം ചെയ്തില്ലെങ്കിൽ, നിനക്കു നിൻെറ അമ്മയുടെ മടിയിൽ സ്ഥാനമുണ്ടാവില്ല. (പോകുന്നു)

മഹേന്ദ്രൻ—ഇല്ല, അതുതന്നെ ചെയ്യും. മടക്കിക്കൊടുക്കും. അമ്മയുടെ ഹൃദയത്തിന്നു മുറിവേല്പിക്കില്ല. (പോകുന്നു)

---

## രംഗം ൨

സ്ഥലം—ജെയിൽ.

സമയം—മദ്ധ്യാഹ്നം.

കേദാർ—(സ്വഗതം) ഇത് ഒരുതരത്തിൽ ചീത്തയല്ല. ഇതിൽ ഒരുതരം നല്ല നേരമ്പോക്കുണ്ട്. ചക്കു തിരിക്കുന്നു—എണ്ണ പുറത്തു വരുന്നു. ഇങ്ങിനെ തല തിരിക്കുന്നുവെങ്കിൽ, ബുദ്ധി പുറത്തു വരും. 'തല' ഇല്ലാത്ത ആൾക്കു തല ഒരു തരത്തിൽ ഭാരംതന്നെയാണ്. അവന്നു രണ്ടു കൊട്ടത്തുകൊണ്ടു മനസ്സിന്നു നല്ല സന്തോഷം തോന്നുന്നുണ്ട്. അവൻെറ തല പൊട്ടിയതിന്നുശേഷം, കല്ലിൻകഷ്ണം നുറുങ്ങിയാൽത്തന്നെ എന്താണ് തരക്കേട്? ആ തടവുകാരൻ കണ്ണടച്ചു ചക്കു തിരിക്കുന്നു. അയാൾ എങ്ങിനെ സുഖമനുഭവിക്കുന്നു! ഹായ്, പാട്ടും പാടുന്നു!

(ദൂരത്ത് ഒരു തടവുകാരൻ പാട്ടു പാടുന്നു)

(പാന)

വട്ടം ചുററുക, ചുററുക ചക്രമേ നീ
വട്ടം ചുററുകെ,ൻ ചക്രമേ നീ ചുററുക!
കണ്ണടച്ചു തിരിക്കും ഞാൻ കേവലം
നിന്നു ചുററട്ടെ, നിൻമേൽപ്പുരയുഗ്മമേ!
ശൈത്യമാരികളെന്നിവകളുള്ളിലീ-
പൃത്ഥ്വി മുത്തശ്ശി നിന്നു തിരിയുന്നു;
ചന്ദ്രസൂര്യനക്ഷത്രഗോളങ്ങളും
നിന്നു ചുററുന്നു;—നീ ചെറുപ്രാണി ഹാ!
ജന്മമൃത്യുച്ചുഴിയിൽക്കിടന്നഹോ
നമ്മൾ വട്ടം തിരിഞ്ഞു നശിക്കുന്നു!
എന്തിനേവം കിടന്നു തിരിയുന്ന-
തെന്നറിവതില്ലെ-ന്തൊരജ്ഞാതതത്വം!
ഹാ, വിവിധമാം ജന്മങ്ങളിലൂടേ
നാം വലിച്ചിഴയ്ക്കുന്നിതാത്മാക്കളെ.
എന്നിരിക്കിലുമക്കറിനാത്മാക്കൾ
മുൻ നിലയിൽത്താ-നെന്തൊരു ദുർഘടം!
ചെററുമില്ലൊരറുതി വിശപ്പിനെ-
ന്നിട്ടു,മാത്മാവുകൾക്കി-താണത്ഭുതം.
എന്തിതിൻമൂലമെന്നതാ,ജ്ഞാനിയാം
ചിന്തിതസ്വരൂപന്നേ തിരിയാവൂ!
പോട്ടെ, പിന്നെയും നിൻനേക്കു താൻ മമ
നോട്ട,മാവുകിൽ ചുററിക്കൊണ്ടാലും നീ
ധന്യമെന്നു നണ്ണീടുമതിനെ ഞാ;-
നെന്നഭിവാഞ്ഛ നീ നിറവേററുക!

(ഒരു തടവുകാരൻ പ്രവേശിക്കുന്നു)

കേദാർ—നിങ്ങളാരാണ്?

തടവുകാരൻ—ഞാനൊരു തടവുപുള്ളി.

കേദാർ—കണ്ടാൽ നിങ്ങളൊരു നല്ലാളാണെന്നു തോന്നുന്നു. നിങ്ങൾ എങ്ങിനെ ജയിലിൽ എത്തി? നിങ്ങളും എന്നെപ്പോലെ എന്തോ ഒരു നല്ല കാര്യം ചെയ്തിട്ടാണോ ഇവിടെ വന്നത്?

തടവുകാരൻ—അല്ല, ബാബു. ഞാൻ ദുഷ്പ്രവൃത്തി ചെയ്യാത്തതുകൊണ്ടാണ് ഇവിടെ വന്നത്.

കേദാർ—എങ്ങിനെയാണ്?

തടവുകാരൻ—ശരി, കേട്ടോളൂ. ഉപേന്ദ്രബാബു അദ്ദേഹത്തിൻെറ കള്ളപ്രമാണത്തിന്നു സാക്ഷിയാകണമെന്നു പറഞ്ഞു. പക്ഷേ, ഞാൻ ശരിയായ പ്രമാണത്തിൻെറ സാക്ഷിയാണ്. പിന്നെ, കള്ളപ്രമാണത്തിന്നു സാക്ഷിയാവുന്നതെങ്ങിനെയാണ്? ഇതുകൊണ്ടു ദേഷ്യപ്പെട്ട് ഉപേന്ദ്രബാബു എന്നെ ഒരു കള്ളക്കേസിൽപ്പെടുത്തി. എനിയ്ക്ക് ഇവിടെ വരേണ്ടതായി വന്നു. അദ്ദേഹം വക്കീലാണ്. അദ്ദേഹത്തിന്ന് എന്തും ചെയ്വാൻ കഴിയും. ഓ! എനിയ്ക്കു വല്ലാതെ ദാഹിയ്ക്കുന്നു.

കേദാർ—ഹേ, കാര്യം വളരെ മൻകരുതലോടുകൂടിയാണല്ലോ. ആട്ടെ, ശരിയായ ഒസ്യത്തിലും കള്ളഒസ്യത്തിലും എങ്ങിനെയൊക്കെയാണ് പറഞ്ഞിട്ടുള്ളത്?

തടവുകാരൻ—ഉപേന്ദ്രബാബുവിൻെറ അച്ഛൻ എഴുതിവെച്ച ഒസ്യത്തിൽ അദ്ദേഹത്തിൻെറ മൂന്നു ഭാഗം ഇളയ മകൻ ദേവേന്ദ്രനും ഒരു ഭാഗം ഉപേന്ദ്രന്നുമാണ് നിശ്ചയിച്ചിട്ടുള്ളത്. രണ്ടു പെൺമക്കളുള്ളവരുടെ ചെലവിന്നായി മൻപറഞ്ഞ സ്വത്തിൻെറ മാസം തോറുമുള്ള പലിശയും—എന്നും എഴുതിയിട്ടുണ്ട്. ഞാനും വേറെ മൂന്നാളുകളും—ഗദാധരൻ, കിശോരി, ഹരിപദൻ—ഈ ഒസ്യത്തിന്ന് സാക്ഷികളാണ്. ഇതിന്നുശേഷം, ഉപേന്ദ്രബാബു വേറെ ഒരു കള്ള ഒസ്യത്ത് തയ്യാറാക്കിയിട്ട്—ഓ: ഇനി സംസാരിയ്ക്കാൻ വയ്യ, ഇത്തിരി വെള്ളം തരൂ.

കേദാർ—ഓഹോ, മനസ്സിലായി. ഇനി—ഇനി നല്ല രസമാവും—

ജയിലിൽനിന്നു പുറത്തു പോകേണ്ട താമസമേ ഉള്ളു. അപ്പോൾ ആ മൂന്നു സാക്ഷികളുടെ പേരെന്താണ് പറഞ്ഞത്? യജ്ഞേശ്വരൻ, ഹരിപദൻ പിന്നെ എന്താണ്?

തടവുകാരൻ—യജ്ഞേശ്വരനില്ല. ഗദാധരൻ,ഹരിപദൻ,കിശോരി.

കേദാർ—ആ് ആ്, ആ കിശോരിതന്നെ. ആ മൂന്നുപേരും എവിടെയാണ്?

തടവുകാരൻ—ഗദാധരനും ഹരിപദനും കാശിയിലാണ് താമസം. കിശോരി, ഒരുപക്ഷേ, മുസഫർപുരിയിലായിരിക്കും. ഞാൻ ജയിലിൽ വരുന്നതിന്നു മുമ്പ്, അദ്ദേഹം അവിടെ വക്കീലായിരുന്നു—കുറച്ചു വെള്ളം തരു, തൊണ്ട വരളുന്നു. ഇനി സംസാരിക്കാൻ വയ്യ. വെള്ളം തരു.

കേദാർ—വരു. എന്തു വെള്ളം—നിങ്ങളുടെ കാലാവുധി കഴിഞ്ഞതിന്റെ പിറേറദിവസംതന്നെ, നിങ്ങൾക്ക് എന്റെ വീട്ടിൽവെച്ചു മുന്തിരിസ്സവ്വത്തു സല്ക്കാരം. ഓ: ഈ വത്തമാനം! ഇപ്പോൾ എന്നെപ്പോലെ ആരാണുള്ളത്? (നൃത്തം വെയ്ക്കുന്നു)

തടവുകാരൻ—എന്താണിത്, നിങ്ങൾക്കു ഭ്രാന്തുണ്ടോ?

കേദാർ—(നൃത്തംവെച്ചുകൊണ്ട്) താധിന്നാ, താധിന്നാ, ധിക് ധിക് ധിന്നാ—സാക്ഷികളുടെ പേരെന്തേ പറഞ്ഞത്?—ഗദാധരൻ, ശ്യാമപദൻ,—

തടവുകാരൻ—ശ്യാമപദനല്ല, ഹരിപദൻ.

കേദാർ—ആ് ആ്. ഹരിപദൻ. പിന്നെ ആരാണ്?

തടവുകാരൻ—കിശോരി.

കേദാർ—നില്ക്കു; ഒന്നു നോക്കട്ടെ. ശ്യാമപദൻ, ഹരിപദൻ, കിശോരി.

തടവുകാരൻ—ശ്യാമപദനല്ല, ഗദാധരൻ.

കേദാർ—ആ് ആ്, ഗദാധരൻ, ഗദാധരൻ, കിശോരി.

തടവുകാരൻ—രണ്ടുപേരുടേയും പേർ ഗദാധരൻ എന്നല്ല. ഒരാളുടെ പേർ ഹരിപദനെന്നാണ്.

കേദാർ—ആ്,ആഹ് ഹരിപദൻ, ഹരിപദൻ.

തടവുകാരൻ—നിങ്ങൾക്ക് ഓർമ്മയിരിയ്ക്കില്ല.

കേദാർ—എന്തുകൊണ്ട്?

തടവുകാരൻ—ഇരുപതു തവണ പറഞ്ഞു. ഹരിപദൻ, ഗദാധരൻ, കിശോരി.

കേദാർ—ശരിയാണ്; ഗദാധരൻ, ഹരിപദൻ, കിശോരി. ഗദാധരൻ, ഹരിപദൻ, കിശോരി. ഗദാധരൻ, ഹരിപദൻ—പിന്നെ ഒരാളുടെ പേരെന്താണ്?

തടവുകാരൻ—കിശോരി—കിശോരി.

കേദാർ—ആ് ആ്, കിശോരി, കിശോരി.

തടവുകാരൻ—അതുതന്നെ.

കേദാർ—പക്ഷേ, ഇവരുടെ മുഴുവൻപേരും വേണം. ഗദാധരൻ ആരാണ്?

തടവുകാരൻ—ഗദാധരസേൻ, പെൻഷൻ പററിയ സബ്ജഡ്ജി.

കേദാർ—ഗദാധരസേൻ പെൻഷൻ പററിയ സബ്ജഡ്ജി. ഗദാധരസേൻ പെൻഷൻ പററിയ സബ്ജഡ്ജി—സബ്ജഡ്ജി—സബ്ജഡ്ജി, സബ്ജഡ്ജി—പിന്നെ?

തടവുകാരൻ—ഹരിപദമല്ലിക്ക്—സാമുക്കിലെ സെമീന്ദാർ.

കേദാർ—മററാളോ?

തടവുകാരൻ—കിശോരിലാൽ ബാനർജ്ജി—മുസഫർപൂരിയിൽ വക്കീൽ. കുറച്ചുവെള്ളം തരൂ.

കേദാർ—ഇപ്പോൾത്തരാം—ശ്യാമപദമല്ലിക്ക് പെൻഷൻ പററിയ സബ്ജഡ്ജി. സബ്ജഡ്ജി.

തടവുകാരൻ—ശ്യാമപദമല്ലിക്ക് എന്ന് ആരേ പറഞ്ഞത്?

കേദാർ—പിന്നെ?

തടവുകാരൻ—ഗദാധരസേൻ.

കേദാർ—ശരി, ശരി. ഗദാധരസേൻ. ഗദാധരസേൻ.

തടവുകാരൻ—കുറച്ചു വെള്ളം തരില്ലേ?

കേദാർ—പിന്നെ, കിശോരിലാൽമല്ലിക്ക്, സാമുക്കിലെ വക്കീൽ, അല്ലേ?

തടവുകാരൻ—അല്ലേ അല്ല. കിശോരിലാൽ ബാനജ്ജി മുസഫർപുരിയിൽ വക്കീൽ—കുറച്ചു വെള്ളം തരൂ. ഞാൻ ദാഹിച്ചു ചാവാറായി.

കേദാർ—ഇതാ ഇപ്പോൾ തരാം. കിശോരിലാൽ ബാനജ്ജി മുസഫർപുരിയിൽ വക്കീൽ. ഗദാധരസേൻ പെൻഷൻ പററിയ സബ്ജഡ്ജി—പെൻഷൻ പററിയ സബ്ജഡ്ജി. വരൂ, എന്താണ് തിന്നാൻ വേണ്ടത്? വെറും വെള്ളം കുടിച്ചാൽ മതിയോ? അതോ സർബ്ബത്തോ മററോ വേണോ? വേണ്ട, ഇതൊന്നും ഇവിടെ കിട്ടില്ല. എന്തു ചെയ്യും?

തടവുകാരൻ—എനിക്കു വെറും വെള്ളം തന്നാൽ മതി. എന്നാൽത്തന്നെ വലിയ ഉപകാരമായി.

കേദാർ—ആട്ടെ, നടക്കൂ. കിശോരിമല്ലിക്ക്, പെൻഷൻ പററിയ സബ്ജഡ്ജി—പെൻഷൻ പററിയ—

തടവുകാരൻ—പിന്നേയും കിശോരിമല്ലിക്കോ? കിശോരിലാൽ ബാനർജി.

കേദാർ—ആ് ആ്, ബാനർജി—ബാനർജി.

തടവുകാരൻ—മുസഫർപുരിയിൽ വക്കീൽ.

കേദാർ—വക്കീൽ—വക്കീൽ. ഓർമ്മിച്ചുകൊള്ളാം. എത്രദിവസമെങ്കിലും പിടിച്ചുകൂട്ടെ.

(രണ്ടുപേരും പോകുന്നു)

## രംഗം ൩

സ്ഥലം—ദേവേന്ദ്രന്റെ വീട്.

സമയം—മദ്ധ്യാഹ്നം.

(ദേവേന്ദ്രനും കാമിനിയും)

കാമിനി—കുട്ടി വിവാഹത്തിന്ന് ഇഷ്ടപ്പെടുന്നില്ല. പിന്നെ ഞാനെന്തു ചെയ്യും? പറയൂ.

ദേവേന്ദ്രൻ—വിവാഹത്തിന്ന് ഇഷ്ടപ്പെടുന്നില്ലേ?

കാമിനി—ഇല്ല.

ദേവേന്ദ്രൻ—ഓ.

കാമിനി—ഇനി എന്താണുപായം?

ദേവേന്ദ്രൻ—എന്തിന്നുള്ള ഉപായം? ഇതൊരു നല്ല കാൎയ്യമാണല്ലോ. ചെലവു കൂടാതെ കഴിഞ്ഞു.

കാമിനി—എന്തിന്നുള്ള ചെലവ്?

ദേവേന്ദ്രൻ—വിവാഹത്തിന്നുള്ള ചെലവ്. സദാനന്ദൻ പണം വാങ്ങുകയില്ല, നിശ്ചയം. എന്നാലും വിവാഹത്തിന്നുള്ള മററു ചെലവുകൾ ചെയ്യേണ്ടിവരുമല്ലോ. ആ ചെലവു കൂടാതെ കഴിഞ്ഞു.

കാമിനി—അങ്ങ് എന്താണീപ്പറയുന്നത്?

ദേവേന്ദ്രൻ—വളരെ ശരിയാണ് പറയുന്നത്.

കാമിനി—അപ്പോൾ കുട്ടിയുടെ വിവാഹം കഴിക്കില്ലേ?

ദേവേന്ദ്രൻ—കുട്ടിക്കു വിവാഹത്തിന്നു സമ്മതമില്ല. ഞാനെന്തു ചെയ്യും?

കാമിനി—അങ്ങു പറഞ്ഞു ധരിപ്പിക്കണം.

ദേവേന്ദ്രൻ—ഇല്ല; അതുണ്ടാവില്ല.

കാമിനി—അപ്പോൾ കുട്ടി കന്ന്യകയായിരിക്കുകയോ?

ദേവേന്ദ്രൻ—അതേ, വിവാഹം ചെയ്യാതിരുന്നാൽ കുട്ടിയെ കന്ന്യക എന്നുതന്നെ പറയും.

കാമിനി—സ്വജാതി ഭ്രഷ്ടു കല്പിക്കും.

ദേവേന്ദ്രൻ—അതിന്നു ഞാൻ മുമ്പുതന്നെ തയ്യാറായിട്ടാണിരിക്കുന്നത്.

(അണിയറയിൽ)

ദേവേന്ദ്രൻ വീട്ടിലുണ്ടോ?

ദേവേന്ദ്രൻ—വരു, സദാനന്ദ. (കാമിനിയോട്) നീ ഇപ്പോൾ അകത്തേക്കു പൊയ്ക്കോളു.

(കാമിനി പോകുന്നു)

ദേവേന്ദ്രൻ—പോട്ടേ. വിവാഹത്തിൻെറ ലഹളയേ തീൎന്നു.

(സദാനന്ദൻ പ്രവേശിക്കുന്നു)

സദാനന്ദൻ—നിങ്ങളുടെ ദേഹത്തിന്നു സുഖമില്ലെന്നു കേട്ടു.

ദേവേന്ദ്രൻ—ഇല്ല, വിശേഷിച്ചൊന്നുമില്ല. പക്ഷേ, മനസ്സിന് അസ്വാസ്ഥ്യം നേരിടുമ്പോൾ ഇടയ്ക്കിടയ്ക്ക് ആരോഗ്യം കുറച്ചൊന്നു ക്ഷയിക്കും.

സദാനന്ദൻ—മനസ്സിന് എന്താണിത്ര അസ്വാസ്ഥ്യം?

ദേവേന്ദ്രൻ—ഈ കുട്ടികളോടുള്ള സ്നേഹംകൊണ്ടും മമതകൊണ്ടും തന്നെ.

സദാനന്ദൻ—ഓ—നിങ്ങൾ സുശീലയെപ്പററിയാണോ വിചാരപ്പെടുന്നത്?

ദേവേന്ദ്രൻ—ഇല്ല, അവൾ വിവാഹം ചെയ്യാത്തത് അത്രയും നന്നായി. ഒരു കുടുംബത്തെ തട്ടിത്തകർത്തു മണ്ണടിപ്പിക്കാത്തതും. ഈ പെൺകുട്ടികളെല്ലാം പാപിനികളാണ്—നാശങ്ങൾ—ആപത്തുകൾ! സർവ്വനാശിനികളാണ്! നമ്മൾ പാലു കൊടുത്തു കാളസർപ്പങ്ങളെയാണ് വളർത്തുന്നത്. ഓ:

സദാനന്ദൻ—വാസ്തവത്തിൽ ഇതാണോ നിങ്ങളുടെ അഭിപ്രായം?

ദേവേന്ദ്രൻ—അല്ലാതെ മററെന്താണ്?

സദാനന്ദൻ—നിങ്ങൾ നേരെ വിപരീതമാണ് പറയുന്നത്.

ദേവേന്ദ്രൻ—എന്തു ചെയ്യട്ടെ? ചതി പററിയിട്ടു പഠിച്ചതാണ്.

സദാനന്ദൻ—ദേവേന്ദ്ര, നിങ്ങളോട് എനിക്കു ഭക്തിയുണ്ട്; പക്ഷേ, നിങ്ങൾ ഇത്ര ധൈര്യമില്ലാത്തവനാണോ? ഇത്രയും സാധാരണമായ സംഗതികളിൽപ്പോലും ഇളകിക്കളയുന്നു!

ദേവേന്ദ്രൻ—ലേശമില്ല; നല്ലപോലെ അറിയാം. ഒട്ടും ആവശ്യമില്ല.

സദാനന്ദൻ—എന്ത്?

ദേവേന്ദ്രൻ—മകളുടെ വിവാഹം!

സദാനന്ദൻ—അതു വിശേഷിച്ചും ആവശ്യമാണ്.

ദേവേന്ദ്രൻ—എന്തുകൊണ്ട്?

സദാനന്ദൻ—ഈ വിഷയത്തിലേയ്ക്കു ജന്മാന്തരവാദത്തേയും ആധ്യാത്മികതത്വത്തേയും പിടിച്ചുകൊണ്ടുവരാതെ ഇങ്ങിനെ ധരിക്കുന്ന

തായിരിയ്ക്കും യുക്തം. മക്കൾ വായുഭക്ഷണംകൊണ്ടല്ല ജീവിയ്ക്കുന്ന ത്; അവക്കു വേണ്ടുന്ന ഭക്ഷണവും മററും അച്ഛനമ്മമാർതന്നെ കൊടുക്കണം.

ദേവേന്ദ്രൻ—അച്ഛനമ്മമാർ എന്തു പിഴച്ചു?

സദാനന്ദൻ—പുത്രന്മാരേയും പുത്രിമാരേയും സംസാരത്തിൽ കൊണ്ടു വരുന്നതിൻെറ ഉത്തരവാദിത്വം അച്ഛനമ്മമാക്കുതന്നെയാണ്. കുട്ടിയുടെ ജീവിതം—ബാല്യവും ഭാവിയും എല്ലാം ഇരിയ്ക്കുന്നത് അച്ഛനമ്മമാരുടെ കയ്യിലാണ്. കുട്ടികൾ പില്ക്കാലത്തു ദുഃഖത്തിൽപ്പെടുകയാണെങ്കിൽ, അതിന്നുത്തരവാദികളും അച്ഛനമ്മമാർതന്നെയാണ്. കുട്ടികൾ വിശപ്പുകൊണ്ടു മരിച്ചുപോകുന്നു എങ്കിൽ, ലോകത്തിൽ വല്ലവരും അതിന്ന് ഉത്തരവാദികളായിട്ടുണ്ടെങ്കിൽ, അത് അച്ഛനമ്മമാർതന്നെയാണ്.

ദേവേന്ദ്രൻ—പിന്നേയോ?

സദാനന്ദൻ—ആണ്മക്കളെ പഠിപ്പിച്ചിട്ട് അവക്ക് ഉപജീവനത്തിന്നുള്ള മാൎഗ്ഗമുണ്ടാക്കിക്കൊടുക്കുന്നു—പെണ്മക്കൾക്കൊന്നും ചെയ്തുകൊടുക്കണ്ടേ? പെണ്മക്കളെ വിവാഹം കഴിച്ചുകൊടുക്കുന്നുണ്ട്—അതിലെന്താണ്? അതൊരു തരത്തിൽ, അവക്കു ഭൃത്യവേലയ്ക്ക് ഏൎപ്പാടുചെയ്തുകൊടുക്കലാണ്. വിവാഹം കഴിയ്ക്കുകതന്നെ വേണം, പക്ഷേ—

ദേവേന്ദ്രൻ—പക്ഷേ?—എന്താണ് നിൎത്തിക്കളഞ്ഞത്?

സദാനന്ദൻ—സ്ത്രീകളോട് ഈശ്വരന്നുകൂടി തൃപ്തിയില്ല. നമ്മളെന്തു ചെയ്യും? എന്നാലും മനുഷ്യന്നാവുന്നേടത്തോളം അവക്കുവേണ്ടി പ്രയത്നിയ്ക്കേണ്ടത് അയാളുടെ കടമയാണ്. ഈ വിഷമതയേയും ദുഃഖത്തേയും അകററാൻ യത്നിയ്ക്കേണ്ടതു നമ്മുടെ കടമയല്ലേ?

ദേവേന്ദ്രൻ—ഒന്നും മനസ്സിലായില്ല.

സദാനന്ദൻ—സ്ത്രീസമുദായം ദുർബ്ബലമാണ്—അവർ അബലകളാണ്. എന്നാലും, മനുഷ്യരാണ്. പുരുഷന്മാരുടേതുപോലെതന്നെ, അവരുടെ ഹൃദയത്തിലും അവമാനത്തിൻേറയും അവജ്ഞയു

ടേയും മുറിവുതട്ടും. പുരുഷന്മാരുടേതിനേക്കാൾ കുറവാണ് അവക്കു ബുദ്ധി; എങ്കിലും, അവരുടെ അഭിപ്രായത്തിന്നും ഒരു വിലയുണ്ട്. അവരുടെ അഭിപ്രായത്തെ അപ്പാടേ നിസ്സാരമായി കരുതിക്കൂടാ. മകൾ കുട്ടിയായിരിക്കുമ്പോൾ അവൾക്ക് ഒരഭിപ്രായവുമണ്ടാവില്ല. ആ കാലത്ത് അവളെ നിർബ്ബന്ധിച്ചും നിങ്ങൾക്കു വിവാഹം കഴിപ്പിക്കാൻ സാധിക്കും. എന്നാൽ, പതിനഞ്ച്യ പതിനാറു വയസ്സുവരെ, അവളെ അവിവാഹിതയാക്കിയിരുത്തി; ഇപ്പോൾ അവൾക്ക് ഒരഭിപ്രായമുണ്ടായിക്കഴിഞ്ഞ സ്ഥിതിക്ക്, നിങ്ങൾക്ക് അതു നിസ്സാരമായി കരുതാൻ പാടില്ല. നിങ്ങൾ സുശീലയുടെ അഭിപ്രായത്തിന്നു പ്രതികൂലമായി അവളെ വിനയന്നു വിവാഹം കഴിച്ചുകൊടുക്കാൻ ഭാവിക്കുകയാണെങ്കിൽ, ഞാനതിന് അനുകൂലിക്കില്ല.

ദേവേന്ദ്രൻ—എന്നാൽ, കുട്ടി ഹിന്ദുകുടുംബത്തിൽ ജനിച്ചതിനാൽ, അവൾ ഒരു ഹിന്ദുബാലികക്കൊത്തവിധത്തിൽ പ്രവൎത്തിക്കുകയല്ലേ വേണ്ടത്?

സദാനന്ദൻ—സാവിത്രിയും ഹിന്ദുകുടുംബത്തിലാണ് ജനിച്ചത്. പ്രായപൂൎത്തിവന്ന പെൺകുട്ടികൾക്ക് ഒരഭിപ്രായം ഉണ്ടാവുകതന്നെ ചെയ്യും. ഹിന്ദുശാസ്ത്രകാരന്മാർ വിഡ്ഢികളല്ല.

(മഹേന്ദ്രൻ പ്രവേശിക്കുന്നു)

മഹേന്ദ്രൻ—അച്ഛാ!

ദേവേന്ദ്രൻ—എന്താ?

മഹേന്ദ്രൻ—കുമുദിനിക്കു തീരെ സുഖമില്ലെന്നു പറഞ്ഞു, അമ്മ.

ദേവേന്ദ്രൻ—അത് അവൾ എന്നോടും പറഞ്ഞു.

മഹേന്ദ്രൻ—അവൾ സന്നികൊണ്ടു പിച്ചും പേയും പറയുന്നു.

ദേവേന്ദ്രൻ—അല്ലാതെ, ശാസ്ത്രത്തെപ്പററിപറയുകയാണൊ പതിവ്?

മഹേന്ദ്രൻ—അമ്മ അച്ഛനെ വിളിക്കുന്നുണ്ട്.

ദേവേന്ദ്രൻ—എനിക്ക് ഇപ്പോൾ വരാൻ കഴിയില്ല പൊയ്ക്കോളൂ.

സദാനന്ദൻ—അല്ല ദേവേന്ദ്ര, അകത്തേക്കു ചെല്ലൂ.

ദേവേന്ദ്രൻ—ഞാനാരുടേയും ഭൃത്യനല്ല.

സദാനന്ദൻ—സിവിൽസർജ്ജനെ വിളിക്കട്ടെ?

ദേവേന്ദ്രൻ—വേണ്ട, വേണ്ട, വേണ്ട. എത്ര പ്രാവശ്യം പറയാം. നിങ്ങളിപ്പോൾ വീട്ടിലേക്കു പൊയ്ക്കോളൂ.

സദാനന്ദൻ—ശരി, ഞാൻ പോകുന്നു. നിങ്ങളൊന്ന് അകത്തുപോയി വരൂ. സ്ത്രീകൾ പരിഭ്രമിച്ചിട്ടുണ്ടായിരിക്കും. (പോകുന്നു)

ദേവേന്ദ്രൻ—സൈ്വരക്കേടായി. ഓ, ഞാനെന്തിനേ വിവാഹം ചെയ്തത്?

(വിനോദിനി പ്രവേശിക്കുന്നു)

വിനോദിനി—അച്ഛാ!

ദേവേന്ദ്രൻ—വരുന്നു. നടന്നോളൂ. മരിക്കുന്നില്ലല്ലോ.

(പോകുന്നു)

വിനോദിനി—ദേഹത്തിന്നു സുഖമില്ലാത്തതിനാൽ അച്ഛന്റെ തലച്ചോറിന്നു ശുണ്ഠിപിടിച്ചിരിക്കുന്നു. മുമ്പൊന്നും ഇങ്ങിനെ വാക്കിനു വാക്കിനു ശുണ്ഠിയെടുത്തിരുന്നില്ല.

---

## രംഗം ൪

സ്ഥലം—ദേവേന്ദ്രന്റെ വീട്.

സമയം—രാത്രി.

(കൊടുങ്കാററ്; മഴ പെയ്യുന്നു; ആലിപ്പഴം വീഴുന്നു. ഇടിവെട്ടുന്നു. വീട്ടിൽ, കട്ടിലിന്മേൽ മകൾ സുഖക്കേടായി കിടക്കുന്നു. കാമിനി അടുത്തിരുന്ന് ഉറക്കം തൂങ്ങുന്നു. ദേവേന്ദ്രൻ നില്ക്കുന്നു)

ദേവേന്ദ്രൻ—എന്തു ഭയങ്കരമായ രാത്രി! ഉലക്ക വണ്ണത്തിൽ മഴ പെയ്യുന്നു. കൂടെക്കൂടെ ആലിപ്പഴം ഉതിരുകയാൽ, വാതിലുകൾ, കെട്ടകെട്ടശബ്ദിക്കുന്നു. ദൂരത്തായി, മേഘം ചങ്ങലക്കെട്ടിൽപ്പെട്ട പുലിയെപ്പോലെ കോപംപൂണ്ട് ഉറക്കെ അട്ടഹസിക്കുന്നു. സൃഷ്ടി അവസാനിച്ചിരിക്കുന്നുവെന്നു തോന്നുമാറ് ആകാശത്തിൽ അന്ധകാരം!

എൻെറ ഈ ഇടിഞ്ഞുപൊളിഞ്ഞ വീട്ടും കുറെ ഭാഗ്യംകെട്ട ആത്മാക്കളും മാത്രം ശേഷിപ്പുണ്ട്. വാസ്തവത്തിൽ എൻെറ ഈ പരിസരത്തിൽ ഒരുത്തനുമില്ല. ഈ കൊട്ടുങ്കാററ് അടങ്ങുമ്പോൾ, ഇരുട്ടിന്നറുതി വരുമ്പോൾ, സൂൎയ്യദേവൻെറ കിരണങ്ങളാൽ പൂക്കൾ വിടരുമ്പോൾ, പക്ഷികൾ ശബ്ദിക്കുമ്പോൾ, വാസന്തത്തെന്നൽ പച്ചപ്പിൻെറ മീതെ മന്ദമന്ദം ചരിക്കുമ്പോൾ, പൂക്കളുടെ സൌരഭ്യംകൊണ്ടു വള്ളിക്കുടിലുകൾ നിറയുമ്പോൾ, അപ്പോഴും എനിക്കാരുണ്ടാവും?—പ്രപഞ്ചമോ? അതൊരിക്കലും എൻെറ നേരെ തിരിഞ്ഞുനോക്കില്ല. പിന്നെ ജ്യേഷ്ഠനോ?—കേവലം പറഞ്ഞു കേൾക്കാറുണ്ട്, ഞങ്ങൾ സഹോദരന്മാരാണ്, ഒരമ്മയുടെ വയററിൽപ്പിറന്നവരാണ് എന്നൊക്കെ. ഈ ലോകത്തിൽ രണ്ടു പുത്രന്മാരേ എൻേറതായിട്ടുണ്ടായിരുന്നുള്ളു. ഒരുത്തൻ സന്ന്യാസിയായിപ്പോയി. മററവൻ പഠിപ്പില്ലായ്കയാൽ താന്തോന്നിയായ ഒരു കഴുവേറിയായിത്തീൎന്നു. മൂന്നു പെൺമക്കളുള്ളതിൽ ഒരുത്തിയുടെ ജീവിതം നിഷ്ഫലമായി—വിധവയായിച്ചമഞ്ഞു. രണ്ടാമത്തവളുടെ വിവാഹം സുകരമല്ലാതെയാണിരിക്കുന്നത്. മൂന്നാമത്തവളോ, പനിപിടിച്ചു കിടപ്പിലും! ഭാൎയ്യ, കൂലിക്കാരിയെപ്പോലെ പകൽ മുഴുവനും അദ്ധ്വാനം ചെയ്യുന്നു; ഇപ്പോൾ ഉറക്കം കനിവാന്ന് അവൾക്കു തൻെറ മടിയിൽ ആശ്രയം കൊടുത്തിരിക്കുന്നു. സുഖക്കേടിൽ കിടക്കുന്ന ഈ കുട്ടി മരിക്കാൻപോകുന്നു. ഞാനോ, ഇതെല്ലാം നോക്കിക്കൊണ്ടിരിക്കുന്നു!

കുമുദിനി—അമ്മേ! അമ്മേ!

കാമിനി—(ഉണൎന്നിട്ട്) എന്താ, ഓമനേ?

കുമുദിനി—വെള്ളം—

ദേവേന്ദ്രൻ— കൊണ്ടുവരാം. (പോകാൻ തുടങ്ങുന്നു)

കുമുദിനി—വേണ്ട—ഓ:—അച്ഛാ!

കാമിനി—ഇതാ, കുട്ടീ, തരാം. (വെള്ളം കൊടുക്കുന്നു)

കുമുദിനി—വേണ്ട, ഇനി സഹിക്കാൻവയ്യ; അമ്മേ!

കാമിനി—എന്താണ് മകളേ? ഞാൻ ഓമനയുടെ അടുക്കൽത്തന്നെ യുണ്ടല്ലോ.

കുമുദിനി—ജ്യേഷ്ഠത്തി!

ദേവേന്ദ്രൻ—ജ്യേഷ്ഠത്തി ഉറങ്ങുകയാണ്. വിളിക്കണോ?

കുമുദിനി—വേണ്ടച്ഛാ! ആവശ്യമില്ല. അവർ മടങ്ങിവന്നാൽ അവരോടു പറയണം—ഓ:

ദേവേന്ദ്രൻ—വല്ലാതെ വേദനയുണ്ടോ?

കുമുദിനി—ഇല്ലച്ഛാ! എല്ലാ ദുഃഖവും എല്ലാ വേദനയും ഇപ്പോൾ കലാശിക്കും.

കാമിനി— ഓമനേ, എന്തെല്ലാമാണിപ്പറയുന്നത്? – ഈശ്വര! വല്ലാത്ത നരകം!

കുമുദിനി—അമ്മേ! (കഴുത്തിൽ കെട്ടിപ്പിടിക്കുന്നു)

കാമിനി—എന്റെ ഓമനേ! (മാറോടു ചേർക്കുന്നു)

കുമുദിനി—അയ്യോ, അമ്മേ! അച്ഛാ!

കാമിനി—(ദേവേന്ദ്രനോട്) ഡാക്ടരെ വിളിക്കൂ.

(കുമുദിനി വീണ്ടും കട്ടിലിന്മേൽ വീഴുന്നു)

കുമുദിനി—അച്ഛാ! എന്തൊരു വേദനയാണ്!

കാമിനി—അയ്യോ, അയ്യോ, ഇതെന്താണ്, ഓമനേ? എന്തിനാണ് ഈ കാലും കയ്യും ഇട്ടടിക്കുന്നത്? ഡാക്ടരെ ഒന്നു വിളിക്കൂ.

ദേവേന്ദ്രൻ—ഡാക്ടർ! കേൾക്കാനില്ലേ, പുറത്തു നടക്കുന്നതെന്താണെന്ന്? ഈ നേരമല്ലാത്ത രാത്രിയിൽ, ഇങ്ങിനെ കൊടുങ്കാററും മഴയും തകർക്കുന്ന രാത്രിസമയത്ത്, എവിടെനിന്നു കിട്ടും ഡാക്ടരെ? നൂറുറുപ്പിക കൊടുക്കാമെന്നുവെച്ചാലും, ഒരൊററ ഡാക്ടരും വരില്ല. പിന്നെ, ഇത്രവലരെ ഉറുപ്പിക കൊടുക്കാൻ നിവൃത്തിയുമില്ല.

കുമുദിനി—ഇനി ഡാക്ടരൊന്നും ആവശ്യമില്ല. അച്ഛാ! ജനവാതിൽ തുറക്കൂ!

(ദേവേന്ദ്രൻ ജനവാതിൽ തുറക്കുന്നു. തണുത്ത കാററു വന്നു വിളക്കു കെടുത്തുന്നു. അതോടൊപ്പം കുമുദിനിയുടെ പ്രാണൻ അവളെ വിടുന്നു)

ദേവേന്ദ്രൻ— (ഇരുട്ടത്തു) മകളേ, കുമുദിനി!

കാമിനി—എൻെറ മകളേ! എൻെറ ഓമനേ! കുമുദിനി!

(മൃതശരീരത്തെ മാറോട്ട ചേക്കുന്നു)

ദേവേന്ദ്രൻ—മുറുക്കിപ്പിടിച്ചോളൂ—നോക്കു, എങ്ങും ഓടിപ്പോകരുതേ! ഈ ഭയങ്കരമായ കൂരിരുട്ടിൽ, ലാക്കു നോക്കി, വഞ്ചിച്ച് എങ്ങും ഓടിപ്പോകരുതേ!

കാമിനി—അയ്യോ! ഓടിപ്പോകതന്നെ ചെയ്തു!

(കരയുന്നു)

ദേവേന്ദ്രൻ—കൈവിട്ടുവോ? പിടിച്ചിരിക്കാൻ കഴിഞ്ഞില്ല! വങ്കത്തി! ആട്ടെ നടക്കു—ഈ ഇരുട്ടത്തു നമുക്കും ഓടിനോക്കാം. നോക്കാമല്ലോ, എവിടേക്കാണ് ഓടിപ്പോയതെന്ന്! (ഭ്രാന്തനെപ്പോലെ പോകുന്നു)

അണിയറയിൽ: കുമുദിനി! കുമുദിനി! മകളേ!

---

## മൂന്നാം അങ്കം

---

### രംഗം ൧

സ്ഥലം—ദേവേന്ദ്രൻെറ അന്തഃപുരം

സമയം—സന്ധ്യ

(ദേവേന്ദ്രൽ തനിയേ ലാത്തുന്നു)

ദേവേന്ദ്രൻ—ഒരാപത്തിൽനിന്നു വിടുതി കിട്ടിയിട്ടില്ല; അപ്പോഴേക്കും മറെറാന്നു തലയിൽ വന്നു വീണു! വെള്ളത്തിൽച്ചെന്നുചേന്നാലേ വെള്ളം നില്ക്കുന്നുള്ളൂ. അധഃപതിക്കാൻ തുടങ്ങിക്കഴിഞ്ഞാൽ, പിന്നെ തടയാനാരാളാകും? അധഃപതനം ആരംഭിച്ചുകഴിഞ്ഞാൽപ്പിന്നെ, വിളംബം നേരിടുന്നത് അതിന്നസഹനീയമാണ്. അതാ സുശീലയുടെ അമ്മ വരുന്നുണ്ട്—വരാം; ഞാൻ ഇളകാതെ ഉറച്ചിരിക്കുന്നുണ്ട്. എന്തെങ്കിലും ചെയ്യാം.

(കാമിനിപ്രവേശിക്കുന്നു)

കാമിനി—കേൾക്കുന്നുണ്ടോ, കണ്ണിന്മുമ്പിൽ നിന്നുതന്നെ പോലീസുകാർ കുട്ടിയെ പിടിച്ചുകൊണ്ടുപോയില്ലേ?

ദേവേന്ദ്രൻ—ഉവ്വ്, കൊണ്ടുപോയി.

കാമിനി—അങ്ങൊന്നും പറഞ്ഞില്ലേ?

ദേവേന്ദ്രൻ—ഇല്ല.

കാമിനി—മിണ്ടാതെനിന്നു നോക്കിക്കണ്ടു, അല്ലേ?

ദേവേന്ദ്രൻ—ഉവ്വ്; നോക്കിക്കണ്ടു. എന്തൊരു രസംപിടിച്ച കാഴ്ചയായിരുന്നു!

കാമിനി—അങ്ങു തടഞ്ഞില്ലേ?

ദേവേന്ദ്രൻ—ഇല്ല.

കാമിനി—എന്തേ?

ദേവേന്ദ്രൻ—കുട്ടിയെ പോലീസുകാർ വിട്ടില്ലെങ്കിലോ എന്നു ഭയപ്പെട്ടിട്ടുതന്നെ.

കാമിനി—ഈ ഭയംകൊണ്ടോ?

ദേവേന്ദ്രൻ—അല്ലാതെന്താ?

കാമിനി—അങ്ങയുടെ തലച്ചോറു തകരാറായിട്ടുണ്ട്.

ദേവേന്ദ്രൻ—അങ്ങിനെ പറയാം.

കാമിനി—അല്ല,—ഞാൻ അങ്ങയുടെ കാല്ക്കൽ വീഴുന്നു; അങ്ങ് അവനെ രക്ഷിക്കു.

ദേവേന്ദ്രൻ—ആരെ?

കാമിനി—മകനെ. എന്താ, ചിരിക്കുകയാണോ?

ദേവേന്ദ്രൻ—ആശ്ലാദിക്കു, ശ്രീമതി! ഒരു ചിന്തയും വേണ്ട. നിനക്കു പ്രപഞ്ചത്തിലെ സ്ഥിതി ഒന്നും അറിഞ്ഞുകൂടാ. ഈശ്വരാ! അങ്ങ് എന്തേ എനിക്കും സ്ത്രീജന്മം തരാത്തത്?—ഔ, ഇവൻ ഒരു നൂറു പ്രസവവേദനയുടെ കഷ്ടപ്പാടായി അനുഭവിക്കുന്നു!

കാമിനി—കുട്ടിക്ക് എന്തു സംഭവിക്കും?

ദേവേന്ദ്രൻ—കുട്ടി ജയിലിൽ പോകും. ആരും കണ്ടുപിടിച്ചില്ലെങ്കിൽ കളവ് ഒരു നല്ല രസംപിടിച്ച വിദ്യയാണ്. പക്ഷേ, കണ്ടു

പിടിച്ചുകളഞ്ഞു! (പല്ലുകൊണ്ടു ചുണ്ടമത്തിയിട്ട്) പോകട്ടെ ജയിലിൽ. എത്ര ഒന്നാന്തരം നിയമമാണ് ഗവൺമെണ്ട് ഉണ്ടാക്കിയിട്ടുള്ളത്?—അസ്സൽ!

കാമിനി—കുട്ടി ജയിലിൽ പോകയാണെങ്കിൽ പിന്നെ ഞാൻ ജീവിച്ചിരിക്കില്ല.

ദേവേന്ദ്രൻ—എന്നാൽ, മരിച്ചോളു—അതേ, മരിച്ചുകളയു. ഒരു മകൻ സന്ന്യാസിയായിപ്പോയി; മററൊരുത്തനുണ്ട്. അവനിതാ ജയിലിൽ പോകുന്നു. ഒരു മകൾ വേണ്ടപോലെ ചികിത്സിക്കായ്കയാൽ മരിച്ചുപോയി. ഒരുത്തി, ഒരാരോഗ്യം തികഞ്ഞ വരനെ കിട്ടായ്കയാൽ വിധവയായിത്തീൎന്നു. വേറൊരുത്തിയുണ്ട്, അവൾക്കു കന്യകയായിരിക്കാനാണ് ഇഷ്ടം. നീയുണ്ട് ഇനി ബാക്കി. അതിനാൽ, കുടുക്കിട്ടോളു കഴുത്തിൽ. പിന്നെ ഞാനല്ലേ,—ഞാനും ഇങ്ങിനെ വല്ല വഴിയും നോക്കിക്കൊള്ളാം—ഹേ, ദയാമയ! എന്തൊരു കൌശലമാണ് അങ്ങയുടെ! ഭക്ഷണത്തിനില്ല—എന്നാലും വിവാഹം കഴിക്കാൻ ധര! വിവാഹം കഴിക്കുക, പിന്നെ അതിൻെറ ഫലം അനുഭവിക്കുക! ഞാൻ ചെയ്തതിൻെറ ഫലം ഞാനനുഭവിക്കുന്നു. ആരേയും കുററപ്പെടുത്തേണ്ട.

കാമിനി—കുട്ടി ജയിലിൽ പോയേക്കുമോ?

ദേവേന്ദ്രൻ—തോന്നുന്നതങ്ങിനെയാണ്.

കാമിനി—നല്ല ഒരു വക്കീലിനെ നിയമിച്ചാൽ വിടുവിക്കാൻ പററുമോ?

ദേവേന്ദ്രൻ—അങ്ങിനെയാണെങ്കിൽ, വിടുവിക്കാൻ പററിയേക്കാം.

കാമിനി—എന്നാൽ വക്കീലിനെ നിയമിച്ചു കേസ്സു നടത്തു.

ദേവേന്ദ്രൻ—ഹ ഹ ഹ! നിനക്കു നേരമ്പോക്കാണ്. ലേശം വിഷമം തോന്നുന്നില്ല!—യാതൊന്നും അറിയില്ല. അറിയാമോ, വക്കീലിനെ നിയമിക്കാൻ പണം ചെലവിടണം. ആ പണം നീ തരുമായിരിക്കാം, എന്താ?

കാമിനി—കടം വാങ്ങു.

ദേവേന്ദ്രൻ—ഹഹ! ഈ വിഷമപ്രശ്നത്തിന്നു നീ ഒരൊന്നാന്തരം ഉ

പായം കണ്ടുപിടിച്ചു; വളരെ എളുപ്പമുള്ള ഒരു വിദ്യ പറഞ്ഞു തന്നു. ഹ ഹ ഹ!

കാമിനി—കഷ്ടം! കഷ്ടം! കുട്ടി ജയിലിൽ പോകാൻ തുടങ്ങുന്നു; അങ്ങ് ഇവിടെയിരുന്നു ചിരിയ്ക്കുന്നു.

ദേവേന്ദ്രൻ—ഇല്ല, അതു ഞാൻ ചെയ്തത് അന്യായമാണ്; ഇനി ചിരിയ്ക്കില്ല. അച്ഛൻെറ കടം വീട്ടാൻ വീടിൻെറ പകുതിയും വിററുകളഞ്ഞു! നിനക്കു കാണാനില്ലേ? കടം!—ഞാനിതുവരെ കടം വാങ്ങിയിട്ടില്ല; ഇനി വാങ്ങുകയുമില്ല. മകൻ ജയിലിലേയ്ക്കു പൊയ്ക്കൊള്ളട്ടെ.

കാമിനി—പിന്നത്തെ കഥയോ? (കരയുന്നു)

ദേവേന്ദ്രൻ—(പരുക്കസ്വരത്തിൽ) പോവൂ, സൈ്വരം കെടുത്താതെ.

(കാമിനി പോകുന്നു)

ദേവേന്ദ്രൻ—വിവാഹം ചെയ്തു—അതിൻെറ ഫലം അനുഭവിയ്ക്കുന്നുമുണ്ട്! ആരേയും കുററപ്പെടുത്തേണ്ട: വിവാഹത്തിന്നു മുമ്പ് അച്ഛൻ എന്നോടു ചോദിച്ചില്ലേ? ഞാനതു സമ്മതിയ്ക്കുകയും ചെയ്തു. അപ്പോൾ കരുതിയത്, പ്രിയതമയുടെ മുഖചന്ദ്രാമൃതം പാനം ചെയ്താൽ വയറു നിറയുമെന്നാണ്. പിന്നെ—പിന്നെ എന്താണ് കരുതിയത്?—എല്ലാം സ്വപ്നംപോലെ തോന്നുന്നു. അന്ന് ഇതറിഞ്ഞിരുന്നുവോ?—ഇല്ല, പ്രവൃത്തിയ്ക്കനുസരിച്ചുള്ള ഫലം കിട്ടി! ഭേഷ്—ഈശ്വരാ—ഭേഷ്!

(വിനോദിനി പ്രവേശിക്കുന്നു)

വിനോദിനി—അച്ഛാ!

ദേവേന്ദ്രൻ—ആര്, വിനോദിനിയോ? എന്താണ് വേണ്ടത്?—ഓ, നീ എന്തിനാണ് വന്നതെന്ന് എനിയ്ക്കറിയാം. അതു സാദ്ധ്യമല്ല.

വിനോദിനി—അച്ഛാ, മഹേന്ദ്രനെ—

ദേവേന്ദ്രൻ—ഒന്നും പറയേണ്ട. പറയുകയാണെങ്കിൽ, ഞാൻ ആത്മഹത്യ ചെയ്യും.

(സുശീല പ്രവേശിക്കുന്നു)

ദേവേന്ദ്രൻ—നീയും എത്തിയോ? എന്താ? എന്താണ് വേണ്ടത്?

സുശീല—എനിയ്ക്കൊന്നും വേണ്ട. അച്ഛാ, മഹേന്ദ്രനെ—

ദേവേന്ദ്രൻ—പോവാം, പോവാം.

സുശീല—എന്നെ ഉപേക്ഷിച്ചോളൂ; എന്നാലും മഹേന്ദ്രനെ രക്ഷപ്പെടുത്തു. ഞാൻ അവിടുത്തെ കാല്ക്കൽ വീഴുന്നു.

ദേവേന്ദ്രൻ—കടന്നുപോ. തൊടരുത് എന്നെ.

സുശീല—അച്ഛാ! (കാൽപിടിയ്ക്കുന്നു)

ദേവേന്ദ്രൻ—ഓ: ഇനി സഹിയ്ക്കാൻ വയ്യ. എത്രത്തോളം അടക്കും? ഈ വേദന മാറിടം പിളുന്നുകളയുന്നു. ഇതെങ്ങിനെ കണ്ടിരിയ്ക്കും? മകളേ, വിനോദിനി! മകളേ, സുശീലേ! ആലോചിയ്ക്കുന്നതെന്താണ്? എന്താണ് ആലോചിയ്ക്കുന്നത്? നിങ്ങളുടെ അച്ഛൻ—ഓ: (വേഗത്തിൽ പോകുന്നു)

(ആഭരണപ്പെട്ടിയുംകൊണ്ടു കാമിനി പ്രവേശിയ്ക്കുന്നു)

കാമിനി—വിനോദിനി!

വിനോദിനി—എന്താണമ്മേ?

കാമിനി—ഈ ആഭരണങ്ങളുംകൊണ്ടു സദാനന്ദബാബുവിൻെറ അടുക്കലൊന്നു പോവൂ, മകളേ! പോയി, ഇതു വിററു പണം വാങ്ങി തരാൻ പറയൂ.

വിനോദിനി—എന്താണിത്, അമ്മേ?

കാമിനി—ഈ ആഭരണങ്ങളിരിയ്ക്കെ, എൻെറ കുട്ടിയ്ക്ക് ജയിലിൽ പോകേണ്ടിവരില്ല. എന്താണ് സൂക്ഷിച്ചുനോക്കുന്നത്? കൊണ്ടുപോവൂ.

വിനോദിനി—അമ്മയല്ലേ പറഞ്ഞിരുന്നത്, ഈ പണ്ടങ്ങൾ അമ്മയുടെ അമ്മ തന്നതാണെന്ന്. ജീവകാലം മുഴുവനും ഇതു കൈവിടില്ലെന്നും പലപ്പോഴും പറയാറുണ്ടല്ലോ.

കാമിനി—പറയുകയുണ്ടായിട്ടുണ്ട്. അപ്പോൾ കുട്ടിയ്ക്ക് ഈ ആപത്തു വരുമെന്ന് അറിഞ്ഞിരുന്നില്ലല്ലോ. പ്രാണനേക്കാൾ പ്രിയനായിരുന്നിട്ട്, ഇരുളടഞ്ഞ വീട്ടിന്നൊരു വൈരക്കല്ലായിച്ചമഞ്ഞിട്ട്, ശത്രു എൻെറ വീടു തുരന്നേയ്ക്കുമെന്നു കരുതിയില്ല. പെട്ടിയിൽ ഈ പണ്ടങ്ങളെല്ലാമിരുന്നിട്ട് എൻെറ കുട്ടി ജയിലിൽ പോവുക!

എന്നിട്ട്, അമ്മയായ ഈ ഞാൻ അതു നിന്നു നോക്കിക്കാണുക! —കൊണ്ടുപോവൂ, മകളേ!

വിനോദിനി—അച്ഛനോടു ചോദിച്ചുവോ?

കാമിനി—ഇല്ല—ആവശ്യമില്ല. അദ്ദേഹത്തിന്റെ തലച്ചോറു തകരാറായിരിക്കുന്നു.

വിനോദിനി—എന്നാലും—

കാമിനി—ഇതിൽ 'എന്നാലും' പക്ഷേയും ഒന്നും പറയാതിരിക്കു, കുട്ടി! വല്ലാത്ത ഭയങ്കരമായ ഒരാപത്തിൽപ്പെട്ടിട്ടാണ് ഞാൻ, സ്വന്തം അമ്മ തന്ന ഈ പണ്ടങ്ങൾ, എന്റെ ഈ സ്വന്തം ഹൃദയം, സ്വന്തം ശരീരത്തിന്റെ ഈ പകുതിരക്തം വില്ക്കാൻ പോകുന്നത്. എന്റെ മകനു, മകളേ, മുഖം തിരിക്കേണ്ട; എന്റെ സ്വന്തം മകനാണ് കൊടുക്കുന്നത്; മററാൎക്കുമല്ല. കൊണ്ടുപോവൂ, മകളേ!

(വിനോദിനി തല താഴ്ത്തി ആഭരണപ്പെട്ടിയെടുത്തു പോകുന്നു)

കാമിനി—(മുട്ടുകുത്തി കൈ കൂപ്പിക്കൊണ്ട്) ഭഗവൻ! ഈ ആപത്തിൽ നിന്ന് എന്നെ രക്ഷിക്കണേ!

## രംഗം ൫

സ്ഥലം—ദേവേന്ദ്രന്റെ കിടപ്പുമുറി.

സമയം—രാത്രി.

(ദേവേന്ദ്രൻ തനിയേ നിദ്രാധീനനായി മുറിയിൽ ലാത്തുന്നു)

ദേവേന്ദ്രൻ—പണം! പണം! പണം! ലോകത്തിൽ മറെറാന്നുമില്ല. പണം മാത്രം വേണം! മകന്ന് പണം വേണം, മകൾക്കു വേണം പണം, ഭാൎയ്യക്കു വേണം പണം, ബന്ധുക്കൾക്കു വേണം, കള്ളന്നു വേണം, രാജാവിന്നു വേണം, സന്ന്യാസിക്കു വേണം, മുഖസ്തുതിക്കാൎക്കു വേണം! മനുഷ്യൻ ഈ പണത്തിന്നുവേണ്ടി അമ്മയായ ഭൂമിയുടെ വയറു പിളൎക്കുന്നു; അഗാധമായ സമുദ്രത്തിന്നുള്ളിൽക്കിടന്നു മുങ്ങിമറിയുന്നു—ഒരുവേള സാധിക്കുമെങ്കിൽ അവൻ ആ

കാശത്തോളം ചെന്ന്, സൂര്യ്യചന്ദ്രന്മാരേയും നക്ഷത്രങ്ങളേയും തട്ടിയുടച്ച്, ഉരുക്കി അച്ചിലിട്ട് ഉറുപ്പികയടിയ്ക്കാൻ സാധിയ്ക്കുമോ എന്നു പരീക്ഷിച്ചുനോക്കുമായിരുന്നേനേ. അമ്പോ, ലോകമേ! എല്ലാ മനുഷ്യരും ഈ ലോകത്തിൽ, പണമെന്ന ഒരേ വിചാരത്തിൽത്തന്നെ മുഴുകിയിട്ടാണ് കാണപ്പെടുന്നത്! എന്നാൽ മനുഷ്യൻ ഈ പണത്തിന്റെ സമുദ്രത്തിൽക്കിടന്നു മുങ്ങിമറിഞ്ഞു പുറത്തു വരുമ്പോഴാകട്ടെ, ഒരൊററ ഉറുപ്പികപോലും അയാളുടെ മേൽ പററിപ്പിടിച്ചതായി കാണാറില്ല. എന്റെ ഈശ്വരാ! എന്റെ കയ്യിലുള്ള ഈ അയ്യായിരം ഉറുപ്പികയിന്മേലാണ് വീട്ടിലുള്ള എല്ലാവരുടേയും ഇപ്പോഴത്തെ ദൃഷ്ടി. പരുന്തിനെപ്പോലെ പെട്ടെന്നു പറന്നുവീണ് ഇതു റാഞ്ചിക്കൊണ്ടുപോകാനാണ് എല്ലാവരുടേയും ആഗ്രഹം. നില്ക്കട്ടെ, ഞാൻ എല്ലാ ഏപ്പാടുകളും ചെയ്യേയ്ക്കാം. (ഇരിമ്പുപെട്ടി തുറക്കുന്നു) ഒരുത്തനും കിട്ടാത്ത സ്ഥലത്ത് ഒളിച്ചുവെയ്ക്കും ഇത്—എവിടെ വെയ്ക്കും? നാളെത്തന്നെ കോടതിയിൽക്കൊണ്ടുപോയി കെട്ടിവെച്ചാലോ? മുത്തച്ഛന്മാരുടെ വീടാണ്, അച്ഛൻ വരുത്തിയ കടവുമാണ്; അതിന്നുവേണ്ടിയാണ് തറവാടു പകുതി വിററുകളഞ്ഞത്, എനിയ്ക്കുവേണ്ടിയല്ല—എവിടെയാണ് വെയ്ക്കേണ്ടത്? ഇവിടെ വെച്ചാലോ? ഹു ഹു! നിലത്തു കുഴിച്ചിട്ടാലോ? ഭേഷ്, തരക്കേടില്ല. (പുറത്തു പോയി എളാങ്കുംകൊണ്ടു പ്രവേശിയ്ക്കുന്നു) നോക്കട്ടെ, ഇവിടം പററുമോ ഇല്ലയോ എന്ന്. (എളാങ്കുകൊണ്ടു നിലം കുഴിയ്ക്കുന്നു. അതിന്റെ ശബ്ദംകേട്ടു ഞെട്ടുന്നു) എന്ത്! (നാലുപാടും നോക്കിയിട്ട്) വേണ്ട, ഇതൊച്ചപ്പെടുത്തുന്നു. വേണ്ട, ഇതു പററില്ല. (എളാങ്കു താഴെ വെച്ചിട്ട്) ആട്ടെ, അലമാരിയിൽ വെയ്ക്കാം. ഒരുത്തനും സംശയിയ്ക്കില്ല. ഇരിമ്പുപെട്ടി ഉണ്ടായിരുന്നിട്ടുകൂടി ആരാണ് അയ്യായിരം ഉറുപ്പിക അലമാരിയിൽ വെയ്ക്കുക? ശരി, അലമാരി തുറക്കാം. (താക്കോലെടുത്ത് അലമാറി തുറക്കുന്നു) ഇവിടെ വെച്ചാലോ? വേണ്ട, ഇവിടെയായാലോ? —ഇതിന്നുള്ളിൽ എന്താണ്? എന്താണിതിന്നുള്ളിൽ? ഇതിന്നുള്ളിൽ, ഇതാ ഒരു കള്ളറ. ഭേഷ്; ഇതൊരു നല്ല രസമുള്ളതുത

ന്നെ. ഇവിടെത്തന്നെ വെച്ചാലോ?—അങ്ങിനെത്തന്നെ. (നോട്ടിൻകെട്ട് ആ കല്ലറയിൽ വെയ്ക്കുന്നു) ഇനി ഇതാ. (അടയ്ക്കുന്നു) ഇനി ഇത്. (അലമാരിയുടെ വാതിലടയ്ക്കുന്നു) ഇനി (അലമാരി പൂട്ടുന്നു) ഇങ്ങൊന്നും ആരുമില്ല. ആരും കണ്ടിട്ടില്ല. ഇനി ആർക്കാണ് ഈ ഉരുപ്പികയെടുക്കാൻ മിടുക്കുള്ളത്? ഹ ഹ ഹ! (എന്നിട്ടു കിടന്നുറങ്ങുന്നു)

(വിനോദിനി പ്രവേശിക്കുന്നു)

വിനോദിനി—അച്ഛൻ ഇപ്പോൾത്തന്നെ ആരോടോ സംസാരിച്ചിരുന്നപോലെ തോന്നുന്നു. (ഉറങ്ങുന്നതു കണ്ടിട്ട്) ഓ, ഉറക്കത്തിൽ നടക്കാനും സംസാരിക്കാനും മററും അച്ഛനു പണ്ടേ വശമാണ്.

(പോകുന്നു)

## രംഗം ൩

സ്ഥലം—ഉപേന്ദ്രന്റെ വീട്

സമയം—സന്ധ്യ

(ഉപേന്ദ്രനും ഭക്തന്മാരും ഇരിക്കുന്നു)

ഉപേന്ദ്രൻ—ഭക്തന്മാരേ, ഭക്ഷണം കഴിക്കുന്നത് ഒരു വലിയ ആധ്യാത്മികകാര്യമാണെന്നാണ് എനിക്കു തോന്നുന്നത്. പിന്നെ, വെണ്ണയാകട്ടെ—സാക്ഷാൽ ശ്രീകൃഷ്ണഭഗവാൻ—ആഹാ! ആ ദേവകീനന്ദനൻ—

ഭക്തഗണം—ആഹാ!

ഉപേന്ദ്രൻ—പീതാംബരധരൻ—പിഞ്ഛഭൂഷണൻ—വേണുഗോപാലൻ!

ഭക്തഗണം—(ഗദ്ഗദസ്വരത്തിൽ) ആഹാ!

ഉപേന്ദ്രൻ—ആ വെണ്ണക്കള്ളൻ, ഭഗവാൻ തിരുവടി, ഈ ഉജ്ജ്വലവും കോമളവും—ആഹാ!—വെണ്ണ ഭുജിച്ചിരുന്നു! അതിനാൽ (വെണ്ണ തിന്നുന്നു)

ഭക്തഗണം—ആഹാ!

ഉപേന്ദ്രൻ—ഈ അണ്ഡാകാരത്തിലുള്ള തുടുതുടുത്ത സുന്ദരപദാൎത്ഥം ഈ മധുരരസത്തിൽക്കിടന്നു നീന്തുന്നു, ആഹാ!—കാരണജലത്തിൽ സൃഷ്ടി കിടന്നു കളിക്കുന്നപോലെ! ഇതിൻെറ പേരാണ് രസഗുള. പുരാതനമഹൎഷിമാർ ഇതിൻെറ ആകൃതി കണ്ടിട്ടുതന്നെയാണ് ഭൂമി ഗോളാകാരമാണെന്ന സിദ്ധാന്തത്തെ സ്ഥിരപ്പെടുത്തിയത്. അതിനാൽ ഈ ആത്മാവ് പരമാത്മാവിനെ പ്രാപിക്കട്ടെ. (രസഗുള തിന്നുന്നു)

ഭക്തഗണം—എന്തൊരാദ്ധ്യാത്മികപ്രസംഗം! എന്തൊരാദ്ധ്യാത്മികവൎണ്ണന!

ഉപേന്ദ്രൻ—ഈ പാനീയം, നാടൻഭാഷയിൽ സൎബ്ബത്ത് എന്നു പറയപ്പെടുന്ന ഇത്, എന്തെന്തപൂൎവ്വരഹസ്യങ്ങളാൽ നിറയപ്പെട്ടിരിക്കുന്നു! 'സൎവ്വഭൂതേഷു ശ്രീകൃഷ്ണഃ'—ആഹാ! സൎവ്വഭൂതവും സൎബ്ബത്തും ഒരേ പദാൎത്ഥംതന്നെയാണ്. എന്തൊരാദ്ധ്യാത്മികവ്യാപാരം!—ശരി, ഇത് ആ സാക്ഷാൽ പരമേശ്വരങ്കൽച്ചെന്നു ലയിക്കട്ടെ. (സൎബ്ബത്ത് കുടിക്കുന്നു)

ഭക്തഗണം—ലയിക്കട്ടെ!

ഉപേന്ദ്രൻ—ഇനി, ഈ പുക വമിക്കുന്ന വിചിത്രയന്ത്രം നോക്കുവിൻ—ഇതിൻെറ പേർ ഹുക്ക എന്നാണ്. ഇതിൽ വിഷ്ണുവിൻെറ തേജസ്സുണ്ട്—ഹേ ഹരി! ഹേ ഗോവിന്ദ! ഹേ നാരായണ! മധുസൂദന! (ഹുക്ക വലിക്കുന്നു)

ഭക്തഗണം—ഭജഗോവിന്ദം, ഭജഗോവിന്ദം!

(ഭൃത്യൻ പ്രവേശിക്കുന്നു)

ഭൃത്യൻ—പ്രഭോ, യജ്ഞേശ്വരബാബു വന്നിട്ടുണ്ട്.

ഉപേന്ദ്രൻ—യജ്ഞേശ്വരബാബു!—ഓഃ കൊള്ളാം, സഹോദരന്മാരേ, നിങ്ങൾ ഇപ്പോൾ വീട്ടിലേക്കു പൊയ്ക്കൊൾവിൻ. ഞാൻ ശ്രീകൃഷ്ണൻെറ ചരണാരവിന്ദങ്ങളിൽ മനസ്സിനെ ഒന്നുറപ്പിക്കട്ടെ. ഹാ! തന്തിരുവടിതന്നെ ഗോപീമനരഞ്ജകൻ, തന്തിരുവടിതന്നെ ജീവിതത്തിൻെറ പരമലക്ഷ്യം, തന്തിരുവടി വിഷ്ണുഭഗവാൻതന്നെ

നമ്മെ ഉദ്ധരിക്കും! അദ്ദേഹത്തിൻെറ ചരണങ്ങളെ ധ്യാനിക്കട്ടെ! —ആഹാ!

(ഭക്തഗണം 'ആഹാ! ഓഹോ!' തുടങ്ങി ഭക്തിസൂചകങ്ങളായ ശബ്ദങ്ങൾ ഉച്ചരിച്ചുകൊണ്ടു പോകുന്നു)

ഉപേന്ദ്രൻ—ഓഹ്! എന്തുപോലെയാണ് ശ്വാസം മുട്ടിയിരുന്നത്! ജീവൻ കിട്ടി. യജ്ഞേശ്വരൻ എന്തിനാണ് വന്നിട്ടുള്ളതെന്നു നോക്കട്ടെ.

(യജ്ഞേശ്വരൻ പ്രവേശിക്കുന്നു)

യജ്ഞേശ്വരൻ—ഇതാ, ഉപേന്ദ്രബാബു ഇവിടെത്തന്നെയുണ്ട്, ഉപേന്ദ്രബാബു, നിങ്ങളോട് എനിക്കൊരു കാര്യം പറയാനുണ്ട്.

ഉപേന്ദ്രൻ—നിങ്ങളോട് എനിക്കും കുറച്ചു പറയാനുണ്ട്, യജ്ഞേശ്വര.

യജ്ഞേശ്വരൻ—നിങ്ങൾ വിശ്വാസവഞ്ചന ചെയ്തിരിക്കുന്നു.

ഉപേന്ദ്രൻ—ഞാനോ!

യജ്ഞേശ്വരൻ—അതേ, നിങ്ങൾ. നിങ്ങൾ അച്ഛൻെറ കടം അനുജൻെറ തലയ്ക്കിട്ടു. അയാൾ വീടു വിററ് കടം വീട്ടുമെന്നാണല്ലോ നിങ്ങൾ പറഞ്ഞത്. വീടെല്ലാം വിററുകളഞ്ഞു. എന്നാൽ കടത്തിൽ ഒരു പൈപോലും വീട്ടിയതുമില്ല.

ഉപേന്ദ്രൻ—അത്—അതിലെനിക്കു കുററമില്ല.

യജ്ഞേശ്വരൻ—നിങ്ങൾക്കു കുററമില്ലേ? നിങ്ങളുടെ ചെവി പിടിച്ചു ഞാൻ ആ പണം വസൂലാക്കും.

ഉപേന്ദ്രൻ—വസൂലാക്കിക്കൊള്ളു. പോയാട്ടെ. ഞാൻ വക്കീലാണ്.

യജ്ഞേശ്വരൻ—ഞാൻ ഒരു ഉണ്ടികക്കാരനും. രണ്ടുകൂട്ടരും പാവങ്ങളുടെ ചോര വലിച്ചെടുക്കുന്നു. വല്ല വ്യത്യാസവുമുണ്ടെങ്കിൽ, അതു ഞാനൊരു വൈഷ്ണവനല്ലെന്നുള്ളതാണ്. തീർച്ചയായും ഞാനീപ്പണം നിങ്ങളോടു വസൂലാക്കും.

ഉപേന്ദ്രൻ—വസൂലാക്കു. നിങ്ങൾ സംഖ്യ മുഴുവൻ കിട്ടിബോധിച്ചതായി എനിക്കെഴുതിത്തന്നിട്ടുണ്ട്. വസൂലാക്കു.

യജ്ഞേശ്വരൻ—എന്നാൽക്കാണണോ?

ഉപേന്ദ്രൻ—എന്ത്?

യജ്ഞേശ്വരൻ—ഞാൻ ശരിയായ മരണപത്രത്തിൻെറ സാക്ഷിയാണ്. ഇതോൎമ്മയുണ്ടോ?

ഉപേന്ദ്രൻ—ആ മരണപത്രം ഇപ്പോളെവിടെ?

യജ്ഞേശ്വരൻ—ഇപ്പോഴുമുണ്ട്. ആ ചില്ലിട്ട അലമാരിയിലുണ്ട്.

ഉപേന്ദ്രൻ—അയ്യട!

യജ്ഞേശ്വരൻ—എന്തയ്യട? നിങ്ങൾ കരുതുന്നത്, ആ മരണപത്രം നിലവിലുണ്ടെങ്കിൽ, ഇതിനിടക്കുതന്നെ ദേവേന്ദ്രൻെറ കയ്യിൽ കിട്ടേണ്ടിയിരുന്നുവെന്നായിരിക്കും. പക്ഷേ, കാൎയ്യമങ്ങിനെയല്ല. ആ അലമാരിക്കുള്ളിൽ ഒരു കള്ളറയുണ്ട്. ഈ കള്ളി എനിക്കു മാത്രമേ അറിഞ്ഞുകൂടൂ; മററാരുത്തനും അറിഞ്ഞുകൂടാ. അലമാരി ഇപ്പോഴും ദേവേന്ദ്രൻെറ പക്കലുണ്ട്. ഞാനിപ്പോൾത്തന്നെ ചെന്നു പറയും ദേവേന്ദ്രനോട്. ഇതുതന്നെയാണ് പണം വസൂലാക്കാൻ എൻെറ കയ്യിലുള്ള എളുപ്പവഴി. ആ ഒസ്യത്തനുസരിച്ചു മുക്കാൽഭാഗം സ്വത്തു ദേവേന്ദ്രനുള്ളതാണ്. കാൽഭാഗം നിങ്ങൾക്കും.

ഉപേന്ദ്രൻ—എന്ത്?

യജ്ഞേശ്വരൻ—പറയൂ, പണം തരുമോ ഇല്ലയോ?

ഉപേന്ദ്രൻ—പക്ഷേ, നിങ്ങൾകള്ളൊസ്യത്തിൻേറയും സാക്ഷിയാണ്.

യജ്ഞേശ്വരൻ—ഞാൻ നിഷേധിക്കും. നിങ്ങൾ എൻെറ കള്ളൊപ്പിട്ടതാണ്.

ഉപേന്ദ്രൻ—ആരാണിതു വിശ്വസിക്കുക?

യജ്ഞേശ്വരൻ—അച്ഛൻെറ കള്ളൊപ്പിടാൻ കഴിയുന്ന ആൾക്കു സാക്ഷിയുടെ കള്ളൊപ്പിട്ടുകൂടേ? പറയൂ, പണം തരുമോ ഇല്ലയോ?

ഉപേന്ദ്രൻ—യജ്ഞേശ്വരാ, ഇതു നിങ്ങൾക്കു ചെയ്യാനാവില്ല. നിങ്ങൾ എൻെറ സ്നേഹിതനാണ്.

യജ്ഞേശ്വരൻ—ഒരാളെ അമ്പെ നശിപ്പിക്കാൻവേണ്ടി കുസൃതികളും കെണികളും കെട്ടിയുണ്ടാക്കുന്നതിൻെറ പേർ സൌഹാൎദ്ദമെന്നല്ല. നല്ല രണ്ടാളുകൾ തമ്മിൽ സ്നേഹിതന്മാരായേക്കാം. എ

ന്നാൽ രണ്ടു തെമ്മാടികൾ തമ്മിൽ അതുണ്ടാവാൻ വയ്യ. അവരെ രണ്ടുപേരേയുംകൂടി പത്തുകൊല്ലക്കാലം ഒരു കൂട്ടിലിട്ടടച്ചാൽത്തന്നെ, അവർ സ്നേഹിതന്മാരാവാൻ പ്രയാസമാണ്. കൂട്ടിൽനിന്നു പുറത്തു ചാടേണ്ടതാമസം, അവർ പണ്ടത്തെ തെമ്മാടികൾതന്നെ.

ഉപേന്ദ്രൻ—യജ്ഞേശ്വര! (കയ്യു പിടിക്കുന്നു)

യജ്ഞേശ്വരൻ—പെണ്ണുങ്ങളെപ്പോലെ കരയാനൊന്നും നില്ക്കണ്ട. (കയ്യു വിട്ടുവിച്ച്) ഉറുപ്പിക തരുമോ ഇല്ലയോ?

ഉപേന്ദ്രൻ—കേൾക്കുകകൂടി ച്ചെയ്യില്ലേ?

യജ്ഞേശ്വരൻ—തരുമോ ഇല്ലയോ? നിങ്ങൾ വക്കീലാണ്. ഒരു മറുപടി തരൂ. ഉവ്വോ, ഇല്ലേ?

ഉപേന്ദ്രൻ—ഒരു സംഗതി കേൾക്കുക.

യജ്ഞേശ്വരൻ—ഞാൻ പറഞ്ഞതു ചെയ്യാം. തരുമോ? ഇതൊട്ടുവിലത്തെ ചോദ്യമാണ്.

ഉപേന്ദ്രൻ—തരാം.

യജ്ഞേശ്വരൻ—ഇപ്പോൾ തരൂ.

ഉപേന്ദ്രൻ—ഇപ്പോഴോ?

യജ്ഞേശ്വരൻ—അതേ; ഈ ക്ഷണത്തിൽ. എനിക്കു നിങ്ങളെ വിശ്വാസമില്ല.

ഉപേന്ദ്രൻ—ഇപ്പോൾ എന്റെ കയ്യിൽ പണമില്ല.

യജ്ഞേശ്വരൻ—ശരി. (പോകാൻ ഭാവിക്കുന്നു)

ഉപേന്ദ്രൻ—നില്ക്കൂ, തന്നേക്കാം.

യജ്ഞേശ്വരൻ—എടുക്കൂ.

ഉപേന്ദ്രൻ—നോക്കൂ യജ്ഞേശ്വര, നമുക്കു തമ്മിൽ ഒരു തിപ്പു ചെയ്യുക.

യജ്ഞേശ്വരൻ—തിപ്പോ?

ഉപേന്ദ്രൻ—അതേ, തീപ്പ്.

യജ്ഞേശ്വരൻ—എന്തു തീപ്പ്?

ഉപേന്ദ്രൻ—ഇതിന്നു സമ്മതമാണെങ്കിൽ—

യജ്ഞേശ്വരൻ— (പെട്ടന്ന്) ആ്, തീപ്പുചെയ്യുക. അതിന്നൊരുക്കമാണെങ്കിൽ ഞാൻ പലിശയും മുതലും വിട്ടുതരാൻ തയ്യാറാണ്. കേൾക്കു.

ഉപേന്ദ്രൻ—എന്തിന്?

യജ്ഞേശ്വരൻ—വയ്യ, എൻെറ നാവുകൊണ്ട് ആ കാര്യം പറയാൻ വയ്യ. ആ കാര്യം കേട്ടുപോയാൽ ഭൂമി വിറകൊള്ളും. ഈ അമാവാസിനിശീഥിനിയിലെ കാളാന്ധകാരം ഉറച്ചു കട്ടിയായിപ്പോവും. ധർമ്മം,—അങ്ങിനെയൊന്നുണ്ടെങ്കിൽ—അത് ഉണങ്ങി ചുങ്ങിപ്പോയേക്കും; അതു ചത്തു, ചീഞ്ഞ്, ദുർഗ്ഗന്ധം വമിയ്ക്കാൻ തുടങ്ങും.

ഉപേന്ദ്രൻ—കേൾക്കട്ടെ, എന്താണ് ആ കാര്യം?

യജ്ഞേശ്വരൻ—മനസ്സിലായില്ലേ? നിങ്ങളും പാപിയാണ്; ഞാനും പാപിയാണ്; എന്നാലും ആ സംഗതി, എൻെറ നാവിന്മേൽ നിന്നു നിങ്ങളുടെ മുമ്പിൽ വീഴാൻ കൂട്ടാക്കുന്നില്ല. ഇനിയും മനസ്സിലായില്ലേ?

ഉപേന്ദ്രൻ—ഇല്ല!

യജ്ഞേശ്വരൻ—കേൾക്കു. (ചെവിയിൽ പറയുന്നു) എന്ത്? ഞെട്ടിപ്പോയോ?

ഉപേന്ദ്രൻ—എന്ത്! സ്വന്തം മരുമകളെ— (യജ്ഞേശ്വരൻെറ കഴുത്ത് പിടിച്ചിട്ട്) ദുഷ്ട; ചെകുത്താനേ!

യജ്ഞേശ്വരൻ—സൂക്ഷിച്ചിട്ട്, ഉപേന്ദ്ര!

ഉപേന്ദ്രൻ—ഇല്ല, ഇല്ല. വിട്ടുതന്നേയ്ക്കാം. ഓർമ്മിച്ചില്ല. ആലോചിച്ചില്ല. (വിട്ടുകൊടുക്കുന്നു)

ഉപേന്ദ്രൻ—സമ്മതം—ആരാണത്?

യജ്ഞേശ്വരൻ—ആരുമില്ല. ഇതെന്താണ് വിറയ്ക്കുന്നത്? വരു, പുറത്തേയ്ക്കു പോകാം. (പോകുന്നു)

## രംഗം ൪

സ്ഥലം—ദേവേന്ദ്രന്റെ വീട്ടിലെ അന്തഃപുരം
സമയം—സന്ധ്യ
(കാമിനിയും വിനോദിനിയും)

കാമിനി—എന്തേ?

വിനോദിനി—സദാനന്ദബാബു പറഞ്ഞത്, ആഭരണങ്ങൾ ഇപ്പോൾ വില്ക്കേണ്ടതില്ലെന്നാണ്. അവ പണയംവെച്ച് അയ്യായിരം ഉറുപ്പിക കൊണ്ടുവന്നു തന്നു.

കാമിനി—എന്തേ അദ്ദേഹം പറഞ്ഞത്? എന്റെ കുട്ടി രക്ഷപ്പെടുമോ?

വിനോദിനി—അദ്ദേഹം ആവുന്നേടത്തോളം അതിന്നുവേണ്ടി ശ്രമിക്കും. ഒട്ടും അമാന്തം വരുത്തില്ല.

കാമിനി—ഈശ്വരൻ അദ്ദേഹത്തിന്നു നല്ലതു വരുത്തട്ടെ. നോക്കൂ, മകളേ, നിന്റെ അച്ഛൻ ഈ ഉറുപ്പികയെപ്പററി അറിയാനിടയാവരുത്. അല്ലാത്തപക്ഷം, അദ്ദേഹം സ്വൈരം തരില്ല.

വിനോദിനി—പേടിക്കേണ്ടാ, അമ്മേ! അദ്ദേഹം അറിയില്ല. (പോകുന്നു)

കാമിനി—ഈശ്വരൻ രക്ഷിക്കട്ടെ ഭഗവൻ!—

(ദേവേന്ദ്രൻ പ്രവേശിക്കുന്നു)

ദേവേന്ദ്രൻ—ഭക്ഷണം ഇനിയും തയ്യാറായില്ലേ?

കാമിനി—ഓ; ഞാൻ മറന്നുപോയി.

ദേവേന്ദ്രൻ—നിങ്ങൾ എല്ലാവരുംകൂടി എന്നെ വീട്ടിൽ പൊറുപ്പിക്കാതിരിക്കാനാണ് വട്ടം കൂട്ടുന്നത്.

കാമിനി—ഞാനിതാ, ഇപ്പോൾ തയ്യാറാക്കാം. എന്താ കുട്ടിയുടെ വർത്തമാനം?

ദേവേന്ദ്രൻ—(പരുഷസ്വരത്തിൽ) പോവൂ, ഉപദ്രവിക്കരുത്.

(കാമിനി പോകുന്നു)

ദേവേന്ദ്രൻ—കുട്ടി ജയിലിൽപ്പോയി. പോട്ടെ. ഇനിയോ? ഇനി അച്ഛന്റെ കടം വീട്ടി, ഒരു കൌപീനവുമുടുത്തു, ഞാൻ ഒരു സന്ന്യാ

സിയായി പോകും. ഭാൎയ്യയും രണ്ടു പെൺകുട്ടികളുമുണ്ട്—സാധി
ക്കില്ല. അവർ തെണ്ടിക്കഴിഞ്ഞുകൊള്ളും. മകൻ ജയിലിൽ പോ
യതു നന്നായി: ചെലവിനു കൊടുക്കേണ്ടല്ലോ. തരക്കേടെന്താ
ണ്? അസ്സലായി.

(സുശീല പ്രവേശിക്കുന്നു)

ദേവേന്ദ്രൻ—നീ എന്തിനാണിങ്ങോട്ടു പോന്നത്? പൊയ്ക്കോളു.

സുശീല—അച്ഛാ, സദാനന്ദബാബു വന്നിട്ടുണ്ട്. അച്ഛനെ ഒന്നു കാ
ണണമത്രേ.

ദേവേന്ദ്രൻ—ഓ:, ഈ സദാനന്ദൻ ആളെ ബുദ്ധിമുട്ടിക്കുന്നു! പോയി
പറയൂ, എനിക്കൊഴിവില്ല. സുഖമില്ല. വേണ്ട—ശരി, വിളിച്ചു
കൊണ്ടു വരൂ.

(സുശീല പോകുന്നു)

ദേവേന്ദ്രൻ—എല്ലാവരുടെ മുഖത്തുനിന്നും ഈ ഒരു വൎത്തമാനമേ
കേൾക്കാനുള്ളു: "കഷ്ടം! ദേവേന്ദ്രന്റെ മകൻ ജയിലിൽ പോ
യി"—കഷ്ടം! ഇത്തരം 'കഷ്ടം'കൊണ്ട് എന്റെ ഹൃദയം മരവിച്ചു.

(സദാനന്ദൻ പ്രവേശിക്കുന്നു)

ദേവേന്ദ്രൻ—എന്താണ് വൎത്തമാനം സദാനന്ദ?—ഇന്ന് എനിക്കു
നല്ല സുഖമില്ല.

സദാനന്ദൻ—എന്താ ദേവേന്ദ്ര? ഡാക്ടരെ വിളിക്കട്ടെ?

ദേവേന്ദ്രൻ—ചികിത്സാശാസ്ത്രമൊട്ടുക്കു നോക്കിയാലും ഈ രോഗ
ത്തിന്നു മരുന്നുണ്ടാവില്ല.

സദാനന്ദൻ—വിചാരപ്പെടാതിരിക്കു, ദേവേന്ദ്ര. അപ്പീൽ കൊടു
ക്കാം. മഹേന്ദ്രനെ ഇപ്പോൾ വിടുവിക്കാം.

ദേവേന്ദ്രൻ—വേണ്ട, വേണ്ട. അപ്പീൽ കൊടുക്കേണ്ട. മകൻ ജയി
ലിൽപോയെങ്കിൽ, അത്രയും നന്നായി. ഇനി അവനെ തീററി
പ്പോററാൻ എനിക്കു കഴിയില്ല. എന്നല്ല, ഒരു ഭാരം കുറഞ്ഞു.
ഈ ഭാൎയ്യയേയും ഈ രണ്ടു പെൺമക്കളേയും നിങ്ങൾക്ക് അതു
പോലെ ജയിലിലേക്കയക്കാൻ കഴിയുമോ? എന്നാൽ പൊടി
പൊടിച്ചു.

സദാനന്ദൻ—നിങ്ങൾ എന്താണിപ്പറയുന്നത്?

ദേവേന്ദ്രൻ—നിങ്ങൾ വക്കീലിനെ നിത്തി, ഇത്ര വളരെ പണം വെറുതെ ചെലവാക്കി. നിങ്ങളുടെ ബുദ്ധി ഒന്നാന്തരം തന്നെ! നിങ്ങൾ ഈ കേസിന്നുവേണ്ടി അയ്യായിരം ഉറുപ്പിക ചെലവാക്കിക്കളഞ്ഞുവെന്നു കേട്ടുവല്ലോ?—എന്തിനേ?

സദാനന്ദൻ—ആ്, ഏതാണ്ട് അത്ര ചെലവായിട്ടുണ്ടാവും.

ദേവേന്ദ്രൻ—നിങ്ങൾക്ക് ഇത്രയധികം ഉറുപ്പിക എവിടെനിന്നു കിട്ടി? ഇതു ചോദിപ്പാൻ എനിയ്ക്ക് ഓർമ്മയേ ഉണ്ടായില്ല. എന്റെ തലച്ചോറ് ആകെ തകരാറായിരുന്നു, ഇപ്പോൾ ശരിയായി; പറയൂ; ഇത്രയധികം ഉറുപ്പിക എവിടെനിന്നെടുത്തു ചെലവാക്കി?

സദാനന്ദൻ—നിങ്ങളുടെ ഈ ചോദ്യത്തിന്റെ ഉദ്ദേശമെന്താണ്? നിങ്ങൾ പണത്തിന്നു വല്ല ഉപായവുമെടുത്തിരിയ്ക്കും.

ദേവേന്ദ്രൻ—എന്നാൽ നിങ്ങൾ, സ്വന്തം കയ്യിൽ നിന്നു പണം ചെലവാക്കിയിട്ടുണ്ടാവും. ഓർമ്മവെച്ചോളൂ, സദാനന്ദ, നിങ്ങൾ ഒരു പൈപോലും എനിയ്ക്കുവേണ്ടി ചെലവാക്കുകയാണെങ്കിലും, ചെലവാക്കിയിട്ടുണ്ടെങ്കിലും, എന്റെ ജീവിതകാലം മുഴുവനും ഞാൻ നിങ്ങളോടു മിണ്ടില്ല. നിങ്ങൾക്ക് അസ്സലായിട്ട് അറിയാം എന്നെ. എന്റെ പൂർവ്വികന്മാരിൽ ഒരുത്തനും, ഒരിയ്ക്കലും, ഒരാളുടെയും ദാനം സ്വീകരിച്ചിട്ടില്ല. ഞാനും സ്വീകരിയ്ക്കില്ല.

സദാനന്ദൻ—ഇത്ര പരിഭ്രമിക്കുന്നതെന്തിനാണ്, ദേവേന്ദ്ര? ഞാൻ ആണയിടാം, എൻേറതായി ഒരൊററച്ചില്ലി ചെലവായിട്ടില്ല.

ദേവേന്ദ്രൻ—എന്നാൽപ്പിന്നെ ഈ പണം എവിടെനിന്നുണ്ടായി?

സദാനന്ദൻ—നിങ്ങളുടെ ഭാര്യ കൊടുത്തയച്ചിരുന്നു.

ദേവേന്ദ്രൻ—എന്റെ ഭാര്യയോ? അവൾക്ക് അയ്യായിരം ഉറുപ്പിക എവിടെനിന്നു കിട്ടി?

സദാനന്ദൻ—അതെനിയ്ക്കറിഞ്ഞുകൂടാ. എന്റെ മകനാണ് എന്റെ കയ്യിൽ ഈ ഉറുപ്പിക കൊണ്ടുവന്നു തന്നത്. അവൻ തന്നെയാണ് പറഞ്ഞത്, ഈ പണം കേസ്സിന്റെ ചെലവിന്നുവേണ്ടി നിങ്ങളുടെ ഭാര്യ കൊടുത്തയച്ചതാണെന്ന്.

ദേവേന്ദ്രൻ—നിങ്ങൾ ചോദിച്ചില്ലേ, എൻെറ ഭാൎയ്യക്ക് ഈ പണം കിട്ടിയതെവിടെനിന്നാണെന്ന്?

സദാനന്ദൻ—ചോദിച്ചു; വിനയൻപറഞ്ഞത്, അതു മിണ്ടിപ്പോകരുതെന്ന് അവർ വിലക്കിയിട്ടുണ്ടെന്നാണ്.

ദേവേന്ദ്രൻ—ശരി, ഞാനവളോടു ചോദിച്ചുകൊള്ളാം. ആട്ടെ, സദാനന്ദ, ഒരു കാൎയ്യം കൂടി: ഞാൻ കടത്തിലേക്കുള്ള ഉറുപ്പിക ഒരുക്കിവെച്ചിട്ടുണ്ട്. നിങ്ങൾ അതു കോടതിയിൽ കെട്ടിവെച്ചുവരുമോ? പോകാൻ തരപ്പെടുമോ?

സദാനന്ദൻ—കൊണ്ടുവരു, ഇപ്പോൾത്തന്നെ കൊടുത്തുവരാം. എനിക്കു തികച്ചും ഒഴിവാണ്.

ദേവേന്ദ്രൻ—ഞാൻ തന്നെ കെട്ടിവെച്ചുവന്നേനേ. പക്ഷേ, എനിക്കു സുഖമില്ല. പനിക്കുന്നുണ്ടെന്നാണ് തോന്നുന്നത്. എന്നാൽ, അച്ഛൻെറ കടം വീട്ടാൻ ഏൎപ്പാടുകൾ പൂൎത്തിയായ സ്ഥിതിക്ക്, ഇനി ഒരൊററ ദിവസവും അതു വെച്ചുകൊണ്ടിരിക്കുന്നത് എനിക്കിഷ്ടമല്ല. എൻെറ ശേഷിച്ച സ്വത്തു മുഴുവൻ വിററിട്ടാണ്, ഞാൻ ഈ പണം ഉണ്ടാക്കിയത്.

സദാനന്ദൻ—ഇതെന്താണ്, ദേവേന്ദ്ര? വീടു വിററുകളഞ്ഞുവോ? ആക്കാണ് വിററത്?

ദേവേന്ദ്രൻ—ഉവ്വ് സദാനന്ദ, വീടു വിററു.

സദാനന്ദൻ—എന്ത്? വില്ക്കുന്നതിന്നുമുമ്പ് എന്നോടൊന്നു മിണ്ടിയതുപോലുമില്ല.

ദേവേന്ദ്രൻ—നിങ്ങളോടു പറഞ്ഞാൽ നിങ്ങളതു വില്പിക്കില്ല.

സദാനന്ദൻ—അതു ശരിയാണ്. നിങ്ങൾ എന്താണീച്ചെയ്തത്, ദേവേന്ദ്ര? പൂൎവ്വികന്മാരുടെ സ്വത്തു വളരെ പരിശുദ്ധമായ ഒന്നാണ്.

ദേവേന്ദ്രൻ—എൻെറ ദൃഷ്ടിയിൽ, പൂൎവ്വികന്മാരുടെ സ്വത്തിനേക്കാൾ പരിശുദ്ധമായിത്തോന്നിയത് അച്ഛൻെറ കടമാണ്. (ഇരുമ്പുപെട്ടി തുറക്കുന്നു)

സദാനന്ദൻ—ദേവേന്ദ്ര, നിങ്ങളുടെ ഹൃദയം വളരെ മഹത്താണ്.

ഈശ്വരന്നറിയാം, ഈ ആപന്മേഘങ്ങളെല്ലാം നിങ്ങളുടെ തലയിൽത്തന്നെ വന്നടിഞ്ഞുകൂടുന്നതെന്തിനാണാവോ! കൊണ്ടുവരുന്നു.

ദേവേന്ദ്രൻ—ഏ്! നോട്ടിൻെറ കെട്ടെവിടെ?

സദാനന്ദൻ—എന്ത്! പെട്ടിയിലില്ലേ?

ദേവേന്ദ്രൻ—എവിടെ? വിചാരിച്ചതുതന്നെ പററി.

സദാനന്ദൻ—ഉറുപ്പികയോ, നോട്ടോ?

ദേവേന്ദ്രൻ—എല്ലാം പതിപ്പത്തുറുപ്പികയുടെ നോട്ടാണ്.

സദാനന്ദൻ—ആക്കും കൊടുത്തിട്ടില്ലല്ലോ?

ദേവേന്ദ്രൻ—ഇതു കട്ടതാണ്. നിശ്ചയമായും ഇതു കട്ടതാണ്.

സദാനന്ദൻ—ഈ ഇരിമ്പുപെട്ടി തുറന്ന്, ആരെടുത്തുകൊണ്ടുപോകാനാണ്?

ദേവേന്ദ്രൻ—മററാരു കട്ടുകൊണ്ടുപോകാനാണ്? ഇതാരുടെ പണിയാണെന്ന് എനിക്കു നല്ലപോലെ അറിയാം.

സദാനന്ദൻ—ആരുടെ പണിയാണ്?

ദേവേന്ദ്രൻ—ഹ്!

സദാനന്ദൻ—കളവുപോയിട്ടുണ്ടാവില്ല. വേറെ വല്ലേടത്തും വെച്ചിരിക്കും. ഓത്തുനോക്കു. ഇപ്പോൾ പോയി കുളിക്കു. പിന്നീട് ഓമ്മിച്ചുനോക്കാം. പരിഭ്രമിക്കേണ്ട. ഞാനുച്ചതിരിഞ്ഞു വന്നു വിവരം അറിഞ്ഞുകൊള്ളാം. (പോകുന്നു)

ദേവേന്ദ്രൻ—മനസ്സിലായി, കാമിനി! നിനക്ക് അയ്യായിരം ഉറുപ്പിക എവിടെനിന്നാണ് കിട്ടിയതെന്നു മനസ്സിലായി. ഞാനാദ്യം മുതല്ക്കേ കാണാൻ തുടങ്ങിയിട്ടുണ്ട്, ആ അയ്യായിരം ഉറുപ്പികമേൽ വീടടക്കം കണ്ണു വെച്ചിരുന്നു. നീ മകനെ രക്ഷിക്കാൻവേണ്ടി എൻെറ അയ്യായിരം ഉറുപ്പിക കട്ടെടുത്തു. മോഷണം! മോഷണം! അതാ അവൾ വന്നു.

(കാമിനി പ്രവേശിക്കുന്നു)

കാമിനി—ഭക്ഷണം തയ്യാറായി. കുളിക്കു.

ദേവേന്ദ്രൻ—കാമിനി!

കാമിനി—എന്താ? എൻെറ നേരെ ഇങ്ങിനെ നോക്കുന്നതെന്താണ്?

ദേവേന്ദ്രൻ—അവസാനം കളവ്!

കാമിനി—എന്തു കളവ്?

ദേവേന്ദ്രൻ—നിനക്കിത്ര ധൈര്യമോ? എൻെറ ഇരിമ്പുപെട്ടിയിൽ നിന്നു കക്കുകയോ?

കാമിനി—ആരേ കട്ടത്?

ദേവേന്ദ്രൻ—നീ!

കാമിനി—ഞാനോ?

ദേവേന്ദ്രൻ—എനിയ്ക്കു മുമ്പേ അറിയാമായിരുന്നു, ആ അയ്യായിരം ഉറുപ്പികമേൽ നിങ്ങളെല്ലാവരും കണ്ണുവെച്ചിരുന്നുവെന്നു്. അറിയാമോ, ആ അയ്യായിരം ഉറുപ്പിക എൻെറ ചോരയിൽ കുഴച്ച്, എൻെറ ഹൃദയപിണ്ഡംകൊണ്ട് അടിച്ചുണ്ടാക്കിയതാണ്. അച്ഛൻ ദാനം തന്നത്—വെറും സാധാരണമായ ഒരു ദാനം—ഈ വീടാണ്; അതു വിററിട്ടാണ് ഞാനീ പണം ശേഖരിച്ചത്. അതും കട്ടെടുക്കപ്പെട്ടു.

കാമിനി—എന്താണീപ്പറയുന്നത്? ഞാൻ കക്കുകയോ?

ദേവേന്ദ്രൻ—കാമിനീ, എൻെറ അയ്യായിരം ഉറുപ്പിക മടക്കിത്തരു.

കാമിനി—നിങ്ങൾ ഈ പറയുന്നതെന്താണ്? നിങ്ങളുടെ ഇരിമ്പുപെട്ടി തുറന്ന്, നിങ്ങളുടെ പണം ഞാൻ കക്കുകയോ?

ദേവേന്ദ്രൻ—എന്നിട്ട്, ഒരു തികഞ്ഞ നിർദ്ദോഷയുടെ മുഖഭാവം കൈക്കൊണ്ടു നില്ക്കുന്നു—ഒന്നും അറിഞ്ഞിട്ടേ ഇല്ല! ഈ സ്ത്രീകൾ എന്തു സൂത്രക്കാരികളാണ്, എന്തു കള്ളത്തികളാണ്! ഇവക്ക് എന്തും ചെയ്യാൻ കഴിയും. ഇതിലാണ് എനിയ്ക്കു ആശ്ചര്യം തോന്നുന്നത്:—നീ ഇതുവരേയും എന്തേ എനിയ്ക്കു തരാതിരിയ്ക്കാൻ! എന്തേ തരാതിരിയ്ക്കാൻ? നല്ല തക്കമുണ്ടായിരുന്നു. തരു, ഉറുപ്പിക മടക്കിത്തരു.

കാമിനി—പററി; ഉറുപ്പികയെടുത്തു ഞാനെന്തു ചെയ്യാനാണ്?

ദേവേന്ദ്രൻ—എന്തു ചെയ്യാനാണെന്നോ? അറിയില്ല അല്ലേ, എന്തേ ചെയ്തതെന്ന്? നീ മകൻെറ കേസ്സുചെലവിലേയ്ക്കായി സദാനന്ദനു കൊടുത്തയച്ച ആ പണം. അറിയില്ല അല്ലേ? കൊണ്ടുവരു ഉറുപ്പിക.

കാമിനി—ഇതെന്തൊരാപത്താണ്! നോക്കൂ, ഞാനിതു ചെയ്തിട്ടുണ്ടെങ്കിൽത്തന്നെ, നിങ്ങളുടെ മകനല്ലേ അവൻ?

ദേവേന്ദ്രൻ—എന്താണുറപ്പ്? പക്ഷേ, ആ കാര്യം പോകട്ടെ. എൻെറ സർവ്വസ്വമായ ആ പൂർവ്വികന്മാരുടെ വീടു വിററ്, എന്നെ വിററ്, എൻെറ പിൽക്കാലത്തെ വിററ്, ഉണ്ടാക്കിയ പണമാണ് നീ അവനെ രക്ഷിയ്ക്കാൻവേണ്ടി ചെലവാക്കിക്കളഞ്ഞത്. ഞാൻ പറഞ്ഞേയ്ക്കാം—ഉറുപ്പിക കൊണ്ടുവരു.

കാമിനി—എന്നാൽ കേട്ടോളു. മകനെ രക്ഷിയ്ക്കാൻവേണ്ടി ഞാൻ സദാനന്ദബാബുവിന്നു കൊടുത്തയച്ച പണം, എൻെറ അമ്മ തന്ന പണ്ടങ്ങൾ വിററു മേടിച്ചതാണ്. അതിൽ ഒരു പൈപോലുമില്ല നിങ്ങളുടേതായിട്ട്. നേരാണ് പറയുന്നത്. പിന്നെ, നിങ്ങൾ എന്നിൽ ചുമത്തിയ കളവുകുററം ഞാൻ മറന്നേയ്ക്കാം. കാരണം, നിങ്ങളെന്താണ് പറയുന്നതെന്നു നിങ്ങൾക്കൊരു ബോധവുമില്ല. (കരയുന്നു)

ദേവേന്ദ്രൻ—കാമിനീ, കണ്ണീരൊലിപ്പിച്ച് ഇപ്പോൾ നിനക്കെന്നെ മിരട്ടാനൊന്നും കഴികയില്ല. നിൻെറ വർഗ്ഗക്കാർ ബഹു കൌശലക്കാരികളാണ്. ജന്മനാ കരയലും പിരിയലുമൊക്കെ നിനക്കു വശമാണ്. ഞാനതു സമ്മതിയ്ക്കില്ല—ഉറുപ്പിക കൊണ്ടുവരു. ഇല്ലെങ്കിൽ—

കാമിനി—ഇല്ലെങ്കിൽ,

ദേവേന്ദ്രൻ—ഇല്ലെങ്കിൽ വിശേഷിച്ചൊന്നും ചെയ്യില്ല. നിന്നെ എൻെറ വീട്ടിൽനിന്നു പുറത്താക്കും. എനിയ്ക്കു വീട്ടിൽ കള്ളനെ വെച്ചുകൊണ്ടിരിയ്ക്കാൻ വയ്യ.

കാമിനി—തരക്കേടില്ല.

ദേവേന്ദ്രൻ—ശരി, എന്നാൽ ഇപ്പോൾത്തന്നെ പുറത്തു പൊയ്ക്കോളൂ.

കാമിനി—എവിടേയ്ക്കു പോകാനാണ്?

ദേവേന്ദ്രൻ—ഇഷ്ടമുള്ളേടത്തേയ്ക്ക് പോവൂ.

---

## രംഗം ൭

സ്ഥലം—ജയിൽമുറി

സമയം—രാവിലെ

(കേദാറും മഹേന്ദ്രനും)

കേദാർ—നിങ്ങൾ ജയിലിലെങ്ങിനെ വന്നു?

മഹേന്ദ്രൻ—കളവുചെയ്കിട്ട്.

കേദാർ—കൊള്ളാം. പക്ഷേ ഇത്ര താമസിച്ചുവല്ലോ വരാൻ.

മഹേന്ദ്രൻ—എന്താ, നേരത്തെ വന്നിരുന്നുവെങ്കിൽ, കൂടുതൽ സൌകര്യമുണ്ടാകുമായിരുന്നോ?

കേദാർ—സംസാരിയ്ക്കാമായിരുന്നു. ഞാനിന്ന് ഇവിടെനിന്നു പോവുകയായി.

മഹേന്ദ്രൻ—ഓ, ഒരുപക്ഷേ നിങ്ങളുടെ കാലാവധി അവസാനിച്ചിട്ടുണ്ടാവും!

കേദാർ—ഉവ്വ്, പക്ഷേ അതുകൊണ്ടെന്താണ്? വേണമെങ്കിൽ അവധി നീട്ടിയ്ക്കാൻ സാധിയ്ക്കും. യജ്ഞേശ്വരനെ അടിച്ചിട്ട് ആറുമാസം തടവുശിക്ഷ കിട്ടി, മനസ്സിലായില്ലേ? ഇനി വേണമെങ്കിൽ, ജയിലറെ അടിച്ചിട്ട് ഒരൊന്നരക്കൊല്ലംകൂടിയായേക്കാം. പക്ഷേ, ഇല്ല—ഇവിടെനിന്ന് ഒന്നു പുറത്തുപോയിട്ട് വളരെ ആവശ്യമുണ്ട്. എന്നിട്ടു വീണ്ടും വരാം. ലേശം ഭയമില്ല, പരിഭ്രമവുമില്ല.

മഹേന്ദ്രൻ—പിന്നെ എന്തിനാണ് പോകുന്നത്?

കേദാർ—ഒരടിയന്തിരകാര്യമുണ്ട്. ഗദാധരൻ, ഹരിപദൻ, കിശോരി, ഗദാധരൻ, ഹരിപദൻ—

മഹേന്ദ്രൻ—എന്താണിപ്പറയുന്നത്?

കേദാർ—ദിവസേന കാലത്തെഴുന്നേററ് ഇത് ഉരുവിടും. ആളുകൾ രാമനാമം ജപിയ്ക്കുന്നതുപോലെ ഞാനീ നാമങ്ങൾ ജപിയ്ക്കുന്നു.

മഹേന്ദ്രൻ—എന്തിന്ന്?

കേദാർ—നിങ്ങൾക്കെന്തറിയാം? ഗദാധരൻ, ഹരിപദൻ, കിശോരി. നിങ്ങളുടെ അച്ഛന്നു സുഖമല്ലേ?

മഹേന്ദ്രൻ—അല്ല, അദ്ദേഹത്തിൻെറ തലയ്ക്കു രോഗം പിടിപെട്ടിരിയ്ക്കുന്നു.

കേദാർ—ഉവ്വോ? പററണം. ഉറക്കത്തിലെഴുന്നേററു നടക്കുന്ന സുഖക്കേടിനേക്കാൾ ഒരു പടി മീതെയാണ് ഈ തലയ്ക്കുള്ള രോഗം. അതിന്നുള്ള മരുന്നെനിയ്ക്കറിയാം.

മഹേന്ദ്രൻ—എന്താണ് മരുന്ന്?

കേദാർ—ററ്ഹ്! ഗദാധരൻ, ഹരിപദൻ, കിശോരി.

മഹേന്ദ്രൻ—തോന്നുന്നത്, നിങ്ങളുടെ തലയ്ക്കും എന്തോ രോഗം പിടിപെട്ടിട്ടുണ്ടെന്നാണ്.

കേദാർ—പിടിപെട്ടിട്ടുണ്ടോ? ഗദാധരൻ, ഹരിപദൻ—ഏയ്, പിടിപെട്ടിട്ടുണ്ട്. കിശോരി, കിശോരി, കിശോരി. നിങ്ങൾ ഇരിയ്ക്കു; ഞാനിതാ വന്നേയ്ക്കാം. ഒരു ചിന്തയുമില്ല, സഹോദര. ഈ ശരീരം സഹിയ്ക്കാൻ കഴിയുന്നേടത്തോളം സഹിയ്ക്കുന്നു. പുത്രശോകത്തെപ്പോലും സഹിയ്ക്കുന്നു. അതൊക്കെ നോക്കുമ്പോൾ, ജയിൽവാസം ഒരു സാധാരണകാൎയ്യമാണ്. ഇവിടെ ഒട്ടും ലജ്ജിയ്ക്കേണ്ട. ഇതു സ്വന്തം വീടാണെന്നു കരുതിക്കൊള്ളു.

മഹേന്ദ്രൻ—അത്ഭുതമനുഷ്യൻ!

കേദാർ—അപ്പോൾ, യജ്ഞേശ്വരനും സുശീലയും തമ്മിലുള്ള വിവാഹം നടന്നില്ലേ?

മഹേന്ദ്രൻ—ഇല്ല.

കേദാർ—ഇപ്പോൾ ഒരു ജീവൻ വെച്ചു. ഇതായിരുന്നു എനിയ്ക്കുള്ള ഒരു വലിയ വിചാരം. സുശീലയുടെ വിവാഹത്തെപ്പററി ഇനി ഒരു ചിന്തയുമില്ല. ഇനി അവളെ രാജപുത്രന്നു വിവാഹം കഴിച്ചു

കൊട്ടക്കും. ഗദാധരൻ—ഹരിപദൻ—കിശോരി. യാതൊരു ചി ന്തയുമില്ല. രാജപുത്രനും കൊട്ടക്കും.

മഹേന്ദ്രൻ—ഏതു രാജപുത്രന്ന്?

കേദാർ—അതിപ്പോൾ പറയില്ല. ഗദാധരൻ, ഹരിപദൻ, കിശോ രി. സഹോദരാ, ഒട്ടും വിചാരപ്പെടേണ്ട. ഇവിടെ നിങ്ങൾക്കു ദേ ഹസൌഖ്യത്തോടുകൂടിയിരിക്കാം. ദിവസേന നിങ്ങൾക്കു നിയമി ച്ചിട്ടുള്ള ആഹാരം കഴിച്ചോളൂ. ജോലി ചെയ്തോളൂ. അസ്സലായി ഉറങ്ങിക്കോളൂ. രണ്ടുനേരവും ഡാക്ടർ വന്നു നിങ്ങളെ പരിശോധി ക്കും. എന്റെ ശ്വശുരൻകൂടി എന്നോടു കാണിക്കാത്തത്ര ശ്രദ്ധ ഈ ജയിലിൽ കാണപ്പെടുന്നുണ്ട്. ഭൂമിയിലെങ്ങാനും സ്വൎഗ്ഗമു ണ്ടെങ്കിൽ, ആ സ്വൎഗ്ഗം ഈ ജയിലിൽത്തന്നെയാണ്.

മഹേന്ദ്രൻ—അതെങ്ങിനെയാണ്, കേദാർബാബു?

കേദാർ—കേദാരമ്മാമൻ എന്നു വിളിച്ചു വിളിച്ചു നിങ്ങളുടെ തൊ ണ്ടക്കു ശൂലരോഗം പിടിപെട്ടുവോ? പക്ഷേ അതു ഞാൻപറഞ്ഞ ത് തെററാണ്. ശൂലരോഗം വയറിനെയാണ് ബാധിക്കാറ്. അതെന്തെങ്കിലുമാവട്ടെ. ഇനി എന്നെ കേദാർബാബുവെന്നു വി ളിച്ചാൽ നല്ല വീക്കു കിട്ടും; അമ്മാമാ എന്നു വിളിച്ചോളൂ.

മഹേന്ദ്രൻ—ശരി, അങ്ങിനെയാകട്ടെ. അപ്പോൾ അമ്മാമാ, അമ്മാ മൻ എന്തേ ജയിലിനെ സ്വൎഗ്ഗമെന്നു പറയാൻ?

കേദാർ—സ്വൎഗ്ഗമല്ലേ? എന്നാൽപ്പിന്നെ എങ്ങിനെയാണ് സ്വൎഗ്ഗം? എനിക്കിതൊന്നറിഞ്ഞാൽക്കൊള്ളാം. മകനേ, സ്വൎഗ്ഗം പിന്നെ എങ്ങിനെയാണ്? കൃത്യസമയത്തു ഭക്ഷണം കിട്ടുന്നു; വീട്ടിലുംകൂടി ഒരിക്കലും ഇത്ര തരപ്പെടില്ല. രണ്ടു നേരവും ഡാക്ടർ വരും. എനി ക്കോൎമ്മയുണ്ട്, ഒരിക്കൽ വീട്ടിൽവെച്ച് എനിക്ക് ഒരു വലിയ പനി വന്നു. മൂന്നുദിവസം അതു ഭയങ്കരമായി വൎദ്ധിച്ചുനിന്നു; സ്ഥി തി നന്നു പരുങ്ങലിലായി. നാലാംദിവസം എവിടെനിന്നോ ഡാക്ടർ വന്നു. ഭാഗ്യം നാഡി മിടിച്ചിരുന്നു. അതുകൊണ്ടു ജീവൻ കിട്ടി. അല്ലെങ്കിൽ, ഇന്ന് നിങ്ങൾക്കു 'അമ്മാമ' എന്നു വിളിക്കേ ണ്ടിവരില്ലായിരുന്നു.

മഹേന്ദ്രൻ—അപ്പോൾ ചക്കാട്ടലോ?

കേദാർ—അതാരോഗ്യത്തിനു നല്ലതാണ്. ഞാൻ കാണാറുണ്ട് വളരെ ആളുകൾ കാലത്തെഴുന്നേററു നടക്കാൻ പോകും. എന്തിനാണ് പോകുന്നത്? ആരോഗ്യത്തിനുവേണ്ടിത്തന്നെയല്ലേ? അതിനേക്കാൾ ആരോഗ്യത്തിനു നന്ന്, കുറച്ചുനേരം ആ ചക്കു പോയി തിരിച്ചാൽ; കുറച്ച് എണ്ണയും ഉണ്ടാവും. ഒരു ചിന്തയും വേണ്ട സഹോദര! ജയിലിൽനിന്നു പുറത്തുപോയാൽ കാണാം; നിങ്ങൾ നല്ലവണ്ണം തടിച്ചു കൊഴുത്തുരുണ്ടിട്ടുണ്ടാവും.

മഹേന്ദ്രൻ—എന്താണിപ്പറയുന്നത്, കേദാർബാബു?—

കേദാർ—മിണ്ടരുത്! അമ്മാമനെന്നു പറയൂ.

മഹേന്ദ്രൻ—ആ് ആ്, അമ്മാമാ.

കേദാർ—ഞാൻ പറയുന്നതു വളരെ ശരിയാണ്. നോക്കിക്കൊള്ളൂ, ഞാൻ പറയുന്നത് അക്ഷരംപ്രതി ശരിയായിരിക്കും. ഇംഗ്ലീഷുകാരുടെ ഈ ജയിൽ സ്വൎഗ്ഗംതന്നെയാണ്.

(ജയിലർ പ്രവേശിക്കുന്നു)

ജയിലർ—കേദാർ ആരാണ്? പുറത്തേക്കു കടക്കൂ.

കേദാർ—എന്നാൽ ഞാൻ പോകട്ടെ. ഒട്ടും വിചാരപ്പെടേണ്ട—ഗദാധരൻ, ഹരിപദൻ, കിശോരി.

(കേദാറും ജയിലറും പോകുന്നു)

---

## രംഗം ൩

സ്ഥലം—വലിയ നിരത്ത്

സമയം—രാവിലെ

(കാമിനി പ്രവേശിക്കുന്നു)

കാമിനി—ചോദിച്ച് ചോദിച്ച് ഇത്ര ദൂരത്തോളം പോന്നു. ഇവിടെയാണ് ജയിലെന്നു കേട്ടിട്ടുണ്ട്. പക്ഷേ, ജയിലിലേക്ക് അവർ എന്നെ കടത്തിവിടുമോ? മനോവ്യഥയുടെ ആധിക്യംകൊണ്ടു വീട്ടിൽനിന്നു പോന്നു. ഇനി എന്താണ് ചെയ്യുക? നോക്കട്ടെ, ഈശ്വരൻ എന്താണ് ചെയ്യാൻ ഭാവമെന്ന്.

(മററൊരു ഭാഗത്തിലൂടെ കേദാർ പ്രവേശിക്കുന്നു)

കേദാർ—ഇതെന്താണ്, സഹോദരി, നിങ്ങൾ ഒററയ്ക്ക് ഇവിടെ എവിടെപ്പോകുന്നു?

കാമിനി—എൻെറ മകനെ കാണാൻ പോകുന്നു. ഇവിടെത്തന്നെയാണ് ജയിൽ, അല്ലേ? എൻെറ മകനവിടെയുണ്ട്; അവനെ കാണാൻ പോവുകയാണ്.

കേദാർ—നിങ്ങൾ ഒരു സ്ത്രീയാണ്—ഒററയ്ക്ക് അവിടേയ്ക്ക് എങ്ങിനെ പോകാനാണ്? എന്നല്ല, അവർ അവിടേയ്ക്കു കടത്തിവിടുമോ? കുട്ടിയെ ഞാൻ കാണുകയുണ്ടായി, അയാൾക്കവിടെ സുഖമാണ്.

കാമിനി—(ഔത്സുക്യത്തോടെ) കണ്ടുവോ? അപ്പോൾ, എൻെറ കുട്ടിക്കു സുഖമാണോ?

കേദാർ—അതേ, വളരെ സുഖമാണ്. ഇപ്പോൾ നടക്കു, സഹോദരി; നിങ്ങളെ വീട്ടിലെത്തിച്ചുതരാം.

കാമിനി—ഞാനിപ്പോൾ വീട്ടിലേയ്ക്കു പോരുന്നില്ല.

കേദാർ—എന്ത്! എന്തേ മിണ്ടാതായത്? 'ഇപ്പോൾ വീട്ടിലേയ്ക്കു പോരുന്നില്ല'—എന്താണിതിനത്ഥം?

കാമിനി—ഇല്ല, ഞാൻ പോരുന്നില്ല.

കേദാർ—എന്നാൽപ്പിന്നെ എവിടേയ്ക്കാണ് പോകുന്നത്?

കാമിനി—വഴി കണ്ടേടത്തേയ്ക്ക്.

കേദാർ—വഴി, ഒരായിരം ഇടത്തേയ്ക്കു കണ്ടേയ്ക്കാം. എല്ലായിടത്തേയ്ക്കും പോകാനാവില്ല. പറയൂ, എവിടേയ്ക്കാണ് പോകുന്നത്?

കാമിനി—ചുടുകാട്ടിലേയ്ക്ക്.

കേദാർ—ഊഹ്ഹ! ആ സ്ഥലം അത്ര രസമുള്ളതൊന്നുമല്ല. അതിനേക്കാൾ നല്ലതു വീടാണ്.

കാമിനി—ഞാൻ ആത്മഹത്യചെയ്യും. അതിന്നു മുമ്പായി കുട്ടിയെ ഒന്നു കാണാൻവേണ്ടി വന്നതാണ്.

കേദാർ—ഇതു മററൊന്നുമല്ല—ചിത്തരോഗമാണ്. ഇതിന്നുള്ള മരുന്ന് എനിയ്ക്കറിയാം. ഗദാധരൻ, ഹരിപദൻ, കിശോരി—

കാമിനി—എന്താണിപ്പറയുന്നത്?

കേദാർ—ഹ്ഹ ഹ്ഹ! ഇപ്പോൾ പറയില്ല. വീട്ടിലേയ്ക്കു നടക്കു. ഞാനിപ്പോൾ ജയിലിൽനിന്നു വിട്ടുവരികയാണ്.

കാമിനി—ഞാൻ വരില്ല. അങ്ങു പൊയ്ക്കോളു.

കേദാർ—'അങ്ങു പൊയ്ക്കോളു',എന്നതിൻെറ അത്ഥം? അതുപററില്ല.

കാമിനി—ഞാൻ പോരില്ല.

കേദാർ—എന്താണ് പോരാതിരിയ്ക്കാൻ? എന്നോടു പറയില്ലേ? ഞാൻ നിങ്ങളുടെ ഭത്തൃസഹോദരനാണ്. ഭത്താവിൻെറ വീട്ടിലേയ്ക്കു പോകാതിരിയ്ക്കാനെന്താണ്?

കാമിനി—അദ്ദേഹം എന്നെ വീട്ടിൽനിന്നു പുറത്താക്കി. (കരയുന്നു)

കേദാർ—പുറത്താക്കി? ആര്? ജ്യേഷ്ഠനോ? സഹോദരി, സ്വപ്നം കണ്ടുവോ?—എന്നുവെച്ചാൽ, എന്തോ കുറച്ചു വഴക്കുണ്ടായിട്ടുണ്ട്. ഭായ്യയും ഭത്താവും തമ്മിൽ ഇടയ്ക്കൊക്കെ വഴക്കുണ്ടാവുക പതിവാണ്—വഴക്കുണ്ടാവുന്നതു നല്ലതാണ്; ഇല്ലെങ്കിൽ, കുടുംബജീവിതം വല്ലാതെ മുഷിപ്പനും പുതുമയില്ലാത്തതുമായിത്തോന്നും—വീട്ടിലേയ്ക്കു നടക്കു—എൻെറ പ്രിയപ്പെട്ട ജ്യേഷ്ഠത്തിയമ്മേ, അതു നിങ്ങളുടെ ഭത്താവിൻെറ—എന്നുവെച്ചാൽ, നിങ്ങളുടെ വീടാണ്.

കാമിനി—ഞാനങ്ങോട്ടു പോരില്ല.

കേദാർ—പിന്നെ എങ്ങോട്ടാണ് പോകുന്നത്? നേരു പറയില്ലേ?

കാമിനി—അച്ഛൻെറ വീട്ടിലേയ്ക്കു പോകും?

കേദാർ—(കുറച്ചാലോചിച്ച്) ശരി, പൊയ്ക്കോളു. എൻെറ ഭായ്യയും ഇതുപോലെ ഇടയ്ക്കിടയ്ക്ക്—അതു തരക്കേടില്ല—ദേഷ്യം ശമിച്ചാൽ അപ്പോൾ മടങ്ങിവരും. ഈ സ്ത്രീകൾ വല്ലാത്ത വിചിത്രകളാണ്. പെട്ടെന്നു തീയായിത്തീരും; ഇത്തിരിയിടയ്ക്കുള്ളിൽ കാണാം, പെട്ടെന്നു മഞ്ഞായിത്തീരുന്നത്—കൊള്ളാം നിങ്ങളെ കൊണ്ടുപോയാക്കാൻ ആരാണ് പോരുന്നത്?

കാമിനി—ആരുമില്ല.

കേദാർ—ശരി, എന്നാൽ നടക്കു, ഞാൻതന്നെ നിങ്ങളെ അവിടെ

കൊണ്ടുപോയാക്കാം. ഇഷ്ടമുള്ളപ്പോൾ എൻെറ വീട്ടിലേയ്ക്കു പോരൂ. എൻെറ വീടു സ്വന്തം വീടുപോലെ കരുതാം.

(രണ്ടുപേരും പോകുന്നു)

---

## രംഗം ൭

സ്ഥലം—ഉപേന്ദ്രൻെറ അന്തഃപുരം.

സമയം—സന്ധ്യ.

(ഉപേന്ദ്രനും വിനോദിനിയും)

വിനോദിനി—അമ്മാമാ, എന്നെ വീട്ടിലേയ്ക്കയയ്ക്കൂ. എൻെറ പല്ലക്കും പല്ലക്കുകാരേയും വിളിയ്ക്കൂ. ഞാൻ വീട്ടിലേയ്ക്കു പോകയാണ്.

ഉപേന്ദ്രൻ—പരിഭ്രമിയ്ക്കുന്നതെന്തിനാണ്, വിനോദിനി? ഒന്നും പേടിയ്ക്കാനില്ല.

വിനോദിനി—അങ്ങൊന്നും പേടിയ്ക്കാനില്ലെന്നു പറയുന്നതുകൊണ്ടാണ് എനിയ്ക്കധികം പേടിയാവുന്നത്. അങ്ങയുടെ സ്വരം നടുങ്ങിയിരിയ്ക്കുന്നു, കണ്ണുകൾ ഇടുങ്ങിയിരിയ്ക്കുന്നു, അങ്ങയുടെ ഭാവത്തിൽ ഒരു ചാഞ്ചല്യം കാണാനുണ്ട്, അങ്ങയുടെ മുഖത്തു മഷി കയറിയിരിയ്ക്കുന്നു. മുമ്പൊന്നും ഞാനങ്ങയിൽ ഈ മട്ടുകൾ കണ്ടിട്ടില്ല.

ഉപേന്ദ്രൻ—(ഭീതസ്വരത്തിൽ) ഞാൻ പറയുന്നു, ഒന്നും പേടിയ്ക്കാനില്ല, മകളേ!

വിനോദിനി—ഇതെന്താണ്? 'മകളേ!' എന്നു പറയുമ്പോൾ അങ്ങയുടെ നാവെന്താണ് പിടയ്ക്കുന്നത്? എൻെറ പല്ലക്കും ആൾക്കാരേയും വരുത്തൂ. അച്ഛൻ അടിച്ചാലും, ഇടിച്ചാലും, പുറത്താക്കിയാലും, എന്തൊക്കെ ചെയ്താലും, അച്ഛൻെറവീട് അച്ഛൻെറവീടു തന്നെയാണ്. പല്ലക്കും ആൾക്കാരേയും വരുത്തൂ. ഇല്ലെങ്കിൽ, ഞാൻ നടന്നുപോകും.

ഉപേന്ദ്രൻ—ക്ഷമിയ്ക്കൂ, ഞാനിതാ പല്ലക്കും ആൾക്കാരേയും വരുത്തുകയായി.

വിനോദിനി—നില്ക്കൂ, ഞാനും അങ്ങയുടെ കൂടെ വരാം.

ഉപേന്ദ്രൻ—എന്തിന്?

വിനോദിനി—അല്ലാതെ ഇവിടെ ആരുടെ അരികത്തിരിക്കാനാണ്? അങ്ങ് എങ്ങിനെയായിരുന്നാലും, എൻെറ അമ്മാമനാണ്. എന്തു തരക്കാരനായാലും വേണ്ടില്ല, സ്വന്തം ആളാണല്ലോ!

ഉപേന്ദ്രൻ—കേശവ! മധുസൂദന!

വിനോദിനി—വേണ്ട, വേണ്ട. അങ്ങ് ഈശ്വരനാമം ഉച്ചരിച്ചുപോകരുത്. അങ്ങ് ഈശ്വരനാമം ഉച്ചരിക്കാൻ തുടങ്ങിയാൽ, എൻെറ വിചാരം, അങ്ങ് എന്തോ രാക്ഷസകൃത്യം മനസ്സിൽ ആലോചിച്ചുണ്ടാക്കുകയാണെന്നാണ്. എന്ത്, അങ്ങ് വിറക്കുന്നുവല്ലോ!

ഉപേന്ദ്രൻ—പല്ലക്കും ആൾക്കാരേയും വരുത്താൻ ആളെ അയക്കാം, നില്ക്കൂ.

(പോകാൻ ഭാവിക്കുന്നു)

വിനോദിനി—ഞാനും വരും.

ഉപേന്ദ്രൻ—മാറിനില്ക്കു്—(പുറത്തേക്കു് കടന്നു വാതിലടക്കുന്നു)

വിനോദിനി—എന്താണിത്! പുറത്തുനിന്ന് എന്തിനേ വാതിലടച്ചത്? അമ്മാമാ! വാതിൽ തുറക്കൂ, അമ്മാമാ!

(വാതിൽ തുറന്നു യജ്ഞേശ്വരൻ പ്രവേശിക്കുന്നു)

വിനോദിനി—(ഞെട്ടി കുറഞ്ഞൊന്നു പിന്നോക്കം മാറിയിട്ട്) ഇതാര്?

യജ്ഞേശ്വരൻ—(അതേപടി പിന്നോക്കം മാറിയിട്ട്) ഇതാരാണ്?

വിനോദിനി—അങ്ങാരാണ്?

യജ്ഞേശ്വരൻ—(സ്വഗതം) ഇവൾ അവളേക്കാൾ സുന്ദരിയാണ്.

വിനോദിനി—അങ്ങ് എന്തിനാണ് ഇങ്ങോട്ടു വന്നത്?

യജ്ഞേശ്വരൻ—ഇപ്പോൾ മനസ്സിലാവും. നിങ്ങളുടെ സഹോദരിയെവിടെ? ഞാൻ വിചാരിച്ചത്, അവളായിരിക്കും ഇവിടെ ഉണ്ടാവുക എന്നാണ്.

വിനോദിനി—വിചാരിച്ചത്, അവൾ—എൻെറ സഹോദരി—ഇവിടെ ഉണ്ടായിരിക്കും, എന്നോ?

യജ്ഞേശ്വരൻ—(കേൾക്കാത്ത ഭാവത്തിൽ) പക്ഷേ, ഇവൾക്കെന്താണ് തരക്കേട്? നിങ്ങൾ അവളേക്കാൾ സുന്ദരിയാണ്. പോരാത്തതിന്നു വിധവയുമാണ്; വരൂ.

വിനോദിനി—എവിടേയ്ക്കു്?

യജ്ഞേശ്വരൻ—വിറയ്ക്കുന്നതെന്താണ്? വരൂ, പുറത്തു വണ്ടി തയ്യാറുണ്ട്. നടക്ക, ഞാൻ നിങ്ങളെ വളരെ സുഖമായിരുത്താം. എന്താ മുഖം താഴ്ത്തി നില്ക്കുന്നത്? വരൂ. (കയ്യു പിടിയ്ക്കുന്നു)

വിനോദിനി—ഇത്ര ധിക്കാരമോ! കൈവിടൂ! (കൈ വിടുവിച്ച് വാതില്ക്കൽ ചെന്നു മുട്ടുന്നു) അമ്മാമാ! അമ്മാമാ!

യജ്ഞേശ്വരൻ—വിളിയ്ക്കുന്നതാരെയാണ്? വാളിൽനിന്നു വിട്ടൊഴിയാൻവേണ്ടി, കത്തിയുടെ നേൎക്കാണോ കഴുത്തു നീട്ടുന്നത്? കാട്ടിൽനിന്നോടി ചതിക്കുഴിയിലേയ്ക്കു കാലു നീട്ടുകയാണോ? നിങ്ങളുടെ അമ്മാമൻ ഇതിന്നൊരറുകാരനാണ്. അദ്ദേഹത്തിന്നെല്ലാമറിയാം.

വിനോദിനി—അദ്ദേഹത്തിന്നറിയാം?

യജ്ഞേശ്വരൻ—ഇല്ലെങ്കിൽ, എന്തു ധൈൎയ്യത്തിന്മേൽ, അദ്ദേഹത്തിൻെറ വീട്ടിൽ വന്ന്, അദ്ദേഹത്തിൻെറ മരുമകളുടെ മേൽ ഞാൻ കൈവയ്ക്കും? അദ്ദേഹത്തിന്നറിയാമെന്നുതന്നെയല്ല, എന്നു മാത്രമല്ല, എൻെറ സഹായികൂടിയാണ്. അദ്ദേഹംതന്നെയാണ് ഈ മദ്യചഷകം എൻെറ മുമ്പത്തു വെച്ചുതന്നത്!

വിനോദിനി—മുത്തൻ കളവ്!

യജ്ഞേശ്വരൻ—ഉണ്ടായിക്കൂടെന്നാണോ കരുതുന്നത്? മനുഷ്യന്ന് എത്രത്തോളം നീചനും നികൃഷ്ടനുമാവാമെന്നു നിങ്ങൾക്കറിഞ്ഞുകൂടാ. ഞങ്ങൾക്കു പണത്തിന്നുവേണ്ടി കൊലനടത്താൻ കഴിയും. കാമസംതൃപ്തിയ്ക്കുവേണ്ടി 'പൂച്ചസ്സന്യാസി'കളാവാൻ കഴിയും. എന്താ, എൻെറ നേൎരെ തുറിച്ചുനോക്കുന്നത്? എന്താണ് നോക്കുന്നത്?

വിനോദിനി—നരകം.

യജ്ഞേശ്വരൻ—വരൂ.

വിനോദിനി—നടക്കു, ഇനി തടസ്ഥപ്പെടുത്തുന്നില്ല. നടക്കു.

യജ്ഞേശ്വരൻ—ഇതു വിവേകമാണ്. വരൂ.

(കൈ പിടിയ്ക്കുന്നു. വിനോദിനിയെ തന്റെ അരികിലേയ്ക്കടുപ്പിയ്ക്കെ, അവൾ ബോധംകെട്ടു വീഴുന്നു)

യജ്ഞേശ്വരൻ—ഇതെന്താണ്! അല്ല, മനസ്സിലായി! അച്ഛന്റെ ജ്യേഷ്ഠൻ—അച്ഛനു തുല്യൻ—അയാളിങ്ങിനെ ചെയ്യുകയോ! ഇങ്ങിനെയൊന്ന് ആ സാധു മനസ്സിലാക്കിയിട്ടേ ഇല്ല. എന്നാൽ പണത്തിന്റെ കളി നോക്കു! അതിന്നു ലോകത്തെ തകിടംമറിയ്ക്കാൻ കഴിയും. രക്തബന്ധം അതിന്റെ മുമ്പിൽ നിസ്സാരമാണ്. പക്ഷേ, പണത്തേക്കാൾ എത്രയോ ഭയങ്കരമായ ഒന്നാണ് ഈ സ്ത്രീ. (വിനോദിനിയെ നോക്കിക്കൊണ്ട്) സ്ത്രീ സുന്ദരിയും മനോഹരിയുമാണ്. എല്ലാ ശത്രുക്കളേക്കാളും കൂടുതൽ പ്രബലപ്പെട്ടതാണ് ഈ കാമം. ഈ ശത്രു കൊടുങ്കാററിനേക്കാൾ ശക്തിയേറിയതാണ്; തീയിനേക്കാളധികം ആളിക്കത്തുന്ന ഒന്നാണ്; മിന്നൽപ്പിണരിനേക്കാളേറെ ഉശിരുപിടിച്ചതാണ്; പ്ലേഗിനേക്കാളധികം നിർദ്ദയമാണ്! ഈ കാമമാകുന്ന ശത്രു പ്രതികാരത്തേക്കാളധികം അന്ധമാണ്, ലോഭത്തേക്കാളേറെ തൃപ്തിയടയാത്തതാണ്; ക്രോധത്തേക്കാളധികം ആരക്തമാണ്, മദത്തേക്കാളധികം ഉച്ഛൃംഖലമാണ്! ആരുടെ സ്പർശംകൊണ്ടു ട്രായി നശിച്ചുവോ; ആരു മൂലം സുന്ദോപസുന്ദന്മാൎക്ക് അപമൃത്യുവണഞ്ഞുവോ; ആർ കാരണം വിശ്വാമിത്രന്ന് അധഃപതനം വന്നുവോ? ആർ ഹേതുവായി അഹല്യയ്ക്കു സൎവ്വനാശം സംഭവിച്ചുവോ; ആരുടെ കടാക്ഷംകൊണ്ട് 'അന്തോണി'യ്ക്കു അധോഗതി നേരിട്ടുവോ; ആരുടെ സ്പർശമാത്രത്താൽ ലങ്കേശന്റെ വംശം മുടിഞ്ഞുവോ; ആ പ്രബലനായ ശത്രു കാമദേവൻതന്നെയാണ്. എന്തൊരാശ്ചര്യം! മനുഷ്യൻ ഇതറിഞ്ഞിട്ടും തെല്ലും ആലോചിയ്ക്കുന്നില്ല. സ്ത്രീ, സംശയമില്ല, സുന്ദരിതന്നെ. ഈ കോമളമായ മാംസപിണ്ഡത്തിന്നുവേണ്ടി ഞാൻ

അയ്യായിരം ഉറുപ്പിക വിട്ടുകൊടുക്കാൻ പോകുന്നു! എന്നിട്ടും, ഒരു വൈഷമ്യവും തോന്നുന്നില്ല. നിറഞ്ഞ കുക്ഷി—നാണംവിട്ട ഒരു ചെറുപ്പക്കാരിപ്പെണ്ണ്—ഇവ മൂന്നും ഒരുമിച്ചുകൂടിയാൽക്കഴിഞ്ഞു, പിന്നെ ഹൃദയനരകത്തിൽ ചെകുത്താൻ കൂട്ടത്തിൻെറ കൂത്താട്ടമായി—അവൾക്കു ബോധം വരുന്നുണ്ട്. നാലുപാടും നോക്കുന്നുണ്ട്—എന്തൊരു സുന്ദരിയാണ്—ഹ ഹ!

വിനോദിനി—(എഴുന്നേറ്റ്) ഞാനെവിടെയാണ്? അങ്ങാരാണ്? ഓ: അയാൾതന്നെ! ഇതു സ്വപ്നമൊന്നുമല്ല—എത്ര ഭയങ്കരം!

യജ്ഞേശ്വരൻ—സുന്ദരി!

വിനോദിനി—നരകമാണ്—നരകം! ഓ!!

യജ്ഞേശ്വരൻ—സുന്ദരി! (കയ്യു പിടിക്കുന്നു)

വിനോദിനി—രക്ഷിക്കണേ! രക്ഷിക്കണേ! (വാതിലിന്മേൽ മുട്ടുന്നു)

യജ്ഞേശ്വരൻ—ആരെയാണ് വിളിക്കുന്നത്? വീട്ടിലാരുമില്ല. നിങ്ങളും ഞാനുംമാത്രം.

വിനോദിനി—എത്ര ഭയാനകം!

യജ്ഞേശ്വരൻ—വരൂ, സുന്ദരി. ഞാൻ നിങ്ങളുടെ മേലൊട്ടും ബലം പ്രയോഗിക്കില്ല. ഞാൻ നിങ്ങളെ സ്നേഹിക്കുന്നു.

വിനോദിനി—അതേ; പുലി ആട്ടിൻപിടയെ സ്നേഹിക്കുന്നതുപോലെ; പാമ്പു തവളയെ സ്നേഹിക്കുന്നതുപോലെ; നിങ്ങൾ എന്നെ സ്നേഹിക്കരുത്—എന്നെ വെറുക്കൂ. വെറുക്കൂ. നിങ്ങൾ ദയ വിചാരിക്കണം.

യജ്ഞേശ്വരൻ—പുറത്തു വണ്ടി നില്ക്കുന്നുണ്ട് നടക്കൂ.

വിനോദിനി—എന്നെ വിടൂ.

യജ്ഞേശ്വരൻ—ഞാൻ നിങ്ങളെ സുഖമായിരുത്താം.

വിനോദിനി—വിടൂ. (കാൽ പിടിക്കുന്നു)

യജ്ഞേശ്വരൻ—അതെങ്ങിനെ സാധിക്കും സുന്ദരി? ഞാൻ പരദേശത്തേക്കു പോകയാണ്. നിങ്ങളേയുംകൂടെ കൊണ്ടുപോകാം?

വിനോദിനി—വിടില്ലേ?

യജ്ഞേശ്വരൻ—ഇല്ല. ഇതാണ് എൻെറ ശപഥം.

വിനോദിനി—എന്തു മഹത്തായ ശപഥം! എന്നാൽ എൻെറ ശപഥവും കേട്ടോളു: ഞാൻ പ്രാണൻ തരാം, എന്നാലും മാനം തരില്ല.

യജ്ഞേശ്വരൻ—ഇതെന്താ! പിന്നെയും അപസ്വരത്തിൽ പാടുകയാണോ!— വരു.

വിനോദിനി—എയ്, ആരാണിവിടെ? രക്ഷിക്കണേ!

യജ്ഞേശ്വരൻ—ആരുമില്ല. നോക്കു, എറെ വാശി പിടിക്കേണ്ട. വരു. (കഴുത്തിൽ കയ്യിടുന്നു)

വിനോദിനി—മാറിപ്പോവൂ! (ദൂരെ ചവുട്ടിത്തെറിപ്പിക്കുന്നു)

യജ്ഞേശ്വരൻ—ഓഃ—എന്നാൽ ഇനി — (കത്തിയെടുത്ത്) കണ്ടുവോ?

വിനോദിനി—കൊല്ലു—കൊന്നുകളയൂ.

യജ്ഞേശ്വരൻ—ഇല്ല, അതു ചെയ്യില്ല. അതു ചെയ്യാൻ കൈവരുന്നില്ല. (കത്തി എടുത്തുവെയ്ക്കുന്നു) എൻെറ കൈകാലുകളുടെ ബലം ധാരാളമാണ്. നടക്കു. (കരുത്തുള്ള കൈകൊണ്ടു കരം പിടിക്കുന്നു)

വിനോദിനി—ആരും വന്നില്ലെന്നോ! ഞാൻ കേട്ടിട്ടുണ്ട്, വായിച്ചിട്ടുമുണ്ട്, ആപൽസ്സമയങ്ങളിൽ ആരും രക്ഷിക്കാൻ വന്നില്ലെങ്കിൽ, ദേവതകൾ വന്നു സ്ത്രീകളുടെ ധർമ്മം രക്ഷിക്കാറുണ്ടെന്ന്. എന്നെ ദേവതകളും ഉപേക്ഷിച്ചു. എനിക്കാരുമില്ല.

യജ്ഞേശ്വരൻ—എന്ത്! ഞാനുണ്ടല്ലോ?

വിനോദിനി—(പെട്ടെന്ന്) ഉവ്വ്, നിങ്ങളുണ്ട്. ഇനി ഭയമില്ല, നിങ്ങളുണ്ട്. ഞാൻ നിങ്ങളുടെ മൃഗീയപ്രവൃത്തിക്കു വിരുദ്ധമായ, നിങ്ങളുടെതന്നെ മഹത്തായ പ്രവൃത്തിയെ ആശ്രയിക്കുന്നു. എൻെറ പ്രാണനെടുത്തുകൊള്ളു, പക്ഷേ മാനമെടുക്കരുത്. ഞാൻ നിങ്ങളുടെ അത്യാചാരത്തിൻെറ എതിർപക്ഷം നിന്ന്, നിങ്ങളുടെ ധർമ്മത്തിനോടും മനുഷ്യത്വത്തോടുംതന്നെ ആശ്രയത്തിന്നിരക്കുന്നു. പ്രാണനെടുത്തുകൊള്ളു—മാനം വിട്ടുതരു. എൻെറ എതിരാളിയായ നിങ്ങൾതന്നെ എന്നെ സഹായിക്കു.

യജ്ഞേശ്വരൻ—ഞാനോ!

വിനോദിനി—അതേ, നിങ്ങൾ! ഇന്നു നിങ്ങളുടെ മഹത്വത്തിൻെറ ദുൎഗ്ഗത്തിലാണ് എനിയ്ക്കു് ആശ്രയം കിട്ടിയത്. കാണാമല്ലോ, നിങ്ങൾ എന്നെ അവിടെനിന്ന് എങ്ങിനെ പുറത്താക്കുമെന്ന്. തോല്പിക്കപ്പെട്ടവനും, ഉപദ്രവിക്കപ്പെട്ടവനും, ദുഃഖിതനുമായ മനുഷ്യൻ തൻെറ പരമശത്രുവിൻെറ കോട്ടയിൽച്ചെന്ന് അഭയം പ്രാപിയ്ക്കുന്നു; ആ കോട്ട ഇടിഞ്ഞു തകരുമ്പോൾ, അയാൾ ഘോരമായ കാട്ടിൽച്ചെന്നൊളിയ്ക്കുന്നു; എന്നാൽ, ആ കാടിന്നും അയാളെ രക്ഷിയ്ക്കാൻ കഴിയാതെ വരുമ്പോൾ, ആ ജേതാവു തൻെറ ആ ശത്രുവിനെ അമ്മയുടെ മടിയിൽനിന്നു വലിച്ചിട്ട് അയാളുടെ മാറത്തു പ്രതിഹിംസയുടെ ചുരികയാഴ്ത്താൻ ആഗ്രഹിയ്ക്കുമ്പോൾ, ആ ദുൎബ്ബലനായ മനുഷ്യൻെറ ഒടുവിലത്തെ ആശ്രയം—അന്തിമദുൎഗ്ഗം—ആ ജേതാവിൻെറ മനുഷ്യത്വം തന്നെയാണ്. മുട്ടുകുത്തി, കണ്ണിൽ വെള്ളം നിറച്ച്, തലപൊക്കി, കൈ കൂപ്പി, ആ കീഴടക്കപ്പെട്ടവൻതന്നെ ജയിച്ചവനോടു മാപ്പിരക്കുമ്പോൾ, മുമ്പിൽ നില്ക്കുന്ന ജേതാവിൻെറ കരുത്തുള്ള കൈപ്പിടിയിൽനിന്ന് ആ കഠാരി താനേ ഊരിവീഴുന്നു; അയാളുടെ തുടുതുടുത്ത രണ്ടുകണ്ണുകളിലും വെള്ളം നിറയുന്നു. അയാളുടെ കണ്ണുകളിൽ ജ്വലിച്ചുകൊണ്ടിരുന്ന നരകത്തീയ് കെട്ടാറുന്നു; പിന്നെ ആ തടവുകാരൻെറ ഒരു രോമം പോലും തൊടുവാൻ അയാൾക്കെങ്ങിനെ ചുണയുണ്ടാവും! ആ ദുൎഗ്ഗത്തെ (ഇരുന്നു കൈകൂപ്പി) ഞാനും ശരണം പ്രാപിയ്ക്കുന്നു. ഇരിമ്പു കോട്ടയേക്കാൾ ഉറപ്പേറിയതും, തീൎത്ഥത്തേക്കാൾ പരിശുദ്ധവും, മനുഷ്യലോകത്തിലെ സ്വൎഗ്ഗവുമായ നിങ്ങളുടെ ഈ മനുഷ്യത്വത്തിൻെറ കോട്ടയെ, അതിനെ നിങ്ങളുടെ മനുഷ്യഹൃദയത്തെ—ഞാൻ ശരണം പ്രാപിയ്ക്കുന്നു. ഇനി നിങ്ങളുടെ ഇഷ്ടം പോലെ ചെയ്തുകൊള്ളു.

യജ്ഞേശ്വരൻ—ഇല്ല, ഇല്ല—മകളേ, ഒട്ടും ഭയപ്പെടേണ്ട. ഞാനെത്രതന്നെ നീചനായാലും മനുഷ്യൻതന്നെയാണ്. നിങ്ങളുടെ വി

ചാരങ്ങൾ ഇത്ര ഉൽകൃഷ്ടമാണോ! കണ്ണു മൂടപ്പെട്ടുന്നതുപോലെ തോന്നുന്നു. മകളേ, ഞാൻ കുട്ടിയുടെ പാദധൂളി പൂശട്ടെ! മാപ്പു തരു, മകളേ!

(കർട്ടൻ)

# നാലാമങ്കം

## രംഗം ൧

സ്ഥലം—സദാനന്ദൻെറ വീട്
സമയം—പ്രഭാതം

(സദാനന്ദനും വിനയനും)

സദാനന്ദൻ—വീട്ടിൽനിന്നു പുറത്താക്കിയോ?

വിനയൻ—ഉവ്വ്, അച്ഛാ!

സദാനന്ദൻ—സ്വന്തം ഭാര്യയെ കള്ളത്തിയാക്കിത്തീർത്തിട്ട്! സ്വപ്നാടനരോഗത്തിൽനിന്നു ഭ്രാന്തിലേയ്ക്കു് ഒരു പടികൂടിയേ ഉള്ളു! സുശീലയും കടന്നുപോയോ?

വിനയൻ—ഉവ്വ്, അച്ഛാ; അവളുടെ അമ്മ അവളോട് പറയാതെയാണ് പോയത്. അവളുടെ അച്ഛൻ അവളുടെ അമ്മയെ വീട്ടിൽനിന്നു പുറത്താക്കി എന്നറിഞ്ഞപ്പോൾ, അവളുടെ മുഖം ദേഷ്യംകൊണ്ടു ചുവന്നുപോയി. പിന്നീടാണ് അവൾ അച്ഛനോടു 'ഞാനും പോവുകയാണ് അച്ഛാ!' എന്നു പറഞ്ഞത്.

സദാനന്ദൻ—ദേവേന്ദ്രനെന്തേ പറഞ്ഞത്?

വിനയൻ—ഒന്നും മിണ്ടിയില്ല.

സദാനന്ദൻ—ഈ സുശീലയും ഒരത്ഭുതബാലികയാണ്! ഇത്ര തന്നിഷ്ടമോ! ഇതെല്ലാം ഇംഗ്ലീഷുവിദ്യാഭ്യാസത്തിൻെറ ഫലമാണ്.

വിനയൻ—എഴുതാനും വായിക്കാനും പഠിച്ചതുകൊണ്ടു മാത്രം സ്ത്രീ തന്നിഷ്ടക്കാരിയാവുമോ?

സദാനന്ദൻ—കണ്ടുവരുന്നതിങ്ങിനെയാണ്.

വിനയൻ—ബിലാത്തിയിലെ സ്ത്രീകൾ—

സദാനന്ദൻ—ബിലാത്തിയിലെ കാൎയ്യം പറയേണ്ട, വിനയ. അവിടെ അഞ്ഞൂറുകൊല്ലക്കാലമായി വിദ്യാഭ്യാസം ലഭിച്ചുതുടങ്ങിയിട്ട്. പഠിപ്പ് അവരെസ്സംബന്ധിച്ചേടത്തോളം, ഒരു സ്വാഭാവികതയായിത്തീൎന്നിരിക്കുന്നു. അവിടെയുള്ള ഓരോ സ്ത്രീയും, മററുള്ളവരുടെ എല്ലാ സഹോദരിമാരേയും അഭ്യസ്തവിദ്യകളായിട്ടാണ് കാണുന്നത്. അവിടെ ആൎക്കും, ഗൎവ്വിന്ന് ഒരു വിശേഷകാരണമൊന്നുമില്ല. ഇതിനാൽ അവർ ഉന്നതവിദ്യാസമ്പന്നരായിട്ടുകൂടി വിനീതന്മാരാവുന്നു. ഭാരതത്തിൽ പെൺകുട്ടികൾ എങ്ങാനും ബി. ഏ. പാസ്സായാൽ മതി, പിന്നെ അവർ നിലത്തു നില്ക്കില്ല.

വിനയൻ—അച്ഛൻ സുശീലയെ നിന്ദിക്കുകയാണോ?

സദാനന്ദൻ—കുറച്ചൊന്ന് അങ്ങിനെത്തന്നെയാണ്, തീൎച്ച. മകനേ, പ്രായംചെന്നവരെ ബഹുമാനിക്കുകയെന്നത് ഒരു സ്വതഃസിദ്ധമായ ഗുണമാണ്. അച്ഛനമ്മമാർ പറഞ്ഞതു കേൾക്കാത്ത ഒരുവളുടെ ഭാവി അത്ര പന്തിയല്ല.

വിനയൻ—നമ്മുടെ രാജ്യത്തും അച്ഛൻ പറഞ്ഞതനുസരിക്കാത്ത സ്ത്രീകൾ ജനിച്ചിട്ടില്ലേ?

സദാനന്ദൻ—ആരാണുണ്ടായിട്ടുള്ളത്?

വിനയൻ—സതീരത്നമായ സാവിത്രിയെത്തന്നെ എടുത്തുനോക്കു. ഇന്നും വീടുതോറും ഹിന്ദുസ്ത്രീകൾ അവരെ പൂജിക്കുകയും ഉപാസിക്കുകയും ചെയ്യുന്നു.

സദാനന്ദൻ—സാവിത്രിയും ആ ദുശ്ശാഠ്യത്തിന്റെ ഫലം അനുഭവിക്കേണ്ടിവന്നു. ഒരു കൊല്ലം തികഞ്ഞപ്പോഴെയ്ക്കും അവൾ വിധവയായിത്തീൎന്നു. പക്ഷേ അവൾക്ക് അവരുടെ സൽസ്വഭാവബലമുണ്ടായിരുന്നു; അതിനാൽ അവൾ ആ ആപത്തിന്റെ തലയിൽച്ചവുട്ടി കടന്നുപോയി. ഇന്നുള്ള പെൺകുട്ടികൾ സാവിത്രിയുടെ ആ ദുശ്ശാഠ്യം—പറഞ്ഞാൽക്കേൾക്കായ്ക—അപ്പടി കൈക്കലാക്കിയിട്ടുണ്ട്. പക്ഷേ, അവൎക്ക് ആ സ്വഭാവബലം കിട്ടിയിട്ടില്ല.

വിനയൻ—അച്ഛൻെറ കയ്യിൽ ഇതിന്നു വല്ല തെളിവുമുണ്ടോ?

സദാനന്ദൻ—സുശീലയെപ്പററി നിനക്കെന്തറിയാം?

വിനയൻ—എനിയ്ക്കറിയാം, സുശീലയ്ക്ക് ആ സ്വഭാവബലമുണ്ടെന്ന്.

സദാനന്ദൻ—(ചിരിച്ചിട്ട്) കാണാം. അവളുടെ അമ്മ എവിടേയ്ക്കു പോയി? അറിയാമോ?

വിനയൻ—ആൎക്കുമറിഞ്ഞുകൂടാ, എവിടേയ്ക്കാണ് പോയതെന്ന്.

സദാനന്ദൻ—ഒന്നും ശരിയ്ക്കു മനസ്സിലാകുന്നില്ല. ഈയിടെ ദേവേന്ദ്രൻ ഒന്നിനെസ്സംബന്ധിച്ചും എന്നോടഭിപ്രായം ചോദിയ്ക്കാറില്ല. എന്നെ കണ്ടാൽ, അയാൾ ദേഷ്യപ്പെട്ടേയ്ക്കുമോ എന്നാണ് എൻെറ ഭയം. എന്നാലും ഒന്നു പൊയ്ക്കളയാം.

## രംഗം ൨

സ്ഥലം—വഴി

സമയം—മഞ്ഞുകാലത്തിലെ പ്രഭാതം

(ഹരി, വിനോദൻ, ശങ്കർ, നവീനൻ മുതലായവർ പാടുന്നു)

(നതോന്നത)

കാരുണ്യക്കടലാകുമക്കാർവൎണ്ണനെ ബ്ഭുജിയ്ക്കുന്നു:
നേരായൊരു ഹിന്ദുവായ്ത്തീന്നിരിപ്പാണല്ലോ!
നട്ടുച്ചയ്ക്കും നടത്തും ദിവെട്ടിക്കൊള്ളുക;ളെന്തൊരു
മട്ടിൽ മുങ്ങിയിരിപ്പിതാ പ്രേമസുധയിൽ!
തൊടാറില്ല കോഴിമാംസം—കിടയ്ക്കായ്കമൂലമാവാം—
കിടയ്ക്കുമെങ്കിലോ വെറുപ്പടങ്ങിക്കൊള്ളും!
വന്ദ്യനാമാമൻഷിയിങ്കൽനിന്നു പഠിയ്ക്കുന്നു നമ്മൾ
ഹിന്ദുധൎമ്മശാസ്ത്രത്തിൻെറ സുന്ദരതത്വം.
'മുനി, ഋഷി'യെന്ന രണ്ടു പദങ്ങൾ ചേൎന്നുണ്ടായിതാ-
മുൻഷിയെന്ന വിശിഷ്ടമാം മുന്തിയ പദം!

പരിഗണിയ്ക്കപ്പെടുന്നു പരമജീവിതാംശമായ്
പരിശുദ്ധശിഖ, ജപമാല, തിലകം!
പാൎത്തുകൊൾകി 'ത്രിമൂൎത്തി'കൾ പാൎത്തിട്ടിങ്കലെല്ലാടത്തും
പാരിച്ചതാം കാൎയ്യങ്ങളെ പാട്ടിലാക്കുന്നു!
എന്തു ചന്തം ശിവശ്ശൂൎയ്യാ!—ചെറുതാട്ടേ, വലുതാട്ടേ
പണ്ടുള്ളവർ ചെയ്തപണി!—വയർപിഴയ്ക്കാം!
വളരുന്നു താനേ പാപഹരമതു—ചതുൎവ്വൎഗ്ഗ-
ഫലങ്ങളേകുന്നി—താഹാ, മനോമോഹനം!
തിന്നുന്നതെമ്പാടുമൊന്നായ്‌വിങ്ങുന്നു, കൈതുറന്നാൽ—
മിന്നുന്നതോ കമനീയകമ്പളം ഹാഹാ!
പേടിയെന്ന്യേ, ധൎമ്മത്തിന്റെ പേരുംചൊല്ലി ഭിക്ഷാസഞ്ചി-
പേറിനടന്നീയാൽ പണം പിടുങ്ങീടുന്നു.
പാരിൽക്കഴുതകളൊരുപാടുണ്ടിങ്ങിസ്സങ്കീൎത്തന-
ക്കാരെ വന്ദിപ്പാനും പണം വാരിയേകാനും
എന്തിനിക്കലുമാൽപിന്നെ? ചൊല്ലിൻഹരിസങ്കീൎത്തന-
മൈഹികചിന്തയും പൊയ്യോ;—മിതിൽച്ചേരുവിൻ.
ദൈവകൃപയാലേ വയർനിറയെത്തിന്നുന്നു, കാണ്മി-
നേവരും: നാം തിന്നാതെന്തിന്നേവം വാഴണം?

ഹരി—എടോ, നമ്മുടെ മഹാപ്രഭുവിന്റെ വിവരമേയില്ല.

വിനോദൻ—വിവരമില്ല, എന്താ വിശേഷം?

ശങ്കർ—പ്രഭുവിന്റെ സ്ഥിതി കുറച്ചു വിഷമത്തിലാണെന്നാണ് തോന്നുന്നത്.

നവീനൻ—ഹേ പ്രഭോ, അങ്ങ് ഭക്തഗണങ്ങളെ ഉപേക്ഷിച്ച് എവിടേയ്ക്കാണ് പോയത്?

ഹരി—പാവം! നവീനന്റെ കണ്ണിൽനിന്നു വെള്ളം ഇടമുറിയാതെ ചാടുന്നു!

നവീനൻ—പ്രഭു എനിയ്ക്കൊരു ജോലി ഏൎപ്പാടുചെയ്തു തരാമെന്നു പറഞ്ഞിരുന്നു; ഹായ്, പ്രഭോ, അങ്ങ് എവിടേയ്ക്കാണ് പോയത്?

ഹരി—അയ്യോ, പാവം—

വിനോദൻ—അങ്ങിനെ നിരാശനാകേണ്ട, നവീന!

നവീനൻ—ഇല്ല, ഇനി പ്രഭുവിനെ വഴിയിലെങ്ങാനുംവെച്ചു കണ്ടെത്തിയാൽ, അപ്പോൾ കാണിച്ചുകൊടുക്കാം.

ശങ്കർ—എന്താണ്? എന്തു ചെയ്യും?

നവീനൻ—രണ്ടു ചവിട്ടു വെച്ചുകൊടുക്കും.

ഹരി—എന്താ, ഹേ? എന്താണിത്?

നവീനൻ—ഇത്രയൊക്കെ വാഴ്ത്തിപ്പാടി. എല്ലാം വെറുതെയായി.

വിനോദൻ—കഷ്ടം! എന്തിനാണ് പരിഭ്രമിക്കുന്നത്. പ്രഭു തീർച്ചയായും ഭക്തന്മാരുടെ ആഗ്രഹം നിറവേററും?

ശങ്കർ—അതേ, പ്രഭുവിൻെറ ലീലാവിലാസങ്ങളെ ആക്കു മനസ്സിലാക്കാൻ കഴിയും?

(ചിരിച്ചുകൊണ്ടു കേദാർ പ്രവേശിക്കുന്നു)

കേദാർ—ഹ! ഹ! ഹ!

വിനോദൻ—എന്താണ്, കേദാർബാബു? ചിരിക്കുന്നതെന്താണ്?

കേദാർ—മിണ്ടാതിരിക്കൂ, ഞാൻ ചിരിച്ചോട്ടെ—ഹ! ഹ! ഹ!

ശങ്കർ—എന്തു പററി, കേദാർബാബു.

കേദാർ—'ബാബു', തടയരുത് പറഞ്ഞേക്കാം, സക്കാർനിരത്താണ്. ചിരിച്ചോട്ടെ—ഹി ഹി ഹി!

നവീനൻ—പക്ഷേ, ഇങ്ങിനെ—

കേദാർ—മിണ്ടാതിരിക്കൂ— ഗൌളിയുടെ വാലേ, ചാണകപ്പുഴുവിൻെറ കുട്ടികളേ, മൂട്ടയുടെ മുട്ടകളേ—എന്തിനാണ് കൂട്ടരേ, മനഃപൂർവ്വം ഈ ചീത്ത കേൾക്കാൻവേണ്ടി വരുന്നത്? ഞാൻ തീർച്ചപ്പെടുത്തിയിരുന്നു, ചീത്ത പറയരുതെന്ന്. എന്നാൽ നിങ്ങളെ കാണുമ്പോൾ ചീത്ത പറയാതിരിക്കാൻ ഞാനാളല്ല.

നവീനൻ—കേദാർബാബു, ഞങ്ങളൊക്കെ മതം മാറിയിരിക്കുന്നു.

കേദാർ—മതം മാറിയിരിക്കുന്നുവോ, നിങ്ങളുടെ ഒരു മതവും, പിന്നെയൊരു മതംമാറലും—പോവിൻ പറഞ്ഞേക്കാം, സൈ്വരം

കെട്ടത്തരുത്. ഹാ ഹാ ഹാ! ഇപ്പോൾ ജയിലിലേയ്ക്കയച്ചേയ്ക്കാം. മകൻ ജയിലിൽപ്പോയി. അരേ, ധിനതാ ധിനാ, ത്രേകേടതിനാ, ഓരേ ധിനിതാ ധിനാ,തിരികിടിതിനാ—(നൃത്തം വെയ്ക്കുന്നു)

വിനോദൻ—ഇതെന്താണ് കേദാർബാബു, നൃത്തംവെയ്ക്കാൻ തുടങ്ങിയോ?

കേദാർ—ഓരേ ധിനതാ ധിനാ—ത്രേകേടതിനാ. പോയി മകനങ്ങു ജേലിൽ—ഓരേ—

ശങ്കർ—ആരേ ജയിലിൽ പോയത്?

കേദാർ—മററാരാണ്? ആ നീചൻ, ആലിന്മേലെബ്ഭൂതം, നരാധമൻ—അവൻതന്നെ,—വീണ്ടും വായിൽനിന്നു ചീത്ത വാക്കുകൾ വീണു. കേദാർ, നല്ലാളായിത്തീരു. ചീത്ത പറയരുത്. നല്ലാളുകളുടെ ഭാഷയിൽ സംസാരിയ്ക്കു. സഹോദരന്മാരേ, ജയിലിൽപ്പോയി, ശ്രീലശ്രീയുക്തശ്രീ ഉപേന്ദ്രനാഥമഹാശയൻ—ജയിലിലേയ്ക്കതാ പോകുന്നു—മനസ്സിലായോ?

നവീനൻ—ജയിലിലേയ്ക്കോ?

കേദാർ—അതേ, അതേ, ജയിലിലേയ്ക്ക്— ജയിലിലേയ്ക്ക്— തുറുങ്കിലേയ്ക്ക്—കാരാഗൃഹത്തിലേയ്ക്ക്. അദ്ദേഹത്തിൻെറ സാന്നിദ്ധ്യം കൊണ്ട്, ഒരുപക്ഷേ, ആ സ്ഥലത്തിൻേറയും മാഹാത്മ്യം വർദ്ധിച്ചേയ്ക്കാം—ചെററ!—ഹഹഹ!.

നവീനൻ—എന്ത്! എന്ത്! എന്ത്!

കേദാർ—ഇല്ല, ഇനി പറയില്ല. പക്ഷേ ജയിലിലേയ്ക്കു പോകുന്നതിനുമുമ്പ് അവനെ രണ്ടു പൊട്ടിയ്ക്കാൻ കഴിഞ്ഞില്ല—അതു മാത്രമേ ഒരു പശ്ചാത്താപമുള്ളു. ഓ! വല്ലാത്ത വ്യസനം! എന്തെന്നില്ലാത്ത പശ്ചാത്താപം തോന്നുന്നു! വലിയ കഷ്ടമായി. എന്നാൽ, ഇവിടെ നല്ല നേരമ്പോക്കുണ്ടാവും. ഹ ഹ ഹ!

നവീനൻ—എന്തു നേരമ്പോക്ക്?

കേദാർ—ഓഃ, പറയട്ടെ—പക്ഷേ പറയരുതെന്നു വിലക്കിയിട്ടുണ്ട്.

വിനോദൻ—ആര്?

കേദാർ—പറയണോ?—വേണ്ട, പറയില്ല. ആട്ടെ, കേട്ടോളിൻ. കയ്യിൽ തെളിവു കിട്ടിപ്പോയി—തികച്ചും തെളിവു കിട്ടിപ്പോയി! വേറെ എന്തെങ്കിലുമായിരുന്നെങ്കിൽ ഞാൻ പറയുമായിരുന്നു. വേറെ എന്താ?

ശങ്കർ—എന്താണ് പറഞ്ഞാൽ?

കേദാർ—അതു ശരിയാണ്—പറഞ്ഞാലെന്താ? മകനിപ്പോൾ രസമായിട്ടുണ്ടാവും. അവസാനം ആ ചെററ യജ്ഞേശ്വരൻ—അതാ! പറഞ്ഞു, അതാ പറഞ്ഞുകളഞ്ഞു!—ഇല്ല, പറയില്ല; ഒരിക്കലും പറയില്ല.

ശങ്കർ—എന്തുകൊണ്ട്?

കേദാർ—എന്നാൽ കള്ളിയൊളിച്ചുവെയ്ക്കാനും പ്രയാസം.

വിനോദൻ—പറയൂ.

കേദാർ—ഓ:! നല്ല നേരമ്പോക്കുണ്ടാവും. ഹ ഹ ഹ യജ്ഞേശ്വരൻ—ഓ: എന്തു രസം! —അലമാരിക്കുള്ളിൽ—ഹോ ഹോ!— അയ്യോ, പാവം! എന്തു രസം!

നവീനൻ—വാസ്തവത്തിൽ രസമുണ്ടാവും—എന്താ?

കേദാർ—പറയട്ടെ? കൂട്ടരേ, കാര്യം ഉള്ളിൽനിന്നു പുറത്തു ചാടുന്നതുപോലെ തോന്നുന്നു. ഇനി തടയാൻ വയ്യ. ചങ്ങാതി, വയറു പൊട്ടി ചത്തു!—എന്തു നേരമ്പോക്കാവും!

എല്ലാവരും—എന്താ, എന്താ? എന്താണുണ്ടാവുക?

കേദാർ—ഓ—ഹു ഹു ഹു!—ഛി ഛി ഛി!—ഇതു വല്ലാത്ത ബുദ്ധിമുട്ടായി. അറിയാമോ, സംഗതിയെന്താണെന്ന്? സാക്ഷികളെല്ലാമുണ്ട്—അലമാരിക്കുള്ളിൽ—ഹ ഹ ഹ! ഹോ ഹോ ഹോ! എന്റെ കൂട്ടരേ! തടയാൻ പററുന്നില്ല.

ഹരി—എയ് ഞാൻ ചോദിക്കട്ടെ, സംഗതിയെന്താണ്?

കേദാർ—പറയട്ടെ?—സംഗതിയിതാണ്— പക്ഷേ, പറയരുതെന്നു വിലക്കിയിട്ടുണ്ട്.

ശങ്കർ—അതുണ്ടായിരിക്കാം.

കേദാർ—മകൻ ജയിൽ കാണാൻ പോയി—ഹോ, പറഞ്ഞുകളഞ്ഞു! പിന്നെന്താ?

ഹരി—പറയില്ലേ?

കേദാർ—ഇല്ല, ഓടിപ്പോവുകയാണ്; ഇല്ലെങ്കിൽ നിശ്ചയമായും പറയാമായിരുന്നു—പറയണോ?—മകനിപ്പോൾ—അയ്യോ, കൂട്ടരേ! —(ഓടിപ്പോകുന്നു)

നവീനൻ—എന്താ, നൊസ്സു പിടിച്ചുവോ?

ഹരി—ഇല്ലെടോ! ആൾ നല്ലവനാണ്.

വിനോദൻ—ജയിലിൽപ്പോയി വന്ന ആളല്ലേ?

ശങ്കർ—നൊസ്സാവില്ല.

നവീനൻ—എന്നാൽ പ്രഭു—

ഹരി—കൊണ്ടുപോയി ചുട്ടു! തൻെറ പ്രഭു! ഇനി അത്ര നന്നല്ല—ചുവടൊഴിച്ചോളൂ!

വിനോദൻ—രണ്ടു പൊട്ടിയ്ക്കാതെയോ?

ശങ്കർ—അതു മോശമാണ്. രണ്ടു പൊട്ടിയ്ക്കാതെ വിട്ടൊഴിയുന്നതു നന്നെന്നു തോന്നുന്നില്ല.

ഹരി—എന്നാലങ്ങിനെയാവട്ടെ—നടക്കൂ, നടക്കൂ.

(എല്ലാവരും പോകുന്നു)

## രംഗം ൩

സ്ഥലം—കടത്തുകടവ്

സമയം—സന്ധ്യ

(സുശീലയും വിനോദിനിയും)

വിനോദിനി—വീടു വിട്ടു പോന്നുവോ? നീ എന്താണ് ചെയ്തത്?

സുശീല—എനിയ്ക്കു വീടില്ല: ഞാൻ നിരാശ്രയയാണ്.

വിനോദിനി—എവിടേയ്ക്കാണ് പോകുന്നത്?

സുശീല—അതൊന്നുമറിഞ്ഞുകൂടാ.

വിനോദിനി—മടങ്ങിപ്പൊയ്ക്കോളൂ.

സുശീല—എവിടേയ്ക്ക്?

വിനോദിനി—അച്ഛൻെറ വീട്ടിലേയ്ക്കു പൊയ്ക്കോളൂ.

സുശീല—അവിടെ എനിയ്ക്കിടമില്ല.

വിനോദിനി–എന്താ? അദ്ദേഹം അച്ഛനാണ്.

സുശീല—അദ്ദേഹം എൻെറ അമ്മയെ അടിച്ചു പുറത്താക്കി. അദ്ദേഹത്തിൻെറ വീട്ടിലേയ്ക്കു ഞാൻ, ആ അമ്മയുടെ മകളായിരുന്നിട്ടു —പോവുകയോ? അഥവാ, ഇതിലദ്ദേഹത്തിന്നെന്താണ് ദോഷമുള്ളത്? വളരെ പുരാതനമായ—വൈദികകാലംമുതല്ക്കേ—മാന്ധാതാവിൻെറ കാലംമുതല്ക്കേ—തലമുറകളായിട്ട്, പുരുഷന്മാരാൽ സ്ത്രീജാതി അവമാനിയ്ക്കപ്പെട്ടു വരികയാണ്. അച്ഛനെ മാത്രം എന്തിന്നു കുററം പറയുന്നു?

വിനോദിനി—എന്താണിപ്പറയുന്നത്, അനുജത്തി? അദ്ദേഹമാണ് നമുക്ക് ഉണ്ണാനും ഉടുക്കാനും തരുന്നത്.

സുശീല—ഓ! ഇതു പുരുഷന്മാരുടെ ഒരു വലിയ അനുഗ്രഹം തന്നെ. രണ്ടു കഷ്ണം റൊട്ടി തിന്നാൻ തരുന്നുണ്ട്; അതിന്നിത്ര അഹംകാരമോ? ഈ പുരുഷജാതിയുടെ വാതില്ക്കൽ ഒരു പിടി വററിന്നുവേണ്ടി പിച്ചക്കാരിയായിച്ചെന്നുനില്ക്കാൻ സ്ത്രീയ്ക്കു ലജ്ജയില്ലേ?

വിനോദിനി—അനുജത്തി, നിനക്കെന്തറിയാം? ശരി, പോവൂ, വീട്ടിലേയ്ക്കു മടങ്ങിപ്പോവൂ. നിന്നെ കണ്ടു പിടിയ്ക്കാൻ ആളുകൾ നാലുപാടും ഓടിനടക്കുകയാണ്. നോക്കൂ, ഞാനുംകൂടി നിൻെറ പിന്നാലെ ഓടിവന്നിരിയ്ക്കുന്നു.

സുശീല—എന്തിനേ ഓടിവന്നത്?

വിനോദിനി—നിനക്കു പറഞ്ഞു മനസ്സിലാക്കിത്തരാൻ. വിനയനിൽനിന്നറിഞ്ഞു, നീ ഇവിടെയാണെന്ന്. അതിനാൽ, വിനയനേയും കൂട്ടി വീട്ടിൽനിന്ന് ഇവിടേയ്ക്ക് ഓടി വന്നു. ഞാൻ നിൻെറ ജ്യേഷ്ഠത്തിയാണ്; ഞാൻ പറഞ്ഞതു കേൾക്കൂ: വീട്ടിലേയ്ക്കു മടങ്ങിപ്പോവൂ. സ്ത്രീകളിത്ര ഉദ്ധതകളാവുന്നതു നന്നല്ല. സ്ത്രീ അബലയാണ്; അജ്ഞയാണ്.

സുശീല—ഇതുകൊണ്ടു പുരുഷന്മാർ അവരെ ചവിട്ടുന്നു. ഇതു ധിക്കാർമോ! സ്ത്രീകളും മനുഷ്യരാണെന്നു ഞാൻ കാണിച്ചുകൊടുക്കാം. രണ്ടുനേരവും ഓരോ പിടി വററിന്നുവേണ്ടി പിച്ചക്കാരികളെപ്പോലെ പുരുഷന്മാരുടെ വാതില്ക്കൽച്ചെന്നുനില്ക്കേണ്ട ആവശ്യമൊന്നുമില്ല.

വിനോദിനി—നീ കുട്ടിക്കാലത്ത് ഇങ്ങിനെയൊന്നുമായിരുന്നില്ല. അച്ഛനെന്ന സ്ഥാനം വളരെ ഉയന്നതാണ്. അച്ഛൻ പ്രസാദിച്ചാൽ മറെറല്ലാം ദേവതകളും പ്രസാദിക്കുമെന്നു ശാസ്ത്രത്തിലുള്ളതായി ഞാൻ കേട്ടിട്ടുണ്ട്—'പിതരി പ്രീതിമാപന്നേ പ്രിയന്തേ സർവ്വദേവതാഃ.'

സുശീല—ഞാൻ ശാസ്ത്രവാക്യങ്ങളെയൊന്നും വകവെയ്ക്കുന്നില്ല. ജ്യേഷ്ഠത്തിയോട് ഒരു നൂറുതവണ പറഞ്ഞുകഴിഞ്ഞിട്ടുണ്ട്. എനിക്ക് അച്ഛൻെറ നേരെ ഭക്തിയുണ്ട്. ഇതെനിക്കു സ്വതവേയുള്ളതാണ്. എന്നാൽ അദ്ദേഹവും മകളുടെ അമ്മയെ അടിച്ചു പുറത്താക്കുകയാണെങ്കിൽ—മകളുടെ അമ്മയെ അടിക്കുകയാണെങ്കിൽ—മകൾക്കുമുണ്ട്, കുറച്ചാത്മാഭിമാനവും മനുഷ്യത്വവും.

വിനോദിനി—ഇതെല്ലാം യൂറോപ്യൻ രീതിയാണ്. അച്ഛനെന്തു ചെയ്താലും അച്ഛൻ തന്നെയാണ്; ബഹുമാന്യനാണ്.

സുശീല—എനിക്കദ്ദേഹത്തോടു ബഹുമാനമില്ലായ്കയില്ല. അദ്ദേഹം എന്നെ അടിച്ചു; ഞാൻ മിണ്ടാതെ നിന്നുകൊണ്ടു. എന്നാൽ, അമ്മയെ ഉപദ്രവിക്കുന്നത് എനിക്കു ക്ഷമിക്കാനാവില്ല. അദ്ദേഹത്തിൻെറ ജീവന്ന് ഒരാപത്തായിട്ട്, ഒരു ശാപമായിട്ട്, അദ്ദേഹത്തിൻെറ കഴുത്തിന്ന് ഒരു കുടുക്കായിട്ട്, അദ്ദേഹത്തിൻെറ വീട്ടിൽ താമസിക്കാൻ ഞാനിഷ്ടപ്പെടുന്നില്ല.

വിനോദിനി—അദ്ദേഹത്തിൻെറ വീട്ടിൽ താമസിച്ചേ കഴിയൂ എന്നില്ല. വിനയകുമാരനെ വിവാഹം കഴിച്ചോളൂ.

സുശീല—വേണ്ട.

വിനോദിനി—എന്തുകൊണ്ട്?

സുശീല—ഞാൻ ജ്യേഷ്ഠത്തിയോട്ട തൎക്കിക്കാൻ വിചാരിക്കുന്നില്ല.
വിനോദിനി—വിവാഹം കഴിക്കില്ലേ?
സുശീല—ഇല്ല.
വിനോദിനി—എന്താ ഭാവം പിന്നെ?
സുശീല—ബ്രഹ്മചൎയ്യമനുഷ്ഠിക്കും.
വിനോദിനി—അതിന്നാവുമോ?
സുശീല—എന്താണാവാതെ? ജ്യേഷ്ഠത്തിക്കു സാധിക്കുന്നുണ്ട്, എനിക്കു സാധിക്കില്ലേ?
വിനോദിനി—എന്നാൽ സമുദായം—
സുശീല—സമുദായം ഒരു ചോരകുടിയൻജന്തുവാണ്. അതിൻെറ ആചാരങ്ങളെ ഞാനത്ര വകവെക്കുന്നില്ല.
വിനോദിനി—വകവെച്ചാലും ഇല്ലെങ്കിലും വേണ്ടില്ല; വിവാഹം കഴിച്ചാലും കൊള്ളാം, ഇല്ലെങ്കിലും കൊള്ളാം, വീട്ടിലേക്കു മടങ്ങിപ്പോന്നോള.
സുശീല—ഇല്ല, ജ്യേഷ്ഠത്തി, എന്നെ നല്ലപോലെ അറിയാം ജ്യേഷ്ഠത്തിക്ക്. ഞാൻ ഓരോ പ്രവൃത്തിയും എൻെറ തോന്നലിന്നും ഇഷ്ടത്തിന്നും ബുദ്ധിക്കും അനുസരിച്ചു ചെയ്യുന്നു. ആരേയും കൂട്ടാക്കില്ല.
വിനോദിനി—വീട്ടിലേക്കു തിരിച്ചുപോവില്ലേ?
സുശീല—ഇല്ല. അമ്മക്കിടമില്ലാതായ ഒരു വീട്ടിൽ ആ അമ്മയുടെ മക്കൾക്കും ഇടമുണ്ടാവില്ല. ജ്യേഷ്ഠത്തി മടങ്ങിപ്പൊയ്ക്കോള്ളു. നാലു കഷ്ണം റൊട്ടിയും തിന്നു സുഖമായി ജീവിതം കഴിച്ചോളൂ—എനിക്കിതിന്നാവില്ല.
വിനോദിനി—എനിക്കു മററെന്തു കഴിയും, അനുജത്തി? വിനയൻ പറയുകയാണെങ്കിൽ, പക്ഷേ—(സുശീല പരിഹാസത്തോടെ ചിരിക്കുന്നു) എന്നാൽ വിനയൻ നിന്നെ ഒന്നു കാണാൻകൂടി ഒരുക്കമില്ല. അയാൾ എന്നെ ഇവിടെ വിട്ടുംവെച്ച് തനിയേ പുഴവക്കത്തേക്കു ലാത്താൻ പോയി. നീ നിൻെറ പരുക്കൻമട്ടുകൊണ്ട് അയാളെക്കൂടി മുഷിപ്പിച്ചു.

സുശീല—തെററു മുഴുവൻ എൻേറതുതന്നെ—പറഞ്ഞോളൂ.

വിനോദിനി—നീ വീട്ടിലേക്കു മടങ്ങിപ്പോവില്ലേ?

സുശീല—ഇല്ല.

വിനോദിനി—പിന്നെ എങ്ങോട്ടാണ് പോകുന്നത്?

സുശീല—ചുടുകാട്ടിലേക്ക്.

വിനോദിനി—അതെന്നോടുകൂടിപ്പറയുന്നതിൽ നിനക്കിത്ര വൈഷമ്യമുണ്ടോ! (ഗദ്ഗദസ്വരത്തിൽ) സുശീലേ, അനുജത്തി, നീ ക്ഷോഭിച്ചിരിക്കുന്നു; ഇല്ലെങ്കിൽ, എന്നോടിങ്ങിനെ നിർദ്ദയമായി പെരുമാറാൻ നിന്നെക്കൊണ്ടാവില്ല. ഒരുപക്ഷേ ആത്മഹത്യചെയ്തുകഴിഞ്ഞിട്ടുണ്ടാവാവുന്ന ആ സാധ്വി എൻേറയും അമ്മയാണ്. എന്നാൽ അനുജത്തി, അച്ഛൻെറ തലച്ചോറു തകരാറായിരിക്കുന്നു. പിന്നെ, സഹിക്കാൻവേണ്ടിയുള്ളതാണ് സ്ത്രീയുടെ ജന്മം. ഇത് ഈശ്വരനിയമമാണ്. ഇതിനെ തലകുനിച്ചു സ്വീകരിക്കു.

സുശീല—സ്വീകരിക്കുന്നു. എന്നാൽ ഈശ്വരൻ സ്ത്രീയെ ദുർബ്ബലയാക്കിയിട്ടാണ് സൃഷ്ടിച്ചിട്ടുള്ളതെങ്കിൽ, അദ്ദേഹം പുരുഷൻെറ ഹൃദയത്തിൽ, ആ ദൌർബ്ബല്യത്തോടു കാണിക്കേണ്ടുന്ന ദയയും സഹാനുഭൂതിയും സൃഷ്ടിച്ചിട്ടുണ്ട്. ഈശ്വരൻ മനുഷ്യക്കു മൃഗങ്ങൾക്കെന്നപോലെ കയ്യും, കാലും മാത്രമല്ല കൊടുത്തിട്ടുള്ളു; അവന്നു വിവേകവും കൊടുത്തിട്ടുണ്ട്, മനുഷ്യത്വവും കൊടുത്തിട്ടുണ്ട്. സ്ത്രീകൾ ദുർബ്ബലകളാണെന്നുവെച്ച്, ഏതു സമുദായം അവരെ, തൻെറ വിലാസത്തിന്നുവേണ്ടി—ഭോഗത്തിന്നുവേണ്ടി— കുടുക്കിട്ടുവെക്കേണ്ടതാണെന്നു കരുതിപ്പോരുന്നുവോ—അഥവാ, അതിനെ തൻെറ ജാതിയുടെ തലക്കുള്ള ഒരാപത്തായി കരുതിപ്പോരുന്നുവോ—ആ സമുദായത്തിൻെറ തല എന്നെന്നും താഴ്ന്നിരിക്കുകതന്നെ ചെയ്യും.

വിനോദിനി—എന്നാൽ—

സുശീല—പൊയ്ക്കോളു, ജ്യേഷ്ഠത്തി. എന്നെപ്പററി വിചാരപ്പെടേണ്ട. വീട്ടിലേക്കു മടങ്ങിപ്പൊയ്ക്കോളൂ. എന്നെ, രക്ഷിക്കാൻ എനി

ക്കുതന്നെ സാധിക്കും. ഇതു നോക്കൂ (കൈത്തോക്ക കാട്ടിക്കൊടുക്കുന്നു. വിനോദിനി അതു കണ്ടു വിറക്കുന്നു) പോയ്ക്കോളൂ, ജ്യേഷ്ഠത്തി. അച്ഛനോടു പറഞ്ഞേക്കൂ, ഞാനദ്ദേഹത്തിന്നു കടപ്പെട്ടവളല്ലെന്ന്. അദ്ദേഹം എനിക്കു മാപ്പുതരട്ടെ. എന്നാൽ എന്നെ, അദ്ദേഹം എപ്പോൾ ഇംഗ്ലീഷുവിദ്യാഭ്യാസം ചെയ്യിച്ചുവോ, മിൽട്ടൻറയും ഷെല്ലിയുടേയും ഗ്രന്ഥങ്ങൾ പഠിപ്പിച്ചുവോ, അപ്പോൾ മുതല്ക്ക് അവളിൽ മററുതരത്തിലുള്ള ഫലപ്രത്യാശകൾ വെച്ചുകൊണ്ടിരിക്കുന്നത്, അദ്ദേഹത്തിൻെറ ഭ്രമമാണ്.

വിനോദിനി—എന്നാൽ ഇനി ഞാൻ പോകുന്നു. എങ്കിലും എനിക്കിതു വളരെ മോശമായിട്ടാണ്, അറുവഷളായിട്ടാണ്, തോന്നുന്നത്. എന്തുചെയ്യട്ടെ?

(വിനോദിനി ചിന്താഭാവത്തോടുകൂടി പോകുന്നു)

സുശീല—വീട്ടിലേക്കു മടങ്ങിപ്പോവില്ല—ഇതാണ് എൻെറ ശപഥം. എന്തെങ്കിലുമാവട്ടെ. പുരുഷന്മാരുടെ അധികാരത്തിന്നു വഴങ്ങിനില്ക്കില്ല. (പോകുന്നു)

(കള്ളന്മാർ പ്രവേശിക്കുന്നു)

ഒന്നാമൻ—ഇപ്പോൾ പ്രവൃത്തി നടക്കുന്നില്ല.

രണ്ടാമൻ—തോന്നുന്നത്, ഇതുപേക്ഷിക്കേണ്ടിവരുമെന്നാണ്.

മൂന്നാമൻ—മുമ്പൊക്കെ പേടികൂടാതെ കള്ളിയറിഞ്ഞു കവച്ചുചെയ്തുപോന്നിരുന്നു; ഒരു തടസ്ഥവും നേരിട്ടിരുന്നില്ല. എന്നാൽ ഇന്ന്—

നാലാമൻ—ഇന്ന് ഇടത്തും വലത്തും—അവിടെയും ഇവിടെയും എല്ലാം പൊല്ലീസ്സുകാർ ഒററുനില്ക്കുന്നുണ്ട്. പ്രവൃത്തി എങ്ങിനെ നടക്കും?

സർദാർ—ഈ പ്രവൃത്തി ഉപേക്ഷിച്ചുകൊൾവിൻ.

രണ്ടാമൻ—തലക്കുമീതെ വാളുണ്ട് തൂങ്ങിനില്ക്കുന്നു! മുമ്പിൽ തൂക്കുമരവും തയ്യാറുണ്ട്. ചെന്നുപെടേണ്ട താമസമേയുള്ളു. ഇങ്ങിനെയായാൽ, എങ്ങിനെ മോഷണം നടത്താനാണ്?

മൂന്നാമൻ—കുലം നശിച്ചു. വയർ നിറഞ്ഞതുമില്ല.

ഒന്നാമൻ—ഒരു മാസമായിട്ടു പട്ടണത്തിൽ ചുററിത്തിരിയുകയാണ്; എന്നാൽ ഒന്നിനും പററുന്നില്ല, തൊഴിൽ നശിച്ചു.

സർദാർ—എന്നാൽപ്പിന്നെ ഉപേക്ഷിച്ചേയ്ക്കു.

ഒന്നാമൻ—ഉപേക്ഷിച്ചാൽപ്പിന്നെ എന്തു ചെയ്യും?

സർദാർ—കൃഷി.

മൂന്നാമൻ—ഒടുവിൽ കൃഷി! സർദാർ, നിങ്ങളെന്താണ് പറയുന്നത്?

രണ്ടാമൻ—ഇത്ര നല്ല തൊഴിലായ മോഷണം ഉപേക്ഷിച്ച്, നാം കൊള്ളരുതാത്തവരുടെ പ്രവൃത്തി ചെയ്യുന്നതു വലിയ അവമാനം തന്നെയാണ്; അതിനുംപുറമേ, കന്നു പൂട്ടുകയോ?

സർദാർ—പൂട്ടിയില്ലെങ്കിൽ പൊല്ലീസ്സുകാർ ഏറെത്താമസിയാതെ നിങ്ങളെ പൂട്ടിക്കളയും; ഒരു സംശയവുമില്ല.

ഒന്നാമൻ—(പിന്നിലേക്കു നോക്കിയിട്ട്) അതാ ഒരു സ്ത്രീ പോകുന്നു. അല്ലേ?

രണ്ടാമൻ—അതേ. ഏതോ ഒരു നല്ല തറവാട്ടിലെയാണെന്നു തോന്നുന്നു.

മൂന്നാമൻ—പക്ഷേ, തനിച്ചേ ഉള്ളു.

നാലാമൻ—പണ്ടങ്ങളുമണിഞ്ഞിട്ടുണ്ട്.

എല്ലാവരും—സർദാർ തട്ടിപ്പറിയ്ക്കട്ടെ?

സർദാർ—വേണ്ട, ഞാനിതാ പായുകയായി.

ഒന്നാമൻ—പായുന്നതെന്തിനാണ്? ഒരു സ്ത്രീയെ കണ്ടിട്ടു പായുകയോ?

സർദാർ—ആക്കറിയാം, ചങ്ങാതി? ആ മുഖം കണ്ടിട്ട്, ആ സ്ത്രീയെ കണ്ടിട്ട്, എൻെറ കയ്യിൽനിന്ന് ആയുധം ഊന്നുവീഴുന്നു. ഞാൻ ഓടുകയാണ്.

രണ്ടാമൻ—നിങ്ങളില്ലാതെ കാര്യം നടത്താമോ?

സർദാർ—അസ്സലായിട്ടു നടക്കും.

മൂന്നാമൻ—വരു, സർദാർ. ഉരു വന്നെത്തി. നടക്കു.

സർദാർ—ഇല്ല, ഒരു സ്ത്രീയെ കൊള്ളയിടാൻ ഞാൻ പോരില്ല.

നാലാമൻ—വരൂ. (സർദാരുടെ കൈ പിടിക്കുന്നു)

സർദാർ—ആട്ടെ, നടക്കു. പക്ഷേ, ഞാൻ കണ്ണു ചിമ്മി നില്ക്കും. കാണില്ല. ചെകിട്ടിൽ വിരൽ തിരുകും. അവളുടെ ശബ്ദവും കേൾക്കില്ല. സ്ത്രീയുടെ മേൽ കൈവെയ്ക്കാൻ വയ്യ. ആ പ്രവൃത്തി നിങ്ങൾ ചെയ്യേണ്ടിവരും.

നാലാമൻ—നല്ല കാര്യം! നിങ്ങൾ സ്ത്രീകളേക്കാളും അധഃപതിച്ചിരിക്കുന്നു.

സർദാർ—എന്തറിയാം ചങ്ങാതി, ഇരുപത്തഞ്ചോളം യുവാക്കന്മാരെ കൊന്നുകഴിഞ്ഞു. അവരുടെ കുടൽമാലകൾ കുന്നുകൂട്ടിയിട്ടുണ്ട്—അടുത്തു നിന്നുകൊണ്ട് അവരുടെ പിടച്ചിൽ നോക്കിക്കണ്ടിട്ടുണ്ട്. അവരുടെ ആർത്തനാദം ശ്രദ്ധവെച്ചു കേട്ടിട്ടുണ്ട്. എന്നാൽ സ്ത്രീകളുടെ ശരീരത്തിൽ—ഈശ്വരൻ ഇരുമ്പിനേക്കാളധികം ഉറപ്പുള്ള ഒരു സാധനംകൊണ്ടാണ് അവരുടെ കോമളശരീരം ഉണ്ടാക്കിയിട്ടുള്ളത്—കൈവെയ്ക്കാൻ വയ്യ! അതിന്മേൽ കഠാരി കുത്തിയിറങ്ങാൻ കൂട്ടാക്കുന്നില്ല—ലാത്തി ദൂരെത്തെറിക്കുന്നു!

മൂന്നാമൻ—കലാശിച്ചുവോ? എന്തേ നിർത്തിക്കളഞ്ഞത്? ഉറക്കെ കരഞ്ഞോളു!

സർദാർ—ആഗ്രഹം കരയണമെന്നുതന്നെയാണ്. പക്ഷേ കരയാൻ കഴിയുന്നില്ല! അവളെ ഞാൻ ചവുട്ടി; അതിനാൽ അവൾ മരിച്ചുപോയി. ചവിട്ടേററിട്ട് അവൾ ഒരക്ഷരം മിണ്ടിയില്ല, കരഞ്ഞതുമില്ല—ഇമവെട്ടാതെ എൻെറ നേരെ നോക്കിക്കൊണ്ടിരുന്നു. പിന്നെ കണ്ണടച്ചു; മരിച്ചുപോയി!

രണ്ടാമൻ—ഇദ്ദേഹത്തിൻെറ ഭാര്യ മരിച്ചതുമുതല്ക്കാണ് ഈ സ്ഥിതിയിലായത്. മുമ്പൊക്കെ ഇദ്ദേഹത്തിന്ന് ഇതിലധികം ഉത്സാഹവും സന്തോഷവുമുണ്ടായിരുന്നു.

ഒന്നാമൻ—നടക്കു, ഇടക്ക്—ഒരുപക്ഷേ ഉരു ചാടിക്കളയാനും മതി—ഇനി നേരം വൈകിക്കേണ്ട.

(എല്ലാവരും പോകുന്നു)

സുശീല—(അണിയറയിൽനിന്നു) രക്ഷിക്കണേ! രക്ഷിക്കണേ! (ലഹള സ്സുശേഷം സുശീലയെ പിടിച്ചുകൊണ്ടു കള്ളന്മാർ പ്രവേശിക്കുന്നു)

സുശീല—നിങ്ങളൊക്കെ ആരാണ്?

സർദാർ—അതറിഞ്ഞിട്ടെന്തിനാണ്?

സുശീല—നിങ്ങൾ കള്ളന്മാരാണോ?

സർദാർ—ശരിക്കു മനസ്സിലാക്കി.

സുശീല—എൻെറ കയ്യിലുള്ളതെല്ലാം എടുത്തോളു. എന്നെ വിടണേ! (കയ്യിന്മേലുള്ള വള ഊരി എറിഞ്ഞുകൊടുക്കുന്നു)

സർദാർ—വേണ്ട, പണ്ടം അഴിക്കേണ്ട. (വളയെടുത്തു കൊടുക്കുന്നു) നിങ്ങളുടെ കയ്യിൽ പണമുണ്ടെങ്കിലെടുക്കു.

സുശീല—ഇതാ. (നോട്ടു കൊടുക്കുന്നു)

സർദാർ—(കൂട്ടുകാരോട്) മതി വിട്ടുകൊടുത്തേക്കു.

ഒന്നാമൻ—എന്ത്! ഇനിയുമുണ്ടു സാമാനം!

സുശീല—ഇനിയില്ല.

രണ്ടാമൻ—അയ്യയ്യ! എൻെറ സ്വൎണ്ണപ്പക്ഷി! നോക്കട്ടെ.

(വസ്ത്രാഗ്രം പിടിച്ചു വലിക്കുന്നു)

സർദാർ—എന്താണിത്! വിടു. പൊയ്ക്കോട്ടെ.

മൂന്നാമൻ—നോക്കിൻ, ഇനി വല്ലതുമുണ്ടോ എന്ന്.

സുശീല—ഇനിയൊന്നുമില്ല, ഈശ്വരൻ സാക്ഷിയുണ്ട്.

(സർദാർ മുഖം തിരിച്ചു നില്ക്കുന്നു)

സുശീല—എന്നെ വിടണേ! രക്ഷിക്കണേ!

നാലാമൻ—വിടുന്നുണ്ട് —(പിടിക്കുന്നു)

സുശീല—രക്ഷിക്കണേ! രക്ഷിക്കണേ!(സർദാറിൻെറ കാൽക്കൽ വീഴുന്നു)

സർദാർ—(തിരിഞ്ഞിട്ട്) വിടിൻ! ഇല്ലെങ്കിൽ ഈ കത്തി—

(കത്തി ഓങ്ങുന്നു)

കള്ളന്മാർ—സൂക്ഷിച്ചോളു!

സുശീല—രക്ഷിക്കണേ! രക്ഷിക്കണേ!

(വിനയകുമാരൻ പ്രവേശിക്കുന്നു)

വിനയൻ – ഓൎമ്മവെച്ചോളൂ!

സർദാർ—ആര്? പുരുഷനോ? എന്നാലിനി ഞാൻ നിങ്ങളുടെ ഭാഗത്തു കൂടാം. (കത്തി ഓങ്ങുന്നു)

വിനയൻ—കരുതിയിട്ട്—(തോക്കു ചൂണ്ടുന്നു)

സർദാർ – ഓ! (വിനയന്റെ കഴുത്തിൽ കത്തികൊണ്ടു വെട്ടുന്നു. വിനയൻ വെടിവെക്കുന്നു. സർദാർ മുറിപററി നിലത്തു വീഴുന്നു. കള്ളന്മാരൊക്കെ പായുന്നു)

സർദാർ—മാപ്പുതരൂ, അമ്മേ! യുദ്ധംചെയ്തു—വീണു. ഇതിൽ വ്യസനമില്ല. ഈ തോക്ക് എന്റെ കയ്യിലായിരുന്നുവെങ്കിൽ—പക്ഷേ അതൊക്കെ പറഞ്ഞിട്ടെന്താണ്? പുരുഷനോടു യുദ്ധംചെയ്തു; മരിച്ചു, മതി.

(മരിയ്ക്കുന്നു)

വിനയൻ – ഓ! (ഇരുന്ന് തന്റെ കഴുത്തിലെ മുറി അമർത്തിപ്പിടിയ്ക്കുന്നു) വീട്ടിലേയ്ക്കു പോവൂ, സുശീലേ! നടക്കു, ഞാൻ കൊണ്ടുപോയാക്കാം. (എഴുന്നേല്പാൻ ശ്രമിക്കുന്നു. പക്ഷേ, താഴെ വീഴുന്നു) വീട്ടിലേയ്ക്കു പോവൂ!

സുശീല—എവിടെയാണ് വെട്ടിയത്? (നോക്കിയിട്ട്) ഇതാണോ—വിനയ!—

വിനയൻ—വീട്ടിലേയ്ക്കു പൊയ്ക്കോളൂ!

സുശീല—നിങ്ങളെ ഇവിടെ തനിയേ വിട്ടുംവെച്ചു പോവുകയോ!—വിനയ, ഞാൻ സ്ത്രീയായാലും മനുഷ്യനാണ്. നോക്കട്ടെ—എവിടെയാണ് കൊണ്ടത്?

(നോക്കിയതിനുശേഷം വസ്ത്രം ചീന്തി മുറി കെട്ടുന്നു)

വിനയൻ—നിങ്ങൾ വീട്ടിലേയ്ക്കു മടങ്ങിപ്പോവൂ!

സുശീല—ഞാൻ നിങ്ങളെ വിട്ടുപോവുകയില്ല.

വിനയൻ—ഞാൻ പറയുന്നു—പോവൂ. അതാ കേദാർബാബു വന്നുപോയി.

(കേദാർ പ്രവേശിയ്ക്കുന്നു)

കേദാർ—എന്തുപററി?

വിനയൻ—സുശീലയെ കൊണ്ടുപോവൂ.

കേദാർ—എന്തിന്? എന്ത്! ഇതാരാണ്? നിങ്ങൾ കിടക്കുന്നതെന്താണ്?—സുശീലേ, നിങ്ങളെങ്ങിനെ ഇവിടെ വന്നു?

വിനയൻ—ഇവിടെ ഒരു കൊലപാതകം നടന്നു. സുശീലയെ കൊണ്ടുപൊയ്ക്കോളൂ. പൊല്ലീസ്സുകാർ വരുന്നുണ്ടാവും.

കേദാർ—വന്നോട്ടെ, അതുകൊണ്ടെന്താ?

വിനയൻ—കൊലനടന്നു—പൊല്ലീസ്സുകാർ സുശീലയേയും ഈ സംഗതിയിലേയ്ക്കു വലിച്ചിടും. അതാ പൊല്ലീസ്സുകാർ വരുന്നുണ്ടാവും. വേഗം പോവൂ.

കേദാർ—ആരാണ് കൊല നടത്തിയത്?

വിനയൻ—ഞാൻ!

കേദാർ—നിങ്ങളോ!

വിനയൻ—അതേ, ഞാൻ.

സുശീല—അല്ല കേദാർബാബു, ഞാനാണ് കൊന്നത്—ഈ കൈത്തോക്കുകൊണ്ട്.

കേദാർ—അതുണ്ടാവില്ല. ആരാണ് കൊന്നതെന്ന് എനിയ്ക്കറിഞ്ഞുകൂടാ; എങ്കിലും നിങ്ങൾ രണ്ടുപേർ മൂലവും ഒരു കൊല നടക്കുകയെന്നതുണ്ടാവാൻ വയ്യ. ഇതിനെക്കുറിച്ച് ആലോചിയ്ക്കണമെന്നുകൂടിയില്ല, എനിയ്ക്ക്. ഉണ്ടാവാൻ വയ്യാത്തതിനെക്കുറിച്ച് ആലോചിയ്ക്കുന്നതുകൊണ്ടെന്താണ് ലാഭം?

വിനയൻ—അല്ല, കേദാർബാബു. വാസ്തവത്തിൽ ഞാൻതന്നെയാണ് കൊന്നത്. കള്ളന്മാരിൽനിന്നു സുശീലയെ രക്ഷിയ്ക്കാൻവേണ്ടിയാണ് ഈ കൊല നടന്നത്. ഇതിന്ന് എന്നെ തൂക്കിക്കൊന്നേയ്ക്കാനെളുപ്പമുണ്ട്.

കേദാർ—എളുപ്പമുണ്ടോ? എന്നാൽ നിശ്ചയമായും ഈ കൊല നടത്തിയതു ഞാനാണ്. തൂക്കുമരം കേറാൻ ഞാൻ അസ്സലായി അഭ്യസിച്ചിട്ടുണ്ട്. നിങ്ങളെക്കൊണ്ടാവില്ല. ഈ കൊലചെയ്തതു ഞാനാണ്.

വിനയൻ—അങ്ങ് എന്താണ് പറഞ്ഞുകൊണ്ടിരിക്കുന്നത് കേദാർ ബാബു? സുശീലയെ കൊണ്ടുപൊയ്ക്കോളു.

സുശീല—ഞാൻ പോവില്ല.

വിനയൻ—ഇല്ലെങ്കിൽ പൊല്ലീസ്സു നിങ്ങളെക്കൂടി ഇതിൽപ്പെടുത്തും.

സുശീല—എന്തെങ്കിലുമായിക്കൊള്ളട്ടെ.

കേദാർ—നേരാണ്. മകളേ, സുശീലേ, വരൂ; നിങ്ങളെ വീട്ടിൽ കൊണ്ടുപോയാക്കട്ടെ. എന്നാൽ ഓർമ്മിക്കണം വിനയ, ഈ കൊല നടത്തിയതു ഞാനാണ്. വരൂ, നടക്കു, മകളേ.

സുശീല—എന്നെ രക്ഷിച്ചവനെ ഉപേക്ഷിച്ചു ഞാൻ ഒരടിപോലും മുമ്പോട്ടു വെക്കില്ല.

വിനയൻ—ജയിലിൽ പോകുമോ?

സുശീല—പോകും.

വിനയൻ—ഞാൻ പറയുന്നു, പൊയ്ക്കോളു.

കേദാർ—വരൂ, കുട്ടീ.

സുശീല—ഞാൻ പോരില്ല.

കേദാർ—അതാ, സദാനന്ദബാബുവും വന്നെത്തി.

(സദാനന്ദൻ പ്രവേശിക്കുന്നു)

കേദാർ—സുശീലേ, വരില്ലേ?

സദാനന്ദൻ—പൊയ്ക്കോളു, മകളേ. വിനയനെക്കുറിച്ച് ഒരാശങ്കയും വേണ്ട. ധർമ്മം എന്നൊന്നുണ്ടെങ്കിൽ അയാളെക്കുറിച്ചു സംശയിക്കേണ്ട. ഞാൻ ദൂരെനിന്ന് എല്ലാം കണ്ടിരിക്കുന്നു.

സുശീല—ഞാൻ പോവില്ല.

സദാനന്ദൻ—കുട്ടി ഇവിടെ എന്തു ചെയ്യാനാണ്, മകളേ!

സുശീല—അതെനിക്കുതന്നെ അറിഞ്ഞുകൂടാ.

സദാനന്ദൻ—മകളേ, സുശീലേ! വിനയൻ എൻെറ മകനാണ്. അവനെ രക്ഷിക്കേണ്ട ഭാരം ഞാനേററു.

കേദാർ—കേട്ടില്ലേ? സദാനന്ദബാബു ശപഥംചെയ്തു പറയുന്നു. വിനയൻ അദ്ദേഹത്തിൻെറ മകനാണ്. പിന്നെ, ഞാനിതാ സത്യം

ചെയ്തു പറയുന്നു, കുട്ടി എൻെറ മകളാണ്. അല്ലെങ്കിൽ കുട്ടിയോ ട് ഇത്ര സ്നേഹം എൻെറ മനസ്സിൽ എവിടെനിന്നുണ്ടായി?

സദാനന്ദൻ—പൊയ്ക്കോളൂ.

കേദാർ—വരൂ, മകളേ! ഞാൻ പറയുന്നു.

(കേദാറിൻെറ കൂടെ സുശീല പോകുന്നു)

സദാനന്ദൻ—(മുമ്പോട്ടു ചെന്ന്) മുറി വല്ലാതെ പററിയിട്ടുണ്ടോ വിനയ?

വിനയൻ—അത്ര സാരമില്ല. അതാ പൊല്ലീസ്സുകാർ വരുന്നു.

(പോലീസുകാർ പ്രവേശിക്കുന്നു)

ഇൻസ്പെക്ടർ—ശവമെവിടെ?

സദാനന്ദൻ—അതാ കിടക്കുന്നു.

ഇൻസ്പെക്ടർ—ആരാണ് കൊന്നത്?

വിനയൻ—ഞാൻ.

ഇൻസ്പെക്ടർ—പിടിക്കൂ.

സദാനന്ദൻ—ഞാൻ സ്റ്റേഷൻവരെ ഇവൻെറ കൂടെ വരാം. ഞാൻ ജാമ്യംതരാം.

ഇൻസ്പെക്ടർ—നിങ്ങളാരാണ്?

സദാനന്ദൻ—ഞാൻ ഈയാളുടെ അച്ഛനാണ്.

ഇൻസ്പെക്ടർ—വ്യസനകരംതന്നെ! പക്ഷേ ഇതു കൊലപാതകമാണ്!

സദാനന്ദൻ—അതുകൊണ്ടു തടസ്സമൊന്നുമുണ്ടാവില്ല. ഞാൻ നല്ല ജാമ്യംതരാം.

ഇൻസ്പെക്ടർ—എത്ര തരാനാവും?

സദാനന്ദൻ—ഒരുലക്ഷം ഉറുപ്പിക. എനിക്കിപ്പോൾത്തന്നെ നിങ്ങളിൽനിന്നു വിടുവിച്ചുകൊണ്ടുപോകാൻ സാധിച്ചേനേ. എന്നാൽ ആയിരം ഉറുപ്പികകൂടി തരേണ്ടിവരില്ലായിരുന്നു. നിങ്ങളെഴുതിവിട്ടും—'വിവരമൊന്നും കിട്ടിയില്ല.' പക്ഷേ അതു ചെയ്യില്ല. എൻെറ മകനെ വിചാരണചെയ്യണം. വിചാരണയിൽ മകനെ തൂക്കി

കൊല്ലാൻ വിധിയ്ക്കുകയാണെങ്കിൽത്തന്നെ, ഞാൻ സ്വയം അയാളെ തൂക്കുമരത്തിൽ കയററി എൻെറ കൈകൊണ്ട് അയാളുടെ കഴുത്തിൽ കുടുക്കിടും.

ഇൻസ്പെക്ടർ—അങ്ങെന്താണിപ്പറയുന്നത്? അങ്ങ് ഈ കുട്ടിയുടെ അച്ഛനാണ്.

സദാനന്ദൻ—ആശ്ചര്യം തോന്നുന്നുണ്ടോ, ഇൻസ്പെക്ടർ സാഹേബ്? എനിയ്ക്ക് ഈ ഒരു മകൻ മാത്രമേയുള്ളു. എന്നാൽ എനിയ്ക്കൊരു നൂറു മക്കളുണ്ടെന്നിരിക്കട്ടെ—അവരിൽ ഓരോരുത്തനും ഇങ്ങിനെ മരണശിക്ഷ സംഭവിയ്ക്കുകയാണെങ്കിൽക്കൂടി, അവർ മററു തരത്തിൽ മരിച്ചുകാണാൻ ഞാൻ ഈശ്വരനോടു പ്രാർത്ഥിയ്ക്കില്ല. ഹാ! മററാർക്കാണ് ഇന്ന് എന്നെപ്പോലെ മാറുവിരുത്തി നടക്കാൻ കഴിയുക? ഇത്തരം ഒരു മകൻ മററാർക്കാണുള്ളത്? മകനേ, വിനയ, നീ എൻെറ മുഖം പ്രകാശമാനമാക്കി. എൻെറ കണ്ണുകളിൽ കണ്ണുനീർ നിറയുന്നു. ദുഃഖംകൊണ്ടല്ല, അഭിമാനംകൊണ്ട്. മകനെ ഇങ്ങിനെ ഉൽകൃഷ്ടനാക്കാൻ കഴിഞ്ഞതിൽ ഞാൻ ധന്യനാണ്. മകന്ന് ഇത്തരം ശിക്ഷ കൊടുപ്പിയ്ക്കാൻ കഴിഞ്ഞ ഞാൻ ധന്യൻതന്നെ! ഭേഷ്, മകനേ! നടക്കൂ, ഇൻസ്പെക്ടർസാഹെബ്!

(എല്ലാവരും പോകുന്നു)

---

## അഞ്ചാമങ്കം

---

### രംഗം ൧

സ്ഥലം—ദേവേന്ദ്രൻെറ വീട്

സമയം—രാവിലെ

(ദേവേന്ദ്രനും സദാനന്ദനും)

ദേവേന്ദ്രൻ—പൂർവ്വികന്മാരുടെ വീടു വിററുകഴിഞ്ഞു; ഇനി അവരുടെ വീട്ടുസാമാനങ്ങളും വില്ക്കണം. അതിന്നുശേഷം, ഒരു കൌപീനമടുത്തു വഴിനീളെ ചുററിത്തിരിയാം. ബംഭോലാനാഥ്!

സദാനന്ദൻ—എന്താണിച്ചെയ്യുന്നത്, ദേവേന്ദ്ര?

ദേവേന്ദ്രൻ—ഒന്നുമില്ല—നിങ്ങളെല്ലാം വന്നുവല്ലോ. വരൂ.

(ലേലംവിളിക്കാർ പ്രവേശിക്കുന്നു)

ദേവേന്ദ്രൻ—മററുള്ളവരെവിടെ? പോട്ടെ, ഇതുതന്നെ ധാരാളമാണ്. വിളി തുടങ്ങാം—ആദ്യം ഈ കട്ടിലാവട്ടെ. എത്രയ്ക്കാണ് വിളിയ്ക്കുന്നത്?

സദാനന്ദൻ—എന്താണീ കാട്ടുന്നത്? ഇതു പൂർവ്വികന്മാരുടെ സ്വത്താണല്ലോ.

ദേവേന്ദ്രൻ—അച്ഛൻെറ കടത്തെയാണ്, പൂർവ്വികന്മാരുടെ സ്വത്തിനേക്കാളധികം ഞാൻ പരിശുദ്ധമായി കരുതുന്നത്—വിളിയ്ക്കിൻ. ആരാണ് വിളിയ്ക്കുന്നത്?

ഒന്നാമൻ—ഒരുറുപ്പിക.

രണ്ടാമൻ—രണ്ടുറുപ്പിക.

മൂന്നാമൻ—മൂന്നര ഉറുപ്പിക.

രണ്ടാമൻ—നാലുറുപ്പിക.

ദേവേന്ദ്രൻ—നാലുറുപ്പിക, നാലുറുപ്പിക, നാലുറുപ്പിക. ഒരു—

ഒന്നാമൻ—അഞ്ചുറുപ്പിക.

ദേവേന്ദ്രൻ—അഞ്ചുറുപ്പിക, അഞ്ചുറുപ്പിക—ഒരു വാക്ക്! അഞ്ചുറുപ്പിക, രണ്ട്—

സദാനന്ദൻ—ദേവേന്ദ്ര!

ദേവേന്ദ്രൻ—പൊയ്ക്കോളൂ. ഉപദ്രവിയ്ക്കരുത്. അഞ്ചുറുപ്പിക, ഒരു വാക്ക്. അഞ്ചുറുപ്പിക, രണ്ട്—

സദാനന്ദൻ—അമ്പതുറുപ്പിക, ഞാൻ വിളിയ്ക്കുന്നു. കൂട്ടരേ, നിങ്ങൾ പൊയ്ക്കോളിൻ. നിങ്ങൾ എത്രയ്ക്ക് വിളിച്ചാലും ഇവിടെനിന്ന് ഒരു പുല്ക്കൊടിപോലും കൊണ്ടുപോകാൻ പററില്ല.

ദേവേന്ദ്രൻ—സദാനന്ദ, നിങ്ങൾ പുറത്തു പോവൂ.

സദാനന്ദൻ—എന്തിനാണ് പോകുന്നത്? നിങ്ങൾ ലേലംചെയ്തോളൂ. ഞാൻ വിളിയ്ക്കും. അതാ, ഉപേന്ദ്രബാബുവും വന്നു.

(ഉപേന്ദ്രനും മററ ലേലംവിളിക്കാരും പ്രവേശിക്കുന്നു)

സദാനന്ദൻ—അങ്ങും വിളിയ്ക്കാൻ കൂടുന്നുവോ?

ഉപേന്ദ്രൻ—അനുജ, താൻ പൂർവ്വികന്മാരുടെ സകല വീട്ടുസാമാനങ്ങളും വില്ക്കാൻ പോകയാണോ?

ദേവേന്ദ്രൻ—അതേ. വല്ക്കാൻ പോകയാണ്. ജ്യേഷ്ഠൻ വിളിച്ചെടുക്കുന്നുവോ?

ഉപേന്ദ്രൻ—ഉവ്വ്. ആ അലമാരി—

ദേവേന്ദ്രൻ—ശരി, വിളിച്ചോളു. ഇല്ല, എല്ലാം ഒന്നിച്ചാണ് ലേലത്തിൽ വെയ്ക്കുന്നത്. ഈ കട്ടിൽ, അലമാരി, പാത്രങ്ങൾ—എല്ലാം ആരാണെടുക്കുന്നത്? വിളിച്ചോളു.

ഉപേന്ദ്രൻ—ഒന്നിച്ചോ?

ദേവേന്ദ്രൻ—അതേ, ഒന്നിച്ച്. ബം ഭോലാനാഥ്!

ഉപേന്ദ്രൻ—അരുത്, അരുത്. എന്റെ അനുജാ, കേൾക്കു.

ദേവേന്ദ്രൻ—വേണ്ട; ഒരടിയ്ക്കു പൂർവ്വികന്മാരുടെ സകല സാമാനങ്ങളും ഒന്നോടെ പോകട്ടെ. എന്തിന്നു കുറേശ്ശക്കുറേശ്ശയായി നശിപ്പിയ്ക്കുന്നു? ഒന്നിച്ച്! അതേ, ഒരടിയ്ക്ക്! വിളിച്ചോളു.

ഉപേന്ദ്രൻ—എന്തു ചെയ്യാനാണ്? എന്നാലങ്ങിനെയാവട്ടെ. എങ്ങിനെ വിട്ടുകൊടുക്കും? രാധേകൃഷ്ണ; രാധേകൃഷ്ണ! അവിടുന്നുതന്നെയാണ് സത്യം.

ദേവേന്ദ്രൻ—വിളിയ്ക്കൂ, ജ്യേഷ്ഠ.

ഉപേന്ദ്രൻ—വിളിച്ചേയ്ക്കാം—എന്തുചെയ്യും? പത്തുറുപ്പിക.

ഒന്നാമൻ—പതിനഞ്ചുറുപ്പിക.

രണ്ടാമൻ—ഇരുപതുറുപ്പിക.

ഉപേന്ദ്രൻ—മുപ്പതുറുപ്പിക.

മൂന്നാമൻ—അമ്പതുറുപ്പിക.

ഉപേന്ദ്രൻ—ആ്, അറുപത്തഞ്ചുറുപ്പിക.

ഒന്നാമൻ—എണ്പതുറുപ്പിക.

ഉപേന്ദ്രൻ—തൊണ്ണൂറുറുപ്പിക.

ഒന്നാമൻ—നൂറുറുപ്പിക.

രണ്ടാമൻ—നൂററഞ്ചുറുപ്പിക.
ഉപേന്ദ്രൻ—നൂററിപ്പത്തുറുപ്പിക.
സദാനന്ദൻ—ഇരുനൂറുറുപ്പിക.
ഉപേന്ദ്രൻ—നിങ്ങളും വിളിയ്ക്കുന്നുണ്ടോ, സദാനന്ദ?
സദാനന്ദൻ—തീച്ചയായും. ഇരുനൂറുറുപ്പിക.
ഉപേന്ദ്രൻ—ഇരുനൂററഞ്ചുറുപ്പിക.
സദാനന്ദൻ—നാനൂറുറുപ്പിക.
ഉപേന്ദ്രൻ—അറുനൂറുറുപ്പിക.
സദാനന്ദൻ—ആയിരമുറുപ്പിക.
ഉപേന്ദ്രൻ—ആയിരത്തഞ്ഞൂറുറുപ്പിക.
സദാനന്ദൻ—രണ്ടായിരം ഉറുപ്പിക.
ഉപേന്ദ്രൻ—രണ്ടായിരത്തഞ്ഞൂറുറുപ്പിക.
സദാനന്ദൻ—അയ്യായിരം ഉറുപ്പിക.
ഉപേന്ദ്രൻ—അയ്യായിരത്തഞ്ഞൂറുറുപ്പിക.

(വടി വീശിക്കൊണ്ടു കേദാർ പ്രവേശിയ്ക്കുന്നു)

കേദാർ—ഹ്ഹഹ്ഹഹ്ഹ! പതിനായിരം ഉറുപ്പിക.
ദേവേന്ദ്രൻ—കേദാർ! വരു.
കേദാർ—(വടി വീശിക്കൊണ്ട്) വിളിയ്ക്കു, ഉപേന്ദ്രബാബു, ഇതാണ് ആ അലമാരി. താക്കോലെവിടെ? ഹ-ഹ-ഹ-ഹ-ഹ! പതിനായിരമുറുപ്പിക! എന്ത്! എ! വിളിച്ചുവിളിച്ച് എന്തേ നിത്തിക്കളഞ്ഞത്? ഈ അലമാരി വിട്ടുതരില്ല. പതിനായിരം ഉറുപ്പിക!
ഉപേന്ദ്രൻ—ഈ അലമാരി വാങ്ങി നിങ്ങളെന്തു ചെയ്യും കേദാർ ബാബു?
കേദാർ—നിങ്ങളെ ജയിലിലേയ്ക്കയയ്ക്കും. ഞാനൊരു തവണ പോയി വന്നു. ഇനി നിങ്ങൾ പോകണം.
സദാനന്ദൻ—കായ്യമെന്താണ്, കേദാർ?
കേദാർ—പറയാം. ആ്, യജ്ഞേശ്വരനും വന്നു.

(യജ്ഞേശ്വരൻ പ്രവേശിയ്ക്കുന്നു)

കേദാർ—ഇതുതന്നെയല്ലേ അലമാരി?

യജ്ഞേശ്വരൻ—അതേ; ഇതുതന്നെയാണ് അലമാരി. താക്കോലെവിടെ, ദേവേന്ദ്രബാബു?

ദേവേന്ദ്രൻ—താക്കോലെന്തിനാണ്?

കേദാർ—താക്കോലെടുക്കു, താക്കോൽ—ഹ-ഹ-ഹ-ഹ-ഹ! അലമാരി—നോക്കട്ടെ, ഇനി.

ദേവേന്ദ്രൻ—ഇതാ (കേദാറിന്നു താക്കോൽ കൊടുക്കുന്നു)

കേദാർ—തുറക്കു, യജ്ഞേശ്വരബാബു! (താക്കോൽ കൊടുക്കുന്നു)

(യജ്ഞേശ്വരൻ അലമാരി തുറക്കുന്നു. കേദാർ
എല്ലാഭാഗത്തും തിരിഞ്ഞുനോക്കുന്നു)

യജ്ഞേശ്വരൻ—(ഉള്ളിൽനിന്ന് ഒസ്യത്തെടുത്തു നിവർത്തിയിട്ട്) ഇതാ ഇതാണ് ആ ഒസ്യത്ത്.

ദേവേന്ദ്രൻ—ഏതൊസ്യത്ത്?

യജ്ഞേശ്വരൻ—അങ്ങയുടെ അച്ഛന്റെ സാക്ഷാൽ ഒസ്യത്ത്.

ദേവേന്ദ്രൻ—അപ്പോൾ ആ ഒസ്യത്തോ?

യജ്ഞേശ്വരൻ—കൃത്രിമം. ഇദ്ദേഹം കളവുകാണിച്ചു, എന്റെ മുമ്പിൽവെച്ച്!

കേദാർ—(ഉപേന്ദ്രന്റെ മുഖത്തോടു മുഖം അടുപ്പിച്ച്) പറയൂ, സാഹേബ്!

(ഉപേന്ദ്രൻ യജ്ഞേശ്വരന്റെ കയ്യിൽനിന്ന് ഒസ്യത്ത് തട്ടിപ്പറിക്കാൻ ചാടുന്നു. കേദാർ വടി ഓങ്ങി നടുയിൽച്ചെന്നു നില്ക്കുന്നു)

കേദാർ—മതി.

ദേവേന്ദ്രൻ—ജ്യേഷ്ഠ!

ഉപേന്ദ്രൻ—നിങ്ങളുടെ പണിയാണോ ഇത്, യജ്ഞേശ്വര?

യജ്ഞേശ്വരൻ—അതേ; എന്റെ പണിതന്നെയാണ്. ഉപേന്ദ്ര, ആശ്ചയ്യപ്പെടുന്നുവോ? ആശ്ചയ്യപ്പെടേണ്ട സംഗതിതന്നെയാണ്. എന്നെന്നേക്കുമായി നീചനും ദുഷ്ടനുമായിരിക്കുന്ന ഒരാൾ എന്നെങ്കിലും ധാമ്മികനായിത്തീരുമോ? അതുണ്ടാവാൻ വയ്യ. എന്നാൽ, എനിക്ക് അമ്മയുടെ പ്രസാദം ലഭിച്ചു. അതുകൊണ്ട് ഞാൻ ധന്യനായിച്ചമഞ്ഞു!

കേദാർ—മഷി, തൂവൽ, കടലാസ്—കൊണ്ടുവരൂ. വേഗം കൊണ്ടുവരു, വേഗം.

സദാനന്ദൻ—എന്തിന്?

കേദാർ—അടങ്ങിയിരിയ്ക്കൂ—ദേവേന്ദ്ര, നിങ്ങളുടെ വീട്ടിൽ മഷിയും തൂവലുമില്ലേ?

ദേവേന്ദ്രൻ—ഇതാ.

കേദാർ—ആട്ടെ നില്ക്കൂ. (മഷിയും തൂവലും കടലാസും എടുത്തിട്ട്) നില്ക്കൂ, എഴുതിവെയ്ക്കട്ടെ. എന്താ, നിശ്ചയം? ദേഷ്യം മൂലം മറന്നുപോയാലോ?—എഴുതിവെയ്ക്കട്ടെ. (എഴുതിക്കൊണ്ട്) ഈ ദീർഘമായ 'ഈ' താലവ്യമായ 'ശ' എന്നതിനോടു 'വ' ചേന്ന് ഒരു 'ര'യും 'ഹ' എന്നതിൻെറ മുകളിൽ 'ഐ' എന്ന മാത്രയും ഒരനുസ്വാരവും. തീൎന്നു.

എഴുതി. 'ഈശ്വരൻ ഹൈ' (ഈശ്വരനുണ്ട്). ആട്ടെ, എഴുതിവെച്ചു; ഇനി പേടിയ്ക്കാനില്ല. ഈ ചുമരിന്മേൽ ഒട്ടിച്ചുകളയാം. (ഒട്ടിച്ച്, മുട്ടുകുത്തികൈകൂപ്പിക്കൊണ്ട്) അഥവാ, എപ്പോഴെങ്കിലും ദേഷ്യംമൂലം 'അവിടുന്നില്ലെ'ന്നു ഞാൻ പറഞ്ഞുപോയിട്ടുണ്ടെങ്കിൽ, അവിടുന്നു ക്ഷമിയ്ക്കണേ!

സദാനന്ദൻ—ഒരത്ഭുതമനുഷ്യൻ!

കേദാർ—ഞാൻ നൃത്തം വെയ്ക്കും.

സദാനന്ദൻ—നൃത്തം വെയ്ക്കുമോ?

കേദാർ—അതും ശരിയാണ്. നൃത്തം വെയ്ക്കുകയോ കേദാർ? കേദാർ ചേട്ടാ, സഭ്യനായിത്തീരു. നൃത്തംവെയ്ക്കരുത്.

സദാനന്ദൻ—വേണ്ട, കേദാർ. സഭ്യനാവേണ്ട. വളരെ പരിശുദ്ധമായ ഒരു വസ്തു നിങ്ങളിലുണ്ട്. പണ്ട്, ഈ രാജ്യത്ത് ഇങ്ങിനെ സരളരും ഗ്രാമീണരുമായ ബ്രാഹ്മണർ വീടുതോറുമുണ്ടായിരുന്നു. ഇന്നാകട്ടെ, ഇംഗ്ലീഷുവിദ്യാഭ്യാസത്തിൻെറ സമ്മൎദ്ദംകൊണ്ട് അവരതവിടുപൊടിയായിപ്പോയി. അവയിൽ ഒന്നുരണ്ടു കഷ്ണങ്ങൾ അങ്ങിങ്ങായിച്ചെന്നു കിടപ്പുണ്ട്. ഈ പുരാതനബ്രാഹ്മണരുടെ നടപ്പിനെ പുലൎത്തിക്കൊള്ളൂ. ഇതു ഭാരതത്തിൻെറ ഒരു സവിശേ

ഷസാമഗ്രിയാണ്. കാലിൽ മെതിയടിയോ, ചെരിപ്പോ; പരുപരുത്ത ഒരു സാധാരണ വസ്ത്രം, ശരീരത്തിൽ ബലവും മനസ്സിൽ ഓജസ്സും, മുഖത്തു സരളതയുടെ പ്രകാശവും—ഇതു മറെറാരു രാജ്യത്തും കാണില്ല.

കേദാർ—എന്നാൽ നൃത്തം വെയ്ക്കട്ടെ? അലമാരി, നീ ധന്യനാണ്. ശ്രേഷ്ഠനായ അലമാരിയാണ്. നോക്കട്ടെ. (നോക്കുന്നു) ഓ, ബാബാ! ഒരററയ്ക്കുള്ളിൽ വേറൊരറ. നോക്കട്ടെ. ഇതെന്താ വേറൊന്ന്? (നോട്ടിൻകെട്ട് പുറത്തേയ്ക്കെടുക്കുന്നു) ഇതെന്താ? എന്താ യജ്ഞേശ്വര?

യജ്ഞേശ്വരൻ—ഇതു ഞാനറിഞ്ഞിട്ടില്ല. എന്ത്!

ദേവേന്ദ്രൻ—നോക്കട്ടെ. (വാങ്ങി കെട്ടഴിയ്ക്കുന്നു) എന്ത്! കളവുപോയിട്ടില്ല! (നോട്ടിൻകെട്ട് കയ്യിൽനിന്നു വീഴുന്നു)

സദാനന്ദൻ – ഇതെന്താ ദേവേന്ദ്ര?

ദേവേന്ദ്രൻ—പ്രിയേ, കാമിനി! (തലയ്ക്കു കൈകൊടുത്തു ചുമരിന്മേലേയ്ക്കു ചാരുന്നു)

സദാനന്ദൻ—എന്തുപററി ദേവേന്ദ്ര?

ദേവേന്ദ്രൻ—ആ അയ്യായിരം ഉറുപ്പികയുടെ നോട്ടുകൾ തന്നെ! എന്നെ അകത്തേയ്ക്കു കൊണ്ടുപോവൂ, സദാനന്ദ! കണ്ണിൽ ഇരുട്ടു കയറുന്നു!

(സദാനന്ദൻ ദേവേന്ദ്രനെ അകത്തേയ്ക്കു കൊണ്ടുപോകുന്നു)

ഉപേന്ദ്രൻ—നിങ്ങളുടെ പണിയാണോ ഇത്, യജ്ഞേശ്വര?

യജ്ഞേശ്വരൻ—അതേ. എന്റെ പണിതന്നെയാണ്. ഉപേന്ദ്ര, ആശ്ചര്യം തോന്നുന്നുണ്ടോ? ആശ്ചര്യപ്പെടേണ്ട സംഗതിതന്നെയാണ്. എന്നെന്നേയ്ക്കും പാപിയായിട്ടുള്ള ഞാൻ ഒരു ദിവസം ഉദ്ധരിയ്ക്കപ്പെടുക—ഇതും ഉണ്ടാവാവുന്നതാണോ?—എന്നാൽ എന്തത്ഭുതം, ഉപേന്ദ്ര! അമ്മയുടെ പ്രസാദം ലഭിച്ചു. ആ ദിവസം ഓർമ്മയുണ്ടോ, ഉപേന്ദ്ര? അന്നേദിവസം—അമ്മയുടെ ദീനവും മലിനവും പൊടിപുരണ്ടതുമായ ആ മാതൃമൂർത്തി വന്ന്, പെട്ടെന്നു ക്ഷ

ണനേരത്തേയ്ക്കായി, സ്വൎഗ്ഗത്തിൻെറ വാതിൽ തുറന്നു തന്ന ആ ദിവസം—സാക്ഷാൽ വിശ്വജനയിത്രി ഇറങ്ങിവന്ന് എൻെറ മുമ്പിൽ മുട്ടുകുത്തി, കൈകൂപ്പി, കണ്ണിൽ വെള്ളം നിറച്ച്, പീഡിതമായ സതീത്വത്തിനെ രക്ഷിയ്ക്കാൻവേണ്ടി എന്നോടു യാചിക്കുന്നതുപോലെ തോന്നിപ്പോയി! ഈ സദാദുഷ്ടനായ ഞാൻ കരകയറി. എന്നാൽ ഓൎമ്മയിരിയ്ക്കട്ടെ, നിങ്ങൾക്ക് ആശങ്കു വഴിയില്ല.

കേദാർ— ലവലേശം ഇല്ല!

യജ്ഞേശ്വരൻ—ഞാൻ വെറും പാപിയാണ്. എന്നാൽ നിങ്ങൾ ചതിയൻകൂടിയാണ്. നിങ്ങൾ സ്വന്തം പാപങ്ങളെ മൂടിവെയ്ക്കുന്നതിന്നുവേണ്ടി ഈശ്വരൻെറ പരിശുദ്ധ നാമത്തെ—വിശപ്പിന്നു ഭക്ഷണവും, ദാഹത്തിന്നു വെള്ളവും, വേദനയ്ക്കു മരുന്നും, പരദേശത്തിലെ മിത്രവും, മരണത്തിന്നു കൂട്ടുകാരനും ആയ—ആ നാമത്തെ വഴിനീളെ വിററു ചുററിനടക്കുന്നു. അതിന്നുംപുറമേ, സ്വന്തം മരുമകളെ—മകളെ, അന്നു നിങ്ങൾ അവളെ 'മകളേ'; എന്നു വിളിയ്ക്കുകയുണ്ടായല്ലോ—സ്വന്തം മകളെ എനിയ്ക്കു വ്യഭിചരിയ്ക്കാൻവേണ്ടി തീയിൻെറ വായിലേയ്ക്കു പിടിച്ചുന്തിയിട്ടു.

കേദാർ— ആര്? ആരെ?

യജ്ഞേശ്വരൻ—നികൃഷ്ടമായ സ്വാൎത്ഥസിദ്ധിയ്ക്കുവേണ്ടി—വെറും അയ്യായിരം ഉറുപ്പികയ്ക്കുവേണ്ടി, സ്വന്തം മരുമകളെ—വിശ്വാസത്തോടുകൂടി, അച്ഛൻെറ ജ്യേഷ്ഠനെ വിശ്വസിച്ചില്ലെങ്കിൽ മററാരെയാണ് വിശ്വസിയ്ക്കുക—നിങ്ങളുടെ വീട്ടിൽ അഭയം പ്രാപിച്ച ആ പെൺകുട്ടിയെ, എൻെറ കാമത്തിൻെറ കെണിയിലേക്കെറിഞ്ഞ് ഒരു നടകൊടുത്തു.

കേദാർ—(ഉപേന്ദ്രൻെറ കഴുത്തുപിടിച്ച്) എന്തെടാ ദുഷ്ടാ!—ആട്ടെ, ഇനി നിന്നെ വിടില്ല. കള്ളൊസ്യത്ത് എഴുതിയുണ്ടാക്കുക മാത്രമേ ചെയ്തിട്ടുള്ളുവെങ്കിൽ, നിന്നെ വിടാമായിരുന്നു. എന്നാൽ നിന്നെപ്പോലെയുള്ള തെമ്മാടിയെ ശിക്ഷിക്കാതെ വിട്ടുകളഞ്ഞാൽ, ഈ ലോകം ഒരു നാൾക്കുള്ളിൽ തകിടംമറിയും. ഞാൻ യജ്ഞേശ്വര

നെ തല്ലി ജയിലിൽപ്പോയിവന്നു. ഇനി നിൻെറ ഊഴമാണ്—നടക്ക്.

(പോകുന്നു)

---

## രംഗം ൨

സ്ഥലം—ദേവേന്ദ്രൻെറ അന്തഃപുരം

സമയം—വൈകുന്നേരം

(വിനയനും സുശീലയും)

വിനയൻ—നിങ്ങളല്ലേ പറഞ്ഞിരുന്നത്, വിവാഹം തന്നെ ചെയ്യില്ലെന്ന്?

സുശീല—അതെനിയ്ക്കു തെററിപ്പോയി—ഇതു സ്വൎഗ്ഗമാണെന്നു ഞാൻ കരുതിയിരുന്നു. എന്നാൽ കണ്ടു, സ്വൎഗ്ഗമല്ല. ലേശം കരുതിയില്ല, പുരുഷന്മാൎക്ക വേട്ടയാടാൻ വേണ്ടിയാണ് ഈശ്വരൻ സ്ത്രീകളെ സൃഷ്ടിച്ചിട്ടുള്ളതെന്ന്!

വിനയൻ—എന്താ?

സുശീല—ഈ പ്രപഞ്ചമാകുന്ന കാട്ടിൽ സ്ത്രീസമുദായം ഒരു പാവപ്പെട്ട മാൻപേടയെപ്പോലെ മേഞ്ഞുനടക്കുന്നു—ഹായ്, സ്ത്രീ, ദാസ്യപ്രവൃത്തി ചെയ്യുന്നതിന്നു തന്നെയാണ് നിൻെറ ജന്മം—ആദ്യം അച്ഛൻെറ, പിന്നെ ഭൎത്താവിൻെറ, പിന്നെ പുത്രൻെറ—ഒരു ശക്തിയുമില്ല!

വിനയൻ—ഒരു ശക്തിയുമില്ലേ? പുരുഷൻെറ അന്ധമായ ശക്തിയെ നേർവഴിയ്ക്കു കൊണ്ടുപോകുന്നതു സ്ത്രീതന്നെയാണ്. സ്ത്രീയേ അവമാനിച്ചതുകൊണ്ടു കൌരവന്മാർ മുടിഞ്ഞു; സ്ത്രീയുടെ ശാപംമൂലം ലങ്ക നശിച്ചു; സ്ത്രീയുടെ കടാക്ഷമേററ് അസുരന്മാർ തോററമ്പി.

സുശീല—പുരുഷന്മാരുടെ കൃപ! എല്ലാററിനേക്കാളുമധികം വ്യസനകരമായിട്ടുള്ളത്, ഈ പുരുഷന്മാരുടെ കൃപയെ വിശ്വസിച്ചുംകൊണ്ട് ജീവിതം നയിയ്ക്കേണ്ടിവരുന്ന സ്ത്രീസമുദായത്തിന്ന്, എന്നുള്ളതാണ്.

വിനയൻ—എന്നാലിതിൽ പുരുഷനെന്താണ് തെററ്?

സുശീല—ഇല്ല, അയാൾക്കെന്താണ് തെററ്? ഈശ്വരൻ സ്ത്രീയെ പുരുഷൻെറ ആഹാരമാക്കിവെച്ചിരിക്കുന്നു. പുരുഷനെന്താണ് ചെയ്യുക! അയാൾ തൻെറ സവ്വശക്തിയുമെടുത്ത് ഈശ്വരൻെറ ഈ അവിവേകത്തിന്നു പകരംവീട്ടുന്നു. പുരുഷൻ സ്ത്രീയെ ആദരിക്കുന്നു; ഗൃഹത്തിൻെറ ലക്ഷ്മിയാക്കിവെക്കുന്നു. ഇതെല്ലാം പുരുഷൻെറ അതിരററ ദയയാണ്!

വിനയൻ—ദയയോ?

സുശീല—അല്ലാതെന്താണ്? ബാല്യവിവാഹം, ഘോഷാസമ്പ്രദായം മുതലായ സംഗതികൾ—ഇതേവരെ അവയൊക്കെ സ്ത്രീസമുദായത്തിൻെറ മേൽ പുരുഷൻ കാട്ടിയ അഴിമതികളാണെന്നാണ് ഞാൻ കരുതിയിരുന്നത്—പുരുഷസമുദായം ചോരകുടിയന്മാരായ വിഷയലമ്പടന്മാരിൽനിന്നു സ്ത്രീസമുദായത്തെ രക്ഷിക്കാൻവേണ്ടിയാണ് നടപ്പാക്കിയിട്ടുള്ളതെന്ന് എനിക്കു മനസ്സിലാവുന്നുണ്ട്. അവയെല്ലാം വെറും സംസ്കാരമില്ലായ്മകളല്ലെന്നു കാണാൻ തുടങ്ങിയിരിക്കുന്നു. പുരുഷൻ നീചനും, ലമ്പടനും വ്യഭിചാരിയുമായിരിക്കുന്നേടത്തോളം കാലം, സമുദായം അധഃപതിച്ചിരിക്കുന്നേടത്തോളം കാലം, സ്ത്രീയുടെ രക്ഷക്കുവേണ്ടി ഇവയെല്ലാം കൂടിയേ കഴിയൂ. കാരണം, സ്ത്രീ അബലയാണ്, ശക്തിയില്ലാത്തവളാണ്.

വിനയൻ—പുരുഷൻ ഇത്ര അധമനാണെങ്കിൽപ്പിന്നെ എന്തിനാണ് വിവാഹംചെയ്യുന്നത്?

സുശീല—ഇത് വിവാഹമാണോ? ഇതു പുരുഷൻെറ വീട്ടിൽ ഒരു സ്ത്രീയുടെ അഭയംപ്രാപിക്കലാണ്. അവൾ ആ പുരുഷൻെറ കല്പനകൾ കേൾക്കുന്നു; അയാളുടെ ദാസ്യപ്രവൃത്തിചെയ്യുന്നു. പകരം, പുരുഷൻ അവൾക്കു ചെലവിന്നു കൊടുക്കുന്നു; ഇതു വിവാഹമാണോ? അതോ, നിന്ദ്യമായ ദാസ്യമോ?

വിനയൻ—പിന്നെ ഏതിനെയാണ് യഥാത്ഥവിവാഹമെന്നു പറയേണ്ടത്?

സുശീല—പുരുഷനും സ്ത്രീയും സമന്മാരായിരിക്കുന്നുവെങ്കിൽ, വിവാഹം പുരുഷൻെറ വിലാസവും സ്ത്രീയുടെ ലക്ഷ്യവുമാവാതിരിക്കുകയാണെങ്കിൽ, കാമം ആ രാജ്യത്തിലെ രാജാവാകാതിരിക്കുകയാണെങ്കിൽ—

വിനയൻ—എന്നാലോ?

സുശീല—ഞാനാഗ്രഹിക്കുന്നത്, പരിശുദ്ധമായ പ്രേമം—നിഷ്കാമവും നിസ്വാത്ഥവും നിർമ്മുക്തവുമായ പ്രേമമാണ്. ആ പ്രേമത്തിൽ ഉദ്വേഗമില്ല, അസൂയയില്ല, ആശങ്കയില്ല, ഇച്ഛയില്ല, വിരഹമില്ല. അത് ആകാശംപോലെ സ്വച്ഛവും മരണംപോലെ സുസ്ഥിരവുമാണ്. നിങ്ങൾ ചൊവ്വയിലും ഞാൻ വ്യാഴനിലുമാണ്. രണ്ടിൻേറയും ഇടയിൽ അശ്രാന്തവും വിരാമമില്ലാത്തതുമായ ഒരു ത്ധങ്കാരം എല്ലായ്പ്പോഴും കിടന്നു മുഴങ്ങുന്നു.

(വിനോദിനി പ്രവേശിക്കുന്നു)

വിനോദിനി—ഇനി നമ്മുടെ ഈ വിഷമമേറിയ ലൌകികാവസ്ഥയിലേയ്ക്ക് ഒന്നു മടങ്ങിവരു. ഉണ്ടാവാത്തതിനെപ്പററി ആലോചിക്കുന്നതു വെറുതെയാണ്. പ്രപഞ്ചത്തിൽ സുഖവും ദുഃഖവും—രണ്ടുമുണ്ട്. ഇതുകൊണ്ടുതന്നെയാണ് അതിത്ര മധുരമായിരിക്കുന്നത്. പ്രകാശവും അന്ധകാരവും, വേനലും വഷവും, സുഖവും ദുഃഖവും എല്ലാം ഇടകലന്നിരിക്കുന്നതുകൊണ്ടാണ് ഞാൻ ഈ ലോകത്തെ ഇത്ര സ്നേഹിക്കുന്നത്. ഈ ലോകത്തെയുപേക്ഷിച്ച്, സ്വഗ്ഗത്തിലേക്കുകൂടി പോകണമെന്നില്ല, എനിയ്ക്ക്. ഇപ്പോൾ വരു—പോയി ഭക്ഷണം കഴിയ്ക്കു.

(എല്ലാവരും പോകുന്നു)

(പരിഭ്രമിച്ചുകൊണ്ടു കേദാർ പ്രവേശിക്കുന്നു)

കേദാർ—എവിടെപ്പോയി മകളേ! ഇവിടേയും ആരുമില്ല. ഞാൻ പാട്ടു കേൾപ്പിയ്ക്കാനായി സദാനന്ദൻെറ ആൾക്കാരേയും വിളിച്ചു കൊണ്ടുവന്നു. ഇല്ല, ഇതു പററില്ല. ആ പാട്ട് ഞാൻ തീച്ചയായും കേൾപ്പിക്കും. എത്ര മികച്ച ഒരു പാട്ടാണ് നിമ്മിച്ചിട്ടുള്ളത്,

സദാനന്ദൻ! "വാഴ്ക ചിരം"—പിന്നെന്താ?— "ആ്, വാഴ്ക ചിരം ഭാരതരമണി"—പിന്നെ ഒരു 'ശ്രേഷ്ഠ'യുണ്ട്—തേഞ്ഞടെമൂട്!—ഓൎമ്മശക്തി തീരെ ഇല്ല. ബുദ്ധിയും അത്രയ്ക്കധികമൊന്നുമില്ല.

(സദാനന്ദൻ പ്രവേശിക്കുന്നു)

സദാനന്ദൻ—അതിൻെറ ആവശ്യമില്ല. സ്വന്തം മഹത്തായ മനോഗുണംകൊണ്ടു നിങ്ങൾ ഭുവനമെല്ലാം ജയിച്ചിരിയ്ക്കുന്നു, കേദാർ! പുരാണങ്ങളിൽ അനേകം കഥാപാത്രങ്ങളെ കണ്ടിട്ടുണ്ട്; അവരെപ്പററി വായിച്ചിട്ടുമുണ്ട്. ഇതിഹാസത്തിലെ ഏടുകൾ വളരെ മറിച്ചുനോക്കിയിട്ടുമുണ്ട്. എന്നാൽ, ഇത്ര സരളനും, ഉദാരനും, ശുദ്ധനും, ത്യാഗിയും, അസ്ഥിരനും, സദാ ആഹ്ലാദശീലനുമായ ഒരു കഥാപാത്രത്തെ വേറെ കണ്ടിട്ടില്ല.

(ദേവേന്ദ്രൻ പ്രവേശിക്കുന്നു)

ദേവേന്ദ്രൻ—എവിടെ സദാനന്ദ, നിങ്ങളുടെ സംഘം?

സദാനന്ദൻ—എല്ലാവരും താഴത്തുണ്ട്.

ദേവേന്ദ്രൻ—എന്നാൽ അവരെ വിളിയ്ക്കൂ. എനിയ്ക്കു് ആ പാട്ട് ഇന്നു കുട്ടികളെ കേൾപ്പിക്കണം.

(സദാനന്ദൻ പോയി കുറച്ചു കുട്ടികളേയുംകൊണ്ടു വീണ്ടും പ്രവേശിക്കുന്നു)

(എല്ലാവരും പാടുന്നു)

(നതോന്നത)

വാഴ്ക ചിരം, ഭാരതരമണി, നല്ലാർകുലശ്രേഷ്ഠേ,
കോകിലമധുരവാണി, സുസ്മേരമുഖി.
മദാലസഗതേ, ലജ്ജാമണ്ഡിതേ, സുഗാത്രി, വിശ്വ-
ജിതനേത്രേ, ധീരേ, പ്രീതിപ്രണയവക്ത്രേ!
ശിശിരസ്നിഗ്ദ്ധഭാഷിണി, കിസലയസുകോമളേ,
സുശീലവതിനി, നീലമേഘശ്യാമളേ.
നമ്രവതി, ചെന്താമരദളാധരി, ദുരാസദേ,
നന്മകിൽപ്പൂവണിവേണി, മുത്തൊളിരദേ!
പതിപ്രിയേ, പതിസഖി, നമ്മപ്രിയേ, പതിഭക്തേ,
പരദുഃഖതപ്തേ, ദാസി, പ്രണയസക്തേ.

സർവ്വലോകാതിശായിനി, ദുർവ്വാക്യങ്ങൾ ശബ്ദമെന്യേ
സർവ്വംസഹപോലെ കേട്ടു സഹിക്കും ധന്യേ!
ദേവി, ഗൃഹലക്ഷ്മി, ദേശഗൌരവമേ, പുണ്യവതി,
സാവിത്രീവിദേഹജാനുഗാമിനി, സതി.
ഭാസുരമീ രത്നം ചേററിലാഴ്ന്ന ശീതാംശുവിൻ മന്ദ-
ഹാസം പോലെയല്ലോ കാണ്മൂ ദാസഗൃഹത്തിങ്കൽ!
സ്വച്ഛജലമനസ്വിനി, സുചരിതേ, നിസ്സപത്നേ,
സ്വർഗ്ഗനാരീമണേ, നിന്നെയെങ്ങിനെ ഹാ ഹാ,
പരുഷഭീരുക്കൾ, സ്വാർത്ഥപരകൾ, കള്ളികളെന്നീ-
പശുവൃന്ദങ്ങളോടൊത്തു ബന്ധിച്ചിടേണ്ടു?

---

## രംഗം ൩

സ്ഥലം—ജയിൽമുറി

സമയം—അപരാഹ്നം (ഏതാണ്ടു സന്ധ്യ)

(ഉപേന്ദ്രൻ തനിയേ)

ഉപേന്ദ്രൻ—ഞാൻ സർവ്വവും ഉപേക്ഷിച്ചിട്ടാണു് വന്നതു്. എന്നിട്ടും അതു് എന്റെ പിന്നാലെ കൂടിയിരിക്കുന്നതെന്തിനാണു്? ഞാൻ ജയിലിലേക്കു പോന്നു; അപ്പോഴും വിട്ടന്നില്ല. ഞാൻ ചക്കിന്നു പൂട്ടിയ കാളയാണു്—എന്നാൽ അതു് എന്നെ ചമ്മട്ടികൊണ്ടടിച്ചു ചുററും പായിക്കുന്നതുപോലെ തോന്നുന്നു! എന്റെ ഹൃദയസമുദ്രത്തിൽ കൊടുങ്കാററടിക്കുമ്പോഴും, അതിന്റെ ആ ഭയങ്കരമായ ഉച്ഛ്വാസം അവിടെ പൊന്തിവരുന്നു—ഹൃദയത്തിൽ ചിന്നിപ്പരക്കുന്നു. മറെറാരുത്തനുമില്ല, ഒന്നു സഹായിക്കാൻ. എന്റെ ഹൃദയത്തിനുള്ളിൽ കിടന്നു് എന്റെ ആത്മാവു വിറകൊള്ളുന്നതുപോലെത്തോന്നുന്നു! മനോവേദന മനസ്സിൽനിന്നു പൊന്തി ചുററിത്തിരിഞ്ഞു്, ഒടുവിൽ അവിടെത്തന്നെ അമർന്നുപോകുന്നു. ഇടക്കിടക്കെല്ലാം ഈ സ്ഥിതിയിലായിപ്പോകുന്നു! എത്ര നാൾകൊണ്ടാണു്, പ്രായശ്ചിത്തം പൂർത്തിയാവുക, ഈശ്വരാ! എത്രനാൾകൊണ്ടു്?— എത്രനാൾകൊണ്ടു്?

(ജയിലർ പ്രവേശിക്കുന്നു)

ജയിലർ—രണ്ടുകൊല്ലംകൊണ്ട്.

ഉപേന്ദ്രൻ—ഹ ഹ ഹ! ജയിലർ സാഹേബ്, എന്റെ പാപം നിങ്ങളറിഞ്ഞിരുന്നെങ്കിൽ! രണ്ടുകൊല്ലംകൊണ്ടെന്താ? ഇതുനൂറുകൊല്ലം അനുഭവിച്ചാൽക്കൂടി അതു നശിക്കില്ല. അറിയാമോ, ഞാനെന്താണ് ചെയ്തതെന്ന്?

ജയിലർ—എന്താണറിയാതെ? ചതിച്ചു!

ഉപേന്ദ്രൻ—ഹ ഹ ഹ!—ഒരുപക്ഷേ, ഇതേ അറിഞ്ഞിട്ടുണ്ടാവൂ, ജയിലർസാഹേബ്! ഹ ഹ ഹ! ഒരു സാധുപ്പെൺകുട്ടിയെ നശിപ്പിച്ചുകളഞ്ഞു, ശുദ്ധനായ സഹോദരനെ വഞ്ചിച്ചു; രക്തബന്ധത്തെ താറുമാറാക്കി. അവളെ ഭക്ഷണംകൊടുക്കാതെ കൊന്നുകളഞ്ഞു. അവൾ സന്നിപാതംകൊണ്ടല്ല മരിച്ചത്, ജയിലർസാഹേബ്! സന്നിപാതംകൊണ്ടു മരിച്ചതല്ല—ഭക്ഷണം കഴിക്കാതെ! പിടഞ്ഞു പിടഞ്ഞു മരിച്ചുപോയി.

ജയിലർ—ആര്?

ഉപേന്ദ്രൻ—എന്റെ ഭാര്യ. അവൾക്ക് ഒസ്യത്തിന്റെ കള്ളി അറിയാമായിരുന്നു—അവളെ വിഷം കൊടുത്തു കൊന്നു! അറിയാമോ, ജയിലർസാഹേബ്? രാത്രിയിൽ ഞാനെന്താണ് കാണാറുള്ളതെന്ന്?

ജയിലർ—എന്താണ് കാണാറ്?

ഉപേന്ദ്രൻ—അവരെല്ലാം എന്റെ തലയ്ക്കൽഭാഗത്തു വന്നുനിന്ന് എന്റെ നേർക്കു സൂക്ഷിച്ചുനോക്കുന്നു—ഇമ വെട്ടാതെ തുറിച്ചുനോക്കുന്നു! ഇതിലെല്ലാററിലുംവെച്ചു വലിയ പാപം, ഞാൻ എന്റെ പാപങ്ങളെയെല്ലാം—ഈശ്വരന്റെ പവിത്രനാമത്തിൽ മൂടിവെച്ചതാണ്. കപടസ്സന്ന്യാസിയായിട്ടാണ് ഞാൻ ജീവിക്കുന്നത്. ഓ! എന്തായിരിക്കും എന്റെ ഗതി ജയിലർസാഹേബ്?

(ജയിലർ അത്യന്തം അനാദരവോടും വെറുപ്പോടുംകൂടി നോക്കിപ്പോകുന്നു)

ഉപേന്ദ്രൻ— ഞാൻ തനിച്ചാണ്. ഇവിടെയുള്ള കൂലിക്കാരോടെങ്കിലും സംസാരിക്കാൻ സാധിച്ചാൽ സമാധാനത്തോടുകൂടി ഇരിക്കാമായിരുന്നു. പക്ഷേ അവരേയും സംസാരിക്കാൻ കിട്ടുന്നില്ല. ഞാൻ എന്നിൽനിന്നു ഓടിപ്പോകാൻ ശ്രമിക്കുന്നു. ഭ്രാന്തനെപ്പോലെ, തീവണ്ടിയെപ്പോലെ, കൊടുങ്കാററിനെപ്പോലെ കുതിച്ചു പായുന്നു. എവിടേക്ക്? അറിഞ്ഞുകൂടാ. ഓടാൻ ശ്രമിക്കുന്നുണ്ട്, പാഞ്ഞാൽക്കൊള്ളാമെന്നുണ്ട്. ഇരുപത്തിനാലു മണിക്കൂറും ചക്കുതിരിച്ചുകൊണ്ടിരിക്കണമെന്നാണെനിക്ക്. പക്ഷേ, ശരീരംകൊണ്ടാവുന്നില്ല. ഓ! ഇനി എത്ര ദിവസം ഇതനുഭവിക്കണം? പ്രഭോ, എത്രദിവസം അനുഭവിക്കണം? ദേവേന്ദ്രൻ വരുന്നുണ്ട്, ദേവേന്ദ്രൻ!

(ദേവേന്ദ്രൻ പ്രവേശിക്കുന്നു)

ദേവേന്ദ്രൻ—ജ്യേഷ്ഠ! ജ്യേഷ്ഠ! (കാല്ക്കൽ വീഴുന്നു)

ഉപേന്ദ്രൻ—എനിക്കു മാപ്പു തരൂ. ദേവേന്ദ്ര! ഞാൻ ചെയ്തിട്ടുള്ളതെല്ലാം, പുറത്തെ പ്രകാശത്തിൽ ഇതുവരെ കണ്ടറിയാൻ കഴിയാത്തതൊക്കെ, ഈ ജയിൽമുറിയിൽവെച്ച് രണ്ടു ദിവസത്തെ അന്ധകാരത്തിൽ കണ്ടറിഞ്ഞു. ഇവിടെയാണ് പാപിയുടെ തീർത്ഥസ്ഥാനം.

(സദാനന്ദനും കേദാറും പ്രവേശിക്കുന്നു)

കേദാർ— ഈശ്വരനുണ്ടോ? ഇതൊരു പ്രശ്നമാണ്.

സദാനന്ദൻ—'ഈശ്വരനുണ്ടോ', ഈ പ്രശ്നത്തിൽത്തന്നെ നിങ്ങളുടെ ജീവകാലം കഴിയുമോ, കേദാർ?

കേദാർ—ഇല്ല. ഇപ്പോൾ സംശയമൊന്നുമില്ല. ഒരുപക്ഷേ, എപ്പോഴെങ്കിലും, മനസ്സിളകി ക്ഷോഭിച്ചതുമൂലം 'അങ്ങില്ലെ'ന്നു പറഞ്ഞുപോയിട്ടുണ്ടെങ്കിൽ, മാപ്പുതരണേ, ഈശ്വരാ! അവിടുന്നുണ്ട്. അതിന്ന് ഇതുതന്നെയാണ് തെളിവ്. (ഉപേന്ദ്രൻെറ നേരെ ചൂണ്ടിയിട്ട്)

സദാനന്ദൻ—കേദാർ! പീഡിപ്പിക്കപ്പെട്ട ഒരുവൻെറ ദുഃഖം കണ്ടിട്ട് നിങ്ങൾക്കു സന്തോഷം തോന്നുന്നുണ്ടോ?

കേദാർ—ഉവ്വ്, അയാൾ നീചനാണെങ്കിൽ.

സദാനന്ദൻ—എനിക്കു വ്യസനം തോന്നുന്നു. അയാൾ എത്രതന്നെ നീചനാണെങ്കിലും, പിശാചാണെങ്കിലും, അയാളുടെ വേദന എനിക്കു കാണാൻ വയ്യ.

കേദാർ—എനിക്കു വ്യസനം തോന്നുന്നില്ല. നല്ല സന്തോഷം തോന്നുന്നുണ്ട്. നൃത്തംവെയ്ക്കാൻ തോന്നുന്നു. ഞാൻ നൃത്തംവെയ്ക്കും.

സദാനന്ദൻ—നൃത്തം വെയ്ക്കുകയോ?

കേദാർ—അതു ശരിയാണ് പറയുന്നത്. നൃത്തം വെയ്ക്കണ്ട. കേദാർ, സഭ്യനാവൂ; നൃത്തംവെയ്ക്കരുത്. സഭ്യനാവൂ!

ഉപേന്ദ്രൻ— കേദാർബാബു, ലോകത്തിൽ ഋഷികളാരാനുമുണ്ടെങ്കിൽ, അത് അങ്ങാണ്. അങ്ങ് അങ്ങയെപ്പററിയല്ല ഒരിക്കലും വിചാരപ്പെട്ടിരുന്നത്; അന്യന്മാരെപ്പററിയാണ് വിചാരപ്പെട്ടിരുന്നത്, എനിക്കിതുവരെ അങ്ങയെ മനസ്സിലാക്കാൻ കഴിഞ്ഞില്ല. എനിക്ക് നിരവധി അപരാധങ്ങളുണ്ട്; എനിക്ക് മാപ്പുതരൂ!

കേദാർ—എന്താണിപ്പറയുന്നത്, ഉപേന്ദ്ര?

ദേവേന്ദ്രൻ—ജ്യേഷ്ഠനു മാപ്പുകൊടുക്കുക, കേദാർ!

കേദാർ—എന്ത്! ഞാൻ മാപ്പുകൊടുക്കുകയോ? ഞാനാരാണ്?

ഉപേന്ദ്രൻ—എന്റെ ഈ ആകൃതി നോക്കുക. എന്റെ ഹൃദയത്തിലെ സ്ഥിതി ഇതിനേക്കാൾ ഭയാനകമാണ്. ഈ അന്ധകാരത്തേക്കാൾ കൂത്തിരുണ്ടതാണ്, ആ അന്ധകാരം! ഈ ശിക്ഷയേക്കാൾ കഠോരമാണ് ആ ശിക്ഷ! ഞാൻ രാത്രി ഉറക്കത്തിൽ വിറക്കൊള്ളുന്നു. എന്താണ് ചെയ്തത്? ഞാൻ ചെയ്തതെന്താണ്? മാപ്പുതരൂ, സഹോദര!

(കേദാറിന്റെ കാല്ക്കൽ വീഴുന്നു)

ദേവേന്ദ്രൻ—(കരച്ചിൽ നിർത്തിയിട്ട്) കേദാർ!

കേദാർ—ഉപേന്ദ്ര, നിങ്ങളുടെ അനുജൻ നിങ്ങൾക്കുവേണ്ടി കരയുന്നു. ഇതുമൂലം, ഇന്ന് എന്റെ കണ്ണുകളിൽനിന്നും കണ്ണീർ പുറപ്പെട്ടു. അല്ലെങ്കിൽ, നിങ്ങളെപ്പോലുള്ള നീചനായ വഞ്ചകനെ ച്ചൊല്ലി—അരുത്, കേദാർ! എന്താണീപ്പറയുന്നത്? ഇന്നത്തെ

ഈ സുദിനത്തിൽ, ക്രോധവും വിദ്വേഷവുമെല്ലാം കണ്ണിലെ ഗംഗാജലത്തിൽ ഒഴുക്കിക്കളയൂ—ഉപേന്ദ്ര, സഹോദര, നിങ്ങളുടെ ഈ മലിനമായ മുഖം കണ്ടിട്ട് എന്റെ മനസ്സിൽ ഇങ്ങിനെ ഒരാശ ജനിക്കുന്നു:—'നിങ്ങൾക്ക പകരം ഞാൻ ജയിൽവാസം സ്വീകരിച്ചാലോ', എന്ന്. നിങ്ങൾ പുറത്തേക്കു പൊയ്ക്കോളൂ. എന്താ, ഇതു പാററില്ലേ?

സദാനന്ദൻ—കേദാർ, പുരാണങ്ങളിൽ മഹർഷിമാരെപ്പററി വായിച്ചിട്ടുണ്ടല്ലോ. അവർ നിങ്ങളേക്കാൾ മഹാന്മാരാണോ?

ഉപേന്ദ്രൻ—കേദാർ, ഇനി എനിക്കെന്തു ദുഃഖമാണുള്ളത്? നിങ്ങളെല്ലാവരും എനിക്കു മാപ്പു തന്നിരിക്കുന്നു. ഇനി ഞാൻ ചിരിച്ചുംകൊണ്ടു ജയിൽശ്ശിക്ഷ അനുഭവിച്ചുകൊള്ളാം. ദേവേന്ദ്ര, അനുജ, എന്റെ എല്ലാ സ്വത്തും തനിക്കുള്ളതാണ്. അതിനേക്കാൾ വലിയ എന്റെ ഈ ഹൃദയവും തന്റേതാണ്. പൊയ്ക്കോളൂ, വീട്ടിലേക്കു പൊയ്ക്കോളൂ. ഞാനാശിർവ്വദിക്കുന്നു. എന്നെന്നും സുഖമായിരിക്കൂ.

ദേവേന്ദ്രൻ— (വരണ്ട പുഞ്ചിരിയോടെ) സുഖമായിരിക്കുകയോ? ഞാനോ! ഈശ്വരൻ ഇത്ര അവിവേകം കാണിച്ചേക്കുമോ?

സദാനന്ദൻ—എനിക്കു തോന്നുന്നത്, ഇതിനെക്കുറിച്ചും നിങ്ങൾക്ക പല തെററിദ്ധാരണകളുമുണ്ടെന്നാണ്. എല്ലാ സുഖത്തിലും ദുഃഖത്തിന്റെ കലപ്പുണ്ട്. സർവ്വഥാ ഒരു പുഴുക്കുത്തില്ലാത്ത, പരിശുദ്ധവും ഉജ്ജ്വലവുമായ സുഖം നാടകവേദിക്കുപ്പുറത്തു കാണപ്പെടുന്നില്ല. ഈ പ്രപഞ്ചം ഒരു നാടകവേദിയല്ല, ദേവേന്ദ്ര!

ദേവേന്ദ്രൻ—സദാനന്ദ, കേദാർ, നിങ്ങൾ രണ്ടുപേരോടുമുള്ള കടം എനിക്ക് ഈ ജന്മത്തിൽ വീട്ടാവുന്നതല്ല. ഈ ജന്മത്തിൽ നിങ്ങൾ ചെയ്ത ഉപകാരം ഞാൻ മറക്കില്ല. എന്നാൽ, ഇനി എന്റെ ജീവിതം, അധികം ദിവസത്തേക്കില്ല. ഇനി എനിക്ക് ജീവിച്ചിരിക്കണമെന്നില്ല. എന്റെ ഭാര്യയോടു മാപ്പു ചോദിക്കാൻ വേണ്ടി, ഞാൻ വ്യഗ്രതയോടെ അവളെത്തന്നെ നോക്കിയിരിക്ക

യാണ്. ജീവിച്ചിരിയ്ക്കുമ്പോൾ അവൾ ദുഃഖവും ദാരിദ്ര്യവും മാത്രമേ കണ്ടിട്ടുള്ളൂ. പിന്നെ, ഞാൻ ഐശ്വര്യസുഖം അനുഭവിക്കുകയോ? ഇതു സംഭാവ്യമാണോ?

കേദാർ—എന്തുകൊണ്ട്? ജ്യേഷ്ഠത്തിയമ്മയും നിങ്ങളോടൊപ്പം ഐശ്വര്യസുഖം അനുഭവിച്ചുകൊള്ളും.

ദേവേന്ദ്രൻ—ജ്യേഷ്ഠത്തിയമ്മയോ? അവളിപ്പോൾ ഈ പാപം നിറഞ്ഞ ലോകത്തിലുണ്ടോ? ഞാൻതന്നെയാണല്ലോ അവളെ കൊന്നുകളഞ്ഞത്!

കേദാർ—അവർ ഈ ലോകത്തിൽത്തന്നെയുണ്ട്; എന്റെ വീട്ടിലുണ്ട്.

ദേവേന്ദ്രൻ—എന്ത്! നേര്? നേരാണോ പറയുന്നത്, കേദാർ?

കേദാർ—ഞാനുണ്ടോ, എന്തെങ്കിലും നുണ പറഞ്ഞിട്ട്? ഇതെന്താ, നേരമ്പോക്കാണോ? അവർ ആത്മഹത്യ ചെയ്യാൻ ഒരുങ്ങിയിരിയ്ക്കയായിരുന്നു. എന്നാൽ ഞാനവരെ പറഞ്ഞു ധരിപ്പിച്ച്, അച്ഛന്റെ വീട്ടിൽ കൊണ്ടുപോയാക്കി. പിന്നീട് അവിടെനിന്നു പോന്നു. ഇപ്പോൾ എന്റെ വീട്ടിലുണ്ട്.

ദേവേന്ദ്രൻ—കേദാർ, കേദാർ, നിങ്ങൾ എന്റെ ആരാണ്?

കേദാർ—ഞാൻ നിങ്ങളുടെ സഹോദരനാണ്.

ഉപേന്ദ്രൻ—സഹോദരനോ? അല്ല, സഹോദരന്ന് ഇത്ര ഉൽകൃഷ്ടനാവാൻ കഴിയുമോ?

കേദാർ—സഹോദരസ്ഥാനം ഇതിലും ഉൽകൃഷ്ടമാണ്. പക്ഷേ, നിങ്ങൾക്കു സഹോദരനുള്ള അന്തസ്സിനെ രക്ഷിയ്ക്കാൻ സാധിച്ചിട്ടില്ല; ഇതു തീർച്ചയാണ്.

(ജയിലർ പ്രവേശിയ്ക്കുന്നു)

ജയിലർ—മഹാശയന്മാരേ, സമയമായി. പുറത്തേയ്ക്കു പോകാം.

ദേവേന്ദ്രൻ—ജ്യേഷ്ഠ, അങ്ങയുടെ പാദധൂളി! (നമസ്കരിയ്ക്കുന്നു)

ഉപേന്ദ്രൻ—സുഖമായിരിയ്ക്കൂ!

(ഉപേന്ദ്രനൊഴികെ മറ്റെല്ലാവരും പോകുന്നു)

യ വ നി ക.

DHARMARAM LIBRARY

BANGALORE-560 029

| Due Date | Due Date | Due Date |
|---|---|---|

DC Library
*00003912*
T62 R21

## വള്ളത്തോ[illegible]

| | | | |
|---|---|---|---|
| വാല്മീകിരാമായണം (ഉത്ത[illegible] | [illegible] | [illegible] | 0 |
| ചിത്രയോഗം | [illegible] | [illegible] | 0 |
| പഞ്ചരാത്രം | [illegible] | [illegible] | 0 |
| അനിരുദ്ധൻ | 0 | 4 | 6 |
| ബധിരവിലാപം | 0 | 3 | 0 |
| ഗണപതി | 0 | 4 | 6 |
| ശിഷ്യനും മകനും | 0 | 4 | 6 |
| ഒരു കത്തു് | 0 | 4 | 6 |
| ഊരുഭംഗം | 0 | 9 | 0 |
| മദ്ധ്യമവ്യായോഗം | 0 | 9 | 0 |
| വിലാസലതിക | 1 | 2 | 0 |
| സാഹിത്യമഞ്ജരി 1-ാംഭാഗം | 1 | 2 | 0 |
| ,, 2, 3, 4, 5, 6, 7 ഭാഗങ്ങൾ ഓരോന്നിനു് | 1 | 8 | 0 |
| ഋതുവിലാസം | 0 | 4 | 6 |
| ഉന്മത്തരാഘവം | 0 | 4 | 6 |
| മഗ്ദലനമറിയം | 0 | 12 | 0 |
| സ്വപ്നവാസവദത്തം | 1 | 2 | 0 |
| കാവ്യാമൃതം | 0 | 9 | 0 |
| ഔഷധാഹരണം (ആട്ടക്കഥ) | 0 | 2 | 0 |
| ഗ്രന്ഥവിഹാരം | 1 | 14 | 0 |
| അഭിജ്ഞാനശാകുന്തളം | 1 | 14 | 0 |
| കൊച്ചുസീത | 0 | 9 | 0 |
| അച്ഛനും മകളും | 0 | 12 | 0 |
| ശരണമയ്യപ്പ | 0 | 3 | 0 |
| വിഷുക്കണി | 1 | 8 | 0 |

### ഗ്രന്ഥാലയം വക മററു പ്രസിദ്ധീകരണങ്ങൾ.

| | | | | |
|---|---|---|---|---|
| ചെറുകഥകൾ (സി. അച്യുതക്കുറുപ്പ്) | | 1 | 4 | 0 |
| നൂർജഹാൻ | ടി | 1 | 8 | 0 |
| മധുമഞ്ജരി (വള്ളത്തോൾ ഗോപാലമേനോൻ) | | 1 | 8 | 0 |
| ഗോപാലകൃഷ്ണൻ | ടി | 0 | 2 | 0 |

വള്ളത്തോൾ ഗ്രന്ഥാലയം,

ചെറുതുരുത്തി, (കൊച്ചിസ്സീമ.)

# ഭാരതരമണി

62
221

മൂലഗ്രന്ഥകാരൻ:
ബാബു ദ്വിജേന്ദ്രലാൽ റായി.

Indic Digital Archive Foundation
gpura.org